# കരയോഗ സൗഹൃദം


സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 10 ലക്കം - 4 മീനം - 1192 ഏപ്രിൽ 2017








എറണാകുളം കരയോഗത്തിൻെറ 30-ാമത് ശ്രീമദ് ഭാഗവത സപ്താഹത്തിൽ നിന്ന്.....




ലോക ജലദിനത്തോടനുബന്ധിച്ച് എറണാകുളം കരയോഗം, 365 ദിവസവും ടി ഡി എം ഹാളിൽ നടത്തുന്ന ദാഹജലവിതരണം സിറ്റിപോലീസ് കമ്മീഷണർ എം.പി. ദിനേശ് ഐപിഎസ് ഉദ്ഘാടനം ചെയ്തു.



ലോക വനിതാദിനത്തോടനുബന്ധിച്ച് എറണാകുളം കരയോഗവും, മഹാകവി കാളിദാസ സാംസ്ക്കാരിക വേദിയും ചേർന്ന് ഡോ. എം.ലീലാവതി ടീച്ചറെ പൊന്നാടയണിയിച്ച് ആദരിച്ചു. പി. രാമചന്ദ്രൻ, സിഐസിസി ജയചന്ദ്രൻ, സി.ജി.രാജഗോപാൽ, എൻ.വേണുഗോപാൽ, ആലപ്പാട്ട് മുരളീധരൻ തുടങ്ങിയവർ





1192-ാമാണ്ടിലെ ചെറായി തൃക്കടക്കാപ്പിളളി ശ്രീ ദുർഗ്ഗാഭഗവതി ക്ഷേത്രത്തിലെ പ്രതിഷ്ഠാദിന താലപ്പൊലി മഹോത്സവ ചടങ്ങുകൾ ക്ഷേത്രം തന്ത്രി പുലിയന്നൂർ ശശി നമ്പൂതിരിപ്പാട്, വേഴപ്പറമ്പ് പരമേശ്വൻ നമ്പൂതിരിപ്പാട് എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

# ഉള്ളടക്കം

വാല്യം 10 | ലക്കം 4 | ഏപ്രിൽ 2017

| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 7 |
| രാഗപരിചയം | 8 |
| വാസ്തു | 9 |
| ഭാരതത്തിലെ ഋഷികവികൾ | 10 |
| ക്ഷേത്രങ്ങളിലൂടെ | 14 |
| ശ്രീ നീലകണ്ഠപാർത്ഥസ്വാമികൾ | 18 |
| ഡോ. വി.ആർ. നാരായണൻ നായർ | 21 |
| കൗതുകപ്പഴമകൾ | 22 |
| രാവണൻ അനഭിമതൻ | 23 |
| വിശേഷദിവസങ്ങൾ | 25 |
| പാതഞ്ജല യോഗദർശനം | 26 |
| മാതാപിതാക്കളും മക്കളും അറിയേണ്ടത് | 28 |
| വെള്ളിനക്ഷത്രം എന്ന ശുക്രഗ്രഹം | 31 |
| വായനയും വിദ്യാഭ്യാസവും | 33 |
| കരയോഗം ഏപ്രിൽമാസ പരിപാടികൾ | 34 |
| നമ്മുടെ ചിന്തകൾ | 35 |
| അദ്ധ്യാത്മരാമായണം മൂലകൃതി എഴുത്തച്ഛന്റെ വിവർത്തനത്തിൽ | 37 |
| നഗരമെന്ന നരകം - നായ്ക്കളെ നിങ്ങൾക്കു നന്ദി | 40 |
| ഹരിസുധാലഹരി | 43 |
| Sad New Year 2017 | 45 |
| ഗാന്ധിസൂക്തം | 46 |
| കരയുമ്പോൾ | 47 |
| രാസവ്യവസായ ദുരന്തങ്ങൾ | 50 |
| സി.വി. രാമൻപിള്ളയുടെ ചരിത്രാഖ്യായികകൾ | 53 |
| ശ്വാസകോശരോഗങ്ങൾ | 57 |
| മാസഫലം | 59 |
| മാട്രിമോണിയൽ | 60-66 |

## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ. പ്രസന്നകുമാർ**

## എഡിറ്റോറിയൽ

# സനാതന ധർമ്മ സംരക്ഷണം

അടുത്തിടയായി ഭാരതീയ സംസ്കാരത്തിനും ഹിന്ദുമതാചാരാനുഷ്ഠാനങ്ങൾക്കും വിശ്വാസപ്രമാണങ്ങൾക്കുമെതിരെ അനുദിനമെന്നോണം കടുത്ത കടന്നാക്രമണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണല്ലോ? ആർഷസംസ്കാരത്തെ ഉന്മൂലനം ചെയ്യത്, തൽസ്ഥാനത്ത് വൈദേശിക സംസ്കാരത്തെ കുടിയിരുത്തുക എന്ന പകൽ കിനാവും കണ്ടുകൊണ്ട് അതിനുവേണ്ടി എല്ലാവിധ കുതന്ത്രങ്ങളും പയറ്റി പരാജയപ്പെട്ട ചില വൈദേശിക മതഭ്രാന്തൻമാർ പുതിയ അടവുമായി രംഗത്തെത്തിയിരിക്കുകയാണ്. ആർഷസംസ്കാരം ഉൾക്കൊണ്ട് ഹിന്ദുധർമ്മാനുസരണം ജീവിക്കുന്നു എന്നു നാം വിശ്വസിക്കുന്ന ചില ആളുകളെ പണവും മറ്റു പലതും നൽകി വിലയ്ക്കെടുത്ത്, അതിപുരാതനമായ, ലോകമതങ്ങളുടെ മാതാവായ ഹിന്ദുമതത്തിനെതിരെ രംഗത്തിറക്കിയിരിക്കുകയാണിപ്പോൾ. തീവ്രവാദവും, ലൗജിഹാദും ഒക്കെയായി ഒരു വിഭാഗം ഹിന്ദുധ്വംസനം നടത്താൻ ശ്രമിക്കുമ്പോൾ പണവും പ്രലോഭനങ്ങളും വഴി മറ്റൊരു കൂട്ടർ അതിനുവേണ്ടി അശ്രാന്തപരിശ്രമത്തിലാണ്. ഈ രണ്ടു വിഭാഗക്കാരുടേയും പിണിയാളുകളായി വർത്തിക്കുന്ന ചില കാവി വേഷധാരികളെപ്പോലും ഇന്ന് നമ്മുടെ സമൂഹത്തിൽ നമുക്ക് കാണാൻ കഴിയും. അവരുടെ വിഷലിപ്തമായ ഗിരി പ്രഭാഷണങ്ങൾ അന്തരീക്ഷത്തെപ്പോലും മലീമസമാക്കുന്നുണ്ട്. മാതാവിനേയും മാതൃരാജ്യത്തേയും ഒറ്റുകൊടുത്തിട്ടുള്ള കുലദ്രോഹികളും രാജ്യദ്രോഹികളും പണ്ടും ഉണ്ടായിരുന്നിട്ടുണ്ടല്ലോ? അവർക്കെല്ലാം കിട്ടേണ്ടതെല്ലാം കിട്ടിയിട്ടുമുണ്ട്. ഇവരുടെ വാക്കുകൾ വിശ്വസിക്കാൻ ഭാരതത്തിലെ ഹിന്ദു സമൂഹം അത്രയ്ക്ക് മണ്ടൻമാരാണോ? ജൻമം നൽകിയ മാതാവിന്റെ പരിശുദ്ധിയിൽ പോലും സംശയിക്കുന്ന ഇക്കൂട്ടർ നമ്മുടെ പുരാണേതിഹാസങ്ങളെ വിമർശിക്കുന്നതിൽ

അത്ഭുതപ്പെടാനില്ല. ഇവർ ഇന്നു ചെയ്യുന്നത് ലോകം അംഗീകരിച്ച ചരിത്രസത്യങ്ങളെ നിരാകരിക്കലാണ്, ചരിത്രസത്യങ്ങളെ ആർക്കൊക്കെയോ വേണ്ടി വളച്ചൊടിക്കാൻ ശ്രമിക്കുകയാണ്. അല്ലെങ്കിൽ കണ്ണടച്ച് ഇരുട്ടാക്കുകയാണ്. മറ്റുള്ള ചിലരെ പ്രീതിപ്പെടുത്തണമല്ലോ, പറ്റിയ പണത്തിനും ലഭിച്ച സുഖഭോഗങ്ങൾക്കും നന്ദികാണിക്കണമല്ലോ?

ഇവിടെ നമ്മളിൽ നിന്നു തന്നെ ചിലയാളുകൾ പണവും മറ്റ് പലതും വാങ്ങി സുഖിച്ച്, പകരം നമ്മുടെ പുരാണേതിഹാസങ്ങളെ ചോദ്യം ചെയ്യാൻ രംഗത്തിറങ്ങിയിരിക്കുമ്പോൾ (നമ്മൾ സഹനശക്തിയും ക്ഷമാശീലവും ഉള്ളവരാണെന്ന് അറിവുള്ളതുകൊണ്ട്) അങ്ങ് പാശ്ചാത്യരുടെ ഇടയിലെ സംഭവവികാസങ്ങളേയും നാം കാണേണ്ടതുണ്ട്. ഇന്ന് ആഗോളതലത്തിൽ ആർഷസംസ്കാരത്തിനും അതിന്റെ അടിസ്ഥാനശിലയായ ഹൈന്ദവ തത്ത്വ സംഹിതകൾക്കും ലഭിച്ചുകൊണ്ടിരിക്കുന്ന അംഗീകാരവും പ്രശസ്തിയും വിസ്മരിക്കത്തക്കതല്ല. അമേരിക്കയും, ജർമ്മനിയും ,ഇംഗ്ലണ്ടും ഉൾപ്പെടെ ലോകത്തിലെ ഒട്ടനവധി രാജ്യങ്ങൾ 'ഗീത' പാഠ്യവിഷമാക്കിയിരിക്കുന്നു. റഷ്യയുൾപ്പെടെ പലയിടങ്ങളിലും സമൂഹപ്രാർത്ഥനകളിലും, വിശിഷ്ട വേളകളിലും 'ഓം നമഃ ശിവായ' മന്ത്രം ഉരുവിടുന്നു. പാശ്ചാത്യ രാജ്യങ്ങളിൽ പലയിടത്തും വേദമന്ത്രങ്ങൾ ഉരുവിട്ടുകൊണ്ടാണ് അദ്ധ്യയനം ആരംഭിക്കുന്നത്. UNO യുടെ നേതൃത്വത്തിൽ തന്നെ 'യോഗ' ലോകമെങ്ങും പ്രചരിപ്പിക്കുന്നു. ജൂൺ 21 യോഗദിനമായി ആഗോള തലത്തിൽ കൊണ്ടാടുന്നു. ഹിന്ദുമതം ഉത്ഘോഷിക്കുന്ന പുനർ ജൻമ സിദ്ധാന്തം പരീക്ഷണനിരീക്ഷണങ്ങളിലൂടെ സത്യമെന്ന് കണ്ടെത്തി അംഗീകരിച്ചിരിക്കുന്നു. ഹൈന്ദവീയധർമ്മാനുഷ്ഠാനുസരണമുള്ള ഭാരതീയ കുടുംബ സംവിധാനം ഏറ്റവും മഹത്തരമായതെന്നു ലോകം തലകുലുക്കി സമ്മതിക്കുന്നു. മറ്റുള്ള പലരെയും പോലെ മതപരിവർത്തനത്തിനായി നാം പ്രേരണ ചെലുത്താറില്ല, പ്രലോഭനങ്ങൾ നടത്താറില്ല. പണം കൊടുക്കാറില്ല,എങ്കിലും ഈ ധർമ്മാനുസരണമുള്ള ജീവിതത്തിന്റെ മഹത്വം മനസ്സിലാക്കി എത്രയോ പാശ്ചാത്യർ ഹൈന്ദവ ധർമ്മമനുസരിച്ച് ജീവിക്കുന്നു. പ്രശസ്തരിൽ പ്രശസ്തരായവരുടെ ഒരു നിര തന്നെയുണ്ട്, ഇങ്ങനെ ഹിന്ദുമതാനുഷ്ഠാനങ്ങൾ അനുസരിച്ച് ജിവിക്കുന്നവരിൽ. ഉദാഹരണത്തിന് ഹോളിവുഡിലെ പ്രശസ്തയായ ജൂലിയറ്റ് റോബർട്ടിന്റെ വാക്കുകൾ ശ്രദ്ധിക്കുക. 'ഞാൻ തീർച്ചയായും ഒരു ഹിന്ദുവാണ്'. (I am defenitely a practicing Hindu) ഇതു പോലെ എത്രയെത്ര പ്രശസ്തരായ ശാസ്ത്രജ്ഞൻമാർ, കലാകാരൻമാർ, വ്യവസായ പ്രമുഖർ എന്നുവേണ്ട, ലോക സമൂഹത്തിന്റെ എല്ലാ തുറകളിലും ഉൾപ്പെട്ടിട്ടുള്ളവർ ഹിന്ദുത്വ ജീവിതക്രമങ്ങളും,ആചാരനുഷ്ഠാനങ്ങളും അനുസരിച്ച് ജീവിക്കുവാൻ തുടങ്ങിയിരിക്കുന്നു. അതുവെറുതെയല്ല നമ്മുടെ ക്ഷേത്രവിഗ്രഹങ്ങളുടേയും, നാം ഉരുവിടുന്ന മന്ത്രങ്ങളുടേയും ശക്തി ശാസ്ത്രീയമായി പരീക്ഷിച്ചറിഞ്ഞതുകൊണ്ടാണ്. നമ്മുടെ മന്ത്രജപത്തിൽ നിന്നും ഉണ്ടാകുന്ന ഊർജ്ജപ്രവാഹം പാശ്ചാത്യരെ അതിശയിപ്പിച്ചു. അതുപോലെ ഓരോ വിഗ്രഹത്തിന്റെ മുമ്പിലും മന്ത്രോച്ഛാരണത്തോടു കുടി പൂജ നടത്തുമ്പോൾ തുടർച്ചയായി ഉണ്ടാകുന്ന ശക്തിപ്രവാഹത്തെ അളന്നറിഞ്ഞ് അത്ഭുതപരതന്ത്രരായി നിന്നു പോയി പാശ്ചാത്യ ശാസ്ത്രജ്ഞൻമാർ, മനുഷ്യനെ നന്മയിലേക്കും ശാന്തിയിലേക്കും നയിക്കുന്ന ശക്തിയാണ് ഈ ഊർജ്ജപ്രവാഹം. അതു ലോകം ആദരവോടെ അംഗീകരിച്ചിരിക്കുന്നു ഇന്ന്. അതുകൊണ്ടുതന്നെയാണ് പാശ്ചാത്യ നാടുകളിൽ ക്ഷേത്രങ്ങൾ ധാരാളമായി നിർമ്മിച്ചികൊണ്ടിരിക്കുന്നത്. 25-02-2017 ശിവരാത്രി ദിനം തന്നെ അമേരിക്കയിലെ ന്യൂ ജേഴ്സിയിൽ 125 ഏക്കർ വിസ്തൃതിയുള്ള സ്ഥലത്തിനുള്ളിൽ 100 കോടി രൂപ ചിലവിൽ പണിത അതിമനോഹരമായ ഒരു ബാലാജി ക്ഷേത്രത്തിൽ പൂജകൾ ആരംഭിച്ചിരിക്കുന്നു. അതുപോലെ മുസ്ലീം രാജ്യമായ അബുദാബിയിൽ ആദ്യത്തെ ഹിന്ദുക്ഷേത്രവും തുറന്നിരിക്കുന്നു.

ലോകത്തിലുള്ള സമസ്ഥ ജീവജാലങ്ങൾക്കും സുഖം ഭവിക്കട്ടെ 'ലോകാ സമസ്താ സുഖിനോ ഭവന്തു' എന്നു നാം പ്രാർത്ഥിക്കുമ്പോൾ സകല ജീവജാലങ്ങൾക്കും പ്രകൃതിക്കും വേണ്ടി നിലകൊള്ളുന്ന ഒരേയൊരു തത്ത്വസംഹിത നമ്മുടേതുമാത്രമാണെന്നുള്ള വസ്തുത പാശ്ചാത്യ മനസ്സുകളെയൊക്കെ കീഴടക്കികഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് തന്നെ മുഴുവൻ ലോകത്തിന്റെയും നന്മ കാംക്ഷിക്കുന്ന ഈ ചിന്താധാരയിലേക്ക് അവർ തിരിഞ്ഞിക്കുന്നു. ലോകത്ത് ശാന്തിയും സമാധാനവും നിലനിർത്താൻ ഭാരതത്തിന്റെ ശാന്തി മന്ത്രത്തിന് മാത്രമെ കഴിയുകയുള്ളു എന്ന സത്യം ദിനംപ്രതി ശക്തിപ്പെട്ടുകൊണ്ടുരിക്കുന്നു - ആ മന്ത്രധ്വനികൾ ലോകമെമ്പാടും മുഴങ്ങികേൾക്കുന്നു - ഒരു നല്ല നാളെയുടെ പ്രതീക്ഷ പോലെ.

ഇത്തരുണത്തിലാണ് വിലയ്ക്കെടുക്കപ്പെട്ട ചില കാഷായ വസ്ത്രധാരികൾ നമ്മുടെ പുരാ

(ശേഷം 6-ാം പേജിൽ)

# ജനറൽ സെക്രട്ടറിയുടെ പംക്തി

*'ഏവർക്കും വിഷു ആശംസകൾ'*

അതോടൊപ്പം തന്നെ ചൈത്ര ശുക്ലപ്രതിപദ ഹിന്ദു നവവർഷം യുഗാബ്ദം 5119-2017 മാർച്ച് 29 നാണ്. എല്ലാവർക്കും ഹിന്ദു നവവർഷ ആശംസകളും നേരുന്നു.

കരയോഗത്തിൻെറ സാമ്പത്തിക വർഷം അവസാനിക്കുന്നത് മാർച്ച് 31 ന് ആണ്. 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള സാമ്പത്തിക വർഷത്തിൽ 91-ാമത് വാർഷികപൊതുയോഗത്തിൻെറ തീരുമാനങ്ങൾക്ക് വിധേയമായി ഭരണസമിതിക്ക് വിവിധ ഉപസമിതികളുടെ നിർദ്ദേശങ്ങളും ഉപദേശങ്ങളും സ്വീകരിച്ച് കരയോഗത്തിൻെറ പ്രവർത്തനങ്ങൾ ഭംഗിയായി മുന്നോട്ടു കൊണ്ടുപോകുവാനും, അതുപോലെ തന്നെ പൊതുയോഗത്തിൻെറ നിർദ്ദേശങ്ങളും തീരുമാനങ്ങളും പ്രാവർത്തികമാക്കുവാനും കഴിഞ്ഞിട്ടുണ്ട് എന്നു പറയുന്നതിൽ അതിയായ സന്തോഷമുണ്ട്. അടുത്ത രണ്ടു മാസക്കാലം ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവിപരിപാടികൾക്കുള്ള പദ്ധതികൾ തയ്യാറാക്കുകയുമാണ് ഭരണസമിതിയുടെ ലക്ഷ്യം. അതുകൊണ്ട് പ്രിയപ്പെട്ട കരയോഗാംഗങ്ങൾ നിങ്ങളുടെ വിലയേറിയ ഉപദേശങ്ങളും നിർദ്ദേശങ്ങളും രേഖാമൂലം അറിയിക്കണമെന്ന് ഈയവസരത്തിൽ അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ സൗഹൃദം ലക്കത്തിൽ സൂചിപ്പിച്ചതു പോലെ എറണാകുളം കരയോഗം നിയമാവലി 7 (iii) പ്രകാരം ആജീവനാംഗങ്ങളും അസോസ്സിയേറ്റ് അംഗങ്ങളും യോഗ മെമ്മോറാണ്ഡം 4 (ആർ) പ്രകാരം കരയോഗം ജീവകാരുണ്യ സ്ഥിരം ഫണ്ടിലേക്ക് പ്രതിമാസം നൽകേണ്ട 10 രൂപാ വീതമോ, അല്ലെങ്കിൽ 12 മാസത്തേയ്ക്ക് 120 രൂപ ഒരുമിച്ചോ അടയ്ക്കാവുന്നതാണ്. ഒറ്റത്തവണയായി 2000 രൂപ അടയ്ക്കുന്നവർക്ക് ആജീവനാന്തം പ്രതിമാസ തുക അടക്കേണ്ടതില്ല. 2016-2017 ലെ ജീവകാരുണ്യ സ്ഥിരം ഫണ്ടിലേക്കുള്ള തുകയും മുൻകുടിശ്ശികകളും ഏപ്രിൽ 30ന് മുൻപ് അടച്ചു തീർക്കണമെന്ന് ഒരിക്കൽകൂടി വിനീതമായി അഭ്യർത്ഥിക്കുന്നു.

എറണാകുളം കരയോഗം വക ചെറായി തൃക്കടക്കാപ്പിള്ളി ശ്രീദുർഗ്ഗാഭഗവതി ക്ഷേത്രത്തിലെ ശുദ്ധിയും, പ്രതിഷ്ഠാദിനാഘോഷവും മാർച്ച് 23, 24 തീയതികളിൽ ബ്രഹ്മശ്രീ പുലിയന്നൂർ ശശി നമ്പൂതിരിപ്പാടിൻെറ കാർമ്മികത്വത്തിൽ നടന്നു. 23ന് വൈകുന്നേരം താന്ത്രിക വിധിപ്രകാരം പ്രാസാദ പൂജ, പ്രാസാദശുദ്ധി, വാസ്തു രക്ഷോത്നഹോമങ്ങൾ, വാസ്തുകലശപൂജ, വാസ്തുബലി, വാസ്തു കലശാഭിഷേകം, അത്താഴപൂജ എന്നിവയും, 24 ന് പ്രതിഷ്ഠാദിനത്തിൽ അഷ്ടദ്രവ്യഗണപതിഹോമം, ചതശുദ്ധി, ധാര, പഞ്ചഗവ്യം, പഞ്ചകം, 25 കലശം, ഉച്ചപൂജ എന്നീ ചടങ്ങുകളോടൊപ്പം, അന്നദാനവും, വിവിധ കലാപരിപാടികളും പൂർവ്വാധികം ഭംഗിയായി നടത്തപ്പെട്ടു.

തൃക്കടക്കാപ്പിള്ളി ക്ഷേത്രത്തിൻെറ വാസ്തു വിദഗ്ധനായ വേഴപ്പറമ്പ് പരമേശ്വരൻ നമ്പൂതിരിപ്പാടിൻെറ ഉപദേശപ്രകാരവും, കഴിഞ്ഞ പൊതുയോഗത്തിൻെറ തീരുമാനത്തിനു വിധേയമായും ക്ഷേത്രത്തിൻെറ തെക്കു പടിഞ്ഞാറുള്ള ക്ഷേത്രക്കുളം വടക്കുകിഴക്കു മൂലയിൽ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി പ്രസ്തുത സ്ഥലത്തിൻെറ ഉടമയായ അഡ്വ. എ.ബി.മോളി ദിനേശിൽ നിന്ന് ആവശ്യമായ 9 സെൻറ് 858 ച.ലിങ്ക്സ് സ്ഥലം സ്വീകരിച്ച് അവർക്ക് വഴിക്ക് ആവശ്യമായ 1 സെൻറ് 780 ച.ലിങ്ക്സ് സ്ഥലം വിട്ടുനൽകിക്കൊണ്ട് ക്ഷേത്രഅഭിവൃദ്ധിക്കും വാസ്തുവിധിപ്രകാരവും ക്ഷേത്രക്കുളം മാറ്റി സ്ഥാപിക്കുവാനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

ലോകജലദിനത്തോടനുബന്ധിച്ച് എറണാകുളം കരയോഗം ടി ഡി എം ഹാളിൽ 365 ദിവസവും പൊതുജനങ്ങൾക്കുവേണ്ടി ദാഹജലവിതരണം ആരംഭിച്ചു. സിറ്റി പോലിസ് കമ്മീഷണർ എം പി ദിനേശ് ഐ പി എസ് ആണ് ഈ പരിപാടി ഉദ്ഘാടനം ചെയ്തത്. ഈ പദ്ധതിക്കായി വാട്ടർ കൂളർ, ഫിൽട്ടർ എന്നിവ നൽകിയത് കരയോഗം സെക്രട്ടറിമാരിലൊരാളായ കെ. ജനാർദ്ദനനാണ്. അദ്ദേഹത്തോടുള്ള നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

ഏപ്രിൽ മാസത്തിൽ വ്യത്യസ്തമായ ചടങ്ങുകളാണ് എറണാകുളം കരയോഗത്തിൻെറ ആഭിമുഖ്യത്തിൽ നടക്കുന്നത്. ഏപ്രിൽ 16 ന് ഞായറാഴ്ച എറണാകുളം കരയോഗം കഥകളി ക്ലബ്ബിൻെറ 59-ാം വാർഷികത്തോടനുബന്ധിച്ച് 22-ാമത് കഥകളി പുരസ്ക്കാരങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. ശ്രീ.ഫാക്ട് പത്മനാഭൻ (കളഹംസം വേഷം), ഡോ. സദനം ഹരികുമാർ (തൗര്യത്രികം കഥകളി സംഗീതം), ശ്രീ. കോട്ടക്കൽ പ്രസാദ്കുമാർ (തൗര്യത്രികം ചെണ്ട),

ശ്രീ. കലാമണ്ഡലം അച്യുതവാരിയർ (തൗര്യത്രികം മദ്ദളം) എന്നിവർക്കാണ് പുരസ്ക്കാരങ്ങൾ നൽകുന്നത്. കൂടാതെ അന്നേ ദിവസം കേരള സംസ്ഥാന കഥകളി അവാർഡ് ലഭിച്ച ശ്രീ.സദനം കൃഷ്ണൻകുട്ടിയാശാൻ, കേരള കല്പിത സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ശ്രീമതി.ഹരിപ്രിയ നമ്പൂതിരി എന്നിവരെ പ്രത്യേകം അനുമോദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അവാർഡിനും അനുമോദനത്തിനും അർഹരായ കലാകാരൻമാരെ എറണാകുളം കരയോഗം ഹാർദ്ദവമായി അഭിനന്ദിക്കുന്നു. അന്നേ ദിവസം വൈകുന്നേരം 6.മണിക്ക് ടിഡിഎം ഹാൾ ഗംഗയിൽ ഈ കലാകാരൻമാർ പങ്കെടുക്കുന്ന 'നളചരിതം ഒന്നാം ദിവസം കഥകളി' ഉണ്ടായിരിക്കുന്നതാണ്.

പത്താമത് എറണാകുളം കരയോഗം പി.എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് ഏപ്രിൽ 22ന്, ശനിയാഴ്ച വൈകുന്നേരം 5.30 മണിക്ക് ടിഡിഎം ഹാൾ കാവേരിയിൽ വച്ച് സമ്മാനിക്കുന്നതാണ്. ഇത്തവണ അവാർഡിനർഹനായിട്ടുള്ളത് കണ്ണൂർ പയ്യന്നൂർ സ്വദേശിയായ ശ്രീ. ഭാസ്ക്കരൻ വെള്ളൂരാണ്.

എറണാകുളം കരയോഗവും ബീമും സഹകരിച്ച് നടത്തുന്ന പ്രതിമാസ പരിപാടികളുടെ ഭാഗമായി 2017 ഏപ്രിൽ 21 ന്, വെള്ളിയാഴ്ച വൈകുന്നേരം 6.30 ന് ഇടപ്പള്ളി അതീതി സ്ക്കൂൾ ഓഫ് പെർഫോമൻസ് 'ബോംബെ ടൈലേഴ്സ്' എന്ന നാടകം അവതരിപ്പിക്കുന്നതാണ്. കരയോഗത്തിൻെറ എല്ലാ പരിപാടികളിലും അംഗങ്ങളുടെ സാന്നിദ്ധ്യം ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു ●

ജനറൽ സെക്രട്ടറി

## എഡിറ്റോറിയൽ

**(4–ാം പേജിൽ നിന്ന് തുടർച്ച)**

ണേതിഹാസങ്ങളുടെ വിശ്വാസ്യതയെ ചോദ്യം ചെയ്യാൻ ഇറങ്ങിതിരിച്ചിരിക്കുന്നത്.

ഇവർ ഒന്ന് മനസ്സിലാക്കിയാൽ നന്ന് ഹൈന്ദവധർമ്മമെന്നത് സനാതനധർമ്മമാണ് അതിനു നാശമില്ല. വ്യാസനും വാൽമീകിയും നട്ടുവളർത്തിയ, ശ്രീരാമകൃഷ്ണനും വിവേകാനന്ദനും നീരേകി പരിപാലിച്ച, ചിന്മയാന്ദജീയും രമണമഹർഷിയുമൊക്കെ പരിപോഷിപ്പിച്ച ഈ ആദിമതത്തിനെതിരെ വിരൽ ചൂണ്ടുവാനുള്ള യോഗ്യത നിങ്ങൾക്കുണ്ടൊയെന്ന് സ്വയം ചിന്തിക്കുക ഒന്നു ഓർത്തുകൊള്ളുക എന്തെല്ലാം കുപ്രചരണങ്ങൾ നടത്തിയാലും കുടില തന്ത്രങ്ങൾ പ്രയോഗിച്ചാലും ഈ സനാതന ധർമ്മം ലോകമുള്ളിടത്തൊളം നിലനിൽക്കും. ലോകം മുഴുവനും വ്യാപിക്കും. ഒരുപാടു പരീക്ഷണങ്ങളെ അതിജീവിച്ച് സുവർണ്ണ ശോഭയോടെ ഇന്നും നിലനിൽക്കുന്നതാണിത്. പിന്നെ നിങ്ങളെ പോലുള്ള ഇയാമ്പാറ്റകൾക്കെന്തു പ്രസക്തി? ●


# എറണാകുളം കരയോഗവും മാതൃഭൂമിയും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രൊഫഷണൽ ഗൈഡൻസ് സെമിനാർ 2017

**എറണാകുളം കരയോഗത്തിന്റേയും മാതൃഭൂമിയുടേയും സംയുക്താഭിമുഖ്യത്തിൽ പ്രൊഫഷണൽ ഗൈഡൻസ് സെമിനാർ 2017 ജൂൺ 2 ന് 9.30 മുതൽ ടി.ഡി.എം.ഹാളിൽ നടത്തപ്പെടുന്നു. ഓൾ ഇന്ത്യാ എഞ്ചിനിയറിംഗ്, മെഡിക്കൽ എൻട്രൻസ്, കേരള എൻട്രൻസ്, കുസാറ്റ് എൻട്രൻസ്, എന്നിവയ്ക്കു പുറമേ എഞ്ചിനിയറിംഗ് ബ്രാഞ്ച് തിരഞ്ഞെടുക്കൽ, തൊഴിൽ സാധ്യതകൾ എന്നിവയെ സംബന്ധിച്ച് വിദഗ്ദ്ധർ ക്ലാസ്സെടുക്കുന്നു. രജിസ്ട്രേഷൻ രാവിലെ 8.30 മണിക്ക് ആരംഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും മുൻകൂട്ടിയുള്ള രജിസ്ട്രേഷനും ബന്ധപ്പെടുക.**

**മാതൃഭൂമി, കൊച്ചി : 9495536088**

# ബാല ലോകം

**ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)**

പ്രിയപ്പെട്ട കൂട്ടുകാരെ,

പരീക്ഷാത്തിരക്കൊക്കെ കഴിഞ്ഞ് സ്കൂൾ അടച്ചിരിക്കുമല്ലോ?. നീണ്ട ഒരവധിക്കാലം കൂടി ആഗതമായി

അവധിക്കാലം എങ്ങനെയെല്ലാം ചെലവഴിക്കണം എന്ന് കൂട്ടുകാർക്കറിയാമല്ലോ?. അച്ഛനമ്മമാർ കൂട്ടുകാരുടെ സന്തോഷത്തിനുതകുന്ന നിരവധി കാര്യങ്ങൾ നേരത്തെത്തന്നെ തീരുമാനിച്ചിട്ടുണ്ടാവും. സ്വന്തം നാട്ടിലേക്കൊരു യാത്ര, വിനോദയാത്രകൾ, കളികൾ, പഠനങ്ങൾ അങ്ങനെ നിരവധി.

യാത്രക്ക് തയ്യാറെടുക്കുമ്പോൾ സ്ഥലത്തെക്കുറിച്ച് ഒരു മുന്നറിവ് ഉണ്ടാകുന്നത് നന്നായിരിക്കും കേട്ടോ കൂട്ടുകാരെ. അതൊക്കെ അച്ഛനമ്മമാരോട് ചോദിച്ചു മനസ്സിലാക്കണം. യാത്ര പോകുമ്പേൾ ചുറ്റുപാടുകളിൽ കാണുന്ന പ്രപഞ്ചവസ്തുക്കളെല്ലാം ആസ്വദിക്കണം. കുന്നുകളും മലകളും താഴ്‌വാരങ്ങളും പുൽപ്പരപ്പുകളും എല്ലാം ആസ്വദിക്കണം, അവയോടെല്ലാം സ്നേഹബന്ധം പുലർത്തണം. അപ്പോൾ എല്ലാറ്റിനെയും സ്നേഹിക്കാനുള്ള ഒരു ഹൃദയം കൂട്ടുകാരിലും വളർന്നുവരും. ഈ വിസ്മയങ്ങൾക്കെല്ലാം കാരണഭൂതനായ ദൈവസ്മരണയും കൂട്ടുകാരുടെ മനസ്സിലുണ്ടാവട്ടെ.

ഇനി നമുക്ക് വിഷു വിശേഷങ്ങളിലേക്ക് കടക്കാം.

മേടം ഒന്ന് കേരളീയരുടെ വിശേഷദിനമാണ്. രാത്രിയും പകലും തുല്യദീർഘങ്ങളായി വരുന്ന മേടവിഷുവിനെ ഓർക്കുമ്പോൾ കൂട്ടുകാർ വേലികൾക്കരികിലും വീട്ടുമുറ്റങ്ങളിലും കാണുന്ന കൊന്നപൂക്കളെ ഓർക്കുന്നുണ്ടാവും. വിഷുവും കൊന്നപ്പൂവും തമ്മിൽ  ഏറെ ബന്ധമുണ്ട് കൂട്ടുകാരെ വിഷുക്കണിയിലെ ഒരു പ്രധാന ഇനമാണ് കൊന്നപ്പൂവ്. ഉരുകുന്ന ചൂടിലും കണ്ണുകളെ കുളിരണിയിക്കുന്ന കൊന്നപ്പൂക്കൾ നോക്കിനിൽക്കാതിരിക്കാൻ ആർക്കുമാവില്ല.

വിഷുക്കണിക്ക് കണികാണൽ ഒരു പ്രധാന ചടങ്ങാണ്. ഉണ്ണിക്കണ്ണനും കൊന്നപ്പൂവും, അഷ്ടമംഗല്യവും, ഫലമൂലാദികളും പൊന്നും വിളക്കും അലക്കിയ വസ്ത്രങ്ങളും തുടങ്ങിയവയെല്ലാം പുലരുമ്പോൾ കണികാണുന്നു. പണ്ട് കുഞ്ഞുങ്ങളുടെയും മുതിർന്നവരുടെയും കണ്ണുകൾ പൊത്തിക്കൊണ്ടു കണിയുടെ മുൻപിലിരുത്തി കുഞ്ഞു കിണ്ടിയിലെ വെള്ളം കൊണ്ട് കണ്ണുകൾ നനച്ച് കണികൾക്കഭിമുഖമായി പായിൽ ഇരുത്തുന്നു... കൺകുളിർക്കേ കണ്ടോളു എന്ന് അമ്മ പറയുമ്പോൾ കണ്ണ് തുറന്ന് സമൃദ്ധിയുടെ നിറവിൽ മുഴുകുന്നു. കണി ചുറ്റുപാടുകളിലുള്ള ജീവജാലങ്ങൾക്കും കാണിക്കുന്ന ഒരു പതിവും പണ്ട് ഉണ്ടായിരുന്നു. വിഷുക്കണിയും, അച്ഛനമമമാരിൽ നിന്ന് ലഭിക്കുന്ന വിഷുക്കൈനീട്ടവും കൂട്ടുകാർ കാത്തിരിക്കുകയാവും അല്ലെ പഴയകാലത്ത് വിഷുകൈനീട്ടമാണ് കുട്ടികൾക്ക് ആകെ ലഭിക്കുന്ന പണം അത് ചെറിയ നാണയങ്ങളായിരിക്കും. ഇന്ന് നിങ്ങളിൽ പലർക്കും അച്ഛനമ്മമാരിൽ നിന്നും കുടുംബങ്ങളിൽ നിന്നും നല്ല രീതിയിൽ കൈനീട്ടം ലഭിക്കുന്നുണ്ടായിരിക്കും.അനാവശ്യമായി ഒന്നിനും ചെലവഴിക്കരുത് കേട്ടോ. അടുത്ത ഇനം പടക്കം പൊട്ടിക്കലാണ്. എല്ലാവരും ഒത്തുചേർന്ന് ഇതിൽ പങ്കെടുക്കുന്നു പീന്നീട് വിഷുസദ്യയൊരുക്കുന്നു.

മകരക്കൊയ്ത്ത് കഴിയുമ്പോൾ മാനവരാശിയെ വീണ്ടും പ്രവർത്തിപഥത്തിലേക്കാനയിക്കുന്ന വിശേഷദിനമാണ് വിഷു. ഇനി കൂട്ടുകാർ ഓർത്തോളൂ വിഷുപ്പക്ഷിയുടെ വിത്തും കൈക്കോട്ടും എന്ന ശബ്ദത്തിനായി.

**<u>അർജ്ജുനന്റെ തീർത്ഥയാത്ര</u>**

കുരുരാജ്യത്തിലൊരു ധരണി ദേവേന്ദ്രന്
പെരികെപ്പശുക്കളെകള്ളന്മാർ കൊണ്ടുപോയാർ
അതുചെന്നിന്ദ്രപ്രസ്ഥഗോപുരദ്വാരത്തിങ്കൽ
അതിവേദനയോടു പറഞ്ഞു ഭൂദേവനും
അപ്പോഴേ ധനഞ്ജയനാശ്വസിപ്പിച്ചാൻ പിന്നെ
കെൽപ്പേറുമായുധങ്ങൾ എടുക്കാൻ ചെന്നനേരം
ആയതമിഴിയാളും ധർമ്മപുത്രരും പഞ്ച
സായകരസം പൂണ്ടു മരുവുന്നതു കണ്ടാൻ
ആയുധശാലതന്നിലർജ്ജുനനവൻ താനും
പോയാനന്നേരം തന്നെ ഭൂസുരോത്തമനോടും
തസ്കരൻമാരെയൊക്കെ നിഗ്രഹിക്കയും ചെയ്തു
സത്കരിക്കയും ചെയ്താൻ വിപ്രന് പശുക്കളെ
പിന്നെത്തൻ ഗുരുഭൂതന്മാരെയും വണങ്ങിട്ടു
തന്നുടെ  സമയത്തിനന്തരം വരായ്‌വാനും
സന്നാഹമോട് തീർത്ഥയാത്രയും തുടങ്ങിനാൻ
പിന്നാലെ കൂടെപ്പോയാർ വിപ്രാദി സാധുക്കളും

(മഹാഭാരതത്തിൽ നിന്ന്) •

രാഗപരിചയം

# ബീംപ്ലാസ്

**ഡോ. ജയലക്ഷ്മി നന്ദകുമാർ**

ഹിന്ദുസ്ഥാനി സംഗീതത്തിൽ ഉത്ഭവിച്ച് കർണ്ണാടക സംഗീതത്തിൽ പ്രചാരം സിദ്ധിച്ച ഒരു രാഗമാണ് ബീംപ്ലാസ്. ബീംപ്ലാസ് എന്നും ബീംപ്ലാസി എന്നും അറിയപ്പെടുന്ന ഈ രാഗം കർണ്ണാടക സംഗീതത്തിലെ ആഭേരി രാഗത്തിനോട് സമാനമാണ്. ആലപിക്കുന്ന ശൈലിയാണ് ഈ രണ്ടു രാഗങ്ങളെ വ്യത്യസ്തരാക്കുന്നത്. കർണ്ണാടക ദേവഗാന്ധാരി എന്നും ബീംപ്ലാസ് രാഗത്തെ കർണ്ണാടക സംഗീതത്തിൽ വിളിക്കുന്നു. ഹിന്ദുസ്ഥാനി സംഗീതത്തിലെ ഖരഹരപ്രിയ രാഗത്തിനു സമാനമാണ് കാഫീഥാട്ട്.

ആരോഹണം ഃ നി സ ഗ മ പ നി സ

അവരോഹണംഃ സ നി ധ പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ ഃ ഷഡ്ജം, ചതുഃശ്രുതി രിഷഭം, സാധാരണ ഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ചതുഃ ശ്രുതി ധൈവതം, കൈശികി നിഷാദം. ഇതൊരു ഔഡവ സമ്പൂർണ്ണ രാഗമാണ്. ദേശ്യരാഗമാണ്. അതിമധുരവും അതിപ്രിയവുമായ രാഗമായി പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. സന്തോഷം നല്കുന്ന രാഗമായ ബിംപ്ലാസ് ഉച്ച കഴിയുന്ന സമയത്ത്, അതായത് 3 - 7 pm ആലപിച്ചാൽ അതീവ ഹൃദ്യമായിരിക്കും എന്ന് വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നു. ഏകാഗ്രത വർദ്ധിപ്പിക്കുന്നതിനു ഈ രാഗം കേൾക്കുന്നതിലൂടെ സാധിക്കുമെന്നും അഭിപ്രായമുണ്ട്.

## ഈ രാഗത്തിലുള്ള കൃതികൾ

| | | |
|---|---|---|
| 1. ഇതി സമുപഗത | അടതാളം | സ്വാതിതിരുനാൾ |
| 2. വരലൈക്ക | ആദി | സി.എസ് ചിദംബരം |
| 3. ലെമ്മു ലെമ്മു | രൂപകം | പല്ലവി ദൊരൈ സ്വാമിഅയ്യർ |
| 4. നന്ദതനയ ഗോവിന്ദ | ആദി | പുരന്ദര ദാസർ |

## ചലച്ചിത്രഗാനങ്ങൾ

| | |
|---|---|
| 1. താമസമെന്തേ വരുവാൻ | ഭാർഗ്ഗവീ നിലയം |
| 2. താമരക്കുമ്പിളല്ലോ | അന്വേഷിച്ചു കണ്ടെത്തിയില്ല |
| 3. തുറന്നിട്ട ജാലകങ്ങൾ | ദത്തുപുത്രൻ |
| 4. ശിലയായ് പിറവിയുണ്ടെങ്കിൽ | തട്ടകം |
| 5. കണ്ണോടു കണ്ണോരം | വീരപുത്രൻ |
| 6. സമയമായില്ല പോലും | കരുണ |
| 7. ആ നീലേ ഗഗൻ തലേ പ്യാർ | ബാദ്ഷാ |
| 8. ഏ അജ്നബി തൂ ഭീ കഭീ | ദിൽസേ |
| 9. ആജ് മേരേ മന്മേ സഖീ | ആൻ |
| 10. ബിനാ മധുര് മധുര് | രാമരാജ്യ |
| 11. ദിൽകേ ടുക്ടേ കർക്കേ | ദാദാ |
| 12. ദുനിയാ സേ ജി ബസ്രാ ഗയാ | ലൈലാ മജ്നു ● |

## നായർ സ്ത്രീ സമാജത്തിലെ 2017 ഏപ്രിൽ മാസത്തിലെ പരിപാടികൾ

| തീയ്യതി | പരിപാടി | സമയം |
|---|---|---|
| 18.04.2017 | അംഗങ്ങളുടെ ഒത്തുചേരൽ | 4.00 P.M. |


വാസ്തു

# പ്രശ്നം കന്നിമൂല തന്നെ

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)

കഴിഞ്ഞ ആഴ്ച എറണാകുളത്ത് മൂന്ന് വീടുകളിൽ പലതരം പ്രശ്നങ്ങൾ കാരണം പരിശോധിക്കേണ്ടി വന്നു.

ആദ്യത്തെ വീട് പണി തുടങ്ങിയിട്ട് 5 കൊല്ലമായി. വീട് പണിതുടങ്ങുന്ന സമയത്ത് തരക്കേടില്ലാത്ത ജോലി ഉണ്ടായിരുന്നു. വീടിന്റെ തറപണി കഴിഞ്ഞപ്പോൾ ജോലി നഷ്ടപ്പെട്ടു. മറ്റു പല പ്രശ്നങ്ങളും തുടങ്ങി. 5 കൊല്ലമായി വീടുപണി കംപ്ലീറ്റ് ചെയ്യാതെ കിടക്കുകയാണ്. ആ വീട്ടിലേയ്ക്ക് മാത്രമായി വീടിന്റെ തെക്കു പടിഞ്ഞാറെ മൂലയിൽ ചെന്ന് ചേരുന്ന വിധമാണ് വീട്ടിലേക്കുള്ള വഴി. ആ പറമ്പിലെ എല്ലാ മഴവെള്ളവും തെക്കു പടിഞ്ഞാറെ മൂലയിൽ കൂടി തെക്കോട്ട് ഒഴുകുന്നു. ആ വീടിന്റെ വടക്കു ഭാഗത്ത് കാലിയായ സ്ഥലം കിഴക്ക് ഒന്നര മീറ്ററും, പടിഞ്ഞാറ് മൂന്നു മീറ്ററുമാണ്.




വീടിന്റെ തെക്കുഭാഗത്ത് വീട്ടിൽ നിന്നും 50 സെ.മീറ്റർ മാറ്റി സമാന്തരമായി ഒരു കുട്ടി മതിൽ 24.സെ.മീറ്റർ ഉയരത്തിൽ കെട്ടി, വീട്ടിലേക്കുള്ള വഴി, വീടിന്റെ തെക്കുവശം വീടിന്റെ മദ്ധ്യം വരെ നീട്ടി. പറമ്പിന്റെ തെക്കു പടിഞ്ഞാറെ മൂല ചതുരാകൃതിയിൽ ആക്കി. വടക്കുവശം കിഴക്കും, പടിഞ്ഞാറും ഒരേ വീതി ആക്കി 24 സെ.മീറ്റർ ഉയരത്തിൽ മതിൽ കെട്ടി തിരിച്ചു. അതിനു ശേഷം വീട് പണി തുടങ്ങാൻ സാധിച്ചു.

രണ്ടാമത്തെ വീട്ടിൽ പടിഞ്ഞാറും, വടക്കും റോഡുണ്ട്. പറമ്പിന്റെ തെക്കു പടിഞ്ഞാറെ മൂല മൂന്നു വഴികൾ കൂട്ടിമുട്ടുന്ന T" Junction ആണ്. അവിടെ നിന്നും, തെക്കേട്ടും, വടക്കോട്ടും, പടിഞ്ഞാറോട്ടും വഴികൾ ഉണ്ട്. ഈ മൂലയിലാണ് ഈ വീട്ടിലേക്കുള്ള പ്രധാന ഗേറ്റ്. ഗേറ്റ് തുറക്കുമ്പോൾ,പടിഞ്ഞാറു ഭാഗത്ത് ദൂരേത്തക്ക് റോഡ് കാണാം. ഗേറ്റിന്റെ അടുത്തു തന്നെ വടക്കു മാറി ഒരു കിണർ ഉണ്ട്. ഇവിടെത്തെ പ്രധാന പ്രശ്നം

1) ഗേറ്റ് കന്നിമൂലയിൽ വന്നിരിക്കുന്നു.

2) ഗേറ്റ് തുറക്കുമ്പോൾ നോക്കെത്താത്ത ദൂരം റോഡ് കാണുന്നു.

3) കിണറും കന്നിമൂലയിൽ തന്നെ

4) കാർ പോർച്ച് ഗേറ്റിന് നേരെ വീടിന്റെ തെക്കുവശത്താണ്. വീടിന്റെ തെക്കുവശം ഒരിക്കലും താഴ്ന്നിരിക്കാൻ പാടില്ല.

മേൽ പറഞ്ഞ വീട്ടിൽ ഗേറ്റ് പടിഞ്ഞാറ് തെക്കേ മൂലയിൽ നിന്നും, പടിഞ്ഞാറ് വടക്കേ മൂലയിലേക്ക് മാറ്റി, തെക്കേ ഭാഗത്തെ കാർ പോർച്ച് തറ ഉയരത്തിൽ പൊക്കി ഒരു മുറിയാക്കി മാറ്റി. കിഴക്കുള്ളതിനേക്കാൾ കാലിയായ സ്ഥലം പടിഞ്ഞാറു ഭാഗത്തുള്ളതുകൊണ്ട്, കിഴക്കിന്റെ അളവിനേക്കാൾ അല്പം കുറച്ച് ഒരു അതിർമതിൽ ഇട്ട്, തെക്കു പടിഞ്ഞാറ് ചതുരാകൃതിയിലാക്കി മാറ്റി. ഈ വീട് പണിതയാൾ വിറ്റിട്ട് മറ്റൊരാൾ വാങ്ങിയിട്ട് 5 കൊല്ലമായി താമസിക്കുന്നു. ഇപ്പോൾ താമസിക്കുന്നവർ ഇവിടെ വന്ന് 1 കൊല്ലം കഴിഞ്ഞപ്പോൾ കുടുംബനാഥ കിടപ്പിലായി. ചെറിയ ഒരു പനി വന്നിട്ടു പോലും ഡോക്ടർമാർക്ക് രോഗം കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. സാമ്പത്തികമായി, പല വിധത്തിൽ ഉയർന്നവരാണ്. ഗേറ്റ് മാറ്റിയതിനു ശേഷം കാര്യമായ പുരോഗതി വന്നിരിക്കുന്നു.

മൂന്നാമത്തെ വീട്ടിൽ സാമാന്യം വലിയ പറമ്പാണ്. ഇവിടെ വീട് പണിത് താമസിച്ചിട്ട് 6 മാസം ആയി. ഉടമസ്ഥനും, ഭാര്യയും, മക്കളും ഇന്ത്യക്ക് പുറത്താണ്. വീട് പണി കഴിഞ്ഞ് പാലു കാച്ചി വിദേശത്തു പോയി. കഷ്ടിച്ച് ഒരു മാസം മാത്രം താമസിച്ചുള്ളൂ. പാല് കാച്ചി ജോലി സ്ഥലത്ത് എത്തി. പിറ്റേ ദിവസം വ്യായാമം ചെയ്തു കൊണ്ടിരിക്കുമ്പോൾ ഗൃഹനാഥൻ തളർന്നു വീഴുകയും, അതോടെ കിടപ്പിലാകുകയും ചെയ്തു.

ആ വീട്ടിൽ പരിശോധിച്ചപ്പോൾ ഏതോ സ്ഥാനം

(ശേഷം 27-ാം പേജിൽ)

തുടർച്ച

ശ്രീകുമാരി രാമചന്ദ്രൻ
(ഫോൺ: 9947054009)

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

### കുങ്കുലിയക്കലയനായനാർ

ചോഴനാട്ടിലെ തിരുക്കടവൂരിൽ ഒരു ബ്രാഹ്മണകുടുംബത്തിലാണ് കലയനാർ ജനിച്ചത്. ബാല്യവസ്ഥയിൽത്തന്നെ അദ്ദേഹം വേദപുരാണങ്ങളിൽ പാണ്ഡിത്യം നേടി. തികഞ്ഞ ശിവഭക്തനായ അദ്ദേഹം ഗ്രാമത്തിലെ ശിവക്ഷേത്രത്തിൽ ദർശനം നടത്തുന്നത് നിത്യശീലമാക്കി. മുടങ്ങാതെ ഭഗവാന്റെ സോപാനത്തിൽ കുങ്കുലിയദീപം (അഷ്ടഗന്ധം, കുന്തിരിക്കം, സാമ്പ്രാണി തുടങ്ങിയ സുഗന്ധദ്രവ്യങ്ങളടങ്ങിയ ഒരു മിശ്രിതം) കത്തിച്ചുവെച്ചു പ്രാർത്ഥിക്കുന്നതും അദ്ദേഹത്തിന്റെ ശീലമായിരുന്നു. അതിനാൽ ഗ്രാമത്തിലുള്ളവർ അദ്ദേഹത്തെ കുങ്കുലിയക്കലയനാർ എന്നു വിളിച്ചുപോന്നു. തന്റെ ഭക്തിയുടെയും വിശ്വാസത്തിന്റെയും പ്രതീകമായാണ് അദ്ദേഹം ശിവപെരുമാളിനു മുമ്പിൽ കുങ്കുലിയദീപം കത്തിച്ചുപോന്നത്. ഒരിക്കൽ ദാരിദ്ര്യംകൊണ്ടു വലഞ്ഞ അദ്ദേഹത്തിന് കുടുംബകാര്യങ്ങൾ വേണ്ടുംവണ്ണം നിറവേറ്റാനായില്ല. എന്നാലതിൽ അദ്ദേഹത്തിനു ദു:ഖം തോന്നിയില്ല. ഭഗവാനു കുങ്കുലിയദീപം കത്തിക്കാനുള്ള പണം കണ്ടെത്താനാവാത്തതിലായിരുന്നു അദ്ദേഹത്തിന്റെ ദു:ഖം. അദ്ദേഹത്തിന്റെ പത്നി കഴുത്തിൽ നിന്നു സ്വർണ്ണത്താലി അഴിച്ചെടുത്ത് ഭർത്താവിന്റെ കയ്യിൽ നൽകി. ''ഇതു കൊണ്ടുപോയി വിറ്റിട്ട് കിട്ടുന്ന പണത്തിന് അരിയും പരിപ്പും മറ്റു ഭക്ഷണസാധനങ്ങളും വാങ്ങി വരൂ,'' ആ സാധ്വി പറഞ്ഞു. താലിയും കൊണ്ട് ചന്തയിൽ ചെന്ന കലയനാർ, അതു വിറ്റുകിട്ടിയ പണത്തിന് കുങ്കുലിയദീപം വാങ്ങി ക്ഷേത്രത്തിൽ ചെന്നു. ദീപം കത്തിച്ചുവെച്ച് പ്രാർത്ഥനാനിരതനായി അദ്ദേഹം മണ്ഡപത്തിലിരുന്നു.വീട്ടിൽ ഭർത്താവ് ഭക്ഷണസാധനങ്ങൾ കൊണ്ടു വരുന്നതും കാത്തുകാത്തിരുന്ന് കലയനാരുടെ പത്നി ഉറങ്ങിപ്പോയി. ഉറക്കത്തിൽ ശിവപെരുമാൾ അവർക്കു സ്വപ്നദർശനം നൽകി. 'നാം സംപ്രീതനായിരിക്കുന്നു. ഈ ഗൃഹത്തിൽ എല്ലാ ഐശ്വര്യങ്ങളും സമ്പദ് സമൃദ്ധിയും ഉണ്ടായിരിക്കും!' എന്ന് അവിടുന്ന് അനുഗ്രഹിച്ചു. അതേസമയത്തു തന്നെ അമ്പലത്തിലിരിക്കുന്ന കലയനാർക്കും ഭഗവാൻ സ്വപ്നദർശനം നൽകി. വീട്ടിലേക്കു മടങ്ങുക ! സ്വാദിഷ്ടമായ ആഹാരം കഴിച്ചു സുഖമായി വസിക്കുക! എന്നു ഭഗവാൻ അനുഗ്രഹിക്കുകയും ചെയ്തു. കലയനാർ വീട്ടിലേക്കു മടങ്ങി. ഭഗവാൻ കൃഷ്ണനെ സന്ദർശിച്ചതിനുശേഷം ദ്വാരകയിൽ നിന്നു മടങ്ങി സ്വഗൃഹത്തിലെത്തിയ കുചേലന്റെ അനുഭവമാണ് അദ്ദേഹത്തിനുണ്ടായത്. തനിക്കുണ്ടായ സമ്പത്തും ഐശ്വര്യവുമെല്ലാം മഹാദേവന്റെ അനുഗ്രഹമാണെന്നു ബോദ്ധ്യമുണ്ടായ അദ്ദേഹം ശിവയോഗികൾക്കായി തന്റെ ഭവനം തുറന്നുവെച്ചു. മഹാദേവനെ സേവിച്ചുകൊണ്ട് കഴിഞ്ഞുകൂടവെ തിരുക്കടവൂരിനോടു ചേർന്ന തിരുപ്പനന്താൾ എന്ന സ്ഥലത്ത് ഒരത്യാഹിതമുണ്ടായി. അവിടെ പ്രതിഷ്ഠിച്ചിരുന്ന ശിവലിംഗം ഒരു വശത്തേക്കു ചെരിയാൻ തുടങ്ങി. രാജാവ് പലവിധത്തിൽ ശ്രമിച്ചിട്ടും വിഗ്രഹത്തെ നിവർത്താനായില്ല. ഒടുവിൽ കലയനാരെ വരുത്തി. അദ്ദേഹം ഒരു കയർ കൊണ്ട് ശിവലിംഗത്തെ വരിഞ്ഞു കെട്ടി. കയറിന്റെ മറ്റേ അഗ്രം തന്റെ കഴുത്തിനു ചുറ്റും കെട്ടി. ഭഗവാനെ ധ്യാനിച്ചു കൊണ്ട് മുന്നോട്ടാഞ്ഞു വലിച്ചു. വിഗ്രഹം നിവർന്നു! സൈന്യത്തിനുപോലും അസാദ്ധ്യമായ കാര്യം തന്റെ ഭക്തിമൂലം സുസാദ്ധ്യമാക്കിയ കലയനാരെ രാജാവ് പ്രണമിച്ചു. തുടർന്ന് ക്ഷേത്രത്തിന്റെ നടത്തിപ്പുകാര്യങ്ങളിൽ അദ്ദേഹത്തിന്റെ ഉപദേശവും സഹായവും തേടി. തിരുക്കടവൂരിൽ തിരിച്ചെത്തിയ കലയനാർ പതിവുപോലെ തന്റെ ശിവസേവ തുടർന്നു. അതിനിടെ തിരുജ്ഞാനസംബന്ധരേയും തിരുനാവുക്കരശരേയും കാണാൻ അദ്ദേഹത്തിനു ഭാഗ്യം സിദ്ധിച്ചു. മഹാദേവനെയും അവിടുത്തെ ദാസന്മാരെയും സേവിച്ചുകൊണ്ട് സുദീർഘമായൊരു ജീവിതം നയിച്ചശേഷം തിരുകുങ്കുലിയക്കലയനാർ കൈലാസം പൂകി എന്ന് സുന്ദരർ തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

### കൂറ്റുവ നായനാർ

തിരുക്കടന്തൈയൂരിൽ ക്ഷത്രിയ കുലത്തിലാ

ണ് കൂറ്റുവനാരുടെ ജനനം. ചോഴമന്നന്മാരുടെ പേരും പ്രതാപവുമില്ലായിരുന്നെങ്കിലും പരാക്രമത്തിൽ അവർക്കു തുല്യനായിരുന്ന ഇദ്ദേഹത്തിന്റെ പേരു കേൾക്കുമ്പോൾത്തന്നെ ശത്രുക്കൾ വിറക്കുമായിരുന്നുവത്രേ!

ബാല്യം മുതൽക്കുതന്നെ കൂറ്റുവനാർ ശിവഭജനം ചെയ്തുപോന്നു. നിത്യപൂജയിലും പഞ്ചാക്ഷരീമന്ത്രജപത്തിലും നിഷ്ക്കർഷ പുലർത്തി.ശിവയോഗികളെ സേവിക്കുന്നതിൽ സായൂജ്യം കണ്ടു. യോദ്ധാവായിരുന്ന കൂറ്റുവനാർ പടയോട്ടത്തിലൂടെ അനേകം രാജാക്കൻമാരെ പരാജയപ്പെടുത്തി. തൽഫലമായി സേനാബലവും സമ്പത്തും വർദ്ധിച്ചു. ശിവനു പ്രിയംകരമായ തുമ്പപ്പൂക്കൾകൊണ്ട് മാല കൊരുത്ത് അതും കഴുത്തിലണിഞ്ഞു കൊണ്ടാണ് അദ്ദേഹം ഓരോ യുദ്ധത്തിലും പങ്കെടുത്തിരുന്നത്. കഴുത്തിൽ വാകപ്പൂമാല ധരിച്ചുകൊണ്ട് അദ്ദേഹം ഓരോ വിജയവുമാഘോഷിച്ചു. വീരശൂരപരാക്രമി എന്ന നിലക്കും ശിവോപാസാകൻ എന്ന നിലക്കും അദ്ദേഹം മറ്റുള്ളവരുടെ ഭക്ത്യാദരങ്ങൾ പിടിച്ചുപറ്റി. എങ്കിലും രാജമകുടമില്ലെന്ന ദു:ഖം അദ്ദേഹത്തെ അലട്ടി. അദ്ദേഹം ചിദംബരത്തു ചെന്ന് ബ്രാഹ്മണരെ കാണുകയും തന്റെ കിരീടധാരണം നടത്തിത്തരണം എന്നഭ്യർത്ഥിക്കുകയും ചെയ്തു. ചക്രവർത്തി പാരമ്പര്യമുള്ള ചോഴരാജാക്കന്മാരുടെ കിരീടധാരണത്തിൽ മാത്രമേ തങ്ങൾ സഹകരിക്കൂ എന്നും ചോഴപാരമ്പര്യമില്ലാത്ത ഒരാളുടെ കിരീടധാരണത്തിൽ തങ്ങൾ സംബന്ധിക്കുകയില്ലെന്നും ബ്രാഹ്മണർ തീർത്തുപറഞ്ഞു. നിരാശനായ കൂറ്റുവർ ഭഗവാനോടു സങ്കടമുണർത്തിച്ചു. 'അവിടുത്തെ തൃച്ചേവടികൾ തന്നെ അടിയനു കിരീടമായ് ഭവിക്കട്ടെ!' എന്നു ഗദ്ഗദംപൂണ്ടു. അന്നു രാത്രി പാദങ്ങൾ രണ്ടും തന്റെ ശിരസ്സിൽ വെച്ച് ഭഗവാൻ തന്നെ അനുഗ്രഹിച്ചതായി കൂറ്റുവനാർ സ്വപ്നം കണ്ടു. ഉറക്കമുണർന്ന കൂറ്റുവനാർ ആനന്ദതുന്ദിലനായി. പിറ്റേന്ന് രാജ്യസഭ കൂടി തന്റെ സ്വപ്നദർശനത്തെക്കുറിച്ച് അദ്ദേഹം വെളിപ്പെടുത്തി. അതിനുശേഷം അദ്ദേഹം തീർത്ഥാടനത്തിനിറങ്ങി. ഒട്ടനവധി ശിവക്ഷേത്രങ്ങൾ സന്ദർശിച്ചു. ഈ ക്ഷേത്രാടനത്തിനിടെത്തന്നെ കൂറ്റുവനായനാർ കൈലാസം പൂകുകയും ചെയ്തു എന്ന് സുന്ദരർ തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## മങ്കൈയർക്കരശിയാർ

ചോഴനാട്ടിൽ രാജകുടുംബത്തിൽ പിറന്ന മങ്കൈയർക്കരശിയാർ ക്ഷത്രിയവനിതക്കനുയോജ്യമായ സകല ഗുണങ്ങളും തികഞ്ഞ ഒരു സുന്ദരിയായിരുന്നു. ബാല്യം മുതൽക്കുതന്നെ ശിവപെരുമാളിൽ അഗാധമായ ഭക്തിയുണ്ടായിരുന്ന കുമാരിയെ പാണ്ഡ്യമന്നനായ നിന്റ്രശീർ നെടുമാരൻ വിവാഹം കഴിച്ചു. അതെത്തുടർന്ന് മങ്കൈയർക്കരശി മധുരയിൽ ഭർത്താവിനൊപ്പം താമസം തുടങ്ങി. മഹാരാജാവായ ഭർത്താവ് ജൈനമതത്തിന്റെ സ്വാധീനത്തിലാണെന്ന തിരിച്ചറിവ് മഹാറാണിയെ ഞെട്ടിച്ചു കളഞ്ഞു. മന്ത്രിയുമായി കൂടിയാലോചിച്ച് അവർ രാജാ നെടുമാരന്റെ മനസുമാറ്റാൻ ശ്രമം തുടങ്ങി. മങ്കൈയർക്കരശിയുടെ ശിവോപാസനയെക്കുറിച്ചു കേട്ടറിഞ്ഞ ഒട്ടേറെ ശിവയോഗികൾ മധുരയിലെത്തി മഹാറാണിയെ സന്ദർശിച്ചു. റാണിയുടെ പ്രാർത്ഥനമൂലം മഹാരാജാവിന്റെ മനസ്സിൽ ശിവനെപ്രതി ഭക്തി അങ്കുരിച്ചു. തിരുനാവുക്കരശ്, തിരുജ്ഞാനസംബന്ധർ എന്നീ ശിവോപാസകരുമായുണ്ടായ കൂടിക്കാഴ്ച അദ്ദേഹത്തിന് പുതിയ ഉൾക്കാഴ്ച നൽകി. അതോടെ അദ്ദേഹം ശൈവമതം സ്വീകരിക്കുകയും രാജ്യത്താകമാനം ശൈവമതം പ്രചരിപ്പിക്കുകയും ചെയ്തു. സന്തുഷ്ടയായ മങ്കൈയർക്കരശിയാർ മധുരയിലെ ശിവാലയങ്ങളിൽ പ്രത്യേക പൂജകൾ ഏർപ്പാടു ചെയ്തു. പ്രജാക്ഷേമതൽപരനായി രാജ്യം ഭരിച്ച ഭർത്താവിനു പിന്നിൽ ഒരു ശക്തിദുർഗമായി നിലകൊണ്ട മങ്കൈയർക്കരശി ഏറെക്കാലം ശിവോപസനയിൽ മുഴുകി ജീവിച്ചതിനുശേഷം കൈലാസം പൂകി എന്ന് തിരുത്തോണ്ടർതൊഗൈ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## 31) മെയ്പ്പൊരുൾ നായനാർ

നടുനാട് എന്ന പ്രവിശ്യയിലെ തിരുക്കോവിലൂർ എന്ന സ്ഥലത്ത് ശികരശർ എന്ന ക്ഷത്രിയകുലത്തിലാണ് മെയ്പ്പൊരുളാർ എന്ന രാജാവ് ജനിച്ചത്. വേദനായകനായ മഹാദേവന്റെ ഭക്തനായിരുന്നു അദ്ദേഹം. പ്രജാക്ഷേമതൽപരനായ അദ്ദേഹം മികച്ച ഭരണം കാഴ്ചവെച്ചു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം മഹാദേവന്റെ മെയ്യ് സത്യത്തിന്റെ വടിവായിരുന്നു. അതുകൊണ്ടാണ് അദ്ദേഹം മെയ്പ്പൊരുൾ നായനാർ എന്നറിയപ്പെട്ടത്. ശിവാലയങ്ങളെല്ലാം അദ്ദേഹം പുതുക്കിപ്പണിതു. പൂജകളും ഉൽസവങ്ങളും വിധിയാംവണ്ണം നടത്തി. ശിവയോഗികളെ ആദരിക്കാനും സൽക്കരിക്കാനും പ്രത്യേകം ശ്രദ്ധിച്ചു. 'ഭഗവൽകൃപയാൽ അനേകം യുദ്ധങ്ങൾ ജയിക്കാനും അദ്ദേഹത്തിനു സാധിച്ചു. ഓരോ വിജയത്തിനു പിന്നിലും താൻ വണങ്ങുന്ന ശിവപെരുമാളാണ് എന്ന് അദ്ദേഹം പരിപൂർണ്ണമായി വിശ്വസിച്ചു.

ഇദ്ദേഹത്തിന്റെ കീർത്തിയിലും ഐശ്വര്യത്തിലും അസൂയ തോന്നിയ മുത്തുനാഥൻ എന്ന ഒരു രാജൻ പല തവണ മെയ്പ്പൊരുളാരോടേറ്റുമുട്ടി പരാജയപ്പെട്ടു. പിന്നീട് മുത്തുനാഥൻ തന്റെ അടവൊന്നുമാറ്റി. ഒരു ശിവയോഗിയെപ്പോലെ ജടയും ഭസ്മക്കുറിയുമായി അയാൾ മെയ്പ്പൊരുളാരുടെ കൊട്ടാരത്തിലെത്തി. 'ആർക്കുമറിയാത്ത ഒരു ശിവപുരാണകഥ പറഞ്ഞു തരാം; പക്ഷേ അത് ഏകാന്തത്തിൽ വേണം' എന്നു പറഞ്ഞുകൊണ്ട് അയാൾ മറ്റുള്ളവരെ അകറ്റി. താനും രാജാവും മാത്രമായപ്പോൾ, മുത്തുനാഥൻ പൊടുന്നനെ 'ഭാണ്ഡത്തിലൊളിപ്പിച്ചു വെച്ചിരുന്ന വാൾ പുറത്തേക്കു വലിച്ചെടുത്ത് മെയ്പ്പൊരുളാനെ ആഞ്ഞുവെട്ടി. പക്ഷേ രാജാവിന് ഒരലോഹ്യവും തോന്നിയില്ല. 'ഭൃത്യനായ ദത്തനെ വിളിച്ച് ശിവയോഗിയെ ആപത്തൊന്നും കൂടാതെ വെളിയിലെത്തിക്കാൻ കൽപ്പന നൽകി. ദത്തൻ രാജകൽപന അനുസരിച്ചു. തന്നെ വധിക്കാൻ ശ്രമിച്ച കപടയോഗിയിൽപ്പോലും മഹാദേവനെ കണ്ടതുകൊണ്ടാണ് മെയ്പ്പൊരുളാർ ഇപ്രകാരം ചെയ്തത്. സന്തുഷ്ടനായ ശിവപെരുമാൾ രാജാവിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. എന്തിലുമേതിലും ശിവപ്പെരുമാളെ ദർശിക്കുന്ന രാജാവിനെ 'ഭഗവാൻ അനുഗ്രഹിച്ചു. അഹിംസയിലും ധർമ്മത്തിലും അടിയുറച്ചു വിശ്വസിക്കുന്ന 'ഭക്തനിൽ 'ഭഗവാൻ സംപ്രീതനായി. ശിവപൂജയിലും സന്യാസിസമ്പർക്കത്തിലും സായൂജ്യം കണ്ട മെയ്പ്പൊരുളാർ സുദീർഘമായ ഒരു ജീവിതം നയിച്ചശേഷം 'ഭഗവദ്പദം പൂകി എന്ന് സുന്ദരമൂർത്തിനായനാർ തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## 32) മാനക്കൺചാര നായനാർ

ചോഴനാട്ടിലെ കഞ്ചാനൂറിൽ വേളാളർ വംശത്തിലാണ് മാനക്കൺചാര നായനാർ ജനിച്ചത്. അദ്ദേഹത്തിന്റെ മുൻഗാമികൾ ചോഴനാടു മന്നന്റെ സൈന്യാധിപരായി സേവനമനുഷ്ഠിച്ചവരാണ്.

ബാല്യം മുതൽക്കുതന്നെ ശിവപെരുമാളിൽ ഭക്തിയുറച്ച മാനക്കൺചാര നായനാർ ശിവഭക്തരിൽപ്പോലും ഭഗവാനെ കണ്ടു. ശിവയോഗികളെ സേവിക്കുന്നത് ശിവപെരുമാളെ സേവിക്കുന്നതിനു തുല്യം എന്നു തന്നെ അദ്ദേഹം വിശ്വസിച്ചു. വളരെക്കാലം അദ്ദേഹത്തിനു സന്താനങ്ങളുണ്ടായില്ല. അദ്ദേഹത്തിന്റെ ഭക്തിയിൽ സംപ്രീതനായ നടരാജപെരുമാൾ മാനക്കൺചാര നായനാരെ സ്വപ്നദർശനത്തിലൂടെ അനുഗ്രഹിച്ചു. തത്ഫലമായി അദ്ദേഹത്തിന്റെ പത്നി ഒരു പെൺകുഞ്ഞിനു ജൻമം നൽകി . അവൾ വളർന്നു സുന്ദരിയായ ഒരു കുമാരിയായി. ശിവഭക്തനായ ഏയർകോൻ കലിക്കാമനായനാരുമായി അവളുടെ വിവാഹമുറപ്പിച്ചു. വിവാഹനാൾ പുലർന്നു. അപ്പോൾ ഒരു സന്യാസിയുടെ വേഷത്തിൽ മഹാദേവൻ അവിടെ വന്നു ചേർന്നു. സൽക്കാരം സ്വീകരിച്ചതിനുശേഷം അദ്ദേഹം വധുവിനെ അടിമുടി ഒന്നു നോക്കി. അവളുടെ നീണ്ടിടതൂർന്ന കാർകൂന്തലിൽ അവിടുത്തെ കണ്ണുകളുടക്കി. 'ഇത്രയും സുന്ദരമായ മുടി നമ്മുടെ മാറിൽ ധരിക്കുന്നതാണ് ഉചിതം', യോഗി അഭിപ്രായപ്പെട്ടു. ഇതു കേട്ടയുടൻ നായനാർ പുത്രിയുടൈ കേശഭാരം അറുത്തെടുത്ത് യോഗിയുടെ മുമ്പിൽ കാഴ്ചവെച്ചു. ഇതുകണ്ട കലിക്കാമൻ വിഷാദം പൂണ്ടു. ഉടനെ ഒരശരീരി വാക്യം മുഴങ്ങി. ഉണ്ടായതെല്ലാം ശിവപെരുമാളിന്റെ പരീക്ഷയായിരുന്നെന്നും പരീക്ഷയിൽ ഭക്തൻ വിജയിച്ചുവെന്നുമായിരുന്നു അശരീരി വാക്യത്തിന്റെ പൊരുൾ. മഹാദേവൻ പാർവ്വതീസമേതനായി ഋഷഭവാഹനത്തിലേറി മാനഭക്കൺചാരന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ഭഗവാന്റെ കാരുണ്യത്തിനും അനുഗ്രഹത്തിനു പാത്രമായ മാനക്കൺചാര നായനാർ സുദീർഘമായൊരു ജീവിതം നയിച്ചതിനുശേഷം ശിവലോകം പൂകിയതായി തിരുത്തോണ്ടർതൊഗൈ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിക്കാണാം.

## മുനൈയടുവാർ നായനാർ

തമിഴകത്തെ തിരുനെട്ടൂർ എന്ന സ്ഥലത്ത് വേളാളർ കുലത്തിലാണ് മുനൈയടുവാർ ജനിച്ചത്. ശിവപെരുമാളിൽ അഗാധമായ ഭക്തിയുണ്ടായിരുന്ന അദ്ദേഹം ശിവക്ഷേത്രങ്ങളുടെ സംരക്ഷണത്തിൽ ശ്രദ്ധവെച്ചു. ശിവയോഗികൾക്ക് ഉപചാരം ചെയ്യുന്നതിൽ ആനന്ദം കണ്ടു.

മികച്ചയോദ്ധാവായിരുന്ന മുനൈയടുവാർ ധാരാളം യുദ്ധങ്ങൾ നയിച്ചു. ഓരോ വിജയവും അദ്ദേഹത്തിന്റെ ഖജനാവു നിറച്ചു. പരാജിതരാവുന്ന രാജാക്കന്മാർ പൊന്നും പണവും കപ്പം നൽകി അദ്ദേഹത്തെ പ്രസാദിപ്പിച്ചു പോന്നു. ഇപ്രകാരം ലഭിച്ച സമ്പാദ്യം ശിവാലയങ്ങൾ പണിയാനും ശിവയോഗികൾക്ക് ഉപചാരം ചെയ്യാനും അദ്ദേഹം ഉപയോഗിച്ചു. അതോടെ ജനങ്ങൾ അദ്ദേഹത്തെ മുനൈയടുവാർ എന്നു വിളിക്കാൻ തുടങ്ങി.

ശിവഭജനം ചെയ്തും ശിവയോഗികൾക്കുപചാരം ചെയ്തും ദീർഘകാലം ജീവിച്ചശേഷം അദ്ദേഹം ശിവലോകം പൂകി എന്ന് സുന്ദരമൂർത്തിനായനാർ തന്റെ തിരുത്തോണ്ടർതൊഗൈ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## മൂർക്കനായനാർ

വേളാളർ കുലത്തിൽപ്പെട്ട മൂർക്കനായനാർ ചോഴനാട്ടിലെ തിരുവേർക്കാട് എന്ന ഗ്രാമത്തിലാണ് ജനിച്ചത്. ശിവപെരുമാളിൽ കറതീർന്ന ഭക്തിയുണ്ടായിരുന്ന അദ്ദേഹം നിത്യവും ഒരു ശിവയോഗിക്ക് അന്നം നൽകാതെ ജലപാനംപോലും ചെയ്തിരുന്നില്ല. ശിവയോഗികൾ അന്നം തേടി മൂർക്കരുടെ ഭവനത്തിലെത്താൻ തുടങ്ങി. അവരുടെ എണ്ണം വർദ്ധിച്ച് വർദ്ധിച്ച് മൂർക്കർക്കു താങ്ങാവുന്നതിലേറെയായി. അതിനാൽ അദ്ദേഹം ചൂതാട്ടത്തിലൂടെ ധനം സമ്പാദിക്കാൻ തുടങ്ങി. ഇങ്ങിനെ കിട്ടിപ്പോന്ന ധനം ശിവയോഗികളുടെ അന്നദാനത്തിനായി ചിലവഴിച്ചു. കളിക്കിടെ തർക്കമുണ്ടായാൽ എതിരാളികൾക്കു നേരെ വാൾ പ്രയോഗിക്കാൻ പോലും അദ്ദേഹം മടിച്ചില്ല. ഈ സ്വഭാവം കാരണം അദ്ദേഹം നർച്ചൂരർ, മൂർക്കൻ തുടങ്ങിയ വിളിപ്പേരുകളിൽ അറിയപ്പെട്ടു. ശിവനെ പൂജിച്ചും ശിവയോഗികളെ ഉപചരിച്ചും ദീർഘമായൊരു ജീവിതം നയിച്ചശേഷം മൂർക്കനായനാർ കൈലാസം പൂകി എന്ന് സുന്ദരർ തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## 35) മൂർത്തി നായനാർ

പാണ്ഡ്യനാട്ടിലെ മധുരയിൽ വണികർകുലത്തിലാണ് മൂർത്തിനായനാരുടെ ജനനം. അദ്ദേഹം ബാല്യം മുതൽക്കേ ശിവനെ ഉപാസിച്ചുപോന്നു. ചുണ്ടത്ത് സദാശിവമന്ത്രവും നെറ്റിയിൽ സദാശിവഭസ്മവും ചാർത്തി അദ്ദേഹം ശിവയോഗികളെ സേവിച്ചുപോന്നു. മധുരയിലെ തിരുവാലവായിലിൽ പ്രസിദ്ധമായ ഒരു ശിവക്ഷേത്രമുണ്ടായിരുന്നു. അവിടത്തെ സോമസുന്ദര വിഗ്രഹത്തിൽ നിത്യവും ചാർത്താനുള്ള ചന്ദനമരച്ചു കൊടുക്കുന്നതിൽ മൂർത്തിനായനാർ സായൂജ്യം കണ്ടെത്തി. മധുരനാടിന്റെ സുവർണ്ണകാലമായിരുന്നു അത്. അസൂയപൂണ്ട കർണ്ണാടക മന്നൻ മധുരയെ ആക്രമിച്ചു കീഴടക്കി. അദ്ദേഹം ശിവഭക്തിയെ നിന്ദിച്ചു; ശിവഭക്തരെ അവഹേളിച്ചു. സോമസുന്ദരേശനു അരച്ചു ചാർത്താനുള്ള ചന്ദനമുട്ടികൾ പിടിച്ചുവെച്ചു. മൂർത്തിയാർ അതീവ ദുഃഖിതനായി. അദ്ദേഹം ക്ഷേത്രസോപാനത്തിലിരുന്നു വിലപിച്ചു. ചന്ദനമില്ലെങ്കിലെന്ത് അതരക്കുന്ന കൈകളുണ്ടല്ലോ എന്നു ചിന്തിച്ചുകൊണ്ട് ചാണക്കല്ലിന്മേൽ തന്റെ കൈമുട്ടുകൾ ഉരക്കാൻ തുടങ്ങി. മുട്ടുകളിലെ തൊലി ഉരഞ്ഞുപൊട്ടി; ചോരയൊലിച്ചു; എല്ലുകൾ പുറത്തു കാണാറായി. ഇത്രത്തോളമായപ്പോൾ ശ്രീലകത്തു നിന്ന് ഭഗവാന്റെ ശബ്ദം കേൾക്കപ്പെട്ടു. 'മതിയാക്കൂ മൂർത്തിയാരേ മതിയാക്കൂ! നമുക്കു സന്തോഷമായി. മധുരയുടെ കഷ്ടകാലം തീരാറായി. താങ്കൾ ഈ രാജ്യം ഭരിക്കും! അതോടെ മധുരക്ക് പഴയ പ്രതാപവും ഐശ്വര്യവും വീണ്ടുകിട്ടും. അപ്പോൾ വേണ്ടുവോളം ചന്ദനക്കാപ്പണിയിച്ച് നമ്മെ സേവിച്ചുകൊള്ളൂ,' എന്നു ഭഗവാൻ അരുളിച്ചെയ്തു. ആനന്ദതുന്ദിലനായ മൂർത്തിയാർ സോപാനത്തിങ്കൽ സാഷ്ടാംഗം വീണു പ്രണമിച്ചു. അദ്ദേഹത്തിന്റെ കൈമുട്ടുകൾ പഴയനിലയിലായി. അന്നു രാത്രി, ദൈവവിരോധിയായ കർണ്ണാടക മന്നൻ ചരമമടഞ്ഞു. രാജാവ് സന്താനരഹിതനായിരുന്നതിനാൽ, അനന്തരാവകാശിയെ കണ്ടെത്താൻ മന്ത്രിമാർ ഒരുപായം കണ്ടെത്തി. അവർ രാജഗജത്തിന്റെ തുമ്പിക്കയ്യിൽ ഒരു പൂമാല നൽകി. ആന ആൾക്കൂട്ടത്തിനിടയിലൂടെ നടന്നുനടന്ന് മൂർത്തിയാരുടെ മുമ്പിലെത്തി. മൂർത്തിയാരുടെ കഴുത്തിൽ മാലയണിയിച്ചശേഷം അത് അദ്ദേഹത്തെ തുമ്പിക്കൈകൊണ്ടു വാരിയെടുത്ത് മുതുകിലിരുത്തി. കണ്ടുനിന്ന ജനങ്ങൾ ഹർഷാരവം മുഴക്കി. ഒരു ശിവഭക്തനെ രാജാവായി ലയിച്ചതിൽ അവർ ആഹ്ലാദംകൊണ്ടു. രാജാവാകാൻ വിരോധമില്ല. പക്ഷേ വിഭൂതികൊണ്ടുവേണം രാജ്യാഭിഷേകം. ആഭരണമായി രുദ്രാക്ഷവും മകുടമായി ജടയും മാത്രമേ താനണിയൂ, എന്ന് മൂർത്തിയാർ നിബന്ധന വെച്ചു. ജനങ്ങൾ അതംഗീകരിക്കുകയും ചെയ്തു. അങ്ങനെ ജടാമകുടവും രുദ്രാക്ഷവും ധരിച്ചു പീഠത്തിലിരിക്കുന്ന മൂർത്തിയാർക്ക് രാജപുരോഹിതന്മാർ വിഭൂതിയാൽ അഭിഷേകം ചെയ്തു. രാജാവായിത്തീർന്നതോടെ സോമസുന്ദരേശ്വരമൂർത്തിയെ പൂർവ്വാധികം ഭക്തിയോടെ അദ്ദേഹം സേവിച്ചു. പ്രജാക്ഷേമതൽപരനായ ഒരു രാജാവ് എന്ന നിലക്ക് മികച്ച ഭരണം കാഴ്ചവെക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. ശിവോപാസനയിൽ മുഴുകി ഏറെക്കാലം രാജ്യം ഭരിച്ചതിനുശേഷം മൂർത്തി നായനാർ കൈലാസം പൂകി എന്ന് സുന്ദരമൂർത്തി നായനാർ തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു●

**മുകുന്ദരാമ വാസുദേവ കൃഷ്ണരാമ ! പാഹിമാം**
**പ്രപന്നലോക പാരിജാത പത്മനാഭ പാഹിമാം**
**പുരന്ദരാദി ദേവവൃന്ദ വന്ദ്യമാന, പാഹിമാം**
**ജഗന്നിവാസ സന്തതം മുകുന്ദ രാമ പാഹിമാം.**

***-എഴുത്തച്ഛൻ***

ക്ഷേത്രങ്ങളിലൂടെ

# തൃക്കലഞ്ഞൂർ മഹാദേവ ക്ഷേത്രവും കുടപ്പാറയും

ഇന്ദിരാഭായി (ഫോൺ: 9947998674)

ഭാരതീയഗ്രാമങ്ങളുടെ ആയിരക്കണക്കിനു വർഷങ്ങളുടെ സഹജമായ ലാളിത്യവും നിഷ്കളങ്കതയും പരിശുദ്ധിയും ക്ഷേത്രങ്ങളുടെ ഊർജ്ജമണ്ഡലത്തിൽ നിന്നും ഉടലെടുത്തതാണ്. ഗ്രാമത്തിനു മുഴുവൻ ഉപകാരപ്രദമായ സ്വാധീനം ആ ഊർജ്ജ മണ്ഡലത്തിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്നു. ഒരു ഗ്രാമത്തിൽ ഒരു ക്ഷേത്ര മുണ്ടെങ്കിൽ ആ ക്ഷേത്രവും ഗ്രാമവും എത്ര ദരിദ്രമാണെങ്കിലും ആ ഗ്രാമവാസികളുടെ ജീവിതക്രമങ്ങൾക്ക് ഒരു താളപ്പൊരുത്തമുണ്ടാകും എന്നത് നമ്മുടെ സംസ്കാരത്തിന്റെ പ്രത്യേകതയാണ്. ക്ഷേത്രങ്ങൾ സജീവമായാലേ ഗ്രാമവും ഗ്രാമവാസികളും സജീവമാവുകയുള്ളുഎന്നതാണ് യാഥാർത്ഥ്യം. ഏതൊരു കഥയും ചരിത്രവും ശരിയായ രീതിയിൽ നമുക്കു മനസ്സിലാകണമെങ്കിൽ അതിനു പിന്നിലുള്ള അതിന്റെ പശ്ചാത്തലമെന്തെന്ന് നാം മനസ്സിലാക്കിയിരിക്കണം. എങ്കിൽ മാത്രമേ ആ കഥയിലോ ചരിത്രത്തിലോ അടങ്ങിയിരിക്കുന്ന സാരാംശത്തെ നമുക്ക് ഉൾക്കൊള്ളാൻ സാധിക്കുകയുള്ളു. തൃക്കലഞ്ഞൂർ മഹാദേവക്ഷേത്ര ചരിത്രങ്ങൾ മണ്ണടിക്കാവുമായും മണ്ണടിക്കാവിലമ്മയുടെ വെളിച്ചപ്പാടുമായും കുടപ്പാറയെന്ന പ്രപഞ്ചവിസ്മയവുമായും ബന്ധപ്പെട്ടു കിടക്കുന്നു. ഭാരതീയ സംസ്കാരത്തിന്റെ ഊടും പാവുമായി നിലനില്ക്കുന്നത് സത്യവും ധർമ്മവുമാണ്. പ്രപഞ്ചസൃഷ്ടിയുടെ ആധാരശിലയായ സത്യധർമ്മാദികളെ മനസ്സിലാക്കി അവയെ പ്രാവർത്തികമായ രൂപത്തിൽ ജീവിതരീതിയാക്കി എടുത്തു കാട്ടിയവരാണ് ഭാരതത്തിലെ മഹർഷിവര്യൻമാർ. മഹർഷിവര്യനായ ഖരമഹർഷി പ്രതിഷ്ഠിച്ചതും അതിപുരാതനവുമായ ഒരു മഹാദേവക്ഷേത്രമാണ് തൃക്കലഞ്ഞൂർ മഹാദേവക്ഷേത്രം.



പത്തനംതിട്ട ജില്ലയിൽ പത്തനംതിട്ട -പുനലൂർ പാതയോടു ചേർന്ന് സ്ഥിതി ചെയ്യുന്ന പ്രൗഢവും പ്രാചീനവുമായ ഒരു ക്ഷേത്രമാണിത്. ഈ പാതയോടു ചേർന്ന് അംബരചുംബിയായി പടർന്നു പന്തലിച്ചു നില്കുന്ന ഒരാലും മനോഹരമായ ഒരാൽത്തറമണ്ഡപവും ഈ പൗരാണികക്ഷേത്രത്തിലേക്കുള്ള വഴി കാട്ടിത്തരുന്ന ചൂണ്ടുപലകയായി നിലക്കൊള്ളുന്നു. കേരളീയ വാസ്തു ശൈലിയിൽ നിർമ്മിച്ച വളരെ ഉയർന്നു നില്ക്കുന്ന കിഴക്കും പടിഞ്ഞാറുമുള്ള ഗോപുരങ്ങളും ഇരട്ടകൊടിമരങ്ങളും ആനക്കൊട്ടിലും എല്ലാം ചേർന്ന് ഈ ക്ഷേത്രത്തെ കേരളത്തനിമയുള്ള ഒരു മഹാക്ഷേത്രമാക്കി മാറ്റിയിരിക്കുന്നു. പ്രാചീന കേരളത്തിലെ 64 നമ്പൂതിരി ഗ്രാമങ്ങളിൽപ്പെട്ട കവിയൂർ ഗ്രാമത്തിലുൾപ്പെടുന്ന പ്ലാസ്ഥാനത്തുമഠംകാരാണ് ഇന്ന് ക്ഷേത്രഭരണം നിർവ്വഹിക്കുന്നത്. പ്രസിദ്ധരായ പല കഥകളി കലാകാരന്മാരുമായും, സംഗീത കലാകാരന്മാരുമായും ബന്ധമുള്ള ഈ നാടിനെ അഞ്ഞൂറു കലകളുടെ നാടെന്നും കലകളുടെ ഊര് എന്നും അറിയപ്പെടുന്നുണ്ട്. 1100 വർഷത്തിൽ പരം പഴക്കമുള്ളതാണ് ഈ ക്ഷേത്രത്തിന്റെ ഐതിഹ്യം. സ്വയംഭൂവായ ഇണ്ടിളയപ്പന്റെ (ശാസ്താവിന്റെ) പ്രതിഷ്ഠയോടെയാണ് ക്ഷേത്രം കൂടുതൽ പ്രസിദ്ധമായത്. ഏതോ കാലത്ത് ഒരു മഹാവ്യാധി ബാധയെ തുടർന്ന് ദേശം വിട്ടുപോയവർ പിൽക്കാലത്ത് തിരികെ വന്നു താമസിച്ച ഇടമെന്നും ഈ സ്ഥലം അറിയപ്പെടുന്നുണ്ട്. ഒരു കാലത്ത് നിബിഡ വനപ്രദേശമായിരുന്ന ഈ സ്ഥലത്ത് ശിവഭക്തനായ ഖരമഹർഷി വന്നെത്തി. ഒരു ദിവ്യപ്രകാശം ഈ സ്ഥലത്ത് അദ്ദേഹത്തിന് അനുഭവപ്പെട്ടു. ആ പ്രകാശത്തിനോടാകർഷണം തോന്നിയ മഹർഷി ആ പ്രദേശത്തു തപസ്സനു

ഷ്ഠിച്ചതിന്റെ ഫലമായി മഹാദേവൻ പ്രത്യക്ഷപ്പെട്ട് അദ്ദേഹത്തിനു മൂന്നു ശിവലിംഗങ്ങൾ നൽകി മൂന്നു സ്ഥലങ്ങളിലായി അവ പ്രതിഷ്ഠിക്കുവാൻ നിർദ്ദേശിച്ചു എന്നുമാണ് ഐതിഹ്യം. ആ വിഗ്രഹങ്ങൾ അദ്ദേഹം ആറാറു കിലോമീറ്റർ അകലത്തിൽ ഓരോ സ്ഥലത്തും പ്രതിഷ്ഠിച്ചുവെന്നും അതിൽ മഹാശിവലിംഗമാണ് കലഞ്ഞൂരിൽ പ്രതിഷ്ഠിച്ചത് എന്നും പറയപ്പെടുന്നു. മറ്റു രണ്ടു ശിവലിംഗങ്ങൾ അറുകാലിക്കൽ എന്ന സ്ഥലത്തും പെരിങ്ങനാട് എന്ന സ്ഥലത്തുമാണ് പ്രതിഷ്ഠിച്ചത്. ഖരമഹർഷിയുടെ പാദസ്പർശമേറ്റ ഈ സ്ഥലം ഖരനൂർ എന്നറിയപ്പെട്ടു. ഖരനൂർ ലോപിച്ച് കലഞ്ഞൂരായി എന്നും കരുതുന്നു. ക്ഷേത്രനവോദ്ധാന കാലഘട്ടത്തിനു മുമ്പ് മിക്ക ക്ഷേത്രങ്ങളിലും വളരെ അരിഷ്ടിച്ച് നിത്യനിദാനം നടക്കുന്ന കാലം. ആയില്യം തിരുനാൾ മഹാരാജാവ് സമീപപ്രദേശമായ കോന്നിയിലെ പ്രസിദ്ധമായ ആനക്കൂട് കാണുവാനെത്തി. ആനക്കൂടു കണ്ടശേഷം അദ്ദേഹം തൃക്കലഞ്ഞൂർ മഹാദേവക്ഷേത്രത്തിലും എത്തി. ക്ഷേത്രത്തിലെ നിത്യനിദാനകർമ്മാനുഷ്ഠാനുങ്ങളിൽ സംപ്രീതനായ രാജാവ് ക്ഷേത്രകാര്യങ്ങളുടെ നടത്തിപ്പിനായി നെല്ലും പാട്ടവിളക്കിനത്തിൽ പണവും നൽകുകയുണ്ടായി. ഇന്നും ദേവസ്വം ബോർഡിൽ നിന്നും പൂജാഗ്രാന്റ് ലഭിച്ചുക്കൊണ്ടിരിക്കുന്ന ക്ഷേത്രമാണിത്. ഇത് ഒരു വലിയ അംഗീകാരമായി വിലയിരുത്തപ്പെടുന്നു. ഇരട്ടക്കൊടിമരങ്ങളുള്ള പല ക്ഷേത്രങ്ങളുണ്ടെങ്കിലും മഹാദേവനും ഇണ്ടിളയപ്പനും (ശാസ്താവ്) അഭിമുഖമായി തുല്യപ്രാധാന്യത്തോടെ ഇരുന്നരുളുന്ന അസുലഭദർശനം തൃക്കലഞ്ഞൂർ മഹാദേവ ക്ഷേത്രപ്രത്യേകതയാണ്. ഇവിടെ സ്വയം ഭൂവായ ശാസ്താവ് ഇണ്ടിളയപ്പൻ എന്ന പേരിലാണറിയുന്നത്. ഇണ്ടിളയപ്പന് പിള്ളവെയ്പ് പ്രധാന വഴിപാടാണ്. ഇത് ഈ ക്ഷേത്രത്തിനു മാത്രം അവകാശപ്പെട്ട പ്രത്യേകതയാണ്. സന്താനലബ്ധിക്കായി ഇണ്ടിളയപ്പന്റെ തിരുനാളായ മീനമാസത്തിലെ രോഹിണി നാളിൽ മാത്രം നടത്തപ്പെടുന്ന ഒരു വിശിഷ്ട വഴിപാടാണിത്. കേരളത്തിൽ തന്നെ അപൂർവ്വമെന്നു പറയാവുന്ന ഈ വഴിപാടു നേർന്ന് സന്താനലബ്ധിക്കുശേഷം മാത്രം വഴിപാടു നടത്തുകയെന്നതും കലഞ്ഞൂരിന്റെ മാത്രം പ്രത്യേകത. ഇണ്ടിളയപ്പന്റെ ഉത്സവദിനമായ മീനമാസത്തിലെ രോഹിണി നാളിൽ തിരുസന്നിധിയിൽ സന്താനലബ്ധിക്കായി ചൊല്ലി പ്രാർത്ഥിച്ച് പിള്ളവെയ്പ് വഴിപാടു നേർന്നാൽ അടുത്ത മീനമാസത്തിലെ രോഹിണി നാളിനു മുമ്പ് സന്താനലബ്ധിയുണ്ടാകുമെന്നാണ് വിശ്വാസം. ഉത്സവ ദിനമായ രോഹിണി നാളിൽ ഇണ്ടിളയപ്പന്റെ ചുറ്റു വിളക്കു സമയത്ത് ശിലയിൽ നിർമ്മിച്ച പ്രതിമ നടയിൽ വയ്ക്കുന്നതാണ് ഈ വിശിഷ്ട വഴിപാട്. ഇവിടെ കാണുന്ന ശിലയിലും മണ്ണിലും തീർത്ത നൂറു കണക്കിന് ആൾരൂപങ്ങൾ ഈ വിശാസത്തിന് വിശ്വാസ്യത കൂട്ടുന്നു. ഇങ്ങനെ ഒരു വഴിപാട് കേരളത്തിലെ മറ്റൊരു ക്ഷേത്രത്തിലും ഉള്ളതായി അറിവില്ല. ഇവിടെ മഹാദേവന് ശിവരാത്രിയാണ് പ്രധാന ഉത്സവം. മീനമാസത്തിൽ രോഹിണി നാളിൽ 6-ാം ഉത്സവം വരത്തക്കവിധത്തിൽ 8 ദിവസത്തെ ഉത്സവവും ഗംഭീരമായി ആഘോഷിക്കുന്നു. കൂടാതെ വിഷുവുത്സവം മണ്ഡലക്കാലത്ത് 41 ദിവസത്തെ മണ്ഡലച്ചിറപ്പും കളമെഴുത്തു പാട്ടും വളരെ ഭംഗിയായി കൊണ്ടാടുന്നു. അരിയും ശർക്കരയും നെയ്യും കദളിപ്പഴവും ചുക്കും ജിരകവും ചേർന്ന പന്തിരുനാഴി എന്നറിയപ്പെടുന്ന പായസ വഴിപാട് മഹാദേവന് വളരെ പ്രധാനമാണ്. ഉദ്dിഷ്ടകാര്യസിദ്ധിക്കായി ഭക്തജനങ്ങൾ ഈ വഴിപാടു നടത്തി പ്രാർത്ഥിക്കുന്നു. സാധാരണ ശിവക്ഷേത്രങ്ങളിലേതുപോലെ തന്നെ ധാരയും വില്വാർച്ചനയും മൃത്യുഞ്ജയ ഹോമവും ഇവിടെയും പ്രധാനമാണ്.

തെക്കൻ തിരുവിതാംകൂറിലെ മണ്ണടിദേശത്തെ ഒരു സുപ്രധാന ഭഗവതി ക്ഷേത്രമാണ് മണ്ണടിക്കാവ്. തൃക്കലഞ്ഞൂർ മഹാദേവക്ഷേത്രിലെ നാലമ്പലത്തിനുള്ളിൽ തന്നെ മണ്ണടിക്കാവിലമ്മയ്ക്ക് പ്രത്യേക സ്ഥാനം നൽകി ആരാധിച്ചു പോരുന്നുണ്ട്. മണ്ണടിക്കാവു ഭഗവതിയുടെ വെളിച്ചപ്പാടുകൾ മറ്റു പ്രദേശത്തുള്ള വെളിച്ചപ്പാടുകളിൽ നിന്നും വളരെ വ്യത്യസ്തരായിരുന്നു. ശക്തിയുടെയും ധീരതയുടെയും ദിവ്യത്വത്തിന്റെ ആൾരൂപമായാണ് അവരെ കണ്ടിരുന്നത്. മണ്ണടിക്കാവിലെ വെളിച്ചപ്പാടിനെ കാമ്പിത്താൻ എന്ന വിശ്രുതപട്ടം നൽകി ആദരിച്ചിരുന്നു. കാമ്പിത്താൻമാർ മണ്ണടിക്കാവിനടുത്ത് കല്ലടയാറ്റിലെ കാണാക്കയങ്ങളിൽ ദിവസങ്ങളോളം മുങ്ങിക്കിടക്കുവാൻ കഴിവുള്ളവരായിരുന്നു. മണ്ണടിയിൽ നിന്നും 30 കിലോമീറ്ററോളം അകലെയുള്ള കലഞ്ഞൂരിലെ തറനിരപ്പിൽ നിന്നും അഞ്ഞൂറടിയിലധികം ഉയരത്തിൽ ചെങ്കുത്തായി നില്ക്കുന്ന പാറയുടെ മുകളിൽ കാമ്പിത്താൻ പല തവണ നിഷ്പ്രയാസം കയറുകയും ഇറങ്ങുകയും ചെയ്ത് തന്റെ കഴിവു തെളിയിച്ചിരുന്നതായി മണ്ണടിക്കാവിലെ കാമ്പിത്താനെപ്പറ്റി പഴയ ലിഖിതങ്ങളിലും കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യ മാലയിലും പ്രതിപാദിച്ചിട്ടുണ്ട്. ഇന്നും വായ്മൊഴികളിലൂടെയും ലിഖിതങ്ങളിലൂടെയും കാമ്പിത്താനെക്കുറിച്ചുള്ള ചരിത്രങ്ങൾ പ്രചരിക്കപ്പെടുകയും വിശ്വസിക്കപ്പെടുകയും

ചെയ്യുന്നു. അതിശക്തമായ ഭക്തിതീവ്രതയുടെയും ആത്മപ്രേരണയുടെയും ഭാവതലത്തിലേക്കുള്ള പ്രയാണമായിരുന്നു വെളിച്ചപ്പാടുകൾ. നാടിന്റെ സാംസ്കാരിക ത്തനിമയുടെയും ഭക്തിയുടെയും ചൈതന്യത്തിന്റെയും മായാത്ത അടയാളങ്ങളായിരുന്ന കാമ്പിത്താൻമാർ നമ്മുടെ മനസ്സിന്റെ ആത്മീയതലങ്ങളെ ദേവീ ചൈതന്യത്താൽ തൊട്ടുണർത്തുന്ന വരായിരുന്നു. കാമ്പിത്താന്റെ ശക്തിയെന്ന ദൈവികാനുഗ്രഹത്തെ സാധാരണ ജനങ്ങൾക്കു മനസ്സിലാക്കി തന്ന ഒരു പ്രപഞ്ചാതിശയമായി കുടപ്പാറ ഇവിടെ തല ഉയർത്തി നില കൊള്ളുന്നു. കാമ്പിത്താന്റെ അധികാര ചിഹ്നങ്ങളായി ത്രിശൂലവും പീഠവും ഇന്നും തൃക്കലഞ്ഞൂർ മഹാദേവ ക്ഷേത്രത്തിൽ ഒരപൂർവ്വനിധിയായി സൂക്ഷിക്കുന്നുണ്ട്. കാമ്പിത്താന്റെ ഭൗതീക ശരീരം അടക്കം ചെയ്തിരിക്കുന്നത് മണ്ണടിക്ഷേത്രത്തിനു സമീപമാണ്. നാഗരികത കയ്യടക്കി തുടങ്ങിയിട്ടുണ്ടെങ്കിലും ഗ്രാമീണത തങ്ങി നില്ക്കുന്ന ഒരു പ്രദേശമാണ് കലഞ്ഞൂർ ഗ്രാമം. കല്ലടയാറിന്റെ പോഷകനദിയിലെ ജലത്തിനാൽ ദാഹം തീർക്കുന്ന മണ്ണാണ് കലഞ്ഞൂരിലേത്. അനായാസം കുടപ്പാറക്കു മുകളിൽ പല പ്രാവശ്യം കയറിയിറങ്ങി തന്റെ ദിവ്യത്വം തെളിയിച്ച വെളിച്ചപ്പാടിന് പൊന്നും പട്ടും നൽകി ആവണിപ്പലകയിൽ സ്വീകരിച്ചിരുത്തി അധികാര ചിഹ്നമായ ഉടവാൾ നൽകി കാമ്പിത്താൻ എന്നു നാമകരണം ചെയ്ത് സ്ഥാനാരോഹണം നടത്തിയിരുന്നത് പ്ലാസ്ഥാനത്തു മഠത്തിലെ അതാതു കാലത്തെ കാരണവൻമാരായിരുന്നു. പ്ലാസ്ഥാനത്തു മഠക്കാർ ഇന്നും അമ്മയുടെ തികഞ്ഞ ഭക്തരും സേവകരുമാണ്. ഭക്തിക്കും സേവനത്തിനും അമ്മ എല്ലാവിധ അനുഗ്രഹങ്ങളും നന്മകളും അവർക്കു നൽകുന്നുണ്ടെങ്കിലും തെറ്റു ചെയ്താൽ അമ്മ പൊറുക്കുകയില്ല എന്നതും ഒരു നിത്യസത്യം. അമാനുഷിക ശക്തിയുള്ളവരും ദേവിയുടെ അനുചരൻമാരുമായ കാമ്പിത്താൻമാരിലൂടെയാണ് ദേവിഭക്തരുമായി സംവദിക്കുന്നത്. അമ്മയ്ക്കു പ്രിയപ്പെട്ട അമ്മയുടെ പ്രതിപുരുഷനായ കമ്പിത്താനെ പൊട്ടൻ എന്നു വിളിച്ചു കളിയാക്കിയാൽ അമ്മയ്ക്ക് ഇഷ്ടപ്പെട്ടന്നു വരുമോ? പണ്ട് പ്ലാസ്ഥാനത്തു മഠത്തിലെ പൂർവ്വികരിൽ ആരോ കമ്പിത്താന്റെ ശക്തിയെ അവിശ്വസിക്കുകയും അദ്ദേഹത്തെ പൊട്ടനെന്നു വിളിച്ച് കളിയാക്കുകയും ചെയ്തു. അതിനുള്ള ശിക്ഷയെന്നോണം ഇന്നും ഭഗവത്സേവയിൽ മുഴുകി കഴിയുന്ന പ്ലാസ്ഥാനത്തു മഠത്തിലെ ഇപ്പോഴത്തെ തലമുറപോലും മദ്ധ്യവയസ്സു കഴിഞ്ഞാൽ കേഴ്വിക്കുറവ് എന്ന ബുദ്ധിമുട്ടനുഭവിച്ചു കൊണ്ടിരിക്കുന്നു. വന്ദിച്ചില്ലെങ്കിലും നിന്ദിക്കരുത് എന്ന തത്വമാണ് ഇതിൽ നിന്നും അമ്മ നമുക്കു മനസ്സിലാക്കി തരുന്നത്. കലഞ്ഞൂർ ക്ഷേത്രത്തെയും കുടപ്പാറയെയും മണ്ണടിക്കാവിനെയും കാമ്പിത്താനെയുംകുറിച്ച് ഐതിഹ്യമാലയിൽ പ്രതിപാദിച്ചിട്ടുണ്ട്.

മൂന്നു പാറകളുടെ മുകളിൽ കുടയുടെ ആകൃതിയിൽ ഒരു വലിയ പാറ സ്ഥിതി ചെയ്യുന്നു. ഇതാണ് കുടപ്പാറ എന്ന പേരിലറിയപ്പെടുന്നത്. ഏതു വശത്തു നിന്നു നോക്കിയാലും ആ വശത്തേയ്ക്ക് ഈ പാറ ചരിഞ്ഞിരിക്കുന്നതായി തോന്നും എന്നത് കുടപ്പാറയുടെ പ്രത്യേകതയാണ്. ഈ പാറയുടെ അടിയിലായി വലിയ ഗുഹ കാണാം. ഇത് പണ്ട് പുലിമടയായിരുന്നുവെന്നും പറയുന്നുണ്ട്. ഖരമഹർഷിയും മറ്റു പല മുനിശ്രേഷ്ഠൻമാരും ഇവിടെ തപസ്സനുഷ്ഠിച്ചിരുന്നതായി വിശ്വസിക്കുന്നു. വിളിച്ചാൽ വിളിപ്പുറത്തെത്തുന്ന മലദൈവസങ്കല്പമാണ് ഇവിടുത്തെ ജനങ്ങൾ കുടപ്പാറയ്ക്ക് കല്പിച്ചിരിക്കുന്നത്. പ്രകൃതി തന്നെ സൃഷ്ടിച്ചിരിക്കുന്ന കുടപ്പാറയെന്ന ഈ പ്രതിഭാസത്തെ കാണുമ്പോൾ പിന്നിട്ട കാലങ്ങളിലെ പുണ്യസ്മരണകൾ നമ്മോടു പറയുന്ന പ്രപഞ്ചശക്തിയെ നമിക്കാതെ തരമില്ല. പ്രപഞ്ചശക്തികളെയും പ്രതിഭാസങ്ങളേയും വിധേയത്വത്തോടു കൂടിയും വിനയാന്വിതരായും അഭിമുഖീകരിക്കുവാനാണ് ഭാരതീയ ആത്മീയ പാരിസ്ഥിതികവാദം നമ്മെ പഠിപ്പിക്കുന്നത്. ഈ പാറയെ ആരാധിക്കുന്നവർ ഈ പ്രദേശത്തു ധാരാളമുണ്ട്. പശ്ചിമഘട്ടമലനിരകളുടെ ഭാഗമാണ് കുടപ്പാറ സ്ഥിതി ചെയ്യുന്ന പ്രദേശം. അത്യപൂർവ്വമായി കാണുന്ന സസ്യസമ്പത്തിനാലും ഔഷധ സസ്യങ്ങളാലും നിറഞ്ഞ നെടുംപാറമലയും ഈ ഗ്രാമത്തിന്റെ മുഴുവൻ തനതുഭംഗി ഒരു സ്ഥലത്തു നിന്നു നോക്കി കാണുവാൻ കഴിയുന്ന നാടുകാണിപ്പാറ, കല്ലടയാറിന്റെ പോഷകനദി എന്നിവയെല്ലാം ചേർന്ന് ഈ ഗ്രാമത്തെ സുന്ദരമാക്കുന്നു. പുരാതന നാഗരികതയുടെ ശേഷിപ്പുകളായി ഇന്നും മണ്ണിലാണ്ടു കിടക്കുന്ന പറക്കുളം പ്രദേശവും തമിഴ് കൊള്ളക്കാരാൽ നശിപ്പിക്കപ്പെട്ടതായി കരുതുന്ന കാനനക്ഷേത്രമായി നിലകൊളുന്ന പറക്കുളം ക്ഷേത്രവും കുടപ്പാറക്കു സമീപമാണ് സ്ഥിതി ചെയ്യുന്നത്. കാർഷിക വിളകളും ഔഷധസസ്യങ്ങളും സസ്യലതാദികളും കുടപ്പാറയെന്ന പ്രപഞ്ച വിസ്മയവും എല്ലാം ചേർന്ന് ഒരു ദേശത്തിന്റെ ആദ്ധ്യാത്മിക സാംസ്കാരിക ചിഹ്നമായ പ്രകൃതിയുടെ പ്രകൃത്യാലുള്ള ഈ പ്രതിഭാസത്തിനു മുന്നിൽ നമുക്കും ശിരസ്സു നമിക്കാം. മഹാദേവനും ഇണ്ടിളയപ്പനും തു

ല്യപ്രാധാന്യത്തോടെ ശങ്കരപുരമെന്ന കലഞ്ഞൂർ ദേശത്തെയും ദേശവാസികളെയും സർവ്വൈശ്വര്യവും നല്കി അനുഗ്രഹിക്കുന്നു. ക്ഷേത്രസംരക്ഷണത്തിലും ആദ്ധ്യാത്മികാചാരനുഷ്ഠാനങ്ങളിലും ദേശസാംസ്കാരിക പൈതൃക സംരക്ഷണത്തിലും വേദാദ്ധ്യപനത്തിലും ദേശവാസികളും ഇന്നത്തെ ക്ഷേത്രാധികാരികളും ഒത്തു ചേർന്ന് ക്ഷേമൈശ്വര്യത്തിനും ചൈതന്യവർദ്ധനവിനും സാംസ്കാരിക പാരമ്പര്യത്തിനും ഒരു കോട്ടവും വരുത്താതെ ക്ഷേത്രകാര്യങ്ങളെ മുന്നോട്ടു നയിക്കുന്നു.

ഖരമഹർഷിയുടെ ഖരനൂരെന്ന തൃക്കലഞ്ഞൂരിലെ നാഗരാജാവിനെയും ഗണപതിയെയും ഭഗവാൻ ശ്രീകൃഷ്ണനെയും കാവിലെ യക്ഷിയമ്മയേയും മഹാദേവനെയും മണ്ണടിക്കാവിലെ യക്ഷിയമ്മയേയും തൊഴുത് ഇണ്ടിളയപ്പനു മുന്നിലെ മണ്ണിലും ശിലയിലുമുള്ള ആൾരൂപക്കൂമ്പാരങ്ങളെയും കണ്ട് അതിശയിച്ച് സ്വാമിയേ ശരണമയ്യപ്പാ എന്നു പ്രാർത്ഥിച്ച് തലകുനിക്കുമ്പോൾ മലദൈവസങ്കല്പത്തിൽ തലയുയർത്തി നില്ക്കുന്ന കുടപ്പാറയേയും നമുക്ക് തലതാഴ്ത്തി നമിക്കാം.

നിറദീപപ്രഭയിൽ മുങ്ങി നില്ക്കുന്ന മഹാദേവന്റെയും ഇണ്ടിളയപ്പന്റെയും മുന്നിൽ ഭക്തിപൂർവ്വം പ്രാർത്ഥിക്കുമ്പോൾ തിരുനടയിൽ തെളിയുന്ന നിറദീപങ്ങളുടെ പ്രകാശം പോലെ ഭക്തമനസ്സുകളിലും പ്രകാശം ചൊരിഞ്ഞനുഗ്രഹിക്കേണമേ എന്നു പ്രാർത്ഥിച്ചുകൊണ്ട്●

# 2017 മാർച്ച് മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾ




**കല്യാണിക്കുട്ടി അമ്മ**
L/0886, മഹാലക്ഷ്മി, കൊളത്തേരി
ചിറ്റൂർ റോഡ്, വളഞ്ഞമ്പലം,
കൊച്ചി 682016



**സരസ്വതി അമ്മ**
L/0823
കമല മന്ദിർ
മരട്, തൃപ്പൂണിത്തുറ 682304



**സതീശൻ. ടി**
L/1425, ലക്ഷ്മി വിഹാർ
വെമ്പ്ലാശ്ശേരി
എം. ജി. റോഡ്. കൊച്ചി 682016



**ഡോ.കെ. ദേവദാസൻ**
L/4844, കലിക അപ്പാർട്ട്മെന്റ്സ്,
നമ്പർ 7, ചെറുപറമ്പത്ത് ക്രോസ്സ് റോഡ്
കടവന്ത്ര, കൊച്ചി 682020



**ബാലചന്ദ്രൻ. വി. ആർ**
L/1531, സ്വാമികൃപ, കോടക്കാട്ട് ഹൗസ്
കാരിക്കാമുറി ക്രോസ്സ് റോഡ്
എറണാകുളം 682011


**രാജേശ്വരി. ജി. നായർ**
L/5123, 40/9600 ഡി, 3 എ
ശാന്തി പ്രത്യുഷ അപ്പാർട്ട്മെന്റ്സ്
ചിറ്റൂർ റോഡ്, കൊച്ചി 682018

**രാമചന്ദ്രൻ എം**
L/3379, ഫ്ളാറ്റ് നമ്പർ 46
അമ്പാടി ചേമ്പേഴ്സ്
ചിറ്റൂർ റോഡ്, കൊച്ചി 682011

# ശ്രീ നീലകണ്ഠ തീർത്ഥപാദസ്വാമികൾ

ഡോ. കെ.ഹരിഹരൻ (ഫോൺ: 98473 13322)

സഹ്യാദ്രിശൃംഗങ്ങളാലും അറബികടലിനാലും ചുറ്റപ്പെട്ട സസ്യശ്യാമളവും ചേതസ്സമാകർഷകവുമായ നമ്മുടെ കേരളം എങ്ങനെയോ വന്നുചേർന്ന അശാസ്ത്രീയമായ ജാതിമത വ്യത്യാസങ്ങളുടേയും അന്ധവിശ്വാസജടിലങ്ങളായ അനാചാരങ്ങളുടേയും കൂത്തരങ്ങായി മാറിയിരുന്ന കാലത്ത് സാംസ്കാരികമായ നവോത്ഥാനത്തിന്റെ പൊൻപുലരിയെ അഭിവാദനം ചെയ്യുന്നതിനും മയങ്ങികിടന്ന സാമാന്യ ജനങ്ങളെ പ്രബുദ്ധമതികളാക്കിത്തീർക്കുന്നതിനും ചുരുക്കം ചില മഹാപുരുഷന്മാർ മുന്നോട്ടു വന്നു. ആ മഹാത്മാക്കളിൽ പ്രഥമഗണനീയർ ശ്രീചട്ടമ്പിസ്വാമികൾ എന്ന പേരിൽ സുപ്രസിദ്ധനായി തീർന്ന പരമഭട്ടാരശ്രീവിദ്യാധിരാജതീർത്ഥ പാദസ്വാമികളും അദ്ദേഹത്തിന്റെ പ്രഥമശിഷ്യന്മാരായ ശ്രീനീലകണ്ഠ തീർത്ഥപാദസ്വാമികളും ശ്രീനാരായണഗുരുസ്വാമികളും ശ്രീതീർത്ഥപാദ പരമഹംസ സ്വാമികളുമായിരുന്നു.



സംഭവ ബഹുലമെങ്കിലും ശാന്തവും സംസ്കാരജനകവുമായ ഒരു മാതൃകാ ജീവിതമായിരുന്നു ശ്രീനീലകണ്ഠ തീർത്ഥ പാദസ്വാമികളുടേത്. അനുകരണീയവും തപോമയവുമായ ആ മഹാത്മാവിന്റെ ലളിത ജീവിതത്തിലേയ്ക്കുള്ള ഒരു എത്തിനോട്ടമാണ് ഇവിടെ നടത്തുന്നത്.

ശ്രീശങ്കരഭഗവൽ പാദാചാര്യരുടെ അവതാര ഭൂമിയായ കാലടിക്ക് ഉദ്ദേശം 16 നാഴിക തെക്ക് കിഴക്ക് സ്ഥിതി ചെയ്യുന്ന മുവാറ്റുപുഴ പ്രദേശത്ത് 'ശ്രീമധുരേശൻ' എന്ന വിഷ്ണു ക്ഷേത്രത്തിന് സമീപം 'മാരവാടി' (മാറാടി) എന്ന ഗ്രാമത്തിൽ കൊല്ലവർഷം 1047 ഇടവം 13ന് വൈശാഖ കൃഷ്ണ പക്ഷ ദ്വിതീയയും തൃക്കേട്ടയും ഭൃഗുവാരവും ചേർന്ന ദിവസം രാവിലെ എട്ടു മണിക്ക് ശേഷം ശ്രീനീലകണ്ഠതീർത്ഥ പാദസ്വാമികൾ തിരുവവതാരം ചെയ്തു.സ്വാമികളുടെ ജനനസമയത്ത് സന്നിഹിതനായിരുന്ന ജ്യോത്സൻ കുഞ്ഞിന് ദീർഘായുസ്സില്ലെന്ന് അരുളി ചെയ്യുകയുണ്ടായി. അദ്ദേഹത്തിന്റെ പിതാവ് പാമ്പാക്കുടയിൽ കണിക്കുന്നേൽ ശ്രീനീലകണ്ഠപിള്ളയും മാതാവ് വാളാനിക്കാട് കല്യാണിയമ്മയും ആയിരുന്നു.

വിഷവൈദ്യം, മർമ്മ വിദ്യ, ജ്യോതിഷം എന്നിവയിൽ പ്രസിദ്ധിയാർജ്ജിച്ച ഒരു കുടുംബമായിരുന്നു അച്ഛന്റേത്. അച്ഛനിൽ നിന്നും വിഷവൈദ്യവും ജ്യോതിഷവും ബാല്യത്തിലേ മുതൽ അവിടുന്ന് വശമാക്കി തുടങ്ങിയിരുന്നു കൂടാതെ ചില മന്ത്രതന്ത്രങ്ങളും പഠിച്ച് സിദ്ധി വരുത്തുന്നതിൽ ചെറുപ്പം മുതൽ കൊച്ചു നീലകണ്ഠപിള്ള ശ്രദ്ധാലുവായിരുന്നു. പുറപ്പെട്ടു പോയവരെ മന്ത്രശക്തികൊണ്ട് തിരിച്ചു കൊണ്ടു വരിക, കടിച്ച പാമ്പിനെ വരുത്തി വിഷമിറക്കുക. തുടങ്ങിയ അത്ഭുതപ്രവർത്തികളും യൗവനകാലാരംഭത്തിൽ തന്നെ അദ്ദേഹം നിർവ്വഹിച്ചിരുന്നതായി ജീവചരിത്രസമുച്ചയത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. ഇക്കാലത്തുതന്നെ തന്റെ മൂത്ത ജ്യേഷ്ഠനിൽ നിന്നും വിഷഹാരികളായ മറ്റു പല കാര്യങ്ങളും അദ്ദേഹം പഠിച്ചു വശത്താക്കിയിരുന്നു.

കൊച്ചുനീലകണ്ഠപിള്ളയുടെ പ്രാഥമിക വിദ്യാഭ്യാസം സ്വദേശത്തുള്ള വിദ്യാലയത്തിലായിരുന്നു. പിന്നീട് ഒരു പ്രൈവറ്റ് വിദ്യാലയത്തിൽ ചേർന്നു ഇംഗ്ലീഷ് ഭാഷ പഠിച്ചു. പിന്നീട് തൃപ്പൂണിത്തുറയിലുള്ള ഇംഗ്ലീഷ് സ്ക്കൂളിൽ നിന്നും മിഡിൽസ്കൂൾ പരീക്ഷ പാസായി അതിനു ശേഷം എറണാകുളം

ഹൈസ്കൂളിൽ പഠിത്തം തുടർന്നു സ്വാമികളുടെ ഈ ഘട്ടത്തിലെ ദിനചര്യ ഒരു പ്രത്യേക രീതിയിലുള്ളതായിരുന്നു. വെളുപ്പിനെ മൂന്നു മണിക്ക് എഴുന്നേറ്റ് കുളിയും ദേവദർശനവും കഴിഞ്ഞു മടങ്ങിവന്ന് ക്ലാസ്സിലേയ്ക്ക വേണ്ട പാഠങ്ങൾ തയ്യാർ ചെയ്യും. പഠന സമയമൊഴിച്ചുള്ള അവസരങ്ങളെല്ലാം അദ്ദേഹം ജപാദികൾക്കാണ് ഉപയോഗിച്ചിരുന്നത്.

വിഷഹരങ്ങളായ മന്ത്രങ്ങൾ സിദ്ധിവരുത്തിയതോടുകൂടി കാമ്യോപാസനയിലേക്കും അദ്ദേഹത്തിന്റെ ബുദ്ധി തിരിഞ്ഞു. തൽഫലമായി ബ്രഹ്മശ്രീ ജീ ഭട്ടൻ എന്ന മാന്യ ബ്രഹ്മണനിൽ നിന്നും വാഗ്ഭവം, ശ്രീവിദ്യ ത്രിപുര തുടങ്ങി സകലൈശ്വര്യപ്രദങ്ങളായ മന്ത്രങ്ങൾ ഗ്രഹിക്കയുംജപഹോമതർപ്പണാദിക്രമത്തിൽ സിദ്ധി വരുത്തുകയും ചെയ്തു. കൂടാതെ മന്ത്രസാരം, പ്രയോഗസാരം, യന്ത്രസാരം, പ്രപഞ്ചസാരം, വിഷനാരായണീയം തുടങ്ങി അനേകം ഗ്രന്ഥങ്ങൾ അക്കാലങ്ങളിൽ അദ്ദേഹം ഗ്രഹിച്ചു.

അദ്ദേഹം ഇംഗ്ലീഷ് പഠനകാലത്ത് സ്കൂളിനടുത്തു താമസിച്ചിരുന്ന സുപ്രസിദ്ധ പണ്ഡിതൻ ശ്രീ ശംകോപാചര്യരുടെ സ്നേഹം സമ്പാദിക്കുകയും അദ്ദേഹത്തിൽ നിന്നും വൈഷ്ണവ തന്ത്രം മനസ്സിലാക്കുകയും ചെയ്യതിട്ടുണ്ട്. ബാല്യത്തിലേ തന്നെ ഹൃദയത്തിൽ അങ്കുരിച്ചിരുന്ന വിഷ്ണു ഭക്തി ഈ ആചാര്യരുടെ സംസർഗ്ഗം നിമിത്തം പൂർവ്വാധികം തഴച്ചു വളർന്നു. വിഷ്ണു കഥകളിലും വിഷ്ണു ഭക്തൻമാരിലും നിസ്സീമമായ ഭക്തി വിശ്വാസങ്ങൾ അദ്ദേഹത്തിനുണ്ടായി. ഇരുപതാമത്തെ വയസ്സിൽ ഫിഫ്ത്തുഫോറത്തിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹം ഇംഗ്ലീഷ് പഠനം നിർത്തി പിന്നീട് ഒരു വർഷത്തോളം ജപം, (വതം, ഗ്രന്ഥാവലോകനം ഇവയിൽ മാത്രം ശ്രദ്ധിച്ചു കൊണ്ടിരുന്നു.

സ്വാമികൾ ബാല്യകാലം മുതൽ പരമഭട്ടാര ശ്രീചട്ടമ്പി സ്വാമിതിരുവടികളുടെ അപദാനങ്ങൾ കേട്ടിട്ടുണ്ട്. വിഷവൈദ്യത്തിലും മന്ത്രതന്ത്രാദികളിലും നൈപുണ്യം ലഭിച്ചതിനുശേഷം ശ്രീനീലകണ്ഠ തീർത്ഥപാദസ്വാമികൾ സ്വപിതാവിന്റെ വംശത്തിൽപ്പെട്ട ഒരു ജ്യോതിശാസ്ത്രജ്ഞനോടുകൂടി ശ്രീചട്ടമ്പിസ്വാമിതിരുവടികളെ സന്ദർശിക്കുവാൻ പോയി വിഷവൈദ്യശാസ്ത്രപരമായ പാണ്ഡിത്യത്തിൽ അദ്ഭുത പരതന്ത്രനായിത്തീർന്ന സ്വാമികൾ കുറച്ചു കൂടി വിഷവൈദ്യശാസ്ത്രം പഠിച്ചാൽ കൊള്ളാമെന്നുള്ള തന്റെ അഭിലാഷം സ്വാമിതിരുവടികളെ അറിയിച്ചു. അപ്പോൾ സ്വാമിതിരുവടികൾ കല്പിച്ചത് കൊച്ചുനീലകണ്ഠപിള്ള, ഈ സർപ്പവിഷവും മറ്റും നിസാരമാണ് അതിലെല്ലാം വലുതായി ഒരു വിഷമുണ്ട്, അത് ശമിപ്പിക്കുവാൻ അധികമാളുകളും ശ്രമിച്ചു കാണുന്നില്ല. നാമെല്ലാം ആ വിഷമത്തിൽപ്പെട്ട് ഉഴലുകയാണ്. അത് ശമിപ്പിക്കുവാനുള്ള ഉപായമാണ അറിയേണ്ടത്. ആ തിരുവായ് മൊഴികൾ കേട്ടപ്പോൾ ശ്രീനിലകണ്ഠ തീർത്ഥപാദസ്വാമികളുടെ ശ്രദ്ധ അതിലേയ്ക്ക് തിരിഞ്ഞു. അദ്ദേഹം അദ്ധ്യാത്മിക ഗ്രന്ഥങ്ങൾ കൂടെ പഠിക്കാൻ തിരുമാനിക്കുകയാണുണ്ടായത്. ശ്രീനീലകണ്ഠതീർത്ഥപാദസ്വാമികൾ പ്രഥമ ദർശനത്തിനു ശേഷം കൂടെ കൂടെ ശ്രീചട്ടമ്പിസ്വാമിതിരുവടികളെ സന്ദർശിക്കുമായിരുന്നു. അങ്ങനെയിരിക്കെ അദ്ദേഹത്തിന്റെ സാത്വികമായ ജീവിതം,ശുചിത്വം മുതലായതു കണ്ട് ശ്രീചട്ടമ്പി സ്വാമിതിരുവടികൾ യോഗഭ്യാസക്രമത്തിൽ ദിവ്യോപദേശം കൊടുക്കുകയുണ്ടായി നാലഞ്ചുമാസത്തെ പരിശ്രമം കൊണ്ട് ആ അഭ്യാസക്രമം അദ്ദേഹത്തിന് പൂർത്തിയാക്കാൻ കഴിഞ്ഞു. അതിനു ശേഷം, ഉയർന്ന യോഗസാധനങ്ങൾ സ്വാമിതിരുവടികൾ അദ്ദേഹത്തിന് ഉപദേശിച്ച് കൊടുത്തു. സുഷ്മനാമൃതസ്വാദനം യോഗകഞ്ചികാഭ്യാസനം, പ്രാണാപാനന്മാരുടെ ഏകീകരണത്തിന് ഉപയുക്തമായതും, സംസ്കൃതശാസ്ത്ര ഗ്രന്ഥങ്ങളിൽ പോലും ഉൾപ്പെടാതെ ദ്രാവിഡ ഋഷിപരമ്പരാ പ്രാപ്തവുമായ പ്രാണരോധനം മുതലായവയായിരുന്നു ആ ഉപദേശത്തിലെ പ്രധാന അംശങ്ങളെന്ന് ചരിത്രസമുച്ചയത്തിൽ വിവരിച്ചിട്ടുണ്ട്. കൂടാതെ ശരീരശുദ്ധികരങ്ങളായ കല്പസേവയും, ധൗതി,വസ്തി,നൗലി മുതലായ പഞ്ചകർമ്മങ്ങളും അവിടുന്ന് പരിശീലിച്ചു. സുഷ്മനാനുഃ സ്ഥിതനായ ചന്ദ്രങ്കൽ നിന്നും അനർഗ്ഗളം ഗമിക്കുന്ന അമൃതം സദാ ആസ്വദിക്ക വിധം ഖേചരിമുദ്രാബന്ധത്തിൽ ദാർഢ്യം സമ്പാദിച്ചു കുംഭകാന്തമായ ബഹുവിധ പ്രാണായാമ ക്രിയകൊണ്ട് പ്രാണജയം വരുത്തി. ഇത്രയുമായപ്പോൾ ചിത്തവൃത്തി പാടേ ലൗകീകം വിട്ട് യോഗചര്യയിൽത്തന്നെ വിലീനമായിഭവിച്ചു.

21 വയസ്സു മുതൽ 12 വർഷത്തോളം പരിപ്പും നെയ്യും പാലും കൂട്ടി ദിവസം ഒരു നേരം മാത്രമെ അദ്ദേഹം ഊണ് കഴിച്ചിരുന്നുള്ളു. ഇങ്ങനെ യോഗാഭ്യാസത്തിൽ ദാർഢ്യം വന്നതോടുകൂടി പരമപുരുഷാർത്ഥസിദ്ധിക്കു പര്യാപ്തമായ ജ്ഞാനമാർഗ്ഗത്തിലേക്ക് സ്വാമികളെ ഗുരുനാഥൻ നയിച്ചു ഗുരുവിന്റെ നിർദ്ദേശമനുസരിച്ച തമിഴ്ഭാഷയിലുള്ള വാസിഷ്ഠം, നിഷ്ഠാനുഭൂതി നവനീതസാരം മുതലായ ജ്ഞാനശാസ്ത്രങ്ങളാണ് അദ്ദേഹം ആദ്യം പഠിച്ചത്. പിന്നീട് സംസ്കൃതഭാഷയിലുള്ള വേദാന്തഗ്രന്ഥങ്ങൾ പഠിക്കുന്നതിന് ആ ഭാഷയിൽ കൂടുതൽ വ്യാപ്തി

സമ്പാദിക്കുവാൻ തുടങ്ങിശ്രീനാരായണശർമ്മ, ശ്രീനിവാസാചാര്യർ മുതലായ പണ്ഡിതശ്രേഷ്ഠൻമാരിൽ നിന്നും കാവ്യനാടകങ്ങളും, ആര്യഗുരുസ്വാമി, കുംഭകോണം കൃഷ്ണശാസ്ത്രീകൾ, കൊച്ചിയിലെ രാജഗുരുവായിരുന്ന ശംകോപാചാര്യർ എന്നീ മഹാപണ്ഡിതൻമാരിൽ നിന്നും ഷഡ്ദർശനങ്ങളും തത്സംബന്ധികളായ ശാസ്ത്രങ്ങളും അഭ്യസിച്ച് ക്രമേണ അദ്ദേഹം ഒരു സർവ്വശാസ്ത്ര പണ്ഡിതനായി തീർന്നു അതിനിടയിൽ സദ്ഗുരു ശ്രീചട്ടമ്പിസ്വാമിതിരുവടികൾ അദ്ദേഹത്തെ ജ്ഞാനോപദേശം ചെയ്തനുഗ്രഹിച്ചു. ശ്രീചട്ടമ്പിസ്വാമി തിരുവടികളുടെ പരിപൂർണ്ണാനുഗ്രഹഫലത്തിൽ 'തത്പദോപദേശ'വും 'അഹംബ്രഹ്മപ്രത്യുദയ'വും അജ്ഞാനം നിവർത്തിച്ച ശേഷം തപ്തലോഹപീതാംബുന്യായേന സ്വതോവൃത്തിജ്ഞാനവിലയവും എല്ലാം ഏകകാലത്തിൽ സിദ്ധിച്ചിട്ട് അദ്ദേഹം ജീവമുക്തപദാരൂഢനായ ഒരു പൂർണ്ണയോഗിയായിത്തീർന്നു.ഇതെല്ലാം അഭ്യാസ കാലമായ മേൽപ്പറഞ്ഞ മൂന്നു വർഷത്തിനുള്ളിലായിരുന്നു സംഭവിച്ചത്. സംസ്കൃതത്തിലും മലയാളത്തിലും സ്വാമികൾ വായിക്കാത്ത ഗ്രന്ഥങ്ങൾ ചുരുക്കമാണ്. ബംഗാളി,മാറാട്ടി,തമിഴ്,തെലുങ്ക്,ഇംഗ്ലിഷ് മുതലായ ഭാഷകളിലും സ്വാമികൾക്ക് നല്ല പരിജ്ഞാനമുണ്ടായിരുന്നു. അദ്ദേഹം ഹരിദ്വാർ മുതൽ കന്യാകുമാരി വരെ സഞ്ചരിച്ച് ഒരു തീർത്ഥാടകന്റേയും ചരിത്രാന്വേഷകന്റേയും ദൃഷ്ടിയിൽ അവിടങ്ങളിലുള്ള പ്രസിദ്ധദൃശ്യങ്ങൾ ദർശിക്കുകയും പ്രമുഖന്മാരായ പണ്ഡിതശ്രേഷ്ഠൻമാരുടെ മൈത്രി സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്.

ബാല്യം മുതല്ക്കേ സ്വാമികളുടെ ചിത്തം കവിതാസരണിയിലൂടെ പ്രവഹിച്ചു തുടങ്ങിയിരുന്നു പല സ്തോത്രങ്ങളും അക്കാലങ്ങളിൽ അദ്ദേഹം എഴുതിയിട്ടുണ്ട്. ഏകദേശം 13 വയസ്സുള്ളപ്പോൾ 'മൗസലം' മണിപ്രവാളമാക്കിയതും ഇരുപതാമത്തെ വയസ്സിൽ 'സുന്ദോപസുന്ദം' എന്ന ഭാഷാനാടകം വിരചിച്ചതും അതിനു തെളിവാണ്. ഈ കവിതകൾ ഭാവിയിൽ അദ്ദേഹം ഒരു വിശിഷ്ട കവിയായിത്തിരുമെന്നുള്ളതിന് ധാരാളം സൂചന നൽകുന്നുണ്ട്. ഒരു കവിയെന്നും ഗ്രന്ഥകാരനെന്നുമുള്ള നിലയിൽ സ്വാമികളുടെ കീർത്തി വിശ്വവിശ്രുതമാണ്. അദ്ദേഹത്തിന്റെ സംസ്കൃത ഗ്രന്ഥങ്ങളെകുറിച്ച് ജർമ്മനി, ഇംഗ്ലണ്ട്, ഫ്രാൻസ്, അമേരിക്ക മുതലായ വിദൂര രാജ്യങ്ങളിലും ഇന്ത്യയിൽ തന്നെയുള്ള സംസ്കൃത വിദ്വാന്മാരും മുക്തകണ്ഠം പ്രശംസിച്ചിട്ടുള്ളതു തന്നെ അതിന് തെളിവാണ്. മത സംബന്ധമായും സാമുദായികമായും മലയാളത്തിലും സംസ്കൃതത്തിലും അവിടുന്ന് ധാരാളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. വേദാന്ത മണിവിളക്ക്. അദ്വൈതസ്തബകം ,ഹഠയോഗപ്രദീപികാഭാഷ, കാണ്ടാമൃഗം, ബ്രഹ്മാഞ്ജലി മൂന്നു ഭാഗങ്ങളിലെ പലകൃതികൾ, ആചാര പദ്ധതി, ദേവാർത്ഥപദ്ധതി മുതലായ ഗ്രന്ഥങ്ങൾ അദ്ദേഹം മലയാളത്തിൽ രചിച്ചിട്ടുണ്ട്. സ്തവരത്നഹാരം, അദ്വൈത പാരിജാതം, യോഗരഹസ്യ കൗമിദി, കണ്ഠാമൃതാർണ്ണവം,സ്വാരജ്യസർവ്വസ്വം, യോഗാമൃതതരംഗിണി, ആത്മാമൃതം സങ്കല്പകല്പലതിക, ശ്രീബാഹുലേയസ്തവം മുതലായവയാണ് അദ്ദേഹത്തിന്റെ സംസ്കൃത കൃതികൾ കൂടാതെ മലയക്ഷത്രീയ കേസരി, പുരുഷാർത്ഥം, മുക്തിവിചാരം, സന്യാസം സർവ്വാധികാരം സ്വരൂപനിരൂപണം, ഈശ്വരഭക്തി മുതലായ അനവധി ഉപന്യാസങ്ങളെഴുതി അദ്ദേഹം പല മാസികകളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ശ്രീനീലകണ്ഠതീർത്ഥപാദസ്വാമികൾ വിവേകപ്രധാനിയായ ഒരു ജീവൻമുക്തനായിരുന്നു. ശിഷ്യോപദേശം, ശാസ്ത്രാഭ്യാസം, സഞ്ചാരം ഗ്രന്ഥ നിർമ്മിതി ഇങ്ങനെ നാനാമണ്ഡലങ്ങളിലും അദ്ദേഹത്തിന്റെ മനോവൃത്തി പ്രവർത്തിച്ചുകൊണ്ടിരുന്നു എന്നു കാണാം. കൊച്ചി എറണാകുളം ,ഇടപ്പള്ളി മുതലായ സ്ഥലങ്ങളിലും മദ്ധ്യതിരുവിതാംകൂറിലുമാണ് അദ്ദേഹം അധികകാലവും വിശ്രമിച്ചിരുന്നത്. അതിനാൽ അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ ഭൂരിഭാഗവും ആ പ്രദേശത്തുള്ളവരായിരുന്നു. മഹാപണ്ഡിതന്മാരും ബ്രഹ്മനിഷ്ഠൻമാരുമായ ശിവപ്രസാദവിദ്യാഭാരതി, പരമാനന്ദനാഥൻ, സച്ചിദാനന്ദബ്രഹ്മേന്ദ്രൻ, ശ്രീ ആത്മയോഗിനിയമ്മ, ശ്രീചിദ്വിലാസിനി, ശ്രീതമ്പുടയക്കയ്മൾ, ചിദ്രസാഭരണൻ മുതലായ സുകൃതികൾ അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽപ്പെട്ടവരാണ് ഇത്രയധികം ശിഷ്യസമ്പത്തുള്ള ഒരു മഹാനുഭാവൻ ഈ കേരളത്തിൽ അധികമുണ്ടായിട്ടില്ലെന്നു വേണം പറയാൻ. ഇങ്ങനെ സർവ്വപ്രകാരത്തിലും സമുന്നതമായ മണ്ഡലത്തിൽ പ്രശോഭിച്ചിരുന്ന അദ്ദേഹത്തിന് ദീർഘനാൾ ജീവിച്ചു ലോകത്തെ അനുഗ്രഹിക്കാൻ സാധിച്ചില്ല. കൊല്ല വർഷം 1096 കർക്കിടക മാസം 23-ാം തിയതി ഞായറാഴ്ച രാവിലെ 8 മണിക്ക് കരുനാഗപ്പള്ളിയിൽ പുന്നക്കുളം താഴത്തോടുള്ള മഠത്തിൽ വെച്ച് 49-ാമത്തെ വയസ്സിൽ അദ്ദേഹം മഹാസമാധിയടയുകയാണുണ്ടായത്. അദ്ദേഹത്തിന്റെ ഭൗതികദേഹം മറഞ്ഞു പോയെങ്കിലും ജ്ഞാനവിജ്ഞാന സമ്പന്നമായ അദ്ദേഹത്തിന്റെ കീർത്തിദേഹം ഒരിക്കലും മായാതെ എന്നും വിജയിച്ചരുളുക തന്നെ ചെയ്യും●

*(വ്യക്തിവിശേഷം)*

# ഡോഃ വി.ആർ. നാരായണൻനായർ (1902–69)

വൈദ്യശാസ്ത്രരംഗത്തെ ഒരപൂർവ്വപ്രതിഭയായിരിന്നു ഡോഃ വി.ആർ നാരായണൻനായർ. ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിലും സമുദായപുരോഗതിക്കും വിദ്യാലയനിർമാണ സംരംഭങ്ങൾക്കും വേണ്ടി യത്നിച്ച ഡോഃ നാരായണൻനായരുടെ നിസ്തുലമായ സേവനം എക്കാലവും ആദരിക്കപ്പെടും. ആതുരശുശ്രൂഷാരംഗത്ത് ഈ.എൻ.ടി വിഭാഗത്തിന്റെ മേധാവിയെന്ന നിലയിൽ തികഞ്ഞ പ്രശംസക്കർഹനായി. പ്രഗത്ഭമതികൾ കൈവിട്ട രോഗികളെ രോഗവിമുക്തരാക്കിയ നിരവധി സംഭവങ്ങൾ കഥാപുരുഷന്റെ ഔദ്യോഗിക ജീവിതത്തിലുണ്ടായിട്ടുണ്ട്. മുവാറ്റുപുഴ മാറാടിയിൽ വാളാനിക്കാട്ട് നങ്ങുവമ്മയുടെയും കാലാമ്പൂർതുറുവിയ്ക്കൽ നാരായണപിള്ളയുടെയും മകനായി 1902 നവംബറിൽ ജനിച്ചു. ശ്രീനീലകണ്ഠതീർത്ഥപാദസ്വാമികളുടെ ഭാഗിനേയിയായിരുന്നു നങ്ങുവമ്മ. തീർത്ഥപാദസ്വാമികളുടെ ഗുരുമുഖത്തു നിന്നാർജ്ജിച്ച വിജ്ഞാനവും ആദ്ധ്യാത്മിക ബോധവും പിൻതലമുറക്ക് വിവിധ രംഗങ്ങളിൽ കരുത്തും കാര്യശേഷിയും പ്രദാനംചെയ്തു. മധുര കോളേജിൽ നിന്നും ബി.എ യും മദ്രാസ് മെഡിക്കൽ കോളേജിൽനിന്നും എം.ബി.ബി.എസ് ബിരുദവും നേടി. സർജറിയിൽ മികച്ച വിദ്യാർത്ഥിക്കുള്ള 'ശ്രീപത്മനാഭദാസമെഡലി'ന് അർഹനായി. എൻ.എസ്സ്. എസ്സ്. സ്ഥാപക നേതാക്കളിൽ ഒരാളായ വാല്പറമ്പിൽ വേലായുധൻപിള്ളയുടെ മകൾ ചെല്ലമ്മയെ 24 ാം വയസ്സിൽ വിവാഹം കഴിച്ചു. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ അസിസ്റ്റന്റ് സർജനായി ഔദ്യോഗിക ജീവിതമാരംഭിച്ചു. ഉപരിപഠനത്തിന് ഫിലാഡൽഫിയ യുണിവേഴ്സിറ്റിയിൽ പ്രസിദ്ധനായ ഡോഃ ഷെവലിയർ ജാക്സന്റെ ശിക്ഷണത്തിൽ ഈ.എൻ.ടി. യിൽ വിദഗ്ദ്ധപരിശീലനം നേടി. അവിടെനിന്നാർജ്ജിച്ച വിജ്ഞാനം ഔദ്യോഗികരംഗത്ത് സമുന്നതപദവിയിലേക്കുയരാൻ അവസരമൊരുക്കി. ദീർഘവീക്ഷണവും കർമ്മകുശലതയും ഒത്തിണങ്ങിയ ഡോഃ വി.ആർ.നാരായണൻനായർ, ഔദ്യോഗികരംഗത്തും ഉന്നതശീർഷനായിരുന്നു. തിരു കൊച്ചിയിൽ സർജൻ ജനറലായി സേവനമനുഷ്ഠിച്ചിട്ടുള്ള അദ്ദേഹം മെഡിക്കൽ സർവീസും പബ്ലിക്ക് ഹെൽത്തും സംയോജിപ്പിച്ചപ്പോൾ ആദ്യം ഹെൽത്ത് സർവ്വീസ് ഡയറക്ടറായി. 43 മാസത്തെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ 43 ആതുരാലയങ്ങളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി അദ്ദേഹം സ്ഥാപിച്ചു. റബർബോർഡംഗം, പ്ലാന്റേഷൻ കോർപ്പറേഷൻ ഡയറക്ടർ. ലയൺസ് ക്ലബ് പ്രസിഡന്റ് എന്നിങ്ങനെ വ്യക്തിമുദ്ര പതിപ്പിച്ച നിരവധി മണ്ഡലങ്ങളുണ്ട്. എൻ. എസ്സ്.എസ്സ് .പ്രസിഡന്റ് എന്ന നിലയിലും തികഞ്ഞ ആദരവിനർഹനായി. മഹാത്മാഗാന്ധികോളേജിന്റെ നിർമ്മാണ പ്രക്രിയയ്ക്ക് നേതൃത്വം കൊടുത്ത ഡോ.വി.ആറി.ന്റെ കർമ്മനിരതമായ സേവനം അദ്ദേഹത്തെ തികഞ്ഞ പ്രശംസയ്ക്കർഹനാക്കി. സഹധർമ്മിണി ചെല്ലമ്മ ഒരനുഗൃഹീത ഗായികയായിരുന്നു. നാലുപതിറ്റാണ്ടിലേറെക്കാലത്തെ ദാമ്പത്യജീവിതത്തിനുശേഷം കഥാപുരുഷൻ അന്തരിച്ച് രണ്ടരവർഷത്തിന് ശേഷം സഹധർമ്മിണിയും കാലഗതി പ്രാപിച്ചു. ആ ദമ്പതിമാർക്ക് അഞ്ച് സന്താനങ്ങളാണുള്ളത് സി. വിജയലക്ഷ്മി , സി. വിലാസിനി, സി.രാജലക്ഷ്മി, ഡോ. എൻ.വിജയകൃഷ്ണൻനായർ, എൻ. ജയകൃഷ്ണൻ നായർ (എഞ്ചിനീയർ) എന്നിവർ.●

*(മിനിക്കഥ)*

# അസുഖം

**ഉണ്ണി വാരിയത്ത്**

പ്രൊഫസർ പറഞ്ഞു ഃ

'ഉൽക്കണ്ഠ, ഭയം, കോപം, കുറ്റബോധം, ഇത്യാദി പിരിമുറുക്കുന്ന വികാരങ്ങൾ നമ്മുടെ ശരീരത്തിലെ പ്രതിരോധശക്തികേന്ദ്രത്തെ ബാധിച്ച് ചെറുതും വലുതുമായ അസുഖങ്ങളിലേക്ക് നയിക്കുന്നു. അതുകൊണ്ട് അത്തരം വികാരങ്ങളെ അകറ്റി നിർത്തണം'

ഒരു വിദ്യാർത്ഥി ചോദിച്ചുഃ

'നമ്മുടെ സമ്മതം ചോദിച്ചിട്ടാണോ സാർ അവയെല്ലാം കടന്നു വരുന്നത്' ക്ലാസിൽ ചിരിയല പ്രൊഫസർക്ക് ദേഷ്യം വന്നുഃ

'നന്നാവില്ല എന്ന് സ്വയം നിശ്ചയിച്ചിട്ടാണോ പഠിക്കാൻ വരുന്നത്?'

'കണ്ടോ ! സാറിന് ദേഷ്യം വന്നു. വെറുതെ അസുഖം വരുത്തണ്ട സാറേ'

ക്ലാസിൽ കൂട്ടചിരി.

തുടർന്നു പഠിപ്പിക്കുന്നതെങ്ങനെയെന്ന ഉൽക്കണ്ഠയും ഭയവും കോപിക്കേണ്ടി വന്നല്ലോ എന്ന കുറ്റബോധവും മൂലം അസുഖം തോന്നിയ പ്രൊഫസർ ക്ലാസ്സ് ബഹിഷ്കരിച്ചു.

കവിത

# കൗതുകപ്പഴമകൾ

പറവൂർ രാജഗോപാൽ (ഫോൺ: 98472 91483)

പഴമമൂളുന്നപാട്ടി
ന്നീണങ്ങൾ പാടി
യൊത്തുകൂടാം
കതിരു വിളയുന്ന
നെന്മണി പാടമൊന്നു
കൺപാർത്തിടാം.
അറ നിറയ്ക്കുന്ന
കൊയ്ത്തുപാട്ടിന്റെ
വരികൾ ഓർത്തുമൂളാം.
മഞ്ഞുമലപെയ്യും
ഹിമകണങ്ങളിൽ
മെയ്യുരുമ്മി നിൽക്കാം
നിറനിലാവിന്റെ
പാലൊളിക്കീറിൽ
പുഴതുഴഞ്ഞുകേറാം.
കരയിൽ വന്നൊന്നു
കാൽതൊടുന്നൊരാ
തിരകളെണ്ണിനോക്കാം
തളിർ വസന്തങ്ങൾ
തെന്നൽതീർക്കുന്ന
വഴിയിടങ്ങൾ കാണാം.
മനമിളക്കുന്ന
മധുരരുചിയേറും
മാമ്പഴങ്ങൾ ഉണ്ണാം
കൊടുമഴക്കാറു
നെറുകയിൽ പേറും
ഇടവമഴകൊണ്ടിടാം
ഒരു തുലാവർഷ
മേഘരാത്രിയിൽ
ഇലയുമേന്തി നീങ്ങാം.
കൊടിയ വേനലിൽ
നിഴൽപരത്തുന്ന
തണൽവിരികൾതേടാം.
കളിവിളക്കിന്റെ പൂർണ്ണ
ശോഭയിൽ, നടന
താളമറിയാം
പ്രിയമനോരഥം
മറവിയാക്കിയ
സ്മരണചിറകേറ്റിടാം
കിളിമരക്കൊമ്പി
ലിണകൾചൊല്ലുന്ന
പ്രണയഗീതി കേൾക്കാം
സ്മൃതികവാടത്തി
ലിനിയുമിനിയുമൊരു
കാവ്യശോഭചേർക്കാം
പതിയെയകലുന്ന
പറവതന്നുടെ
സുഗമവേഗമറിയാം.
മഹിമപേറുന്ന
നിലയിടങ്ങളിൽ
തുള്ളിയാർത്തുചെല്ലാം
തനിമപേറുന്ന
പെരുമകണ്ടൊന്നു
കൗതുകങ്ങൾതുന്നാം
നഷ്ടസൗഭാഗ്യ
പുഷ്ടികാലമീ
കരതലത്തിലറിയാം

---

## മെഡിക്കൽ ക്യാമ്പ് 2017 മെയ് 5 വെള്ളിയാഴ്ച

**എറണാകുളം കരയോഗത്തിൻെറ ആഭിമുഖ്യത്തിൽ ജനറൽ ഹോസ്പിറ്റലിലെ പ്രശസ്ത ഓൺകോളജിസ്റ്റുകളുടെ നേതൃത്വത്തിൽ സൗജന്യ അർബുദ രോഗനിർണ്ണയ ക്യാമ്പ് 2017 മെയ് 5 ന് വെള്ളിയാഴ്ച രാവിലെ 10 മുതൽ 1 മണി വരെ ടിഡിഎം ഹാളിൽ. എറണാകുളം ജനറൽ ഹോസ്പിറ്റലിലെ പ്രശസ്ത ഡോക്ടർമാരായ ഡോ.നിബിൻ ജോസ്,ഡോ.സീയൂസ് എന്നിവർ രോഗികളെ പരിശോധിക്കുകയും**

**FNAC, Pap Smear test നടത്തുകയും ചെയ്യുന്നതാണ്.**

*ഏവർക്കും സ്വാഗതം*

തുടർച്ച

# രാവണൻ അനഭിമതൻ-3

ഡോ.രാജേശ്വരി കുഞ്ഞമ്മ (ഫോൺ: 93883 82009)

വാത്മീകിമഹർഷി രാവണൻ എന്ന അസുരരാജാവിന്റെ പാത്രസൃഷ്ടിയിലൂടെ സമകാലീന വ്യക്തിത്വങ്ങൾക്ക് ചിന്തിക്കാനുള്ള ഒരവസരമാണ് തന്നിരിക്കുന്നത്. പരമശിവനെതന്നെ വെല്ലുവിളിച്ചു,മഹദ്വ്യക്തിയായിരുന്ന അഛനേയും സദ്ഗുണസമ്പന്നനായിരുന്ന വൈശ്രവണൻ എന്ന സഹോദരനേയും വകവെച്ചില്ല. സഹോദരനെ കൊല്ലാൻതന്നെ തുനിഞ്ഞു. മനുഷ്യശക്തിയിൽ ഒട്ടുംതന്നെ വിശ്വാസമില്ലായിരുന്നു. സീതാപഹരണത്തിനു മുതിരാൻ തുടങ്ങിയപ്പോൾ അഹങ്കാരിയായ രാവണൻ പറഞ്ഞതെന്തെന്നോ, വൈശ്രവണൻ ദ്വന്ദ്വയുദ്ധത്തിൽ പരാജിതനായി എന്നെ പേടിച്ച് കൈലാസത്തിലാണെന്നും അദ്ദേഹത്തിന്റെ പുഷ്പക വിമാനത്തിൽ ആണ് ഞാൻ സഞ്ചരിക്കുന്നതെന്നുമാണ്. തുടർന്ന് യുദ്ധത്തിൽ ''മനുഷ്യനായ രാമൻ എന്റെ വിരലിനൊപ്പം എത്തില്ല'' എന്നും പറഞ്ഞു.

സ്ത്രീകളെ ബഹുമാനിക്കാതെ പിടിച്ചുകെട്ടിക്കൊണ്ട് വിമാനത്തിൽ പറക്കുന്ന ഭാഗത്ത് വാത്മീകി പറയുന്നത് ആ അനവദ്യാംഗികളുടെ ഭയശോകങ്ങളിൽ നിന്നുണ്ടായ കണ്ണുനീർ കൊണ്ട് വിമാനം നിറഞ്ഞുവെന്നാണ്. നാഗഗന്ധർവ്വപുത്രന്മാരും മഹർഷിപുത്രന്മാരും ദൈത്യദാനവ കന്യമാരും നൂറുകണക്കിനായി വിമാനത്തിലിരുന്നു കരഞ്ഞുവെന്നാണ്. ഇന്നും ഈ അഭിനവ രാവണന്മാരാൽ കണ്ണീരു കുടിക്കുന്ന കാഴ്ചകൾ നാം കാണുന്നു. കാർത്തവീരാർജ്ജുനൻ രാവണനെ പിടിച്ചുകെട്ടിയപ്പോൾ പുലസ്ത്യമഹർഷി പുത്രസ്നേസഹത്താൽ ഭ്രാന്തനായി അർജ്ജുനനെ കണ്ടു. ''വത്സാ ദശാനനനെ മോചിപ്പിച്ചാലുമെന്നു പറഞ്ഞു. ഇങ്ങനെ ഇന്നത്തെപ്പോലെ പുത്രസ്നേഹത്താൽ അന്ധരായിപോകുന്ന പിതാക്കൾ അന്നുമുണ്ടായിരുന്നു. ദുഷ്ടരായ മക്കളെ രക്ഷിക്കാൻ ഇങ്ങനെ രാവണന്റെ കഥകൾ ഓരോന്നും വാത്മീകി വിവരിച്ചിരിക്കുന്നത് സമകാലീന സംഭവങ്ങൾക്ക് മാറ്റം വരുത്തേണ്ടതെങ്ങനെയെന്നു ചിന്തിപ്പിക്കാൻ കൂടിയാണ്.

രാവണവധത്തിനു ശേഷം ദുഃഖിതയായ മണ്ഡോദരിയുടെ വാക്കുകളിലൂടെ അവരുടെ ഉള്ളിലുണ്ടായിരുന്ന ചില ചിന്തകൾ പുറത്തുകൊണ്ടുവരുന്നുണ്ട്. ''ക്ഷുദ്രമായ നാരീചോരണത്തിന് അങ്ങ് എങ്ങനെ ഒരുമ്പെട്ടു.'' ഒന്നുകൂടി കടന്ന് അവർ പറയുന്നു, ''ഹിതകാംക്ഷികളായ സുഹൃത്തുക്കളുടെ വാക്കുകൾക്ക് അങ്ങ് ചെവി കൊടുത്തില്ല. മാരീചൻ, കുംഭകർണ്ണൻ, എന്റെ പിതാവ് എന്നിവർ പറഞ്ഞതും അങ്ങ് പരിഗണിച്ചില്ല. ഇന്നു മാത്രമാണ് സൂര്യരശ്മികൾ ഭയം കൂടാതെ ലങ്കയിൽ പ്രവേശിക്കുന്നത്.'' ഭർത്തൃദുഃഖത്താൽ വേദനിക്കുമ്പോഴും നീതിബോധമുള്ള ഒരു തരുണീമണിയായി ചിന്തിക്കുകയാണ് മണ്ഡോദരി. അതുപോലെതന്നെ സഹോദരന്റെ ശവസംസ്കാരചടങ്ങുകൾ നടത്താൻ പറയുന്ന രാമനോട് ''ഇദ്ദേഹത്തിന്റെ സംസ്കാരകർമ്മം ഞാൻ നിർവ്വഹിക്കുന്നത് ഉചിതമല്ല, ജ്യേഷ്ഠനാണെങ്കിലും പൂജനീയനല്ല.'' ഇവിടെ ധർമ്മപാലകനായ വിഭീഷണൻ അവസരവാദിയായി. രാവണനെ വധിക്കാൻ സഹായിച്ചതല്ല, അധർമ്മത്തിലൂന്നിയ രാവണന്റെ പ്രവർത്തികൾ എപ്പോഴും ഓർമ്മപ്പെടുത്തുകയും പിന്തിരിപ്പിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തിരുന്ന ഒരു സഹോദരനായിട്ടാണ് വാത്മീകി വിഭീഷണനെ ചിത്രീകരിച്ചിരിക്കുന്നത്. ഇവിടെ യുദ്ധവീരനായി മാത്രം രാവണനെ കണ്ട രാമൻ വിഭീഷണനെ പ്രേരിപ്പിക്കുകയും രാവണന്റെ സംസ്കാരകർമ്മങ്ങൾ നടത്തിക്കുകയും ചെയ്തു. രാവണന് സദ്ഗതി ലഭിക്കാൻ അതാണ് മാർഗ്ഗമെന്നും പറഞ്ഞു.

സ്വാർത്ഥലാഭങ്ങൾക്കും നേട്ടങ്ങൾക്കും വേണ്ടി തന്റെ ശക്തി ഉപയോഗിക്കുന്നു: ലോകത്തിലുള്ള എല്ലാം തന്റെ കാൽകീഴിൽ വരുത്താനുള്ള ഒടുങ്ങാത്ത വാഞ്ഛ ഇവയെല്ലാം തന്നെ തന്റെ പത്തു തലകളേയും ഇരുപതു കൈകളേയും പ്രതിനിധാനം ചെയ്യുന്നു. ശിവനെ സ്തുതിക്കാൻ ശങ്കരാഭരണഗാനത്തിൽ ഞരമ്പുകൾ വീണക്കമ്പിയായി ഉപയോഗിച്ചുവെന്നു കേട്ടിട്ടുണ്ട്. പക്ഷെ ഇതെല്ലാം വെറും ശക്തി നേടാൻ മാത്രമായിരുന്നു. സീതാദേവിയെന്നല്ല ഒരു സ്ത്രീയേയും ഉപദ്രവിക്കാൻ ശ്രമിച്ചാലുണ്ടാകുന്ന ഭവിഷ്യത്ത് രാവണനു ബോധമുണ്ടായിരുന്നു. പതിവ്രതയായ ഒരു സ്ത്രീയേയും സമീപിക്കുവാനാർക്കും കഴിയുകയില്ലാ എന്നുള്ള തത്ത്വം ഇവിടെ പ്രസക്തമാണ്. വീമ്പിളക്കാനും അഹങ്കാരവാക്കുകൾ

പറയുവാനും ഉള്ള ഒരു മാനസികാവസ്ഥ രാവണ നിൽ ഉണ്ടായതും, ലക്ഷ്യത്തിനു വേണ്ടി എന്തും ത്യജിക്കാനും ഏതു ക്രൂരകൃത്യവും ചെയ്യാനുമുള്ള അസുരഭാവം മൂലമാണ്. ജനിച്ചപ്പോൾ കൈകസി മാതാവിന് ഇതറിയാമായിരുന്നു. കൈകസി അഗ്നി ഹോത്രം ചെയ്യുകയായിരുന്ന വിശ്രവസ് മുനിയുടെ സമീപം ചെന്നപ്പോൾ തന്നെ മുനി പുത്രലാഭത്തിനു പറ്റിയ സമയമല്ലായെന്നു പറഞ്ഞ് നിരുത്സാഹപ്പെ ടുത്തി. ഈ സമയം നല്ലതല്ലാത്തതിനാൽ ഇപ്പോഴു ണ്ടാകുന്ന കുട്ടികൾ രാക്ഷസന്മാരായി ഭവിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഇതൊന്നും കൈകസി അന്ന് കാര്യമാക്കിയില്ല.വിശ്രുവസ് എന്ന പുണ്യാത്മവിന്റെ പുത്രനായി ജനിച്ചു. പക്ഷെ കൈകസി എന്ന അമ്മ യുടെ വളർത്തലിൽ ലോകസംഹാരവും സ്ത്രീജ നദ്രോഹവും മുഖമുദ്രയാക്കി വളർന്നു. എങ്കിലും ശിവഭക്തനായി അറിയപ്പെടുന്നു. പക്ഷെ ഈ ഭക്തി യും തപസും സ്വാർത്ഥലാഭങ്ങൾക്കും കാമക്രോധ മോഹാദികൾക്കും വേണ്ടിയായിരുന്നു. സ്ത്രീകളെ ബഹുമാനിക്കാതെ തന്റെ പണക്കൊഴുപ്പിലും യു ദ്ധശക്തിയിലും ഏതു സ്ത്രീയും തനിക്കടിമയായി തീരും എന്നുള്ള ചിന്ത രാവണന്റെ വാക്കുകളിൽ എപ്പോഴും നിറഞ്ഞുനിന്നിരുന്നു.

സീതാപഹരണസമയത്ത് സീത രാവണനോട് രാഘവന്റെ പ്രിയ ഭാര്യയെ തൊടാൻ കൊതിക്കുന്ന നീ കഴുത്തിൽ കല്ലു കെട്ടിത്തൂക്കിക്കൊണ്ട് സമുദ്രം നീന്തിക്കടക്കാമെന്നു കൊതിക്കുകയാണോയെന്നു ചോദിക്കുന്നു. അഹങ്കാരിയും ദുർവൃത്തനുമായ രാ വണൻ പറയുന്നത് ഭൂമിയെ കൈകൊണ്ട് എടുത്തു പൊക്കാനും സമുദ്രം കുടിച്ചു തീർക്കാനും കഴിയു മെന്നാണ്. വാത്മീകി സീതാപഹരണത്തെ വിവ രിക്കുന്നത് വാനത്തിൽ രോഹിണി നക്ഷത്രത്തെ ബുധനെന്നപോലെ ഇടം കൈകൊണ്ട് മുടിയിലും വലംകൈകൊണ്ട് തുടമേലും പിടിച്ചുപൊക്കിയെ ന്നാണ്. പതിവൃതയായ സീതയെ അപഹരിച്ചപ്പോൾ സമസ്തചരാചരങ്ങളും ജഗത്തും അന്ധകാരത്തി ലാണ്ടുപോയി എന്നാണ് കവി വിവരിക്കുന്നത്.

സീതയെ അന്വേഷിച്ചിറങ്ങിയ ഹനുമാൻ ലങ്കയിൽ കയറി സേനാപതികളേയും സൈന്യങ്ങളേ യും നശിപ്പിച്ച് പ്രജാക്ഷയത്തിനൊരുമ്പെട്ട കാലനെ പ്പോലെ കാത്തുനിന്നു എന്നു വാത്മീകി പറയുന്നു. ഇന്ദ്രജിത്തിന്റെ ബ്രഹ്മാസ്ത്രത്തിനുപോലും ഹനു മാനെ ബന്ധിതനാക്കാൻ കഴിഞ്ഞില്ല. പക്ഷെ രാവ ണനെ നേരിൽ കാണാൻവേണ്ടി ബന്ധിതനാണെന്ന മട്ടിൽ ഹനുമാൻ അഭിനയിച്ചു. ഭീമാകാരരൂപനായ രാ വണനെ മേരുപർവ്വതശിഖരത്തിൽ വന്ദിക്കുന്ന കാർ മേഘം പോലെ എന്നാണ് ഹനുമാൻ വിവരിക്കുന്ന ത്. ഈ രാക്ഷസൻ അധർമ്മിയല്ലായിരുന്നുവെങ്കിൽ ലോകത്തിനു രക്ഷകനായിരു ന്നേനെയെന്നുപോലും ഹനുമാൻ ചിന്തിക്കുന്നു. ദുർമാർഗ്ഗിയായ രാവണൻ സുഗ്രീവനിൽ നിന്നും മനുഷ്യനായ രാമനിൽ നിന്നും തന്റെ ജീവൻ രക്ഷിക്കാൻ കഴിയില്ലായെന്നും ഒന്നുകൂ ടി കടന്ന് സീതാരൂപത്തിലുള്ള കാലശാപത്തെയാണ് രാവണൻ കഴുത്തിലിട്ടിരിക്കുന്നതെന്നും അതിനാൽ സ്വന്തം ക്ഷേമത്തെക്കുറിച്ച് ചിന്തിക്കൂ എന്ന് മുന്ന റിയിപ്പു നൽകുന്നുമുണ്ട്. ഹനുമാന്റെ വാലിൽ തീ കത്തിയെന്നറിഞ്ഞ സീത അഗ്നിയോടു പറഞ്ഞു, എനിക്കു പാതിവൃത്യമുണ്ടെങ്കിൽ ഹനുമാനിൽ ശീതനായി ഭവിക്കണമെന്ന്. ഹനുമാൻ ലങ്കയിൽ ചെയ്ത കാര്യങ്ങൾ രാവണന് പ്രഹരം തന്നെയാ യിരുന്നു. യുദ്ധത്തിനു തയ്യാറാകാൻ ആലോചിച്ചു തുടങ്ങി. വിഭീഷണൻ വീണ്ടും വീണ്ടും രാവണ നോട് മൈഥിലിയെ തിരിച്ചുകൊടുക്കാൻ പറഞ്ഞി ട്ടും പാപിഷ്ഠനായ രാജാവ് യുദ്ധകാര്യങ്ങൾക്കായി തയാറായി. രാവണന്റെ സഭയിലെ വാക്കുകൾ കേട്ട് കുംഭകർണ്ണൻ മുമ്പേ വേണ്ടതു പിമ്പേയും പിമ്പേ വേണ്ടതു മുമ്പേയും ചെയ്യുന്നവർക്ക് ഉണ്ടാകുന്ന ഭവിഷ്യത്തിനെ ഓർമ്മിപ്പിക്കുന്നു. പക്ഷെ രാജധർ മ്മം അനുസരിച്ചാണ് കുംഭകർണ്ണൻ യുദ്ധം ചെയ്യാ നൊരുങ്ങിയത് . മഹാബലനായ മഹാപാർശ്വനോട് എന്തുകൊണ്ട് താൻ സീതയെ ബലാൽക്കാരം ചെ യ്യുന്നില്ല എന്നുള്ള കാര്യം വിശദീകരിക്കുന്നുണ്ട്. ബ്രഹ്മദേവന്റെ ശാപം രാവണൻ പറയുന്നുമുണ്ട്. ഇതല്ലാതെ രാവണൻ ശിവഭക്തനായതുകൊണ്ടോ പരസ്ത്രീബഹുമാനം കൊണ്ടോ അല്ലാ സീതയെ ഉപദ്രവിക്കാതിരുന്നത്. വീണ്ടും വിഭീഷണൻ പറയു ന്നു, രാമനിൽ നിന്നും രക്ഷപെടാൻഭവാനു കഴി യില്ല. ഇന്ദ്രന്റെയോ യമന്റെയോ സമീപംപോലും രക്ഷ കിട്ടില്ല. ആകാശത്തിലോ പാതാളത്തിലോ രക്ഷയില്ല. അതുകൊണ്ട് മൈഥിലിയെ തിരികെ കൊടുക്കൂ. ഇവിടെ വിശ്രവസ് എന്ന മുനിവര്യൻ കേകസിയോടു പറഞ്ഞതാണ്, മൂത്ത പുത്രന്മാർ രാക്ഷസന്മാരും ഏറ്റവും ഇളയവൻ ധർമ്മിഷ്ടനാ കുമെന്ന്. അഹങ്കാരിയായ മരണംസമീപത്തെത്തിയ രാവണൻ പറയുന്നു, ശത്രുക്കളോടൊപ്പം വസി ക്കാം, കോപിച്ച സർപ്പത്തോടൊപ്പവും കഴിഞ്ഞു കൂടാം, എന്നാൽ ശത്രുസേവകനായി മിത്രംപോ ലെയിരിക്കുന്നവനോടൊപ്പം പാർത്തുകൂടാ എന്ന്. കാലവശഗതരായിരിക്കുന്നവർക്ക് സദ്വചനങ്ങൾ അപ്രാപ്യമാണെന്നു കാണാം. രാമന്റെ യുദ്ധതന്ത്രം മനസിലാക്കാൻ പോയ ചാരന്മാർ തിരികെ രാവണ സമീപം വന്നു പറഞ്ഞതും മൈഥിലിയെ തിരിച്ചു കൊടുക്കാനാണ്. രാവണൻ അപ്പോഴും പറഞ്ഞു

ദേവഗന്ധർവ്വ ദാനവാദികൾ എന്നോടു യുദ്ധത്തിനു വന്നാലും ശരി സമസ്ത ലോകവും എന്നെ ഭയപ്പെടുത്താനെത്തിയാലും ശരി ഞാൻ സീതയെ വിട്ടുകൊടുക്കില്ലയെന്നാണ്. പക്ഷെ പേടിപൂണ്ട രാവണൻ വിദ്യുജ്ജിഹ്വനെന്ന മായാവിയുടെ സഹായത്താൽ രാമന്റെ കഥ കഴിച്ചുവെന്നും ശിരസ്സിതായെന്നും മറ്റുമുള്ള മായാ കാഴ്ചകൾ സീതയെ കാണിച്ചു. സീത വിഷമിച്ചുവെങ്കിലും സരമ എന്ന രാക്ഷസി സത്യം ധരിപ്പിച്ചു. ഇതിനുശേഷം രാവണന്റെ അമ്മ പോലും രാവണനെ പിൻതിരിപ്പിക്കാൻ ശ്രമിക്കുന്നുവെന്നു വിവരിക്കുന്നു. ദശാനനന്റെ ചെറുപ്പകാലം മുഴുവൻ പകയും വിദ്വേഷവും അഹങ്കാരവും, വൈശ്രവണന്റേതു പോലെയുള്ള വിമാനവും ലങ്കയും എങ്ങനെ തരപ്പെടുത്താം, ദുഷ്ടതക്കുവേണ്ടി നേട്ടങ്ങൾ നേടാൻ തപസു ചെയ്യാനുംമറ്റും പ്രേരിപ്പിക്കുന്നതും ഈ കൈകസി തന്നെയാണ്. രാവണന്റെ മാതാമഹനായ മാല്ല്യവാനും രാവണനെ ഉപദേശിക്കുന്നു. അദ്ദേഹം പറഞ്ഞു, നേടിയ വരമനുസരിച്ച് നീ അവധ്യനായിരിക്കുന്നത് ദേവദാനവയക്ഷാദികളാലാണ്. ഇവിടെ വന്നിരിക്കുന്നത് മനുഷ്യരും വാനരന്മാരുമാണ്. ഹനുമാൻ ലങ്കയിൽ നാശം വിതച്ചപ്പോൾ തന്നെ നന്ദികേശന്റെ ശാപം രാവണൻ ഓർക്കുന്നുമുണ്ട്.

താൻതാൻ ചെയ്യുന്ന കർമ്മങ്ങളുടെ ഫലം താൻതാൻ അനുഭവിക്കണമെന്ന വാത്മീകിയുടെ പാഠം ആണ് രാവണപതനത്തിലൂടെ വാത്മീകി വർണ്ണിക്കുന്നത്. കായികബലവും സമ്പത്തുമല്ല അടിസ്ഥാനമെന്നും ധർമ്മവും മൂല്യങ്ങളുമാണ് ആത്മസാക്ഷാത്കാരത്തിനുതകുന്നതെന്നും രാവണചരിതത്തിലൂടെ സഞ്ചരിച്ചാൽ നമുക്കു മനസിലാകും. ശ്രീകൃഷ്ണൻ ഭഗവദ്ഗീതയിൽ പറയുന്നു, നീ തന്നെ നിന്നെ ഉദ്ധരിക്കൂ. സ്വയം അധഃപതിക്കാതിരിക്കൂ. നിന്റെ ബന്ധു നീതന്നെയാണ്. നിന്റെ ശത്രുവും നീ തന്നെ. അതുപോലെതന്നെ സത്വം, രജസ്, തമസ് ഇവയെ താണ്ടിക്കടക്കാൻ വിഷമമാണ്. ത്യജിക്കാനുള്ള കഴിവ് നേടാൻ തന്നെ പ്രാപ്തനാക്കുകയാണ് ഒരാൾക്കാവശ്യം. അതിനാൽ സ്വസ്വരൂപനായ ഈശ്വരൻ ഹൃദയത്തിൽ സാക്ഷാത്കരിക്കപ്പെടുമ്പോൾ ഹൃദയത്തിലെ കെട്ടുകളെല്ലാം പൊട്ടുന്നു. പൂർവ്വകർമ്മങ്ങളുടേയും ഫലങ്ങൾ ക്ഷയിക്കുന്നു. ഇതാണ് ശ്രീരാമനെക്കൊണ്ട് വിഭീഷണനോട് വാത്മീകി പറയിപ്പിച്ചതിന്റെ അടിസ്ഥാനം. ഇതുതന്നെയാകട്ടെ സമകാലീന ചിന്തക്കും ആധാരം●

# വിശേഷ ദിവസങ്ങൾ

## 2017 ഏപ്രിൽ 15 മുതൽ മെയ് 14 വരെ

| | | |
|---|---|---|
| ഏപ്രിൽ | 16 | വരാഹാവതാരം, കഥകളി അവാർഡ് |
| | 22 | ഭൗമദിനം പരിസ്ഥിതി അവാർഡ് |
| | 23 | പത്താമുദയം |
| | 24 | സത്യസായി സമാധി ദിനം |
| | 27 | വൈശാഖമാസാരംഭം |
| | 28 | അക്ഷയതൃതീയ, ബലരാമ ജയന്തി, ചട്ടമ്പി സ്വാമി സമാധി ദിനം |
| | 30 | ശ്രീശങ്കര ജയന്തി |
| മെയ് | 1 | മെയ്ദിനം |
| | 3 | കരയോഗവിഘ്നേശ്വര ക്ഷേത്ര പ്രതിഷ്ഠാദിനം |
| | 5 | തൃശൂർ പൂരം |
| | 8 | ചിന്മയാനന്ദ ജയന്തി, ലോകറെഡ്ക്രോസ് ദിനം |
| | 9 | നരസിംഹ ജയന്തി |
| | 10 | ബുദ്ധപൂർണിമ, സ്വാതിതിരുനാൾ ജയന്തി |
| | 11 | പാവക്കുളം പൊങ്കാല |

# പാതഞ്ജല യോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി (ഫോൺ: 94470 77203)

യോഗത്തിന്റെ ഫലമാണ് കഴിഞ്ഞസൂത്രത്തിൽ പറഞ്ഞത് യോഗം കൊണ്ടു തന്റെ സ്വരൂപത്തിൽ ഉറച്ച് നില്ക്കും. പ്രയോജനം അറിഞ്ഞാലെ മനുഷ്യൻ പ്രവർത്തിക്കൂ. ഒരു കർമ്മം ചെയ്താൽ ഇന്നിന്ന ഗുണമുണ്ടാകും എന്ന് പറയും. പുരാണങ്ങളിൽ ഇതിനെ ഫലശ്രുതി എന്ന് പറയും. ആധുനിക വിദ്യാഭ്യാസ പരിശീലനത്തിൽ ഇതിന് Carrot and Stick എന്ന് പറയും അതായത് പ്രോത്സാഹനം അല്ലെങ്കിൽ ശിക്ഷ. യോഗം ചെയ്താലുള്ള ഫലം ബോധ്യപ്പെടുത്തുന്നത് പ്രോത്സാഹനമാണ്. യോഗചെയ്തില്ലെങ്കിൽ എന്തു പറ്റും? ഇന്ന ദോഷമുണ്ടാകും. ഇതിൽ ശിക്ഷയുടെ സ്വരമുണ്ട്.

പാതഞ്ജലിയുടെ നാലാമത്തെ സൂത്രം ഇത്തരത്തിലുള്ള ഒന്നാണ് ഒരു മുന്നറിയിപ്പ് 'വൃത്തിസാരൂപ്യം ഇതരത്ര' ചിത്തവൃത്തികളെ നിരോധിച്ചില്ലെങ്കിൽ (ഇതരത്ര) വൃത്തികളുടെ സദൃശമായ രൂപമാണ് അനുഭവപ്പെടുക.

ഇരുട്ടു നിറഞ്ഞ സ്ഥലത്ത് ഒരു സ്ഫടികപ്പാത്രത്തിലുള്ള വെള്ളത്തിൽ ഒരു പ്രകാശിക്കുന്ന ബൾബ് മുക്കി വെച്ചു എന്ന് വിചാരിക്കുക. വെള്ളം കലങ്ങിയതും ഇളകുന്നതുമാണെന്ന് കരുതുക . നമുക്ക് പ്രകാശത്തിന്റെ ഉറവിടമായ ബൾബ് കാണാൻ പറ്റില്ല. കലങ്ങി മറിയുന്ന വെള്ളത്തിന്റെ വിവിധ ദൃശ്യങ്ങൾ കാണാം. കലക്കവും ഇളക്കവും അടങ്ങിയാലെ പ്രകാശബിന്ദു തെളിയൂ. ബൾബിന് ഇപ്പോഴും മുമ്പും മാറ്റമില്ല. ആത്മാവും ഇതുപോലെ തന്നെ.

പ്രകൃതി എപ്പോഴും മാറികൊണ്ടിരിക്കുന്നു. നമ്മുടെ ശരീരത്തിന് എല്ലാ സമയത്തും മാറ്റമുണ്ടായികൊണ്ടിരിക്കുന്നു. കുട്ടിക്കാലത്തെ ശരീരമല്ല പ്രായമേറുമ്പോൾ. പരിണാമം ഉണ്ടാകുന്നു. ദേശപരിണാമവും ഉണ്ടാകുന്നു. ഒരു സ്ഥലത്ത് കാണുന്നതല്ല മറ്റ് സ്ഥലത്ത് കാണപ്പെടുന്നത് അവിടെയൊക്കെ അതിന്റെ പേരു മാറാം. ക്രിയാപരിണാമവും ഉണ്ടാകാം. തൊഴിലുകൾ മാറി വരും ഇന്ന് ചെയ്യുന്നതല്ല നാളെ ചെയ്യുക. ഇപ്പോൾ ചെയ്യുന്നതല്ല അടുത്ത ദിവസം ചെയ്യുക. കാലത്തിലും മാറ്റം വരും. വേനൽ കാലം കടന്നുപോയി മഴക്കാലം വരും. പിന്നെ തണുപ്പ് കാലം . ഗുണത്തിലും മാറ്റം വരും . രാവിലെ സത്വഗുണപുഷ്ടിയുണ്ടെങ്കിൽ ഉച്ചയാകുമ്പോഴേയ്ക്കും രജോഗുണവൃദ്ധിയുണ്ടാകും. രാത്രിയിൽ തമസപുഷ്ടിയുണ്ടാകും.

മാറ്റമുണ്ടാകുന്നവയെ ആഗ്രഹിക്കാൻ കൊള്ളില്ല. വിശ്വസിക്കാൻ കൊള്ളില്ല. നാം ഒരു ലോണിന് വേണ്ടി ബാങ്കിൽ പോകുന്നു. മാനേജർ ഇന്ന് ഒരു വ്യവസ്ഥ പറയുന്നു. നാളെ പോകുമ്പോൾ അത് മാറ്റി പറയുന്നു . അടുത്ത ദിവസം ചെല്ലുമ്പോൾ മറ്റൊന്ന് പറയുന്നു. നമ്മളെന്ത് ചെയ്യും ? പിന്നെ അങ്ങോട്ടേയ്ക്ക് പോവില്ല.കാരണം വിശ്വസിക്കാൻ കൊള്ളില്ല എന്നുള്ളതു തന്നെ. സമയനഷ്ടമാണ് ഫലം. പ്രകൃതിയിലുള്ളതെല്ലാം ഇത്തരത്തിൽ ആശ്രയിക്കാൻ പറ്റാത്തവയാണ്. ഒരു നടനെ പോലെ പുറത്തൊന്ന് കാട്ടും അകത്ത് മറ്റൊന്ന്. കാണിക്കയും പുരുഷൻ അഥവാ ആത്മാവ് മാത്രമാണ് മാറ്റമില്ലാത്തത് അപരിണാമി അതിനെ മാത്രമേ ആശ്രയിക്കാൻ കൊള്ളു.

പുരുഷന് പരിണാമമുണ്ടെന്ന് നമുക്ക് തോന്നും. സൂര്യന്റെ പ്രകാശം എല്ലാസമയത്തും ഒരു പോലെയാണ് എന്നാൽ നമുക്ക് സൂര്യപ്രകാശത്തിൽ വ്യത്യസ്തത കാണുന്നില്ലെ ? രാത്രി കാണുന്നില്ലല്ലോ? അതൊക്കെ ഭാവപരിണാമം മാത്രമാണ്. മേഘമുണ്ടെങ്കിൽ സൂര്യപ്രകാശം കുറയും മേഘത്തിന്റെ കട്ടിക്കനുസരിച്ച് പ്രകാശത്തിൽ വ്യത്യാസം വരും. മേഘം നീങ്ങിയാൽ പൂർണ്ണമായ തെളിച്ചമുണ്ടാകും. അതുപോലെ നമ്മുടെ ചിത്തത്തിലെ ദോഷം നീങ്ങിയാലേ ജ്ഞാനപ്രകാശം ഉണ്ടാകൂ. തഥാഃ ക്ഷിപ്രിയതേ പ്രകാശാവരണം പ്രകാശത്തിന്റെ ആവരണം(മറ) നീങ്ങും.

'ഏകമേവദർശനം, ഖ്യാതിരേഖദർശനം' എന്ന് പഞ്ചശിഖാചാര്യർ പറയുന്നുണ്ട്. ഖ്യാതി എന്നാൽ ഇവിടെ ചിത്തവൃത്തി എന്നർത്ഥം. ഒരു തരത്തിലേ കാണൂ; ചിത്തവൃത്തിയുടെ രൂപമേ കാണൂ. പുരുഷൻ അസംഗനും നിർലേപനും ആണെങ്കിലും ചിത്ത

ത്തോട് ചേർന്ന് നില്ക്കുമ്പോൾ അതായി കാണ പ്പെടും . ഞാൻ ദുഃഖിയാണ്, ഞാൻ സുഖിയാണ് എന്നൊക്കെ നമുക്ക് കാണപ്പെടും.

ബ്രഹദാരുണ്യക ഉപനിഷത്തിൽ പറയുന്ന' സ സമാന ഃ സൻ ധ്യായതീവ ലോലായതീവ്' അവൻ (ആത്മാവ്) ബുദ്ധിയുടെ സമാനനായി ബുദ്ധിയു മായി താദാത്മ്യപ്പെട്ട് ധ്യാനിക്കുന്നതുപോലെയും കളിക്കുന്നതുപോലെയും കാണപ്പെടുന്നു. ബുദ്ധി വാസ്തവത്തിൽ പുരുഷന്റെ ഒരുപകരണം മാത്ര മാണ്. പക്ഷെ അത് വ്യുത്ഥാനദശയിൽ മറന്നു പോകുന്നു എന്നർത്ഥം. കറപിടിച്ച കണ്ണാടിയിൽ നോക്കിയാൽ നമ്മുടെ പ്രതിബിംബം മങ്ങിയതാ യും മലിനമായതായും കാണും. ഇതുപോലെയാ ണ് പുരുഷൻ (ആത്മാവ്) മലിനമായ ബുദ്ധിയിലെ പ്രതിബിംബത്തെ താനായി കാണുന്നത്.

പുരുഷൻ കാണുന്നവനും (ദ്രഷ്ട) അനുഭവി ക്കുന്നവനും (ഭോക്താ) ആണ്. ചിത്തം കാണപ്പെ ടുന്നതും (ദൃശ്യം) അനുഭവിക്കപ്പെടുന്നതും (ഭോജ നം) ആണ്. ഇതാണ് യഥാർത്ഥത്തിലുള്ള ബന്ധം. അപ്പോൾ പുരുഷൻ യജമാനനാണ്. ചിത്തം ഉപ കരണവും ആശ്രിതനുമാണ് ബാഹ്യവസ്തുക്കളെ അറിയാനുള്ള മാധ്യമമാണ് ചിത്തവും ഇന്ദ്രിയങ്ങളും, എന്നാൽ യോഗാവസ്ഥയിൽ നിന്നും ഭിന്നമായ അവ സരങ്ങളിൽ ചിത്തത്തിന്റേയും ഇന്ദ്രീയങ്ങളുടേയും വൃത്തിക്കനുസരിച്ചാണ് പുരുഷൻ (ജീവാത്മാവ്) തന്നെ കാണുന്നത്. ക്രോധം വരുമ്പോൾ പുരു ഷനും ക്രോധവാനായി കാണപ്പെടുന്നു. ക്രോധം വാസ്തവത്തിൽ മനസ്സിന്റെ വ്യാപാരം മാത്രമാണ്, ജീവാത്മാവിന്റെ സ്വരൂപമല്ല . എങ്കിലും അജ്ഞാ നാവസരത്തിൽ അത് തന്റെ രൂപമായി ധരിക്കുന്നു. ഇതാണ് വൃത്തിസാരൂപ്യം. യോഗാവസ്ഥയിൽ, സമാ ധിയുടെ അവസ്ഥയിൽ, അതായത് ചിത്തവൃത്തി കൾ നിരോധിക്കപ്പെട്ട അവസ്ഥയിൽ ഇന്ദ്രിയങ്ങളും മനസ്സും ബുദ്ധിയുമെല്ലാം ഉൾവലിയുന്നു, ഉള്ളോട്ടു പ്രവഹിക്കുന്നു; ജിവാത്മാവ് സ്വരൂപം ദർശിക്കുക യും ചെയ്യുന്നു.

അതായത് യോഗാവസ്ഥയിൽ ജീവാത്മാവ് ആത്മസുഖം അനുഭവിക്കുന്നു മറ്റവസരങ്ങളിൽ ബാഹ്യസുഖദുഃഖങ്ങളോട് താദാത്മ്യപ്പെടുകയും ചെയ്യുന്നു. ആയതിനാൽ യോഗത്തിൽ പ്രവർത്തി ക്കൂ എന്നാണ് ഇവിടെ ഉപദേശം.

വൃത്തികളെപ്പറ്റി ഏറെ പറഞ്ഞു. വൃത്തികൾ എത്രവിധമുണ്ട്? അവ ഏവ? എന്നീ ചോദ്യങ്ങൾ ഉയർന്ന് വരുന്നില്ലേ? അതിന്റെ ഉത്തരമാണ് ഇനി.●

## വാസ്തു (9-ാം പേജിൽ നിന്ന് തുടർച്ച)

നോക്കുന്നയാൾ വന്ന് വീട് പണിയാൻ കുറ്റിയടിച്ച പ്പോൾ വീട് പറമ്പിന്റെ വടക്ക് കിഴക്കേ മൂലയിലാ യി വടക്കും,കിഴക്കും,നാലു മീറ്ററും,തെക്കുവശത്ത് 50 മീറ്ററും പടിഞ്ഞാറു ഭാഗത്ത് 40 മിറ്ററും സ്ഥലം ബാക്കിയുണ്ട് . വീടിന്റെ ഗേറ്റ് കന്നി മൂലയിലാണ്. തെക്കും, പടിഞ്ഞാറും ധാരാളം സ്ഥലവും. വീടി ന്റെ തെക്കും, പടിഞ്ഞാറു ചെറിയ മതിൽ കെട്ടി, വീടിന് പുതിയ അതിർത്തി തിരിച്ചു. വീട്ടിൽ നിന്നും Energy പുറത്തു പോകാതെ ശരിയാക്കി.

കേരളത്തിൽ എവിടെ വീടു പണിയുകയാണെ ങ്കിലും വടക്കിനെക്കാൾ കൂടുതൽ സ്ഥലം തെ ക്കുഭാഗത്ത് ഉണ്ടാകരുത്. അതുപോലെ തന്നെ കിഴക്കിനെക്കാൾ കൂടുതൽ സ്ഥലം പടിഞ്ഞാറു ഭാഗത്തും അരുത്. ഒരിക്കലും ഗേറ്റ് തെക്കു പടി ഞ്ഞാറെ മൂലയിൽ ആകരുത്. മുകളിൽ പറഞ്ഞ മൂന്നാമത്തെ വീട്ടിൽ തെക്കുപടിഞ്ഞാറെ മൂലയിൽ നിന്നും വരുന്ന വഴി കിഴക്കോട്ട് മാറ്റി വീടു പണി യാമായിരുന്നു. എപ്പോഴും ആദ്യം ചെയ്യേണ്ടത് പറമ്പു ശരിയാംവണ്ണം മാത്രമെ, വീടിന് കുറ്റിയടി നടത്താൻ പാടുള്ളൂ. വീട് എപ്പോഴും പറമ്പിന്റെ തെക്കു പടിഞ്ഞാറെ ഭാഗത്തേക്കു മാറി നില്ക്കണം. കിണർ എപ്പോഴും വടക്കു കിഴക്കു മൂലയിലോ, വീ ടിന്റെ വടക്കോ, കിഴക്കോ ആകാം. യാതൊരു കാ രണവശാലും കന്നിമൂലയിൽ കിണർ, കുളം, ഗേറ്റ് എന്നിവ വരാതെ നോക്കണം. ഇതിനോടൊന്നിച്ച് മൂന്നാമത്തെ വീടിന്റെ Site Plan കൊടുത്തിട്ടുണ്ട്. പലപ്പോഴും പ്രശ്നങ്ങൾ വരുമ്പോൾ മാത്രമാണ് ഈ വക കാര്യങ്ങൾ ശ്രദ്ധിക്കുന്നത്. അതു വളരെ സങ്കടകരമായ കാര്യമാണ്●

**വാസ്തു സംബന്ധമായ എല്ലാ സംശ യങ്ങളും എല്ലാ മാസവും 10ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാ ണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവ നം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

# മാതാപിതാക്കളും, മക്കളും അറിയേണ്ടത്

ഡോ. എൻ. ഗോപിനാഥൻ നായർ (ഫോൺ: 92492 05553)

## കാലം മാറി, കഥ മാറി

പൈതൃക സമ്പത്തായി നമുക്ക് ലഭിച്ച നമ്മുടെ സംസ്കാരം പതിനായിരത്തിലേറേ വർഷങ്ങൾ പഴക്കമുള്ളതാണ്. ഈ പാരമ്പര്യം നമുക്ക് വളരെയധികം അഭിമാനിക്കാനുള്ള വക നൽകുന്നു. ഭാരതീയ പൈതൃക സന്ദേശങ്ങൾ നമ്മുടെ തലമുറ അടുത്ത തലമുറക്ക് പകർന്ന് നൽകേണ്ടത് ഒരോ മാതാപിതാക്കളുടെയും, ഗുരുക്കന്മാരുടെയും , കടമയും ദൌത്യവുമാണെന്ന് നാം മറക്കരുത്. വിദ്യാലയങ്ങളിൽ നിന്നും കുട്ടികൾക്ക് വളരെ പരിമിതമായ അറിവ് ലഭിക്കാനെ സാധ്യതയുള്ളൂ. പരിമിതമായ ഈ അറിവ് പോലും പൂർണ്ണമായി ഉൾക്കൊള്ളാൻ ആവശ്യമായ മാനസികാവസ്ഥ കുട്ടികളിൽ സൃഷ്ടിക്കേണ്ടത് മാതാപിതാക്കളുടെ ഉത്തരവാദിത്വമാണ്.

നാം കടന്നുപോകുന്ന ഈ കാലഘട്ടം അധർമ്മവും, അനീതിയും, അഴിമതിയും, ഭീകരവാദവും കൊടികുത്തി വാഴുന്നതാണ്. എന്താണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്? എവിടെയാണ് നാം ഇപ്പോൾ എത്തിനിൽക്കുന്നത്? വിലകൊടുത്തു വാങ്ങിയ വ്യാജബിരുദ സർട്ടിഫിക്കറ്റുകളുപയോഗിച്ച് ഡോക്ടർമാരും എൻജിനീയർമാരും, വക്കീലന്മാരും മാത്രമല്ല വിദ്യാഭ്യാസരംഗത്ത് ചാൻസലർമാർ വരെയുള്ള ഉന്നതപദവികളിൽ എത്തുന്നു. കുറുക്കുവഴികളിലൂടെ സ്ഥാനമാനങ്ങൾ നേടാനും പണം സമ്പാദിക്കാനുമുള്ള ആർത്തിയും മത്സരവുമാണ് ഇന്നു നാം എവിടെയും കാണുന്നത്. ഇത് തുടർന്നാൽ സമൂഹത്തിൽ ദൂരവ്യാപകമായ നാശനഷ്ടങ്ങളും ദുരന്തങ്ങളും സംഭവിക്കുമെന്നതിൽ സംശയമില്ല നമ്മുടെ കുട്ടികൾ തിന്മയുടെ മാർഗ്ഗത്തിലേക്ക്, ലോകത്തിലേക്ക് പോകാതിരിക്കാൻ നാം എന്താണ് ചെയ്യേണ്ടത് ?. പിൽക്കാലത്ത് അവർ നമ്മളെ കുറ്റപ്പെടുത്താനും നമുക്ക് കുറ്റബോധം തോന്നാനുമുള്ള അവസരങ്ങൾ ഉണ്ടാകാതെ നോക്കണം. ഭാവി തലമുറ കഴിഞ്ഞു പോയ തലമുറയെ സ്നേഹത്തോടെ, ആദരവോടെ, അഭിമാനത്തോടെ ഓർമ്മിക്കപ്പെടാൻ ഇടവരുത്തണം.

## നന്മകളിലൂടെ വഴിനടത്തണം

ഭാരതത്തിലെ ഋഷി പരമ്പര നമുക്ക് ഉപദേശിച്ചു തന്നിട്ടുള്ളതെന്താണ്?

'സത്യം വദഃ ധർമ്മം ചരഃ' സത്യം മാത്രം പറയണം, ധർമ്മ മാർഗ്ഗത്തിലൂടെ മാത്രം ജീവിതം നയിക്കണം. 'സത്യ മേവ ജയതേ' എന്ന വാക്യം ഋഷി പ്രോക്തമാണ്. ജീവിത ലക്ഷ്യത്തിലെത്താനുള്ള നേരായ മാർഗ്ഗം എന്താണെന്ന് മനസ്സിലാക്കി പ്രവർത്തിയിൽ കൊണ്ടുവരണം. നന്മതിന്മകൾ തിരിച്ചറിയാനുള്ള കഴിവുകൾ ഉണർത്തണം. ജിവിത വിജയം നേടാൻ മക്കളിൽ ഇച്ഛാശക്തിയും, ജ്ഞാന ശക്തിയും, ക്രീയാശക്തിയും വളർത്തിയെടുക്കണം.

ശൈശവത്തിൽ മൂന്നാം വയസ്സു മുതൽ പഠിക്കാനും പഠിപ്പിക്കാനും ആരംഭിക്കണം. കഥകളിൽ നിന്നുമുള്ള സന്ദേശങ്ങളും അനുഭവങ്ങളിലൂടെ പഠിച്ച പാഠങ്ങളും പറഞ്ഞുകൊടുക്കണം.

6 വയസ്സാകുന്നതോടെയാണ് കുട്ടികൾ സംശയങ്ങൾ തീർക്കാനായി ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങുന്നത്. അതിനു സത്യസന്ധമായി, യുക്തിയുക്തമായി ഉത്തരങ്ങൾ നൽകണം.

വളരെ നിർണ്ണായകമായ ഒരു ഘട്ടത്തിലേക്കാണ് 9-10 വയസ്സാകുമ്പോൾ എത്തിച്ചേരുന്നത്. അപ്പോൾ മുതിർന്നവരോട് വാദിക്കാനും തർക്കിക്കാനുമുള്ള വാസന ഉണ്ടാകാനുള്ള സാധ്യത കാണുന്നു.വളരെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ട സമയമാണിത്. ഉപദേശങ്ങൾ സ്വീകരിക്കാനും അഭിപ്രായങ്ങളെ ആദരിക്കാനുമുള്ള മാനസികാവസ്ഥയിലേക്ക് അവരെ നയിക്കണം. അവർക്ക് സമയമുള്ളപ്പോൾ നമുക്ക് സമയമുണ്ടാകണം, അവർക്ക് സമയമില്ലാത്തപ്പോൾ നമ്മൾ പറയുന്നത് ശ്രദ്ധിക്കുകയോ ഉപദേശങ്ങൾ സ്വീകരിക്കുകയോ അവ പ്രാവർത്തികമാക്കുകയോ ചെയ്യാനുള്ള സാധ്യത വളരെ കുറവാണ്.

അവരുടെ ബാല്യകാലത്ത് നാം ചെയ്യേണ്ടത് ചെയ്യാതെ അവർക്ക് കിട്ടേണ്ടത് കിട്ടാത്ത അവസ്ഥ വന്നാൽ പ്രശ്നസാധ്യതകൾ കൂടുന്നു.

വയസ്സ് 13-14 ലേക്ക് കടക്കുമ്പോൾ മുതിർന്നവരെ നിഷേധിക്കാനും ഒരു പക്ഷെ വെല്ലുവിളിക്കാനുമുള്ള സാധ്യതകൾ ഉണ്ടാകാം. ഈ സമയത്ത് മാതാപിതാക്കളെക്കാൾ സ്വാധീനം മറ്റുള്ളവർക്കായിരിക്കാം, സുഹൃത്തുക്കളും, സഹവാസികളുമടക്കം.

വിദ്യാലയങ്ങളിൽ കുട്ടികൾക്ക് ജീവിത മൂല്യങ്ങൾ പകർന്നുനൽകുന്നതിന് അദ്ധ്യാപകർക്ക് വളരെ പരിമിതികളുണ്ട്. ആഴ്ചയിൽ 25 മണിക്കൂറാണ് കുട്ടികൾ സ്കൂളിൽ സമയം ചിലവിടുന്നത്. ബാക്കി 143 മണിക്കൂർ വീട്ടിലും പുറത്തുമായി ചിലവിടുന്നു. അപ്പോൾ മൂല്യാധിഷ്ഠിത അറിവുകൾ, മാതാപിതാക്കൾ, ബന്ധുക്കൾ സുഹൃത്തുക്കൾ എന്നിവരിൽ നിന്നാണ് ലഭിക്കേണ്ടത്. പരന്ന വായനയിലൂടെ വളരെയധികം കാര്യങ്ങൾ അറിവ് നേടാന് സാധിക്കും.

കുടുംബാംഗങ്ങളും കൂട്ടുകാരും കുട്ടികളുടെ സ്വഭാവരൂപികരണത്തിലും അറിവ് സമ്പാദനത്തിലും അങ്ങിനെ ഭാവി ജിവിതം കരുപ്പിടിപ്പിക്കുന്നതിലും വലിയ പങ്ക് വഹിക്കുന്നു. കുടുബാംഗങ്ങൾക്കിടയിലെ സ്നേഹബന്ധങ്ങളും നന്മ നിറഞ്ഞ ചിന്തകളും പ്രവർത്തികളും അതിനെല്ലാം അടിസ്ഥാനമായ ഈശ്വരവിശ്വാസവും അതിനോടു ബന്ധപ്പെട്ട ചടങ്ങുകളിൽ പങ്കെടുക്കുന്നതും ആവശ്യമാണ്. ഇവിടെയാണ് മാതാ പിതാ ഗുരു ദൈവം എന്ന ചൊല്ലിന് പ്രസക്തി. ഇവരെല്ലാവരും ദൈവത്തിന് സമാനരായി കണ്ട് ആദരിക്കപ്പെടെണ്ടാവരാണ്. മുതിർന്നവരെ ആദരിക്കുകയെന്നത് ഭാരതീയ സംസ്കാരത്തിലധിഷ്ഠിതമായ പ്രവർത്തിയാണ്. ഇതിനാലാണ് മുതിർന്നവരെ കാൽ തൊട്ട് വണങ്ങി അനുഗ്രഹം വാങ്ങുന്നത്. പ്രത്യേകിച്ചും ശുഭ കാര്യങ്ങൾക്കായി ഇറങ്ങിതിരിക്കുന്നതിനുമുൻപായി മാതൃ ദേവോഭവഃ, പിതൃ ദേവോഭവഃ, ആചാര്യ ദേവോഭവഃ, അതിഥി ദേവൊഭവഃ, എന്ന ആപ്ത വാക്യങ്ങൾ ഓർമ്മിക്കുക. അവസരം വരുമ്പോളെല്ലാം മക്കളെ അനുമോദിക്കാനും അനുഗ്രഹിക്കാനും മടിക്കരുത് . മുതിർന്നവരുടെ ഉപദേശം തേടാനും സഹായം നൽകാനുമുള്ള സാഹചര്യം ഉണ്ടാക്കണം. മാതാപിതാക്കൾ തങ്ങളുടെ നന്മയും സുരക്ഷയുമാണ് ആഗ്രഹിക്കുന്നതെന്നും അതിനുവേണ്ടി ത്യാഗങ്ങൾ സഹിക്കുന്നു എന്നും മക്കൾക്ക് ബോധ്യപ്പെടണം. മനസ്സ് തുറന്ന് ആത്മവിശ്വാസത്തോടെ തങ്ങളോട് സംസാരിക്കാൻ അച്ഛനമ്മമാർ അവസരമൊരുക്കണം. ചെറിയ തെറ്റുകൾക്ക് , കുറ്റങ്ങൾക്ക് കോപിക്കുകയോ ശിക്ഷിക്കയോ ചെയ്യാതെ സ്നേഹപൂർവ്വം ഉപദേശിച്ച് തെറ്റുകൾ തിരുത്താൻ അവരെ പ്രേരിപ്പിക്കണം.

വാർദ്ധക്യത്തിൽ മാതാപിതാക്കളെ സംരക്ഷിക്കേണ്ടത് തങ്ങളുടെ ധർമ്മവും കടമയുമാണെന്ന് മക്കളെ ബോധ്യപ്പെടുത്താൻ ശ്രമിക്കണം. അതിനായി അനാഥാലയങ്ങളും, വൃദ്ധസദനങ്ങളും കുട്ടികളോടൊപ്പം സന്ദർശിക്കാനും അന്തേവാസികൾക്ക് ആവുന്നത്ര സഹായങ്ങൾ നൽകാനും സമയം കണ്ടെത്തണം ഇതിലൂടെ അവരിൽ,സ്നേഹം കാരുണ്യം,ദയ, സേവനചിന്ത, അഭിമാനം,ആത്മസംതൃപ്തി, സഹാനുഭൂതി, തുടങ്ങിയ മാനുഷിക വികാരങ്ങൾ ഉണർത്താൻ കഴിയുന്നു. ഈ ഭൂമിയിൽ സമ്പത്തും സുഖലോലുപതയും മാത്രമല്ലെന്നും ദാരിദ്രവും, ദുരിതങ്ങളും രോഗങ്ങളും അനുഭവിക്കുന്നവരുണ്ട് എന്നറിയുന്നതും അവരുടെ മനസ്സിനെ ആഴത്തിൽ സ്പർശിക്കാൻ ഇടവരും.

## സ്നേഹവും ത്യാഗവും

രണ്ടും പരസ്പര പൂരകങ്ങളാണ് കാരണം സ്നേഹമുള്ളിടത്തെ ത്യാഗ മനോഭാവമുണ്ടാവുകയുള്ളു. അതില്ലാത്തിടത്ത് പകരമുണ്ടാകുന്നത് സ്വാർത്ഥതയും പാരുഷ്യവും അസൂയയുംമാണ്.

സ്നേഹം പ്രകടിപ്പിക്കാൻ പല മാർഗ്ഗങ്ങളുണ്ട്, എന്നാൽ ത്യാഗത്തിലൂടെയുള്ള സ്നേഹപ്രകടനമാണ് ഏറ്റവും ഉത്കൃഷ്ടമായിട്ടുള്ളത്. സ്നേഹം എന്ന വികാരം വ്യക്തികളോടോസമൂഹത്തോടോ അതല്ലെങ്കിൽ രാജ്യത്തിനോടോ ആകാം. വ്യക്തികളിൽ അച്ഛനമ്മമാരും, മക്കളും തമ്മിൽ മുതിർന്നവരും കുട്ടികളും തമ്മിൽ, സുഹൃത്തുക്കൾ തമ്മിൽ സ്നേഹബന്ധങ്ങൾ ഉടലെടുക്കുന്നു. ഈ തലത്തിൽ നിന്നാണ് സമൂഹസ്നേഹവും രാജ്യസ്നേഹവും രൂപപ്പെടുന്നുതും തന്മൂലം ജിവിതത്തിൽ എല്ലാ രംഗത്തും ത്യാഗ മനസ്ഥിതിയോടെ പ്രവർത്തിച്ച് കഷ്ടനഷ്ടങ്ങൾ സഹിച്ചാണെങ്കിലും മഹാത്മാക്കളായവർ നമ്മുടെ സമൂഹത്തിലുണ്ട്.

ബാല്യത്തിലും കൗമാരത്തിലും മക്കളുടെ സംരക്ഷണത്തിനും അവരുടെ ഭാവി ശോഭനമാക്കാനുമായി തങ്ങളുടെ സുഖസൗകര്യങ്ങൾ ഉപേക്ഷിക്കുകയും, പട്ടിണിയും രോഗാവസ്ഥയും സഹിച്ച് അദ്ധ്വാനിക്കുകയും ചെയ്യുന്നത് അസാധാരണമല്ല. ഇത് തിരിച്ചറിഞ്ഞ മക്കള് ഉന്നതങ്ങളിലെത്തുമ്പോൾ

സ്വന്തം മാതാപിതാക്കളെ ഉചിതമായി സംരക്ഷിച്ച്, വാർദ്ധ്യകൃത്തിൽ സംതൃപ്ത ജീവിതം നയിക്കാൻ പ്രാപ്തരാക്കുന്നു. മറിച്ചു സംഭവിക്കുന്നതും ഈ കാലഘട്ടത്തിൽ നമ്മൾ നേരിട്ടും പത്ര ദൃശ്യ മാധ്യമങ്ങളിലൂടേയും കാണാനും ഇടവരുന്നു. സമൂഹത്തിൽ ഇങ്ങനെ സംഭവിക്കാതിരിക്കാൻ നമ്മൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## വീടുവിട്ടോടുന്ന തലമുറ

പീഡനം എന്ന വാക്ക് ഇപ്പോൾ സർവ്വസാധാരണമായി ഉപയോഗിക്കാനിടവരുന്നു. മാധ്യമങ്ങളിൽ ഇത് ദിവസവും കാണുന്നു കേൾക്കുന്നു. സ്ത്രീകളും കുട്ടികളുമാണ് പ്രധാന ഇരകൾ. പുരുഷന്മാരും ഇപ്പോൾ ഇരകളാകുന്നത് അപൂർവ്വമല്ല. നമുക്ക് കുട്ടികളുടെ കാര്യമെടുക്കാം പ്രത്യേകിച്ചും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ കാര്യം. അവർ പ്രണയകുടുക്കിൽപ്പെട്ട് കാമുകനോടൊപ്പം വീട് വിട്ട് മാതാപിതാക്കളെ ഉപേക്ഷിച്ച് ഒളിച്ചോടുന്നു. ഒടുവിൽ ചതിയിലും വഞ്ചനയിലും പെട്ട് എത്തിചേരുന്നത് തെരുവിലോ പെൺവാണിഭക്കാരുടെ കയ്യിലോ ആകാം, അല്ലെങ്കിൽ കൊലപാതകത്തിലോ, ആത്മഹത്യയിലോ ആകാം . ആൺകുട്ടികളാണെങ്കിൽ മദ്യത്തിനും, മയക്കുമരുന്നിനും അടിമപ്പെടുന്നു. അവർ ലൈംഗിക പീഡനത്തിന് ഇരകളാകുന്നതും ഇന്ന് സർവസാധാരണമായിരിക്കുന്നു. എന്തുകൊണ്ട് ഇങ്ങനെയെല്ലാം സംഭവിക്കുന്നുവെന്ന് ചിന്തിക്കണം.

കൂട്ടുകുടുംബങ്ങളുടെ സ്ഥാനം ഇന്ന് അണുകുടുംബങ്ങളുടെ അവസ്ഥയിലേക്ക് മാറിയിരിക്കുന്നു. തൻമൂലം കുട്ടികൾക്ക് മുതിർന്നവരിൽ നിന്നും ലഭിക്കേണ്ട സ്നേഹവാത്സല്യങ്ങളും ആശ്വാസവചനങ്ങളും നഷ്ടമായിരിക്കുന്നു . അന്യ സ്ഥലങ്ങളിൽ വസിക്കുന്ന കുടുംബങ്ങളിലെ കുട്ടികൾ അവധിക്കാലം ആഘോഷിക്കാൻ നാട്ടിലെ തറവാട്ടിലെത്തി മുതിർന്നവരുമായി ഇടപഴകാനുള്ള അവസരങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് സ്ഥിതി വ്യത്യസ്തമാണ് കാരണം. അവധിക്കാലങ്ങൾ പ്രവേശന പരീക്ഷകളിലും സ്പെഷ്യൽ ക്ലാസുകളിലും മറ്റു കലാ കായിക പരിപാടികളിലും പങ്കെടുക്കാനായി ചിലവിടുന്നു.

കുട്ടികൾക്ക് കുടുംബത്തിൽ, സ്നേഹവും, സന്തോഷവും, വിശ്വാസവും നഷ്ടപ്പെടുന്നതാവാം ഓടിപോകുന്നതിന്റെ പ്രധാന കാരണം. മുതിർന്നവരിൽ നിന്നും നേരിടുന്ന വേദനാ ജനകവും അസഹനീയവുമായ പെരുമാറ്റവും, കുടെ ദാരിദ്ര്യവും കഷ്ടപ്പാടുകളും അനുഭവിക്കുന്നതുമാകാം പുറം ലോകത്തിൽ നിന്നോ(ചുറ്റുപാടുകൾ) പരന്ന വായനയിലൂടെയോ അറിവുകൾ ലഭിക്കുന്നില്ല. അതിനാൽ ഈ ലോകത്തിൽ നടക്കുന്ന നന്മതിന്മകളെ തിരിച്ചറിയുന്നില്ല. അധിക സമയവും ചിലവിടുന്നത് ടി.വി യുടെ മുമ്പിലാണ്. കോമിക്കുകളും, അല്ലെങ്കിൽ കുടുംബകലഹങ്ങളും പീഡനങ്ങളും നിറഞ്ഞ സീരീയലുകളുമാണ് വിഷയം. ഇന്റർനെറ്റ് ഉപയോഗം നേർവഴിക്കല്ലെങ്കിൽ അബദ്ധങ്ങളിലും അപകടങ്ങളിലും ചെന്നു ചാടാൻ സാധ്യതയുണ്ട്. അമിതമായ സമ്പത്തിലൂടെ ആഡംബരത്തിലും, സുഖലോലുപതയിലും ജീവിക്കുന്ന കുട്ടികൾ നേരം പോക്കിനുവേണ്ടി അല്ലെങ്കിൽ thrill, excitement; adventure മുതലായ മാനസികാവസ്ഥയിലൂടെ വഴി തെറ്റാൻ അവസരമുണ്ടാകുന്നു. ലവ് ജിഹാദ് എന്ന പദപ്രയോഗം ഈ അടുത്ത കാലത്ത് മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. അത് സമൂഹത്തിലൂണ്ടാക്കുന്ന പ്രശ്നങ്ങൾ നിസ്സാരമായി തള്ളിക്കളയരുത്.

ഈ സാഹചര്യങ്ങളിൽ മാതാപിതാക്കളുടെ ശ്രദ്ധാപൂർവ്വമായ നിരീക്ഷണം കുട്ടികളിലുണ്ടാവണം. ആരംഭത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കണം. നല്ല കാര്യങ്ങൾക്കുവേണ്ടി സമയം ചിലവഴിക്കാൻ സഹായിക്കണം. കല, കായികരംഗങ്ങളിൽ വാസനയും കഴിവുമുള്ളവരെ പ്രോത്സാഹിപ്പിച്ച് വളർത്തിക്കൊണ്ടുവരണം. നല്ല കഴിവുള്ളവരെ നല്ല വഴികളിലൂടെ നയിച്ച് ഉയരങ്ങളിലെത്താൻ, ലക്ഷ്യം നേടാൻ സഹകരിച്ച് സഹായിക്കണം.

കുടുംബത്തിൽ ആഘോഷങ്ങൾ നടത്തുമ്പോൾ , അതിഥികൾക്ക് സമൃദ്ധമായി ഭക്ഷണം വിളമ്പുമ്പോൾ, ഓർക്കേണ്ടത് അനാഥാലയങ്ങളും, വൃദ്ധസദനങ്ങളുമാണ്. കുട്ടികൾ ഈ സ്ഥാപനങ്ങൾ സന്ദർശിച്ച് ജീവിതത്തിന്റെ മറ്റൊരു വശം കാണാൻ സാധിക്കണം. സ്നേഹിക്കാനും, ലാളിക്കാനും മാതാപിതാക്കളില്ലാത്ത ഇഷ്ട ഭക്ഷണം ലഭിക്കാൻ സാധിക്കാത്ത അനാഥ കുട്ടികൾ, മരണം കാത്തു കഴിയുന്ന വൃദ്ധ ജനങ്ങൾ, ഇവരെല്ലാം കുട്ടികളുടെ ചിന്തകളെയും, പ്രവൃത്തികളെയും സ്വാധീനിക്കും. തങ്ങളും ഒരു കാലത്ത് അവരെ പ്പോലെ വൃദ്ധരാവുമെന്നും അപ്പോൾ മറ്റുള്ളവരുടെ പരിചരണം ആവശ്യമായി വരുമെന്നും തിരിച്ചറിവുണ്ടാകും. ചുരുക്കത്തിൽ ജീവിത സത്യങ്ങൾ എന്താണെന്ന് കാണാനും, കേൾക്കാനും, ചിന്തിക്കാനും ചർച്ച ചെയ്യാനുമുള്ള അവസരങ്ങൾ ഉണ്ടാക്കണം●

# വെള്ളിനക്ഷത്രം എന്ന ശുക്രഗ്രഹം

സി. രാമചന്ദ്രൻ (ഫോൺ: 99958 20684)

ബുധൻ കഴിഞ്ഞാൽ സൂര്യനിൽ നിന്ന് അടുത്ത രണ്ടാമത്തെ ഗ്രഹമാണ് ശുക്രൻ. ഭൂമിയോട് ഏറ്റവും അടുത്ത ഗ്രഹവും ശുക്രൻ ആണ്. അതുകൊണ്ടുകൂടിയാണ് ശുക്രനെ ചന്ദ്രൻ കഴിഞ്ഞാൽ രാത്രിയിലെ ഏറ്റവും പ്രകാശവത്തായ ഗോളമായി കാണാനാവുന്നത്. സൾഫ്യൂരിക് ആസിഡ് പുകയും കാർബൺഡൈഓക്സൈഡും അടങ്ങിയ കട്ടിയുള്ള അന്തരിക്ഷത്തിൽ തട്ടി സൂര്യരശ്മി നന്നായി പ്രതിഫലിക്കുന്നതും ശുക്രന്റെ തിളക്കത്തിന് കാരണമാണ്. ശുക്രന്റെ ഈ അന്തരീക്ഷത്തിന് ഹരിതവാതകപ്രഭാവമുള്ളതിനാൽ അത് സൂര്യതാപത്തെ പിടിച്ചുനിറുത്തും. അതുകൊണ്ട് അന്തരീക്ഷത്തിന്റെ താപനില 480 ഡിഗ്രി സെൽഷ്യസ് വരെ ഉയരും. ഈയം ഉരുകുവാൻ വേണ്ടത്ര ഊഷ്മാവാണ് ഇത്. സൂര്യനോട് ഏറ്റവും അടുത്തുള്ള ബുധന്റെ ഉപരിതല ഊഷ്മാവിനേക്കാൾ കൂടുതലാണിത് എന്നു ശ്രദ്ധിക്കുക. അന്തരീക്ഷം പുക പോലെ ആയതിനാൽ ശുക്രന്റെ ഉപരിതലം ടെലസ്കോപ്പിലൂടെ ഗലിലിയോ ആണ് ശുക്രനെ ആദ്യമായി നിരീക്ഷിച്ചത്. അന്നത്തെ ടെലസ്കോപ്പ് ഇന്നത്തെ നിലയിൽ വളരെ പ്രാകൃതമായിരുന്നു. എങ്കിൽപോലും ചന്ദ്രന്റേതുപോലുള്ള വൃദ്ധി വൃദ്ധിക്ഷയങ്ങൾ ശുക്രനുമുണ്ടെന്ന കാര്യം അദ്ദേഹം നിരീക്ഷിച്ചു. ഊഷ്മാവ് അസ്സഹനീയവും അന്തരീക്ഷം ധൂമസമാനവുമാകയാൽ ശുക്രനിൽ ജൈവസാന്നിധ്യത്തിനു സാധ്യതയില്ല.

സൂര്യന്റെയും ഭൂമിയുടെയും ഇടയിൽ സ്ഥിതിചെയ്യുന്നതിനാൽ ബുധനെ എന്നപോലെ ശുക്രനെയും രാത്രിയുടെ മധ്യയാമങ്ങളിൽ കാണാനാവുകയില്ല. ഏഴു മാസത്തിലൊരിക്കൽ ഏതാനും ആഴ്ചകളോളം ഇതിനെ സൂര്യാസ്തമനം കഴിയുമ്പോൾ പടിഞ്ഞാറെ ചക്രവാളത്തിൽ കാണാം. ഗ്രീക്കുകാർ പണ്ട് അതിനെ സന്ധ്യാനക്ഷത്രമെന്നു വിശേഷിപ്പിച്ചിരുന്നു. മൂന്നരമാസം കഴിയുമ്പോൾ ഏതാനും ആഴ്ചകളോളം ഇതിനെ ഉദയത്തിനു മുമ്പ് കിഴക്കേ ചക്രവാളത്തിൽ കാണാൻ കഴിയും. ഉദയതാരക എന്നറിയപ്പെട്ടിരുന്നു. പകൽ സമയത്ത് സൂര്യപ്രഭാവമുള്ളതിനാൽ നമുക്ക് ഗ്രഹങ്ങളെ എന്നല്ല നക്ഷത്രങ്ങളെയും കാണാൻ കഴിയുകയില്ല. എന്നാൽ രാത്രിയുടെ മധ്യയാമങ്ങളിൽ ശുക്രനെ കാണാൻ കഴിയാത്തതിനു കാരണം ബുധനെക്കുറിച്ചു പറയുമ്പോൾ വ്യക്തമാക്കിയിട്ടുണ്ട്. സൂര്യനാണ് പ്രപഞ്ചകേന്ദ്രത്തിൽ എന്നു സ്ഥിരീകരിക്കുവാൻ കോപ്പർനിക്കസിനു കഴിഞ്ഞത് ബുധന്റെയും ശുക്രന്റെയും ഈ പ്രത്യേകതകൊണ്ടാണ്.

ഭൂമിയുടെ സഹോദരി എന്ന് ജ്യോതിശാസ്ത്രജ്ഞർ ശുക്രനെ വിശേഷിപ്പിക്കാറുണ്ട്. ഭൂമിയോടടുത്ത വലുപ്പവും ദ്രവ്യമാനവും ഇതിനുള്ളതുകൊണ്ടാണത്. സൂര്യനെ വലം വയ്ക്കുവാൻ ഇത് 225 ദിവസങ്ങളെടുക്കും. എന്നാൽ സ്വന്തം അച്ചുതണ്ടിൽ ഒരു പ്രാവശ്യം തിരിയുവാൻ 243 ദിവസങ്ങളെടുക്കും. ഇതുമൂലം ഒരു ദിവസത്തിന്റെ ദൈർഘ്യം ഒരു വർഷത്തിന്റെ ദൈർഘ്യത്തേക്കാൾ കൂടുതലാണ്. തിരിയുന്നതും വിപരിത ദിശയിൽ കിഴക്കു നിന്ന് പടിഞ്ഞാറേക്കാണ് സൂര്യൻ പടിഞ്ഞാറുദിച്ച് കിഴക്ക് അസ്തമിക്കും എന്നു ചുരുക്കം. ഭൂമിയോട് ഏറ്റവും അടുത്തു വരുമ്പോൾ അത് നാലര കോടി കി. മീറ്റർ അകലെ ആയിരിക്കും.

ശുക്രന്റെ ഉപരിതല അന്തരീക്ഷം സുതാര്യമല്ല എന്നു പറഞ്ഞുവല്ലോ. എന്നാൽ സോവ്യറ്റ് യൂണിയന്റെയും (ഇന്ന് റഷ്യ) അമേരിക്കയുടെയും ബഹിരാകാശപേടകങ്ങൾ അതിനുള്ളിലേക്ക് ഊളിയിട്ടിറങ്ങി ഉപരിതല ചിത്രങ്ങളെടുത്തയച്ചിട്ടുണ്ട്. ഒരു കാലത്ത് ഭൂമിയുടെ അന്തരീക്ഷത്തിലും കാർബൺഡൈ ഓക്സൈഡിന്റെ അളവ് വർദ്ധിത തോതിലായിരുന്നു. ഭൂമിയിലുള്ള കാർബൺഡൈ ഓക്സൈഡ് സസ്യജാലകങ്ങളും വനങ്ങളുമുണ്ടായതോടെ ഇംഗാലസാത്മീകരണ (Photosynthesis) ത്തിലൂടെയും ജന്തുക്കളുടെ ആഹാരത്തിലൂടെയും കടൽ ജലത്തിലെ ലയനത്തിലൂടെയും നിയന്ത്രിക്കപ്പെട്ടു. മാത്രമല്ല കല്കരിയായും പെട്രോളായും മാർബിളായും മറ്റും അധികമുള്ളത് ഭൂമിക്കടിയിൽ ഗുപ്തമാകുകയും ചെയ്തു. ഇന്ന് അതെല്ലാമെടുത്ത് പുനരുപയോഗം ചെയ്യുന്നതുകൊണ്ടാണ് സമതുലിതാവസ്ഥയ്ക്കു ഭംഗം വരുന്നതും ആഗോളതാപമെന്ന അത്യാപത്തിലേയ്ക്കു നീങ്ങുന്നതും.

ഭൂമിയിലുള്ളതുപോലുള്ള പാറകൾ, പ്രത്യേകിച്ചും ലാവ ഉറഞ്ഞുണ്ടാകുന്നതുപോലുള്ളത് ശുക്രന്റെ ഉപരിതലത്തിലുമുണ്ട്. കുന്നുകളും മലകളും

പീഠഭൂമികളും അവിടെ ഉള്ളതായി കാണുന്നുണ്ട്. ഭീമാകാരങ്ങളായ ഉല്കകൾ ഇടിച്ചുണ്ടായതെന്നു കരുതാവുന്ന ഗർത്തങ്ങളുണ്ട്. ഇത്തരം ആഘാതങ്ങളുടെ സമയത്ത് ഉള്ളിൽ നിന്നു സ്രവിച്ചതെന്നു കരുതാവുന്ന ലാവയും പ്രതലത്തിൽ കണ്ടിട്ടുണ്ട്. അനവധി അഗ്നിപർവ്വതങ്ങൾ ശുക്രനിലുണ്ട്. അവിടെ മഴയും മഞ്ഞുമില്ല. ചൂടും തണുപ്പും മാത്രം.

സൂര്യന്റെയും ഭൂമിയുടെയും ഇടയിൽ നില്ക്കുന്നതുകൊണ്ട് ബുധനുള്ളതു പോലെയുള്ള സംതരണം ശുക്രനുമുണ്ട്. കൃത്യമായ ഇടവേളകളിൽ സൂര്യഗ്രഹണംപോലെ സംഭവിക്കുന്ന ഈ പ്രതിഭാസം ടെലസ്കോപ്പിന്റെ കണ്ടു പിടിത്തത്തിനു ശേഷം മാത്രമേ ശാസ്ത്രത്തിന്റെ അറിവിൽ ഉണ്ടായിട്ടുള്ളു. ഭൂമിയിൽ നിന്ന് ശുക്രനിലേക്കുള്ള ദൂരം കൃത്യമായി അളക്കുവാൻ ഈ സംതരണ സമയത്തെ വാനനിരീക്ഷകർ ഫലപ്രദമായി ഉപയോഗിച്ചിട്ടുണ്ട്.

ഗ്രീക്കുകാർ അവരുടെ സൗന്ദര്യദേവതയുടെ പേരാണ് ശുക്രനു നൽകിയിരുന്നത് വീനസ്. ആകാശത്ത് ഏറ്റവും അഴകുള്ള ഒരു നക്ഷത്രം പോലെ ശോഭിക്കുന്ന ശുക്രനു നൽകിയ ഉചിതമായ പേര്, വെള്ളിനക്ഷത്രം എന്നു നമ്മുടെ സങ്കല്പവും അതിനോടു യോജിക്കും. ശുക്രന്റെ ഉപരിതലത്തിലെ കുന്നുകൾക്കും കുഴികൾക്കുമെല്ലാം അന്താരാഷ്ട്ര ജ്യോതിശാസ്ത്ര യൂണിയൻ പേരുകൾ നൽകിയിട്ടുണ്ട്. അധികവും ഗ്രീക്ക് റോമൻ ഇതിഹാസ കഥാപാത്രങ്ങളുടെയും ദേവൻമാരുടെയും ദേവതമാരുടെയും പേരുകൾ. എന്നാൽ ആദിമ അറബികളുടെയും എസ്കിമോകളുടെയും ദൈവങ്ങളുടെ പേരുകളും നൽകപ്പെട്ടിട്ടുണ്ട്. അഗതാ ക്രിസ്റ്റി, എലിസബത്ത് ബാരറ്റ് തുടങ്ങിയ സാഹിത്യകാരികളുടെ പേരുകളും ഇതിൽ പെടുന്നുണ്ട്. ഉഷസ്സ് എന്ന ഒരു ഗർത്തവും അവിടെയുണ്ട്.

മാരിനർ, വെനേറ, പയനിയർ, വീനസ്സ്, മഗല്ലൻ എന്നിവയാണ് ശുക്രപര്യ വേക്ഷണത്തിനായി വിക്ഷേപിക്കപ്പെട്ട പേടകങ്ങൾ. ശുക്രന്റെ അന്തരീക്ഷത്തിൽ തൊണ്ണൂറ്റമ്പതു ശതമാനത്തിലധികവും കാർബൺ ഡൈ ഓക്സൈഡാണ്. ശേഷിക്കുന്നത് നൈട്രജൻ, ഹൈഡ്രോക്ലോറിക് ആസിഡ്, ജലം, ഹൈഡ്രജൻ സൾഫൈഡ് , ഹൈഡ്രോഫ്ളൂറിക് ആസിഡ് തുടങ്ങിയവയുടെ ബാഷ്പങ്ങളാണ്. അന്തരീക്ഷത്തിന്റെ ഉപരിതലത്തിലാണ് സൾഫ്യൂരിക് ആസിഡിന്റെ കണികകളുള്ളത്. അന്തരീക്ഷമർദ്ദം ഭൂമിയുടേതിന്റെ തൊണ്ണൂറിരട്ടിയിലധികം വരും.

## ശുക്രൻ : അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സൂര്യനിൽ നിന്നുള്ള | |
| ശരാശരി ദൂരം | : 11 കോടി കി. മീറ്റർ |
| പരിക്രമണ കാലം | : 225 ദിവസം |
| ഭ്രമണകാലം | : 243 ദിവസം |
| പരിക്രമണവേഗം | : 35 കി.മീറ്റർ/സെക്കന്റ് |
| ശരാശരി ഉപരിതലതാപം | : 405 ഡിഗ്രി സെൽഷ്യസ് |
| വ്യാസം | : 12100 കി. മീറ്റർ |
| സാന്ദ്രത | : 5 .3 ഗ്രാം / സി.സി• |

# അറിയിപ്പ് - കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

എല്ലാ കരയോഗാംഗങ്ങളും കരയോഗ നിയമാവലി 7 (iii) പ്രകാരവും യോഗമെമ്മോറാണ്ഡം 4 (ആർ) പ്രകാരവും കരയോഗം ജീവകാരുണ്യ സ്ഥിരം ഫണ്ടിലേക്ക് പ്രതിമാസം നൽകേണ്ട **10 രൂപാ** വീതമോ, അല്ലെങ്കിൽ 12 മാസത്തേയ്ക്ക് ഒരുമിച്ച് **120 രൂപയോ** അടയ്ക്കാവുന്നതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. ഇതോടൊപ്പം **2000 രൂപ** ഒറ്റതവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. ഏതെങ്കിലും കരയോഗാംഗങ്ങൾ മേൽസൂചിപ്പിച്ച തുക അടയ്ക്കുവാനുണ്ടെങ്കിൽ **2016-2017 ലെ ജീവകാരുണ്യ സ്ഥിരം ഫണ്ടിലേക്കുള്ള തുകയും മറ്റു കുടിശ്ശികയും ഏപ്രിൽ 30ന് മുൻപ്** അടച്ചു തീർക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി

# വായനയും വിദ്യാഭ്യാസവും

രാധ ദാമോദരൻ (ഫോൺ: 7025169518)

ഭാഗവതവും രാമായണവും വായിച്ച് ഭക്തിയിൽ ലയിച്ച മലയാളി മനസ്സിന് മോക്ഷൈകദായകവും രോഗവിമുക്തകരവുമായ നാരായണീയം പഠനം ആയാസകരമായി. ഭാഷാ പഠനം(മലയാളം) തന്നെ ഏറെ ആയാസകരമായിരുന്നു. സാധാരണ മലയാളിയിലേക്ക് ഔഷധസേവ എന്നമട്ടിലാണ് നാരായണഭട്ടപാദരുടെ നാരായണീയ ശ്ലോകം പകർന്നു നൽകാനിടയായത്.

നാരായണീയത്തിലെ രാമായണ വിവരണഭാഗം വായിച്ചു നോക്കുമ്പോൾ പദായപദ വിവർത്തനത്തിലെ അർത്ഥവൈകല്യങ്ങളെക്കുറിച്ച് ചിന്തിച്ചപ്പോൾ ഭട്ടപാദരുടെ മറ്റു രചനകളെല്ലാം ഒന്നു തുറന്ന് നോക്കിയപ്പോൾ അദ്ദേഹം അമ്പലപ്പുഴ ദേവനാരായണന്റെ നിർദ്ദേശപ്രകാരം രചിച്ച അതി ഗംഭീരപ്രക്രീയാ സർവ്വസ്വമെന്ന കൃതിയെക്കുറിച്ച് ഒരു ഓട്ടവായന നടത്തി. അതിലദ്ദേഹം അറുപതു ദിനം കൊണ്ട് പ്രസ്തുത പ്രബന്ധ രചന (പ്രക്രിയാ സർവ്വസ്വം) പൂർത്തികരിച്ചതായി കണ്ടു. അത് കലിദിനസംഖ്യയിലൂടെയിങ്ങനെ സൂചിപ്പിക്കുന്നു യത്നഫലപ്രസ(1723201) ൽ തുടങ്ങി കൃതതഗര സോദ്യ(1723261) യിൽ അവസാനിക്കുന്നു.

സ്യോഥ കദാചനരാജാ സ്വഗുണൈരാനീയ സന്നിധിം നീത

ത്രിമാതൃദത്തസൂനം നാരായണ സംജ്ഞമശിഷഭവനിസുരം

വൃത്തനചാരുനരൂ നരൂപ സിദ്ധികഥനം

രൂപാവതാരേ പുന;

കാമുഭ്യാമിഷു ചാത്ര നൂത്രലഖിലം

നാസ്ത്യേവ തസ്മാത്ത്വയ,

രൂപാനിതി സമസ്തസൂത്രസഹിതം

സ്പഷ്ടം മിതംപ്രക്രിയ സർവ്വസ്വാഭിഹിതം

എന്ന ശ്ലോകമാണ് രാജസന്നിധിയിൽ വെച്ച് ആവശ്യപ്പെട്ടതനുസരിച്ച് പ്രക്രിയസർവ്വസ്വമെന്ന(ഗ്രാമർ) വ്യാകരണഗ്രന്ഥം എഴുതാനിടയായതെന്ന് സൂചിപ്പിക്കുന്നു. സർവ്വപ്രത്യയം,സുഭദ്രാഹരണം, വാസുദേവവിജയം എന്നീ കൃതികളുടെ കർത്താക്കളായ ശങ്കരൻ, നാരായണൻ പട്ടത്തുഭട്ടതിരിയെന്നിവരെ സ്മരിക്കുന്നതോടൊപ്പം ഭോജരാജാവിനെ 'ദ്വന്ദകലഹയുഗ്മസമാനാദി ഷിതിഭോജ' എന്നു നാമകരണം ചെയ്തു വിശേഷിപ്പിക്കുന്നു. ഭാഷ്യാദിയം കൗമുദിം, ധാതുവൃത്തിയുഗളം ദേവം ഭട്ടകാവ്യം കൂടാതെ ഭോജന്റെ ഉക്തികളും അമരകോശം സംക്ഷിപ്തമായി പ്രകരണം ചെയ്യുകയാണ്.

പ്രക്രിയാ സർവ്വസ്വത്തിൽ ഭട്ടപാദർ വളരെ വിനയാന്വിതനായി 'വിബുധാ വിമത്സരാ ശരണം' എന്ന ശ്ലോകാവസാനം സുചിപ്പിക്കുന്നു. സുബർത്ഥഖണ്ഡാവസാനത്തിൽ 'മറുക്തി സംശോധനകാര്യമർത്ഥയേ' എന്നും താണുകേണപേക്ഷിക്കുന്നു.

പാണ്ഡിത്യത്തിന്റെ പരമകാഷ്ഠയിൽ നിന്നിരുന്ന പണ്ഡിത വരേണ്യൻ ഭട്ടതിരി ഇങ്ങനെ നിമ്ന തടങ്ങളിൽ നിലയുറപ്പിച്ചിരുന്നതായി നാം കാണുന്നു. ഞാനിതുപറയാൻ കാരണം ശ്രീമദ് നാരായണ ഭട്ടതിരിയും പരമഭക്തൻ പൂന്താനവും ഗുരുവായൂർ സന്നിധിയിൽ കണ്ടുമുട്ടുന്നു അവസരമോർത്തിട്ടാണ്. ആ അവസരത്തിലാണല്ലോ തന്റെ ഭാഷാകൃതിയിലുള്ള സന്ദേഹമോചനത്തിനായ്ക്കൊണ്ട് പൂന്താനം ഭട്ടതിരിപ്പാടിനേ സമീപിക്കുന്നതും. അപ്പോൾ താൻ സംസ്കൃതമേ പരിശോധിക്കു എന്നു പറഞ്ഞു പോലും! ഒരിക്കലുമതുണ്ടാകാൻ സാദ്ധ്യതയില്ല! 'അനുദ്ധിതാ സത് പുരുഷാഃ സമൃദ്ധി ഭിഃ 'എന്ന ചൊല്ലിനെ സമർത്ഥമാക്കും വിധം വിനയത്തിന്റേയും ഭക്തിയുടേയും മുകുടമായ ഭട്ടതിരി അങ്ങനെ പ്രതിവചിച്ചിരിക്കാനിടയില്ല. എന്നാൽ സാഹിത്യ ഭാഷാ വേദികളിൽ ഈയൊരു വേർതിരിവുണ്ടായിരുന്നിരിക്കാം. ഭക്തൈ്യകചേതസ്സുകളായ ഇരുവർക്കുമിടയിലിങ്ങനെയൊരു സംഘർഷം ഉണ്ടായിരിന്നിരിക്കാനിടയില്ല എന്നാണ് എന്റെ വിനീതമായ അഭിപ്രായം.

ഇതിനുമൊരനുബന്ധമെന്നവണ്ണം വാത രോഗബാധിതനായ ഭട്ടപാദരോട് സമകാലീനനായ തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛൻ ഉപദ്ദേശിച്ചു പോലും 'മീൻ'തൊട്ടുകൂട്ടാൻ!

ഇതിൽ പൂന്താനത്തിന്റേയും മേൽപ്പത്തൂരിന്റേയും എഴുത്തച്ഛന്റേയും കാലഗണന വ്യത്യസ്ത

മായിരിക്കില്ലേ എന്നും ഞാൻ സന്ദേഹിക്കുന്നു. ഒരു പക്ഷെ എഴുത്തച്ഛനും മുൻപേ പൂന്താനം ഭാഷാ കൃതികൾ എഴുതിതുടങ്ങിയിരിക്കാം. ജ്ഞാനപ്പാനയാണല്ലോ ശ്രീപൂന്താനത്തിന്റെ മാസ്റ്റർപീസ് 'മാളിക മുകളേറിയ മന്നന്റെ തോളിൽ മാറാപ്പു കേറ്റുന്നതും ഭവാൻ' എന്നെഴുതുന്ന ലളിത ശൈലിയുടെ വക്താവായ അദ്ദേഹമെന്തിന് സംസ്കൃത പണ്ഡിതരുടെ സഹായം തേടണം. മാത്രമല്ല പിന്നീടു വന്ന ഭാഷാപ്രേമികൾ ഇങ്ങനെ സംസ്കൃതവും ഭാഷയും തമ്മിലുണ്ടായ മത്സരത്തെ വികൃതമായി ചിത്രീകരിച്ചതുമാകാം.

ഭാഷയുടെ പ്രചാരണത്തിനുവേണ്ടിയാകുമോ ഇങ്ങനെയൊരു പണ്ഡിത സംസർഗ്ഗവും വിഘടനവും അതിന് മദ്ധ്യസ്ഥനായി ഭട്ടപാദരെ പ്രതിഷ്ഠിച്ചതും●

## എറണാകുളം കരയോഗം
## 16.04.2017 മുതൽ 15.05.2017 വരെയുള്ള
## ഏപ്രിൽ മാസ പരിപാടികൾ

| | | | |
|---|---|---|---|
| 16.04.2017 | ഞായർ | 6.00 p.m. | എറണാകുളം കരയോഗം കഥകളി ക്ലബ്ബ് 59-ാമത് വാർഷികവും, അവാർഡ് ദാനവും കഥകളി ; നളചരിതം ഒന്നാം ദിവസം |
| 19.04.2017 | ബുധൻ | 3.00 p.m. | ലളിതാസഹസ്രനാമം ക്ലാസ്സ് |
| 20.04.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 21.04.2017 | | 6.30 p.m. | ബീം പ്രതിമാസ പരിപാടി ; നാടകം ബോംബെ ടെയിലേഴ്സ് |
| 22.04.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| | | 5.00 p.m. | ഭൗമദിനം ഃ പരിസ്ഥിതി അവാർഡ് ദാനം |
| 26.04.2017 | ബുധൻ | 3.00 p.m. | ലളിതാസഹസ്രനാമം ക്ലാസ്സ് |
| 27.04.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 29.04.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 03.05.2017 | ബുധൻ | | കരയോഗം വിഘ്നേശ്വര ക്ഷേത്ര പ്രതിഷ്ഠാദിനം |
| | | 3.00 p.m. | ലളിതാസഹസ്രനാമം ക്ലാസ്സ് |
| 04.05.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 05.05.2017 | വെള്ളി | 10.00 a.m. | ക്യാൻസർ ഡിറ്റക്ഷൻ മെഡിക്കൽ ക്യാമ്പ് |
| 06.05.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 10.05.2017 | ബുധൻ | 3.00 p.m. | ലളിതാസഹസ്രനാമം ക്ലാസ്സ് |
| 11.05.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 13.05.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 14.05.2017 | ഞായർ | 10.00 a.m. | പാർക്കിൻസൺസ് രോഗചികിത്സാക്ലിനിക് |

# നമ്മുടെ ചിന്തകൾ

**എം. രാജലക്ഷ്മി (ഫോൺ: 9995158259)**

ആത്മശോധനാ പരമായി നാം സ്വയം ചോദിയ്ക്കേണ്ട ഒന്നുണ്ട്. 'നാം എന്ത് ചിന്തിക്കുന്നു.'? അതായത് നമ്മുടെ മനസ്സ്, ഉണർന്നിരിക്കുമ്പോൾ നമ്മുടെ ചിന്താമണ്ഡലത്തിൽ കൂടി എന്തെല്ലാം കടന്ന് പോകുന്നു. മനസ്സ് ഒരിക്കലും ശൂന്യമായി ഇരിക്കില്ല സദാ വ്യാപരിച്ചു കൊണ്ടേ ഇരിക്കും. സ്വന്തം ജിവിതാനുഭവങ്ങളോട് ബന്ധപ്പെട്ട വ്യക്തികളോ വിഷയങ്ങളോ ആയിരിക്കും നമ്മുടെ മനസ്സിൽ. നമ്മുടെ സ്വഭാവരൂപികരണത്തിൽ ചിന്തകൾക്ക് വളരെ കൂടുതൽ സ്വാധീനമുണ്ട്. സർഗ്ഗാത്മകമായി ചിന്തിക്കുന്നവരിൽ നിന്ന് തദനുസരണമായ സംഭാഷണവും പ്രവർത്തനവും, മ്ലേഛമായി ചിന്തിക്കുന്നവരിൽ നിന്ന് അധമ പ്രവർത്തനവും സംഭാഷണവും ഉണ്ടാകുന്നു. ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും റോഡരികിൽ നിന്ന് സംസാരിച്ച് നിൽക്കുന്നത് കണ്ടാൽ ഓരോരുത്തരും അവരവരുടെ യുക്തിയ്ക്കനുസരിച്ച് വ്യാഖ്യാനിയ്ക്കുന്നു.

ഒരു മീൻ കച്ചവടക്കാരൻ വെള്ളിയാഴ്ച തോറും ചന്തസ്ഥലത്ത്, അതും ആളുകൾ തടിച്ചുകൂടുന്ന സമയത്ത് തന്റെ രണ്ട് പട്ടികളുമായി എത്തും. ഒരെണ്ണം കറുത്തതും മറ്റേതു വെളുത്തതും. അയാൾ നിർദ്ദേശം നൽകുമ്പോൾ ഏത് പട്ടി ജയിക്കുമെന്ന് ജനം പറയണം. മീൻകാരൻ മറുപക്ഷത്തായി പന്തയം വെച്ച് നിൽക്കും. അയാൾ തന്നെ എന്നും ജയിച്ച് സമ്മാനം വാങ്ങും. എന്നും ഒരു പട്ടിയല്ല ജയിക്കുക ജയം മാറി മാറി വരും എങ്കിലും മീൻകാരന്റെ വാക്കാണ് അന്തിമ വിജയം. ഇതിന്റെ രഹസ്യമെന്തെന്ന് ഒരു ദിവസം അയാളോട് ഒരു സ്നേഹിതൻ ചോദിച്ചു. അയാൾ മറുപടി പറഞ്ഞു കാര്യം simple ജയിക്കണമെന്ന് അയാൾ നിശ്ചയിയ്ക്കുന്ന പട്ടിയ്ക്ക ഒരാഴ്ചക്കാലം നല്ല ഭക്ഷണം നൽകും. മറ്റേതിന് അത്ര തീറ്റകൊടുക്കില്ല കൂടുതൽ ഭക്ഷണം കഴിച്ചു കരുത്താർജ്ജിച്ച നായ സദാ ജയിക്കുന്നു. ഇവിടെ വെളുത്ത പട്ടി നന്മയുടെ പ്രതീകവും കറുത്ത പട്ടി തിന്മയുടെ പ്രതീകവും ആണ് നന്മയും തിന്മയും ആയുള്ള പോരാട്ടം തിന്മയെ പോഷിപ്പിച്ചാൽ അധമ വിചാരങ്ങളും മ്ലേഛപ്രവർത്തനങ്ങളും അനുഭവപ്പെടുന്നു. നേരെ മറിച്ച് നന്മയെ പോഷിപ്പിച്ചാൽ ഉത്തമമായ ചിന്തകളുണർന്ന് സംഭാഷണവും നിരൂപണവും പ്രവർത്തിയും തദനുസരണമായിതീരുന്നു.

നമ്മുടെ ചിന്തകളെ വിലയിരുത്താനും നിയന്ത്രിക്കാനും നമുക്ക് കഴിയണം ഇത് ദൈവദത്തമായ വലിയ അനുഗ്രഹമാണ്. ഇന്ദ്രിയങ്ങളാകുന്ന കുതിരകൾ നാക്ക്, മൂക്ക്, ചെവി ത്വക്ക്, കണ്ണ് , ശബ്ദസ്പർശ രൂപരസ ഗന്ധാദികൾ ഈ അഞ്ചു അനുഭവങ്ങളിലൂടെ നമ്മെ നിയന്ത്രണമില്ലാതെ, കടിഞ്ഞാണില്ലാത്ത കുതിരയെ പോലെ വലിച്ച് ഇഴയ്ക്കുന്നു. മനസ്സ് സദാ ചഞ്ചലം, ബുദ്ധി അചഞ്ചലം ബുദ്ധിസ്ഥാനിയായി ഭഗവാൻ നിന്നാൽ നാം വിവേകപൂർവ്വം ചിന്തിയ്ക്കുന്നു പ്രവർത്തിക്കുന്നു.

മാർട്ടിൻ ലൂതർ പറയുന്നു കാക്ക നമ്മുടെ തലക്ക് മീതെ പറന്ന് പോയേയ്ക്കാം, പക്ഷെ തലയിൽ കൂടുവെക്കാൻ അനുവദിക്കരുത് അങ്ങനെ അധമ ചിന്തകളെ മനസ്സിൽ കുടിയിരുത്തിയാൽ അത് അപകടകരം തന്നെ അതിനുത്തരവാദി നാം തന്നെ മറ്റുള്ളവരെ പഴിപറഞ്ഞിട്ട് കാര്യമില്ല.

നാം ആഗ്രഹിച്ച മേഖലകളിൽ നമുക്ക് എത്താനാകാതെ വരുമ്പോൾ, ഉദ്ദേശിച്ച ഫലം കിട്ടാതെ വരുമ്പോൾ നിരാശയും അപകർഷതാ ബോധവും കടന്ന് വരുന്നു. നമ്മളെക്കാൾ വളരെ കഴിവ് കുറഞ്ഞവർ പെട്ടന്ന് ഉയരുമ്പോൾ അവരുടെ ഉയർച്ചയും നേട്ടങ്ങളും നമ്മുടെ അവസ്ഥയുമായി തുലനം ചെയ്യുന്നു. അയൽവാസിയുടെ ഉയർച്ചയും പദവിയും പല കുടുംബങ്ങളുടെയും സമാധാനവും സന്തോഷവും സ്വയം കെടുത്തുന്നു. പലപ്പോഴും ഭർത്താക്കന്മാരെ ഭാര്യമാർ അഴിമതിക്കാരും കൈക്കൂലിക്കാരുമാക്കി മാറ്റുന്നു. അടുത്ത വീട്ടിൽ കാറു വാങ്ങിയാൽ സ്കൂട്ടറിൽ യാത്രചെയ്യുന്ന ഭാര്യ അസൂയയോടെ ഭർത്താവിനെ കുറ്റപ്പെടുത്തും. നിങ്ങളെ എന്തിനു കൊള്ളാം, 'ങ്ങും, ദേ മനുഷ്യാ, നിങ്ങൾ ഇങ്ങനെ ആണാണെന്ന് പറഞ്ഞ് നടന്നിട്ടെന്തു കാര്യം'? സർക്കാരുദ്യോഗസ്ഥനാണ്

പോലും. നിങ്ങളെ പോലെ തന്നെയല്ലേ തെക്കേലെ ബാബുസാറ്, കാറും ബംഗ്ലാവും എല്ലാ മേടിച്ചു ഭാര്യയെയും കുഞ്ഞുങ്ങളെയും അദ്ദേഹം കാറിൽ കൊണ്ട് നടക്കുന്നു. നിങ്ങളോ? ലോൺ അടക്കാൻ പോലും ഗതിയില്ലാതെ വിഷമിക്കുന്നു നാണമില്ല ല്ലോ? ഒടുവിൽ ഭാര്യയുടെ നിർബന്ധത്തിന് വഴങ്ങി കിമ്പളം എന്ന സാഹസത്തിന് ഒരുമ്പെട്ടു കൈക്കൂലി വാങ്ങുന്നതിനിടയിൽ പിടിക്കപ്പെട്ട്, ഉള്ളജോലിയും നഷ്ടപ്പെട്ട് അഴിമതിക്കേസിൽ ജയിലിലും ആയി.

ഇത് കുറുക്കു വഴികളിലൂടെ നേട്ടങ്ങൾ കൈ വരിക്കാനുള്ള പാഴ്പരിശ്രമഫലം ഈ ചതിക്കുഴി കൾ തിരിച്ചറിയാൻ ചിന്തിക്കണം, വിവേക ബുദ്ധി ഉപയോഗിക്കണം.

ജീവിത മോഹങ്ങളിൽ സന്ധ്യ എന്ന പെൺകു ട്ടി മോഡലിംഗിലൂടെ വെള്ളിത്തിരയിലേക്ക് കടക്കാൻ തന്നെ തന്നെ പണയം വെച്ച് പലവിട്ടുവീഴ്ചകളിലൂ ടെ ജീവിതം പന്താടി. മോഹങ്ങൾക്ക് അതിർവര മ്പുകളില്ല. മാതാപിതാക്കളുടെയും മിത്രങ്ങളുടെയും വാക്കുകളും ഉപദേശങ്ങളും ജലരേഖകളായി മാറി ഫലമോ? ചതിക്കുഴിയിൽ വീണപ്പോൾ മാത്രം തന്റെ തെറ്റുകൾ തിരിച്ചറിയാൻ കഴിഞ്ഞുള്ളൂ. ആത്മഹ ത്യയക്ക് തുനിഞ്ഞു. എന്നാൽ കൗൺസിലിംഗിലൂടെ പഴയതെല്ലാം ഉപേക്ഷിച്ച് സന്ധ്യ പുതിയ വ്യക്തി യായി മാറി സമൂഹത്തിന് നന്മ ചെയ്യാൻ പഠിച്ചു.

ഇവിടെ കുടുംബ ജിവിതം തകർത്തത് പണത്തി നും പ്രതാപത്തിനും പ്രശസ്തിക്കും വേണ്ടിയുള്ള ഒടുങ്ങാത്ത ആഗ്രഹം തന്നെ. നമുക്ക് ചിലപ്പോൾ പ്രതീക്ഷിച്ച സമയത്ത് കാര്യങ്ങൾ നടന്നില്ലെന്ന് വരാം. എങ്കിലും നമുക്ക് ദൈവാനുഗ്രഹവും കഴിവും നേരായ ചിന്തകളും ഉണ്ടെങ്കിൽ അന്തിമ വിജയം നമുക്ക് തന്നെയായിരിക്കും.

നാം പലപ്പോഴും സ്വന്തം ചുമതലകളിൽ നിന്നു ഒഴിഞ്ഞു മാറുന്നതും പരാജയങ്ങളെ അംഗീകരിയ് ക്കാതെ മറ്റുള്ളവരിൽ പഴിചാരുന്നതും സ്വയം ചി ന്തിക്കാനുള്ള കഴിവില്ലായ്മയാണ്. കർത്തവ്യങ്ങൾ ഏറ്റെടുക്കേണ്ടി വരുമ്പോൾ ഒഴിഞ്ഞ് മാറുന്നത് ആത്മവിശ്വാസമില്ലായ്മയാണ്. അവസരങ്ങൾ വരു മ്പോൾ ഇന്നു വേണ്ട, നാളെയാകാം, അല്ലെങ്കിൽ പിന്നീടാകാം എന്നു ചിന്തിച്ച് പിൻമാറും. അവസാനം ഒന്നും നേടാനോ ചെയ്യാനോ കഴിയാതെ പരാജയ പ്പെടുന്നു. " snatch your oppertunities"

സ്വന്തം പരാജയങ്ങൾക്ക് മറ്റുള്ളവരിൽ പഴി ചാരുന്നവരാണ് നമ്മളിൽ പലരും . ആദാമിന്റെ കാലം മുതലെ ഈ ചിന്താഗതിയുണ്ട്. ദൈവം ആദാമിനോട് തെറ്റിന്റെ കാരണം ചോദിച്ചപ്പോൾ ഞാനല്ല ഈ തെറ്റിനുത്തരവാദി, അതിനുത്തരവാ ദി അങ്ങ് തുണയായി തന്ന ഈ സ്ത്രീയാണ് എ ന്നാണ് പറഞ്ഞത്.

കോടതിയിൽ ഒരു ന്യായാധിപതി കൊലയാ ളിയോട് ചോദിച്ചു. നീ എന്തിനാണ് കൊല ചെയ് തത്? അയാൾ കൈകൂപ്പി പറഞ്ഞു ഈ കൊലപാ തകത്തിനുത്തരവാദി ഞാനല്ല എന്റെ പിതാവാണ്. അദ്ദേഹം ആ കത്തി കൊണ്ടുവന്നില്ലായിരുന്നെങ്കിൽ ഞാനെങ്ങിനെ ഈ കുറ്റകൃത്യം ചെയ്യുമായിരുന്നു പിതാവിനെ വിസ്തരിച്ചപ്പോൾ പറഞ്ഞു . ഈ കത്തി ഉണ്ടാക്കിയ പണിക്കാരനാണ് അതിനുത്തരവാദി ചുരുക്കത്തിൽ അവനവന്റെ തെറ്റിന് മറ്റുള്ളവരെ പഴിചാരുക എന്ന ചിന്താഗതിയെയാണ് ഈ കഥ വി രൽ ചൂണ്ടുന്നത്.രാജൻ മദ്യപനും പുകവലിക്കാരനും ആയിരുന്നു. കുടുംബത്തിൽ എന്നും വഴക്കും അടി പിടിയും സ്ഥിരമായിരുന്നു. അവന്റെ സ്വഭാവത്തെ ചോദ്യം ചെയ്തപ്പോൾ അവൻ പറഞ്ഞത് എന്റെ പിതാവ് മുഴുക്കുടിയനും വഴക്കാളിയുമായിരുന്നു. അത് കണ്ടാണ് ഞാൻ വളർന്നത് സാഹചര്യം എന്നെ ഇങ്ങനെ ഈ രീതിയിൽ ഈ നിലയിലാ ക്കി എന്നാൽ രാജന്റെ അനുജൻ സാജൻ തികച്ചും വ്യത്യസ്ഥനായിരുന്നു. അയാൾ മാന്യനും നല്ല സ്വ ഭാവ വിശുദ്ധിയുള്ളവനും ആയിരുന്നു. രണ്ടു പേ രും ഒരേ മാതാപിതാക്കളുടേയും മക്കൾ. സാജൻ എങ്ങിനെ അത്തരം സാഹചര്യത്തിൽ വളർന്നിട്ടും വ്യത്യസ്തനായി? തന്റെ പിതാവിനെപ്പോലെ ദുഷ് പേരും ചിന്തകളും പ്രവർത്തികളും തന്നിൽ നിന്നും ഉണ്ടാകരുത് എന്ന് ആ സത്വഗുണപ്രധാനിയായ മകൻ സാജൻ ചിന്തിച്ചു അതനുസരിച്ച് പ്രവർത്തിച്ചു.

നാം പലപ്പോഴും സാഹചര്യത്തെയും ചുറ്റുപാ ടിനെയും പഴിപറയുന്നു. നമ്മുടെ പരാജയങ്ങൾക്കും ജയത്തിനും ദുഷ്പ്രവണതയ്ക്കും സൽ പ്രവർത്ത നങ്ങൾക്കും ഉത്തരവാദി നാം തന്നെയാണ്. എനി ക്ക് ആരും പ്രോത്സാഹനം തന്നില്ല. എന്നെ ആരും സഹായിച്ചില്ല ഒരു support ഉണ്ടായിരുന്നു എങ്കിൽ ഇന്ന് ഞാൻ ആരാകുമായിരുന്നു എന്ന് മറ്റുള്ളവ രിൽ കുറ്റം ചുമത്താതെ സ്വയം ഉണർന്ന് ചിന്തിച്ച് , പ്രവർത്തിച്ച് ഔന്ന്യത്യത്തിലേക്ക് ഉയരണം. സാ ഹചര്യം നമ്മെ രൂപപെടുത്തുകയില്ല നാം സാഹച ര്യങ്ങളെ യഥോചിതം ഉപയോപ്പെടുത്തണം.

'ലോകാ സമസ്ഥാ സുഖിനോ ഭവന്ത'

# അദ്ധ്യാത്മരാമായണം മൂലകൃതി എഴുത്തച്ഛന്റെ വിവർത്തനത്തിൽ

ജ്യോത്സന (ഫോൺ: 94470 78692)

ഭക്തിസാഹിത്യം മനുഷ്യനു നൽകിയ ഏറ്റവും മഹത്തരമായ സംഭാവന ഉച്ചനീചചിന്തകളകന്ന് മനുഷ്യമനസ്സിനെ പരിപാവനമാക്കിയെന്നതാണ് എല്ലാത്തരം വേർതിരിവുകൾക്കിടയിലും ഭാരതീയജനതയെ ഒന്നിപ്പിക്കുന്നതിൽ ഭക്തിസാഹിത്യത്തിനുള്ള പങ്ക് അന്യാദൃശമാണ്. ഇതിൽ തന്നെ 'രാമായണം' എന്ന കൃതി ഒരു വിശ്വസാഹിത്യമായി പടർന്നു പന്തലിച്ചിരിക്കുന്നു. ഭാരതത്തിന്റെ ഹൃദയം രാമായണത്തിലൂടെ സ്പന്ദിക്കുന്നതു നമുക്കു കാണാം. ശ്രീ.രവീന്ദ്രനാഥടാഗോർ ഈ കൃതിയെക്കുറിച്ച് പറയുന്നു. 'ഗാർഹസ്ഥ്യജിവിതത്തിന്റെ വികാരഭരിതവും യഥാർത്ഥവുമായ ചിത്രത്തിന്റെ ഇന്ത്യൻ പതിപ്പാണ് രാമായണം എന്നും ' പിതൃ പുത്രബന്ധം,സഹോദരസ്നേഹം , സ്നേഹസമ്പന്നമായ ത്യാഗം, ഉദാത്തമായ ദാമ്പത്യം, സ്വാമി സേവകഭാവത്തിന്റെ പവിത്രത, എന്നു വേണ്ട ജീവിതത്തിന്റെ പരിപാവനമായ എല്ലാം വികാരങ്ങളേയും സുവർണ്ണ ശൃംഖലകൊണ്ട് ഈ ഗ്രന്ഥം ബന്ധിക്കുന്നു . രാമന്റെ ചരിത്രം മാനവചരിത്രമാക്കി മാറ്റുന്ന ഈ ഗ്രന്ഥം ഇന്നും ഭാവനാസമ്പന്നരുടെ സൃഷ്ടിക്കു വിഷയമാകുന്നത് ഈ കാരണം കൊണ്ടുമാത്രമാണ്.

രാമായണത്തെ ഉപജീവിച്ചുകൊണ്ട് ഭക്തിക്ക് പ്രാധാന്യം നൽകി എഴുതപ്പെട്ടിരിക്കുന്ന കൃതിയാണ് അദ്ധ്യാത്മരാമായണം. പക്ഷെ ഇതിന്റെ കർത്താവാരാണെന്ന് ഇന്നും അഭിപ്രായവത്യാസമില്ലാതെ തെളിയിക്കപ്പെട്ടിട്ടില്ല. വ്യാസപ്രണീതമായ ബ്രഹ്മാണ്ഡപുരാണത്തിന്റെ ഭാഗമായി ഉമാമഹേശ്വരസംവാദരൂപത്തിൽ എഴുതപ്പെട്ട കൃതിയാണ് അദ്ധ്യാത്മരാമായണം എന്ന വിഷയത്തിലും അഭിപ്രായൈക്യം കാണുന്നില്ല.പക്ഷേ ഭക്തിയെ ഊട്ടിയുറപ്പിക്കുമ്പോഴും ആത്മാവ് ഏകനാണ് എന്ന പ്രഖ്യാപിക്കുമ്പോഴും ഈ കൃതി ശ്രീമദ് ഭാഗവതത്തെ അനുസ്മരിപ്പിക്കുന്നു. ആദർശവാനായ രാമനിലൂടെ മനുഷ്യധർമ്മങ്ങൾ ലോകത്ത് ഊട്ടിയുറപ്പിക്കുവാനായിരുന്നു വാത്മീകി മഹർഷി ശ്രമിച്ചതെങ്കിൽ ഈ ലോകത്തിലുള്ള സകലദുരിതങ്ങളേയും ഭക്തിയിലൂടെ മറികടക്കാൻ പഠിപ്പിക്കുകയായിരുന്നു. ആദ്ധ്യാത്മരാമായണ കർത്താവ് വാത്മീകിരാമായണത്തിൽ 24000 പദ്യങ്ങൾ കൊണ്ട് വിവരിച്ചിരിക്കുന്ന രാമകഥ അദ്ധ്യാത്മരാമായണത്തിൽ മാഹാത്മ്യസർഗ്ഗം ഒഴിച്ചുനിർത്തിയാൽ 64 സർഗ്ഗങ്ങളിൽ 4200 പദ്യങ്ങൾ കൊണ്ട് വിവരിച്ചിരിക്കുന്നു. ചില പതിപ്പുകളിൽ പിന്നീട് വ്യത്യസ്തമായും കാണാം.

ഇന്ത്യയിൽ ഉടനീളം മുഴങ്ങിക്കേട്ട വൈഷ്ണവ ചിന്തകളുടെ കാഹളധ്വനി കേരളത്തിൽ അലയടിച്ചത് എഴുത്തച്ഛനിലൂടെയാണ്. കണ്ണശ്ശരാമായണാദികളായ കൃതികൾ ഉണ്ടായിരുന്നെങ്കിലും ഭാഷാപരിഷ്കരണത്തിലൂടെ, ധാർമ്മികസന്ദേശങ്ങളിലൂടെ ഭക്തിദ്രഡീകരണത്തിലൂടെ അയത്നലളിതവം പ്രൗഢഗംഭീരവുമായ ശൈലി ഒന്നിച്ചുപയോഗിച്ച് മലയാളിയുടെ മനസ്സിൽ രാമകഥ പ്രതിഷ്ഠിക്കാൻ മഹാനായ രാമാനുജാചാര്യന് നിഷ്പ്രയാസം സാധിച്ചു. സംസ്കൃത ഭാഷകൊണ്ട് മലയാളഭാഷയെ പരിഷ്കരിച്ച് എഴുത്തച്ഛൻ ചരിതാർത്ഥനായി കേരളീയരെ കർത്തവ്യ ശ്രദ്ധയിലേക്കും ധാർമ്മികനിഷ്ഠയിലേക്കും പുരാണപാരായണത്തിലേക്കും നയിക്കാൻ എഴുത്തച്ഛന്റെ അദ്ധ്യാത്മ രാമായണം കിളിപ്പാട്ടിനുള്ള പങ്ക് പ്രാതസ്മരണീയമാണ്. മഹാഭാരതത്തിന്റെ ;അദ്ധ്യാത്മ രാമായണത്തിന്റേയും പരിഭാഷ എഴുത്തച്ഛനെ ഉയർത്തിയത് മലയാളഭാഷയുടെ പിതാവിന്റെ സ്ഥാനത്തേയ്ക്കാണ്.

മൂലകൃതിയുമായി തട്ടിച്ചുനോക്കുമ്പോൾ എഴുത്തച്ഛന്റെ കിളിപ്പാട്ടിൽ ഏഴു കാണ്ഡങ്ങളായി4936 ചതുഷ്പാദങ്ങളായി ക്രമീകരിച്ചിരിക്കുന്നു. അതുകൊണ്ട് തന്നെ വൈപുല്യത്തിൽ എഴുത്തച്ഛൻ രാമായണം മൂലത്തെ കവച്ചുവെയ്ക്കുന്നതായി കാണാം. വിഭാഗക്രമം ഉൾപ്പെടെ പല കാര്യങ്ങളിലും മൂലകൃതിയും തർജ്ജമയും തമ്മിൽ ഒരുപാട് അന്തരമുണ്ട്.

''പ്രിയായൈ ഗിരിശസ്തസ്മൈ
ഗൂഢം വ്യാഖ്യാതവാൻ സ്വയം
പുരാണോത്തമമദ്ധ്യാത്മ
രാമായണമിതിസ്മൃതം'' എന്ന് പലയിടത്തും പ്രസ്താവിക്കുന്നുണ്ട് .ശിവൻ പാർവ്വതിക്ക് ഉപദേശിച്ച പുരാണകൃതിയായി രാമായണം പറയപ്പെട്ടിരിക്കുന്നു. ബ്രഹ്മാവ് ഉമാമഹേശ്വര സംവാദരൂപമായി തന്നെ ഈ കഥ നാരദനെ കേൾപ്പിച്ചു. എഴുത്തച്ഛൻ ഇതിന്

ഒരു പടി കൂടി മുന്നോട്ടുകടന്നു. ദിവ്യകഥ കേൾപ്പിക്കാനും പറയാനും താത്പര്യമുള്ള ജ്ഞാനിയായ ഒരു ശാരികപൈതലിനെകൊണ്ട് കഥ പറയിക്കുന്നു. ആത്മാംശത്തെ മഹത്വവത്കരിക്കാതെ കിളികൊഞ്ചലിന്റെ കേളികൊണ്ട് മനുഷ്യ ഹൃദയം വശീകരിക്കാൻ ഈ ആഖ്യാനശൈലി ഏറെ പ്രയോജനപ്പെട്ടിട്ടുണ്ട്. ഒരു വെറും തർജ്ജമയ്ക്ക് കവിത്വബീജമായ പ്രതിഭയുടെ അധികം ആവശ്യകതയില്ല. എന്നാൽ സ്വതന്ത്രകവിയുടെ നിലയിലേക്കും കടക്കാനും ഇവിടെ ശ്രമമുണ്ടായിട്ടില്ല. പക്ഷെ ശുഷ്കമായ ഭാഗങ്ങൾ ഉപേക്ഷിച്ചുകൊണ്ട് മൂലകഥാഖ്യാനം ചെയ്യുകയും മനോധർമ്മവിലാസംകൊണ്ട് ഭക്തിരസത്തിൽ ആറാടിച്ച് മാധുര്യാനുഗുണമായ രൂപഭാവങ്ങളോടെ മൂലഗ്രന്ഥത്തെ അതിശയിപ്പിക്കുമാറ് അവതരിപ്പിക്കാൻ സാധിച്ചു എന്നുള്ളത് എഴുത്തച്ഛന്റെ അനിതരസാധാരണമായ കാവ്യവൈഭവം കൊണ്ടാണ് സാമാന്യ വിഷയങ്ങൾ സാധാരണക്കാരന്റെ ഭാഷയിലും വേദാന്താദിപ്രൗഢവിഷയങ്ങൾ പ്രൗഢമായ ഭാഷയിലും അദ്ദേഹം വിവരിക്കുന്നു. സുകുമാരലളിതമായ കാളിദാസമാധുരിയും ഭാരതിയുടെ അർത്ഥഗൗരവവും മാഘന്റെ പ്രൗഢഗാംഭീരവും ഒന്നിച്ച് രാമാനുജഭാരതിയിൽ സമ്മേളിക്കുന്നത് കാണാം. ബ്രഹ്മാവിന്റെ വിഷ്ണു ദർശനം മൂലവും കിളിപ്പാട്ടും ശ്രദ്ധിക്കുക

1) മൂലം

''കഥംചിദ്ദൃഷ്ടവാൻ ബ്രഹ്മാ
ദുർദുർശമകൃതാത്മനാം
ഇന്ദ്രനീല പ്രതീകാശം
സമിതാസ്യം പത്മലോചനം''

കിളിപ്പാട്ട് -

പത്മസംഭവൻ തനിക്കമ്പോടു കാണായ്വന്നു
പത്മലോചനനായ പത്മനാഭനെമോദാൽ
ചന്ദ്രികാമന്ദസ്മിതസുന്ദരാനനപൂർണ്ണ
ചന്ദ്രമണ്ഡലമരവിന്ദലോചനം ദേവം
ഇന്ദ്രനീലാഭം പരമിന്ദിരാമനോഹര
മന്ദിരവക്ഷഃ സ്ഥലം വന്ദ്യമാനന്ദോദയ

2) മൂലം

രാമം കദാ വാ ദ്രക്ഷ്യാമഃ
പ്രഭാതം വാ കദാ ഭവേത്
ഇത്യുത്സുകധിയസ്സർവ്വേ
ബദ്രവു ഃ പുരവാസിനഃ

കിളിപ്പാട്ട്

രാത്രിയാം രാക്ഷസിപോകുന്നതില്ലെന്നും
ചീർത്ത വിഷാദമോടൗത്സുക്യമുൾക്കൊണ്ടു
മാർത്താണ്ഡദേവനെക്കാണാഞ്ഞു നോക്കിയും
പാർത്തുപാർത്താനന്ദപൂർണ്ണാമൃതാബ്ധിയിൽ
വീണുമുഴുകിയും പിന്നെയും പൊങ്ങിയും
വാണീടിനാർ പുരവാസികളാദരാൽ

ഓജസ്സും സൗകുമാര്യവും ഒരുപോലെ നിറഞ്ഞ തർജ്ജമയും പ്രസാദാത്മകവും അയത്നലളിതവുമായ മൂലവും ഈ ഉദാഹരണങ്ങളിൽ വ്യക്തമായി കാണാം. സംസ്കൃതശൈലിയും ശുദ്ധമലയാളശൈലിയും മണിപ്രവാളശൈലിയും ഒത്തുചേർന്നതാണ് എഴുത്തച്ഛന്റെ ഭാഷ പക്ഷേ എഴുത്തച്ഛൻ നേടിയ ചിരപ്രതിഷ്ഠ മൂലഗ്രന്ഥകാരൻ കൈവരിച്ചിട്ടില്ല എന്നത് നിസ്തർക്കമാണ്. സംസ്കൃതവൃത്തങ്ങളിൽ നിന്നും വഴിമാറി ദ്രാവിഡവൃത്തങ്ങളായ കേക, അന്നനട, കാകളി,കളകാഞ്ചി തുടങ്ങി പല വൃത്തങ്ങളുടെ ഉപയോഗം കിളിപ്പാട്ടിന് ഒരു ഗാനരൂപം നൽകി. വൃത്തമാധുര്യവും ശബ്ദസൗകുമാര്യവും ഭക്തിയുടെ മധുരിമയും രചനാമനോഹാരിതയും കിളിപ്പാട്ടിന് ഒരു നവചൈതന്യം നൽകി. വർണ്ണിക്കുന്ന വിഷയങ്ങളുടെ സൂക്ഷ്മാംശങ്ങളുടെ ചിത്രീകരണം മൂലകവിയെ പിന്നിലാക്കി മുന്നേറാൻ എഴുത്തച്ഛന് ഏറെ സഹായകമായി. വീരരൗദ്രരസങ്ങൾ മുറ്റിനിൽക്കുന്ന യുദ്ധവർണ്ണനകൾ ഇതിന് ഉത്തമോദാഹരണങ്ങളാണ്. മൂലഗ്രന്ഥകാരന് യുദ്ധം വർണ്ണിക്കാൻ താത്പര്യമേ ഇല്ലെന്നു തോന്നും നോക്കുക

മൂലം

മുഷ്ടിഭ്യാം താഡയാമാസ
വാലിനം സോപി തം തഥാ
അഹൻ വാലീച സുഗ്രീവം
സുഗ്രീവോ വാലിനം തഥാ

കിളിപ്പാട്ട് -

കെട്ടിയും കാൽകൈ പരസ്പരം താഡനം
തട്ടിയും മുട്ടുകൊണ്ടും തല തങ്ങളിൽ
കൊട്ടിയുമേറ്റം പിടിച്ചും കടിച്ചുമ

ങ്കൂറ്റത്തിൽ വീണും പിരണ്ടുമുരണ്ടുമുൾ
ച്ചീറ്റം കലർന്നു നഖംകൊണ്ടു മാന്തിയും
ചാടിപ്പതിക്കയും കൂടെക്കുതിക്കയും
മാടിത്തടുക്കയും കൂടെകൊടുക്കയും
ഓടിക്കടിക്കയും വാടിവിയർക്കയും
മാടിവിളിക്കയും കോപിച്ചടുക്കയും
ഊടെ വിയർക്കയും നാഡികൾ ചീർക്കയും
മുഷ്ടിയുദ്ധപ്രയോഗം കണ്ടു നില്പവർ
ദൃഷ്ടി കുളുർക്കയും വാഴ്ത്തിസ്തുതിക്കയും

മൂലകാരന്റെ ഒരുശ്ലോകം എഴുത്തച്ഛൻ ഇത്രയും വികസിപ്പിച്ചപ്പോൾ ഒരു ഗംഭീരയുദ്ധം മുമ്പിൽ കണ്ടപ്രതീതിയാണ് വായനക്കാരനുണ്ടാകുന്നത് . ഹൃദയത്തിൽ പതിയുന്ന ഇത്തരം രംഗങ്ങൾ ഈ കൃതിയിലുള്ള പ്രത്യേകകാഴ്ചകളാണ് ആശയങ്ങളുടേയും പദങ്ങളുടേയും അധിപതിയാവാനുള്ള സരസ്വതീകടാക്ഷം ഈ ഭാവനകുബേരന് സ്വന്തം.

രസാനുഗുണമായി ശബ്ദാലങ്കാരം ഉപയോഗിക്കുന്നതിലും രാമാനുജവൈഭവം ശ്ലാഘനീയം തന്നെ.

മൂലം

നിത്യശ്രീ നിർവ്വീകാരോ നിരവധി വിഭവോ
നിത്യമായാനിരാസോ
മായാകാര്യാനുസാരീ മനുജ ഇവ സദാ
ഭാതി ദേവ്യോഖിലേശഃ

കിളിപ്പാട്ട്

രത്നകിരീടം രവിപ്രഭം കാരുണ്യ
രത്നാകരം രഘുനാഥം രമാവരം
രാജരാജേന്ദ്രം രജനീചരാന്തകം
രാജീവലോചനം രാവണനാശനം

''ഇത്യാലോക്യ പുര പത്നീം വ്യാഘ്രീമിവ പരഃ സ്ഥിതാം''

എന്നതിന്റെ ചേതോഹരമായ വിവർത്തനം നോക്കൂ

''വ്യാഘ്രിയെപ്പോലെ സമീപേ വസിക്കുന്ന
മൂർഖമതിയായ കൈകേയി തൻമുഖം
നോക്കിനോക്കി ഭയം പൂണ്ടു ദശരഥൻ
ദീർഘമായ് വീർത്തുവീർത്തേവമുരചെയ്തു''

ബാലകാണ്ഡത്തിലെ ''തത്കാലേ ഹരിപ്രമുഖന്മാരാം'' എന്നു തുടങ്ങുന്ന വരികളിൽ , ഹരിശബ്ദത്തിന്റെ നാനാർത്ഥത്തെ അവലംബിച്ചുള്ള വിവർത്തനവും.

കുംഭകർണ്ണനെ ഉണർത്തുന്ന വർണ്ണനയിൽ ഭകാരത്തിന്റെ ആവർത്തനവും വിവർത്തകന്റെ അന്യാദൃശമായ ശബ്ദാധിപത്യവും ശബ്ദപ്രേമവും അനാവൃതമാക്കുന്നു.

എല്ലാറ്റിനുമുപരി ഒരുകാര്യം തീർച്ചയായും പറയണം. ഈശ്വരനാമം ഉച്ചരിക്കുമ്പോൾ എഴുത്തച്ഛന്റെ വാചാലത ഭക്തോത്തമന്റെ മുഖ്യലക്ഷണമാണ്.

''നിർമ്മലൻ നിരാകാരൻ നിരഹങ്കാരൻ നിത്യൻ
ചിന്മയനഖണ്ഡാനന്ദാത്മകൻ ജഗന്മയൻ''
ശ്യാമളം കോമളം ബാണധനുർദ്ധരം
രാമം സഹോദരസേവിതം രാഘവം
സുഗ്രീവമുഖ്യകപികുല സേവിത
മഗ്രേഭവന്തം ന്മസ്യാമി സാമ്പ്രതം

എത്ര ഉദ്ധരിച്ചാലും ഇത്തരം സന്ദർഭങ്ങൾ അവസാനിക്കാതെ നീളും കേരളീയ ജീവിതത്തെ ഉണർത്തുകയും ഉയർത്തുകയും ചെയ്യുന്ന നിരവധി നിരീക്ഷണങ്ങൾ വിവർത്തനത്തിലുടനീളം കാണാം ഉദാഹരണം നോക്കൂ

ഇഷ്ടം പറയുന്ന ബന്ധുക്കളാരുമേ
കഷ്ടകാലത്തിങ്കലില്ലെന്നു നിർണ്ണയം
നിത്യവും ചെയ്യുന്ന കർമ്മഫലഗുണം
കർത്താവൊഴിഞ്ഞു മറ്റന്യൻ ഭുജിക്കുമോ?
കാര്യമല്ലാത്തതു ചെയ്യുന്നതാകിലാ
ചാര്യനും ശാസനം ചെയ്കന്നതേ വരൂ

എത്ര ഉദ്ധരിച്ചാലും ഈ പട്ടിക അവസാനിക്കില്ല സാഹിത്യം ജിവിതത്തിന് വഴികാട്ടിയാവണം എന്ന മൂലഗ്രന്ഥകാരനും വിവർത്തകനും ഒരു പോലെ ആഗ്രഹിച്ചിരുന്നു. പക്ഷേ രാമാനുജരാമായണം കേരളീയ ജീവിതത്തിൽ വരുത്തിയിട്ടുള്ള സാംസ്കാരിക പരിവർത്തനം മൂലഗ്രന്ഥകാരനേക്കാൾ എത്രയോ വലുതാണ്.

എത്ര തന്നെ വിവരിച്ചാലും ഈ വിഷയം പ്രതിപാദിക്കാൻ വീണ്ടും ബാക്കിയായിരിക്കും ഒരോ ശ്ലോകവും കാണ്ഡവും താരതമ്യാർഹമാണ് . പക്ഷേ അതുചെയ്യുമ്പോൾ അതൊരു പുസ്തകത്തോളം വലുതാവും.

അസാധാരണഭക്തി, അന്യാദൃശമായ കാവ്യവൈഭവം ,അനുപമമായ സരസ്വതീകടാക്ഷം, ആവിഷ്കരണത്തിലെ പുതുമ, ധാർമ്മികതയിലൂന്നിയുള്ള വർണ്ണനങ്ങളിലൂടെ ജിവിത പുനഃക്രമീകരണത്തിനുള്ള അസാധ്യമായ ആഹ്വാനം ഇതെല്ലാം എഴുത്തച്ഛന്റെ വ്യക്തിമുദ്രപതിപ്പിച്ചുള്ള സാഹിത്യാഖ്യാനശൈലിയുടെ സവിശേഷതകളാണ് അതുകൊണ്ട് തന്നെ ഈ കൃതി മൂലഗ്രന്ഥകാരനെ പലതരത്തിലും കവച്ചുവെക്കുന്നു●

# നഗരമെന്ന നരകം - നായ്ക്കളെ നിങ്ങൾക്ക് നന്ദി

ജി. മാധവൻ നായർ (ഫോൺ: 94462 21156)

ആ ചെറിയ വീടിന്റെ തിണ്ണയിൽ കിടന്നുറങ്ങിയതാണ് 'പിന്റോ', ദൂരെ നിന്ന് ഒരാരവം കുറെ അധികം ആളുകളും, വെളിച്ചവുമെല്ലാമുണ്ട്. അവൻ എഴുന്നേറ്റു നോക്കുമ്പോൾ അവന്റെ സുഹൃത്തുക്കളായ കുറെ പേർ അവശരായി ഓടിവരുകയാണ്. അടുത്തുവന്നപ്പോൾ പടിവാതിലിന്റെ അടിയിലെ ശോഷിച്ച സ്ഥലത്തൂടെ നൂണ്ട് കയറാൻ ശ്രമിച്ചു. പക്ഷെ തറനിരപ്പും കവാടത്തിന്റെ അടിഭാഗവും തമ്മിൽ നേരിയ ഒരു വിടവ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതു കൊണ്ട് ആർക്കും അകത്തേയ്ക്ക് കടക്കാൻ സാധിച്ചില്ല. ശാരീരിക ക്ഷീണവും ഓട്ടത്തിന്റെ വിഘ്നവും കാരണം മനുഷ്യ പിശാചുക്കൾ ആ അവസരം മുതലാക്കി. ഇരുമ്പു ദണ്ഡു കൊണ്ടും, മുട്ടി കഷ്ണം കൊണ്ടും ഉള്ള നിർദ്ദയ പ്രഹരമേറ്റു , ഏതാനും പേർ അവിടെ വീണു പോയി. അപ്പോൾ തന്നെ അവരെയെല്ലാം ചങ്ങലയിൽ കൊളുത്തി ബന്ധനസ്ഥരാക്കി. ബാക്കി വന്ന വളരെ കുറച്ചുപേർ ഇതിനകം എവിടേക്കോ അപ്രത്യക്ഷരായി.

കോലാഹലം കേട്ടുണർന്ന ആ വീട്ടിലെ പ്രായമേറിയ താമസക്കാരനും ഭാര്യയും പുറത്തേക്കിറങ്ങി. വൈദ്യുതി വിളക്ക് പ്രകാശിപ്പിച്ച്, ആ പ്രകാശത്തിൽ അവിടെ മുഴുവൻ അവർ പരിശോധിച്ചു. 'പിന്റോ'വിനെ കാണാനില്ല. അവനെവിടെ പോയി? അവനേയും മൃഗസംഹാരകർ പിടിച്ചുകൊണ്ടുപോയി കാണുമോ? സാമൂഹ്യ സംഘടനകളും, അതുപോലെ സദാചാര പോലീസ് (മൃഗങ്ങളിൽ) ചമഞ്ഞു വന്നവരും ചേർന്നൊരുക്കിയ കെണിയിൽ അവൻ വീണിട്ടുണ്ടാകുമോ?

തൊടിയിലും മതിൽ കെട്ടിനകത്തുള്ള എല്ലാ മുക്കിലും, മൂലയിലും, ഞെക്കുവിളക്കു കൊണ്ടു വന്ന് പരിശോധന തുടർന്നു. ഇനിയെങ്ങാനും ഗൃഹത്തിന്റെ ഉള്ളറകളിലെങ്ങാനും കേറി പറ്റിയിട്ടുണ്ടോ? തങ്ങൾ കതക് തുറന്നപ്പോൾ സൂത്രശാലിയായ അവൻ അകത്തേയ്ക്ക് കയറിയിട്ടുണ്ടാകുമോ? 'കുന്തം പോയാൽ കുടത്തിലും തപ്പണ'മെന്നാണല്ലോ പ്രമാണം. വീടിനുള്ളിൽ കട്ടിലിന്റെ അടിയിലും, അലമാരയുടെ ചുവട്ടിലും, കലവറമുറിയിലും, കുളിമുറിക്കകത്തും, അടുപ്പിൻ ചുവട്ടിലുമൊക്കെ ചെന്ന് പരതി. ഇല്ല, അവിടെയെങ്ങും അവനില്ല.

ഗൃഹനാഥന് ഒരു സംശയം. ഭാര്യയോട് അതിനെപ്പറ്റി സംസാരിച്ചു. വീടിന്റെ പുറകുവശത്തുള്ള ഇടമതിലിനു ഉയരം കുറവാണ്. അത് ചാടിക്കടന്ന് പുറത്തേയ്ക്ക് ഒരിക്കലും പോയിട്ടില്ല. ഇന്നവൻ വെപ്രാളത്തിൽ, ബഹളത്തിനിടയിൽ അതിലൂടെ നിഷ്ക്രമിച്ചു കാണുമോ?

മക്കളെല്ലാം വിവാഹം കഴിച്ച് ഓരോ സ്ഥലങ്ങളിലേക്ക് പോയപ്പോൾ അനുഭവിച്ചിരുന്ന ഏകാന്തതയ്ക്ക് ഒരു രക്ഷാമാർഗ്ഗം അവനായിരുന്നു. പത്രപരസ്യം കണ്ട് എഴുത്തുകുത്തിലൂടെ ആണ് ആ പ്രസവത്തിലെ ഏറ്റവും ചെറുതും, ദുർബ്ബലനുമായ അവനെ സ്വായത്തമാക്കി പാലൂട്ടി വളർത്തി വലുതാക്കിയത്. ആകൃതിയിലും, പ്രകൃതിയിലും ഒരൊത്ത നായ ആയിക്കാണുവാനായി വൃദ്ധയും, വൃദ്ധനും പരസ്പരം മത്സരിച്ചിരുന്നു. വല്ലപ്പോഴും വന്നു പോകുന്ന ആ കുടുബത്തിലെ സന്താനങ്ങളേയും, പേരക്കുട്ടികളേയും വളരെ വേഗത്തിൽ തന്നെ അവൻ തിരിച്ചറിഞ്ഞു. കൂടാതെ അവരോടൊക്കെ ധൃതഗതിയിലാണ് അവൻ സൗഹൃദം സ്ഥാപിച്ചത്.

അത്യന്തം ഖിന്നരായ പ്രായമേറിയ ഗൃഹനാഥനും വലിയ പ്രായ വ്യത്യാസമില്ലാത്ത ധർമ്മപത്നിയും തിരച്ചിലിന് തല്ക്കാലം വിട പറഞ്ഞുകൊണ്ട്, പുറം വാതിൽ കൊട്ടിയടച്ചു. ഒരു വിശദമായ അന്വേഷണം നടത്തണമെങ്കിൽ നേരം വെളുക്കണം. മക്കളിൽ ഏറ്റവും കൂടുതൽ മൃഗസ്നേഹിയായ ഇളയ മകളെ വിളിക്കണം. അവൾ അടുത്തല്ല താമസം. കുറച്ച് ദൂരെ പോകണം. അവളുടേയും, കുട്ടികളുടേയും സഹായ സഹകരണമുണ്ടെങ്കിൽ 'പിന്റോ'വിന്റെ തിരോധാനത്തെപ്പറ്റി ഒരു വ്യക്തമായ ചിത്രം ഉണ്ടായേക്കാം.

താൻ താമസിക്കുന്ന ഈ പ്രദേശത്തിന്റെ ചുറ്റുവട്ടത്ത് പണ്ട് വളരെ കുറച്ച് വീടുകളെ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ വലുതും, ചെറുതുമായ അനേകം പാർപ്പിടങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. പ്രത്യേകിച്ചും അംബരചുംബികളായ വളരെ അധികം മനുഷ്യർ ഒന്നിച്ചു താമസിക്കുന്ന സമുച്ചയങ്ങൾ.

അതോടെ പരിസരശുചീകരണം അവതാളത്തിലായി. മാലിന്യ പ്രവാഹം അനിയന്ത്രിതമായി വർദ്ധിച്ചു. വാസയോഗ്യമല്ലാത്ത, അപൂർവ്വം ചില ചേരി പ്രദേശങ്ങൾ അടുത്തുതന്നെ ഉണ്ടായിരുന്നു. അവിടെ സ്വന്തം ഭൂമിയോ, പുരയോ ഇല്ലാത്ത കുറെ പേർ വന്ന് തമ്പടിച്ച് അവരോടൊപ്പം സുഹൃത്തുക്കളായ നായകൂട്ടവും വന്നു ചേർന്നു. താമസമെന്യേ അവ പെറ്റുപെരുകി. ധനാഢ്യൻമാർ വസിക്കുന്ന വസതികളിൽ നിന്നു തള്ളുന്ന മാലിന്യങ്ങളും, ഉച്ഛിഷ്ടങ്ങളും എല്ലാം ആ ഭാഗത്തായിരുന്നു നിക്ഷേപിച്ചിരുന്നത്.

അലഞ്ഞു തിരിഞ്ഞു നടക്കുന്ന ശ്വാനവർഗ്ഗത്തിന് ആ പ്രദേശം ഒരു ഭക്ഷണശാലയായി മാറി. കൂട്ടത്തിൽ പച്ചക്കറി ചീഞ്ഞളിഞ്ഞവയും, അതിനോടനുബന്ധമായ ആഹാരവും ഭക്ഷിക്കുവാൻ കന്നുകാലികളുമെത്തി. സൗഹാർദ്ദപരമായ ഒരന്തരീക്ഷത്തിൽ പന്തിഭോജനത്തിനായി പൂച്ചകളും, പന്നികളും, കോഴികളും, അപൂർവ്വം ചില പക്ഷികളും ഒത്തുകൂടി. വിവിധ ജന്തു സമൂഹങ്ങൾ വന്നുചേർന്നതോടെ തങ്ങളുടെ ഭക്ഷണത്തിനു മുട്ടുവരുത്തുന്നവരെ തുരത്തുക എന്നുള്ള വർഗ്ഗ സ്വഭാവം പ്രകടമാക്കിയത് നായ്ക്കളുടെ കൂട്ടായ്മയായിരുന്നു. ഒരുപക്ഷേ, അവിടെ നിന്നായിരിക്കണം ആക്രമണ ശൈലിയുടെ ഉത്ഭവം. ഏതായാലും ആ പ്രദേശം ഏതാണ്ടു മുഴുവനായി തന്നെ 'സാരമേയരുടെ' അധീനതയിലായി എന്നു പറഞ്ഞാൽ മതിയല്ലോ!

സാധാരണ രീതിയിൽ ആ ജന്തുക്കൾ ഒരു പ്രത്യേക സ്ഥലത്ത് തന്നെയാണ് തമ്പടിക്കാറ്. ഇടക്ക് അവരെ തുരത്താൻ വന്നുചേരുന്ന മനുഷ്യരുടെ ആഗമനം മൂലം ഓടി രക്ഷപെടേണ്ട സാഹചര്യം ഉണ്ടാകും. ആ സമയത്ത് നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിലൊന്നു ഊരു ചുറ്റും. ക്രൂരതയുടെ മേലങ്കിയണിഞ്ഞു പോയ അവരിൽ ചിലർ തങ്ങളുടെ ആജന്മമമിത്രമായ മനുഷ്യനെ മറന്നു പോകും. അവിടെ നിന്നാണ് ശത്രുവാര്, മിത്രമാര് എന്നൊന്നും നോക്കാതെ ഏറ്റുമുട്ടലിനായിട്ടുള്ള ആക്രമണ സ്വഭാവം ഉടലെടുത്തത്. നേരിൽ കണ്ടാൽ തന്നെ വഴിമാറി പോകുന്ന ഇക്കൂട്ടർ, ഇപ്പോൾ ഇടഞ്ഞിട്ട് ദേഹോപദ്രവം ഏൽപ്പിക്കുവാൻ ഒരു കാരണവും കൂടാതെ തന്നെ കച്ചകെട്ടി ഇറങ്ങിക്കഴിഞ്ഞു.

നിസ്സഹായരായ വഴിപോക്കരെ യാതൊരു പ്രകോപനവുമില്ലാതെ നേരിട്ട് ആക്രമണം നടത്തി പരിക്കേൽപ്പിക്കുന്ന സംഭവങ്ങൾ നിത്യമെന്നോണം ആയതോടെ പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നാട്ടുകാർ നിർബന്ധിതരായി. ഔദ്യോഗികമായി നടത്തിവരുന്ന മൃഗങ്ങളിലെ പ്രജനന നിയന്ത്രണം കൊണ്ട് കാര്യമായ ഒരു പ്രയോജനവുമുണ്ടായില്ല. നാട്ടുപ്രമാണിമാരും, രാഷ്ട്രീയക്കാരും, രംഗത്തു പ്രവർത്തിച്ചു വന്നിരുന്ന മൃഗ വിദ്വേഷികളെല്ലാം ചേർന്ന് തെരുവുനായക്കെതിരെ ഘോര ഘോരം പ്രസംഗിച്ചു. ഒരു വിധത്തിലും ദ്രോഹം ചെയ്യാത്ത പാതകളിലൂടെ സഞ്ചരിക്കുന്ന സ്കൂൾ വിദ്യാർത്ഥികളേയും, കാൽനടക്കാരേയും, മനുഷ്യന്റെ പൗരാണിക സുഹൃത്ത് കടന്നാക്രമിക്കുന്ന രംഗങ്ങൾ മാധ്യമങ്ങളിൽ പരമ പ്രാധാന്യത്തോടെ ഇടംപിടിച്ചു.

നഗരത്തിലെ സാമൂഹ്യ പ്രവർത്തകരിൽ ഒരു വലിയ വിഭാഗം ഏറെ വാശിയോടും, ശുഷ്കാന്തിയോടും ഈയവസരത്തിൽ കടന്നു വന്നു. കടന്നാക്രമിക്കുന്ന നായ്ക്കളെ വെറുതെ വിടാതെ തിരിച്ച് പ്രതിരോധിച്ച് വകവരുത്തണമെന്നായിരുന്നു അവരുടെ ദൃഢമായ നിശ്ചയം.പക്ഷെ നിയമപരിരക്ഷ ഉണ്ടെന്നു കാണിച്ച് ഒരു കൂട്ടം മൃഗസ്നേഹികൾ ഇതിനെതിരായി സംഘടിച്ചു. ഒരു കാരണവശാലും കൊല നടത്തെരുതെന്നും അത് പ്രശ്ന പരിഹാരമാകുകയില്ല എന്നതായിരുന്നു അവരുടെ സമീപനം. ദിനം പ്രതി ആടുകളേയും, മാടുകളേയും കോഴികളേയും പന്നികളേയും മറ്റും കൊന്നൊടുക്കി മനുഷ്യാഹാരമാക്കുന്നതിൽ ആർക്കും പരാതിയുണ്ടാകുന്നില്ല എന്നവർ ഉറക്കെ പറഞ്ഞു. അതിനെപ്പറ്റി ആരെങ്കിലും ചോദ്യം ചെയ്തിട്ടുണ്ടോ? കോടതികളിൽ വന്ന തർക്ക വിഷയം തെരുവുനായ്ക്കളെ സംബന്ധിച്ചു മാത്രമായിരുന്നു എന്നത് അവരുടെ വാദഗതിക്ക് ശക്തി കൂട്ടി.

നായകടി ഏറ്റാലുണ്ടാകുന്ന ചികിത്സാ സമ്പ്രദായങ്ങളിൽ വരുന്ന സാമ്പത്തിക ബാദ്ധ്യത, മരുന്നുകളുടെ ലഭ്യതക്കുറവ്, രോഗത്തിന്റെ ഉഗ്ര സ്വഭാവത്തെ പറ്റിയുള്ള അറിവില്ലായ്മ തുടങ്ങിയവയെല്ലാം പ്രശ്ന പരിഹാരത്തിനു തടസ്സമായി. നായ്ക്കൾക്ക് പേവിഷബാധ വരാതിരിക്കുവാനുള്ള കുത്തിവയ്പിന് വേണ്ടുന്ന വാക്സിൻ, സീറം, അതുപോലെ തന്നെ അനുബന്ധ പരിചരണങ്ങൾ എന്നിവയ്ക്കെല്ലാം ആവശ്യമുള്ള സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കുവാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോ, സാമൂഹ്യ സംഘടനകളോ, സ്വകാര്യ വ്യക്തികളോ, സാക്ഷാൽ സർക്കാരോ സന്നദ്ധരല്ല. കാരണം അതിനു ചിലവിടേണ്ട തുക അത്രമാത്രം ബ്രഹദ് ആണ്. രോഗം ബാധിച്ച നായയുടെ പല്ലിൽ നിന്നുള്ള ദംശനമോ, നഖം കൊണ്ടുള്ള മാന്തലോ, നാക്കു കൊണ്ടുള്ള നക്കലോ എല്ലാം ഗുരുതരമായി ഭവിക്കുന്ന വിഷബാധയ്ക്ക് കാരണമാകാം. ദേഹത്തേൽക്കുന്ന കടിയുടെ വ്യാപ്തിയും, അതുപോലെ തന്നെ സ്ഥലവും രോഗത്തിന്റെ ഗൗരവം വർദ്ധമാനമാക്കും. മുഖത്തോ, നെഞ്ചുഭാഗത്തോ, തോളിലോ ഏൽക്കുന്ന മുറിവുകൾ

അങ്ങേയറ്റം ഗുരുതരമാണ് കാരണം തലച്ചോറിനെ ബാധിക്കുന്ന രോഗമായതിനാൽ അതിനോട് ഏറ്റവും അരികെയുള്ള മുറിവ് ഏറ്റവും അപകടകരമാണ്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ സീറം ഉപയോഗിച്ച്, ചികിത്സ ഉടനടി തുടങ്ങേണ്ടതാണ്. അതിനോടൊപ്പം വാക്സിൻ കുത്തിവയ്പും നടത്തണം. സീറത്തിന്റെ മൂല്യം വളരെ കൂടുതലാണ്. മരുന്നു കമ്പനിക്കാർ നിശ്ചയിക്കുന്ന വിലയും, അത് ലഭ്യമാകുന്നതിലേക്ക് വരുന്ന താമസവും സുഗമമായിട്ടുള്ള ചികിത്സക്ക് വിഘ്നം വരുത്താം. ഒരേ സമയത്ത് അനവധി പേർക്ക് പേവിഷ ബാധ ഉണ്ടാകുന്ന സന്ദർഭത്തിൽ ചികിത്സ നടത്തികൊണ്ടു പോകുവാൻ അങ്ങേയറ്റം ദുഷ്ക്കരമാണ്.

മാനവീയതയെ ആസ്പദമാക്കി മനുഷ്യജീവന്റെ വിലനിർണ്ണയം നടത്താൻ സാധിക്കാത്ത ഭരണാധികാരികൾ വ്യക്തമായ ഒരു നയം നാളിതുവരെ എടുത്തതായി കാണുന്നില്ല. ഈ വിഷയത്തിൽ പല സ്ഥലത്ത് നിന്നും വിവിധ തരത്തിലുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നു. അതുകൊണ്ട് തെരുവ് നായ്ക്കൾ ഇപ്പോഴും നിർബാധം പാതയോരങ്ങളിലും, മൈതാനപ്രദേശങ്ങളിലും, മാലിന്യവസ്തു ശേഖര കേന്ദ്രങ്ങളിലുമെല്ലാം നിർഭയരായി സസുഖം വാഴുന്നു.

നിർദ്ദിഷ്ടമായ പദ്ധതികളൊന്നും അത്രകണ്ട് ഫലവത്താകാത്തതിനാൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന ശ്വാന സമൂഹത്തിന്റെ എണ്ണത്തിൽ കാര്യമായ കുറവുണ്ടായിട്ടില്ല. പ്രത്യേകിച്ചും ജനനപ്രക്രിയ തടയുന്ന കാര്യത്തിൽ കാര്യമായ ഒരു പുരോഗതി ഉണ്ടായിട്ടില്ല. കുട്ടികളെ വീടുകളിൽ ചെന്ന് കടിക്കുന്നതും, നിരത്തിൽ സംഘം ചേർന്ന് ആക്രമിക്കുന്നതിനും തെല്ലും ശമനം വന്നിട്ടില്ല. ജനന നിയന്ത്രണം കൊണ്ട് ഒരു ചുരുങ്ങിയ കാലയളവിൽ സംഖ്യാബലത്തിനുടവ് തട്ടിയിട്ടില്ല. ഈ കാര്യം സാധ്യമാകണമെങ്കിൽ തന്നെ വർഷങ്ങൾ വേണ്ടി വരും.

പ്രശ്നപരിഹാരത്തിനു ആക്കം കൂട്ടുവാൻ നാടാകെ ഉണർന്നു പ്രവർത്തിക്കണമെന്ന സ്ഥിതി വിശേഷം സംജാതമായിരിക്കുന്നു. സാമൂഹ്യ സംഘടനകളും പഞ്ചായത്തുകളും, നഗരസഭകളും എല്ലാം പദ്ധതികൾ മെനഞ്ഞ്, തെരുവുനായ ശല്യത്തിനൊരറുതി വരുത്തുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.....

തിരക്കില്ലാത്ത ഒരു ദിവസം അയാൾ രാവിലെ പ്രഭാതസവാരിക്കിറങ്ങിയതാണ്. നഗരത്തിലെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലത്തേക്കു പോകുന്ന പ്രധാന വഴിയുടെ അരികത്ത് കൂടിയാണ് നടന്നിരുന്നത്. പലരും ആ സമയം വ്യായാമത്തിനും ആയാസത്തിനും വേണ്ടി നടത്തം ഒരു ശീലമാക്കിയിരിക്കുകയാണ്. രണ്ടു മൂന്നുപേർ ഒന്നിച്ചു പോകുന്നു. പ്രായമായ സ്ത്രീകളും, പുരുഷൻമാരും ഈ പ്രഭാത പരിപാടിയിലെ നിറസാന്നിദ്ധ്യമാണ്. നന്നേ ചെറുപ്പക്കാരായ യുവതീയുവാക്കളും കൈകൾ വീശി, നെഞ്ച് വിരിച്ച് കാല്പാദം അത്രക്കങ്ങുറപ്പിക്കാതെ തെറിച്ചങ്ങനെ പോകുന്ന കാഴ്ച ചേതോഹരമാണ്.

പ്രായഭേദമന്യേയുള്ള ഈ സവാരിക്ക് പെട്ടെന്ന് ഒരു ഭംഗംവന്നു. കുറച്ചകലെ നിന്ന് നായ്ക്കളുടെ ഒരു കൂട്ടം, കുരച്ച് അന്തരീക്ഷം ശബ്ദമാനമാക്കി പെട്ടെന്ന് പ്രത്യക്ഷമായി. ചുരുങ്ങിയത് പത്തെണ്ണമെങ്കിലും കാണും. അയാൾ ഭയാശങ്കയോടെ വഴിയോരത്തുള്ള ഒരു കടയുടെ ഉയർന്ന പടികളുള്ള വരാന്തയിലേക്കു നീങ്ങി നിന്നു. ഓർക്കാപ്പുറത്ത് ആ സംഘത്തിൽ ചിരപരിചിതമായ ഒരു മുഖം കണ്ടു. തന്റെ പിന്റോ അവന്റെ കഴുത്തിൽ കിടന്നിരുന്ന ബെൽറ്റിലേക്ക് സൂക്ഷിച്ചു നോക്കി, യാതൊരു സംശയവുമില്ല . അവൻ തന്നെ ധൈര്യം അവലംബിച്ചുകൊണ്ട് നിന്നിടത്ത് നിന്നും താഴേക്കിറങ്ങി, പാതയുടെ അരികിൽ ചെന്നു നിന്നു. അവൻ വേഗത്തിൽ പാഞ്ഞു പോകുന്നതിനിടയിൽ അയാൾ ഏതാണ്ട് അടുത്തുതന്നെ ചെന്ന് പേരുച്ചരിച്ച്, കൈകൾ ഞൊടിച്ച് വിളിച്ചു. ഓടുന്നതിനിടയിൽ , തിരിഞ്ഞു നിന്ന് അയാളെ ഒന്നു സൂക്ഷിച്ചു നോക്കി. ഇരുവരും പരസ്പരം തിരിച്ചറിഞ്ഞെങ്കിലും, അയാളെ അവഗണിച്ചുകൊണ്ട് ഉച്ചത്തിൽ കുരച്ചുകൊണ്ട്, അവൻ സുഹൃത്തുക്കളോടൊപ്പം കുതി,കുതിച്ചു.

എതിർവശത്തു നിന്നും മാരകായുധങ്ങളുമായി മനുഷ്യാധമൻമാരായ കുറെ പേർ, ആ പായുന്ന സംഘത്തിന്റെ മുന്നിലേക്ക് വരുന്നുണ്ടായിരുന്നു. അവരിൽ ചിലർ വ്യൂഹത്തിലകപ്പെട്ട ശ്വാന വീരൻമാരെ നീണ്ട നൈലോൺ ചരടിൽ കുടുക്കിട്ട് പിടിച്ചു. മറ്റു ചിലർ ചിതറിപ്പോയ സമൂഹാംഗങ്ങളെ മൂർച്ചയുള്ള ആയുധങ്ങൾ ഉപയോഗിച്ചു നേരിടുന്നുണ്ടായിരുന്നു.

**എറണാകുളം കരയോഗത്തിൻെറ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാക്ലിനിക് 2017 ഏപ്രിൽ മാസം 9-ാം തീയതി, ഞായറാഴ്ച രാവിലെ 10 മണിമുതൽ 1 മണി വരെ ഇകെഎൻഎം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**

***ജനറൽ സെക്രട്ടറി***

# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ (ഫോൺ: 98959 81809)

## ശ്ലോകം 2

വിശ്വാത്മൻ! തവ കൂക്ഷിതന്നിലഖിലബ്രഹ്മാണ്ഡവും സംസ്ഥിതം
വിശ്വാകാരനജൻ വിരാട് പുരുഷനങ്ങല്ലാതെയില്ലൊന്നുമേ
വിശ്വം താവകവീക്ഷണാന്തവിലസൻമായാകൃതം
ശശ്വൽപ്പൂരുഷ! നിൻ പ്രഭാവമറിവോനാരുള്ളൂ ലോകത്രലീലയായേ?

***പദാർത്ഥം***

വിശ്വാത്മാ = വിശ്വത്തിന്റെ ആത്മാവ്

തവ = അവിടുത്തെ

കുക്ഷി = അന്തർഭാഗം

അഖില = സംപൂർണ്ണം, മറ്റൊന്നവശേഷിക്കാതെ എല്ലാം.

ബ്രഹ്മാണ്ഡം = ബ്രഹ്മമാകുന്ന അണ്ഡം.

സംസ്ഥിതം = പൂർണ്ണമായും സ്ഥിതി ചെയ്യുന്നു.

വിശ്വാകാരൻ = രൂപം തന്നെ വിശ്വം ആയവൻ

അജൻ = ജനിച്ചിട്ടില്ലാത്തവൻ.

വിരാട് പുരുഷൻ= അനാദ്യന്തനായി എല്ലാം ഉൾക്കൊള്ളുന്നവൻ.

വിശ്വം = പ്രപഞ്ചം.

താവക = അവിടുത്തെ.

വീക്ഷണാന്ത = വീക്ഷണത്തിൽ അവസാനിക്കുന്ന

വിലസൻ = പ്രതിഭാസിക്കുന്ന (Manifesting)

മായാകൃതം = മായയാൽ സൃഷ്ടിക്കപ്പെട്ട

ലീലയാ= കളിതമാശയായി.

ശശ്വൽപൂരുഷ = അനാദ്യന്ത പുരുഷ

പ്രഭാവം = പ്രകർഷ ഭാവം

ലോകത്രയം = ഭൂലോകം, ഭുവർ ലോകം, സുവർലോകം എന്നിങ്ങനെ മൂന്ന്

## ശ്ലോകാർത്ഥം

എല്ലാത്തിനും ആത്മാവായവനേ, അവിടുത്തെ ഉള്ളിൽ ബ്രഹ്മാണ്ഡം മുഴുവൻ സ്ഥിതി ചെയ്യുന്നു. എല്ലാം ഉൾക്കൊള്ളുന്ന രൂപമുള്ള ജനിക്കാത്തവനായ അങ്ങല്ലാതെ മറ്റൊന്നും ഉള്ളതല്ല. എല്ലാം അവിടുത്തെ വീക്ഷണത്തോടെ അവസാനിക്കുന്ന മായയാൽ, കളിതമാശയായി സൃഷ്ടിക്കപ്പെട്ടവയാണ്. അനാദ്യന്തനായ നിന്റെ പ്രഭാവം അറിയുവാൻ മൂന്നു ലോകത്തിലും ആരുണ്ട്!

## വ്യാഖ്യാ ഃ

വിശ്വാത്മാ, വിശ്വാകാരൻ, അജൻ, വിരാട് പൂരുഷൻ, വിശ്വം, ശശ്വത് പൂരുഷൻ എന്നീ പദങ്ങൾ വിഷ്ണുവിനെ വീണ്ടും വീണ്ടും വിശേഷിപ്പിക്കാനുപയോഗിച്ചിരിക്കുന്നു. കുക്ഷി എന്ന പദം ഗുരു ഇവിടെ വളരെ രസകരമായ വിധത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. കുക്ഷി എന്നാൽ ഉൾഭാഗം എന്നാണ് ഏറ്റവും പ്രബലമായ അർത്ഥം. തവ കുക്ഷി എന്നതിലെ തവ, വിശ്വാത്മൻ എന്ന സംബോധനക്ക് വിഷയമാണ്. വിശ്വാത്മൻ എന്നത്, ഷഷ്ഠീതല് പുരുഷനിൽ, വിശ്വത്തിന്റെ ആത്മാവ് എന്നെടുക്കാം. കേവല സത്യം ആത്മാവ് മാത്രമായതുകൊണ്ട്, മറ്റെല്ലാത്തിനും കാരണം ആത്മാവ് തന്നെ. ആ ആത്മാവിൽ നിന്നും ജനിച്ചതുകൊണ്ടാണ് വിശ്വാത്മ ആവുന്നത്. വിശ്വം എന്ന വാക്ക് വിശ് പ്രവേശിക്കുക എന്ന മൂലത്തിൽ നിന്നുത്ഭവിച്ചതുകൊണ്ട്, സ്വയം സൃഷ്ടിച്ച് അതിലേക്ക് തന്നെ പ്രവേശിച്ചവൻ എന്ന് വിശ്വത്തെ മനസ്സിലാക്കാം. കാര്യത്തിൽ കാരണം അന്തർലീനമാണല്ലോ! ബ്രഹ്മാണ്ഡം അണ്ഡരൂപമത്രെ അണ്ഡം പ്രഭവസാമർത്ഥ്യമുള്ളതും എന്നാൽ ഇപ്പോഴും പ്രഭവിക്കാത്തതും, പ്രഭവത്തിലേക്കടുത്തു കൊണ്ടിരിക്കുന്നതുമാണ്. സംഭവിക്കാൻ പോകുന്നതെല്ലാം, എല്ലാ തത്വങ്ങളും അവിടുത്തെ കുക്ഷിയിൽ നിലകൊള്ളുന്നു. വിരിയുന്നതു വരെ അകത്തെന്താണെന്നറിയാനും വയ്യ. യാതൊന്നിൽ നിന്നും ഇതെല്ലാം ഉത്ഭവിച്ചോ അതിനകത്തു തന്നെ ഇനിയും പ്രഭവിക്കാൻ സാമർത്ഥ്യമുള്ള ബ്രഹ്മാണ്ഡവും, പൂർണ്ണമായും (സമ്യക്) സ്ഥിതി ചെയ്യുന്നു. അകവും പുറവും ഇല്ലാത്തവനെന്നു തന്നെ വയ്യ? 'തദന്തരസ്യ സർവസ്യ. തദു സർവ്വസ്യാസ്യ ബാഹ്യതഃ' (ഈശാവാസ്യംഃ 1ഃ5). വിശ്വം എന്ന വാക്കിനെ കൂടുതൽ മൂന്നാമത്തെ വരി

യിൽ വീണ്ടും വർണ്ണിക്കുന്നുണ്ട്. 'ജനിക്കാത്തവൻ' (അതുകൊണ്ടു മരണവുമില്ല, നിത്യൻ)അങ്ങല്ലാതെ മറ്റൊന്നില്ല. പ്രപഞ്ചത്തിലെ ഏതൊരു പദാർത്ഥമെടുത്താലും അത് അങ്ങാണ്. 'സർവ്വം ഖലിതം ബ്രഹ്മ', 'ഈശാവാസ്യമിദം സർവ്വം' തുടങ്ങിയ ഉപനിഷദ് വാക്യങ്ങൾ ഓർക്കുക.

വിശ്വം അവിടുത്തെ മായയാൽ വലിയൊരു കളിതമാശയായി രചിക്കപ്പെട്ടതാണ്. വിശേഷേണ ലസിക്കുന്നതാണ് വിലാസം. ലസം തന്നെ കുട്ടിക്കളി. ഒന്നിനെപ്പറ്റിയും ചിന്തിക്കാതെയുള്ള കളി. എല്ലാം മറന്ന കേളി. അതു തന്നെ സാധാരണയിലധികം വിശേഷമാവുമ്പോൾ വിലാസം. അതു തന്നെ ലീലയാവുമ്പോൾ തികഞ്ഞ കാരണരഹിതമാവും. ഇങ്ങനെ മായാലീലാവിലാസത്തിൽ സൃഷ്ടിക്കപ്പെട്ട വിശ്വമാകട്ടെ, അവിടുത്തെ ഒരൊറ്റവീക്ഷണം കൊണ്ട് മറയും. ആ വീക്ഷണം വരെയുള്ള വിഷ്ണുമായ മാത്രമാണ് എല്ലാം. അഹോ ആദിയും അന്തവുമില്ലാത്തവനേ, മൂന്നു ലോകങ്ങളിലും, അവിടുത്തെ പ്രഭാവം (പ്രകർഷഭാവം) അറിയുന്നവർ ആരുമില്ല. സംഭവിക്കാൻ പോകുന്ന പ്രപഞ്ചം ഉൾക്കൊണ്ട അണ്ഡം അങ്ങയുടെ കുക്ഷിയിൽ സംസ്ഥിതമാണ്. സംഭവിച്ച പ്രപഞ്ചത്തിലെ എല്ലാം, ഓരോ പദാർത്ഥവും അങ്ങയുടെ മൂന്നിലൊന്നിൽ ഉൾക്കൊണ്ട ഒരു ഭാഗമാണ്.അങ്ങയുടെ വീക്ഷണത്തോടെ ഇതെല്ലാം അവസാനിക്കും. അങ്ങനെ സ്വയം അനാദ്യന്തനായ അങ്ങ്, സൃഷ്ടിസ്ഥിതിസംഹാരകനായി രസിക്കുന്നു കളിക്കുന്നു.


ചൈത്രം

• മാനസിക സംഘർഷമനുഭവിക്കുന്നവർ
• ഏകാന്തതയനുഭവിക്കുന്നവർ
• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;
0484 2361161
ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ



# IN EVER LOVING MEMORY OF OUR PARENTS



**SARADAMMA**



**JANARDANAN NAIR**

RAM NIVAS, NETTOOR P.O., ERNAKULAM-682 040

INSERTED BY

**ADV. JAYAKUMAR** L / 3936

**MAYA DEVI** L / 4010

**ANANTHA KRISHNAN. J** L / 5254

ANANTH VIHAR, ELECTRONICS STREET, PALLIMUKKU, ERNAKULAM-682 016
MOBILE: 944 65 11 444

**GIRIJA. S NAIR (U.S.A)**
**VARSHA NAIR (U.S.A.)**

**JAYASREE. S (K.S.E.B.)**
**KRISHNAN UNNY. J (B. Arch.)**

# Sad New Year 2017

എസ്. ശ്രീകുമാർ (ഫോൺ: 94465 17644)

ഒരുമകന്റെ കാർ നഗരത്തിലെ മുന്തിയ ആഡംബരഹോട്ടലിന്റെ പോർച്ചിൽ കുലുങ്ങി നിന്നു. എല്ലാക്കൊല്ലവും പതിവായി പുതുവത്സരം ആഘോഷിക്കാറുണ്ട്. അതിന്റെ ഭാഗമായി മക്കളേയും, മരുമക്കളേയും, പേരക്കുട്ടികളേയും കൂട്ടി ഒരു Outing പതിവുള്ളതാണ്. അതിന്റെ ഭാഗമായിട്ടാണ് ഞങ്ങൾ ഹോട്ടലിൽ എത്തിയത്. പുതുവത്സരത്തെ എതിരേൽക്കുവാനുള്ള തിരക്ക് ഹോട്ടലിൽ നന്നായി പ്രകടമായിരുന്നു. ചുറ്റും പല നിറത്തിലുള്ള ബൾബുകൾകൊണ്ട് അലംകൃതമായ ഹോട്ടൽ ഒരു കൊട്ടാരം പോലെ തോന്നി.

ആധുനിക കാലത്ത് എല്ലാവർക്കും ധൃതിയാണല്ലോ. അച്ഛനും അമ്മയ്ക്കും ഓഫീസിൽ പോകാൻ ധൃതി, മക്കൾക്ക് സ്കൂളിൽ പോകുവാനുള്ള ധൃതി. ചുരുക്കത്തിൽ ഓഫീസിൽ നിന്നും വന്നാൽ ഉടൻ കമ്പ്യൂട്ടറിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടും. കുട്ടികളും തഥൈവ. പ്രോജക്റ്റ് ചെയ്യൽ അല്ലെങ്കിൽ Video game കളിക്കൽ അപ്പോഴും ഒരുമിച്ചിരുന്ന് കുടുംബാംഗങ്ങൾക്ക് സംസാരിക്കാൻ സമയം വളരെ കുറവ്. വീട്ടിലുള്ളവർ തന്നെ ഇങ്ങനെയാണെങ്കിൽ പുറത്തുള്ളവരുടെ കാര്യം പറയേണ്ടതുണ്ടോ. ആധുനിക കാലത്ത് കുടുംബമെന്നത് ചുരുങ്ങി ചുരുങ്ങി അവനവനിലേക്കു മാത്രമായി ഒതുങ്ങിത്തുടങ്ങി. കുട്ടികൾക്ക് അവരുടെ ഉറ്റബന്ധുക്കളെപ്പോലും തിരിച്ചറിയില്ല. അയൽക്കാരുമായും ബന്ധമില്ല. പിന്നെ നാട്ടുകാരുടെ കാര്യം പറയാനുണ്ടോ? അങ്ങിനെ എല്ലാംകൊണ്ടും തന്നിലേക്ക് തന്നെ ഒതുങ്ങി വരുന്ന ഒരു സമൂഹമാണ് നമ്മുടേത്. അതിൽനിന്ന് മാറിച്ചിന്തിക്കുകയും കുട്ടികൾക്ക് അവനവന്റെ ബന്ധക്കാരേയും സ്വന്തക്കാരേയും തിരിച്ചറിയണമെന്ന വിചാരത്തിന്റെ ഫലമായാണ് ഇത്തരം ഒത്തുകൂടിച്ചേരലിന് വഴിയൊരുക്കിയത്. ഇത്തരം കൂടിച്ചേരലുകൾ കുട്ടികൾ തമ്മിലുള്ള അകൽച്ച അടുത്തിടപഴകുന്നതോടെ കുറക്കാനാവും.

ഇനി പുതുവത്സരക്കാഴ്ചകളിലേക്ക് പുതുവത്സരത്തെ ഇരുകൈകളും നീട്ടി സ്വീകരിക്കാനുള്ള തയ്യാറെടുപ്പിലാണ് എല്ലാവരും. കാർ ഹോട്ടലിന്റെ പോർച്ചിൽ എത്തിയപ്പോൾ തന്നെ സെക്യൂരിറ്റിക്കാരൻ ഓടിവന്ന് കാറിന്റെ ഡോർ തുറന്ന് ഭവ്യതയോടെ നിന്നു. അതിനു ശേഷം ഹോട്ടൽ കവാടത്തിനകത്ത് പഴയ ഡ്രാമകളിൽ മാത്രം കണ്ടു ശീലിച്ച തലപ്പാവും അതിനോടു വേണ്ട വേഷവിധാനത്തോടും കൂടിയ കൊമ്പൻ മീശക്കാരൻ ഭവ്യതയോടെ ഞങ്ങളെ സല്യൂട്ട് ചെയ്ത് വാതിൽ തുറന്നു തന്നു. അപ്പോഴെ എനിക്ക് ഒരു പന്തിയില്ലായ്മ മണത്തു. അകത്തേക്ക് കടന്ന ഉടനെ കോട്ടും സൂട്ടും ടൈയും അണിഞ്ഞ ഒരു മദ്ധ്യ വയസ്ക്കൻ (റെസ്റ്റോറന്റ് മാനേജർ) ഞങ്ങൾക്ക് ഉപചാരങ്ങൾ അർപ്പിച്ച ശേഷം ഞങ്ങളെ കുടിയിരുത്തി. പാളപോലെ നീളമുള്ള മെനുകാർഡ് ഞങ്ങൾക്ക് നീട്ടി. കുറെ നേരം അതു കരണ്ട് തിന്നതിനു ശേഷം വെള്ള പാന്റും, ഷർട്ടിന്റേയും പുറത്ത് കറുത്ത ഓവർ കോട്ടിട്ട് പരിചാരകൻ കുട്ടിയും കോലുമായി (പേനയും കടലാസുമായി) ചാർത്തെടുക്കാൻ. കുറെ ചർച്ചകൾക്ക് ശേഷം ഞങ്ങളിൽ നിന്ന് ഓർഡർ പിടിച്ചുവാങ്ങി അപ്പോൾ തുടങ്ങിയ കാത്തിരിപ്പ് മഴക്ക് വേണ്ടിയുള്ള വേഴാമ്പലിന്റെ കാത്തിരുപ്പ് പോലെയായിരുന്നു). ഭക്ഷണത്തിനാണെന്ന് മാത്രം .അവസാനം വഞ്ചി കരയ്ക്കടുത്തു. വിഭവങ്ങൾ ഓരോന്നായി മേശമേൽ നിരന്നു. തരാതരം പോലെ ആദ്യം സൂപ്പ് പിന്നീട് കരിമീൻ പൊള്ളിച്ചത്,ചെമ്മീൻ വറുത്തത്, ചെമ്മീൻ കറി, ചിക്കൻ ടിക്ക. അങ്ങിനെ അങ്ങിനെ.

ഞങ്ങൾ അവയോട് യുദ്ധം തുടങ്ങി അപ്പോഴാണ് ഓരോ ഭക്ഷണ സാധനങ്ങളും ശ്രദ്ധിച്ചത്. ഗ്രീൻസാലഡ് എന്ന ഓമനപ്പേരിൽ ഒരു കൊച്ചു ബൗളിൽ, സവാള, തക്കാളി,കുക്കുമ്പർ, ക്യാരറ്റ് എന്നിവ മനോഹരമായി മുറിച്ച് ഭംഗിയോടെ അലങ്കരിച്ച് വെച്ചിരിക്കുന്നു. സാലഡിന് മുകളിൽ കണ്ണു കിട്ടാതിരിക്കാൻ ഒരു വലിയ പച്ചമുളക് നെടുകെ പിളർന്ന് അലങ്കരിച്ചിരിക്കുന്നു. ഞങ്ങളുടെ വലിയ കുടുംബം ഒന്നു സലാഡിൽ കൈവെച്ചതോടെ പാത്രം കാലിയായി. ഉള്ളം കയ്യിൽ കൊള്ളാവുന്ന ഒരു ബൗളിലുള്ള ചെമ്മീൻ കറി ഞങ്ങളുടെ FamilyMembers ന് ഒരെണ്ണം പോലും കിട്ടിയില്ല. ഇതിനിടെ പ്ലേറ്റുകൾ ഒന്നൊന്നായി വരുകയും പോകുകയും ചെയ്തു. അവസാനം ഭക്ഷണത്തോടുള്ള യുദ്ധം അവസാനിപ്പിച്ച് കൈ കഴുകാൻ ചെന്നപ്പോൾ അവിടെ പൈപ്പ് തുറക്കുകയേ വേണ്ട, പൈപ്പിനടിയിൽ കൈ കാണിച്ചാൽ മാത്രം മതി. വെള്ളം വരാൻ. കൈ കഴുകിയതിനു ശേഷം തുടക്കാൻ നാപ്കിൻ, അതു കഴിഞ്ഞ് കൈ ശരിക്ക് ഉണക്കാൻ Machine.

Resturant ഏതോ മുഗൾ രാജാവിന്റെ ദർബാർ

പോലെ തോന്നിക്കും. അതിമനോഹരമായി Hanging Lights ഉം അതിലെ ചിത്രപ്പണികളും മറ്റും. അവസാനം ക്ലൈമാക്സിലേക്കു കടന്നു. Bill വന്നു. ഒന്നോടിച്ചു നോക്കിയപ്പോൾ കണ്ണിൽ നിന്നും, വായിൽ നിന്നും വെള്ളം കുടു കുടാ ചാടി. കിന്നരിത്തലപ്പാവ് വെച്ച പരിചാരകരുടേയും ആധുനിക സംവിധാനങ്ങളുടേയും വില ബില്ലിൽ എനിക്കു കാണാനായി. Happy New Year ആഘോഷിക്കാൻ ഇറങ്ങിത്തിരിച്ച എനിക്കും കുടുംബത്തിനും ഒരു Sad New Year ആണ് സമ്മാനിച്ചത്. ആ മുന്തിയ ഹോട്ടലിനോട് ഞങ്ങൾ ടാ ടാ പറഞ്ഞു. വീണ്ടും അടുത്ത കൊല്ലം വരാതിരിക്കാൻ ശ്രമിക്കാം എന്ന വിചാരത്തോടെ.

ഗാന്ധിസൂക്തം

# ശാസ്ത്രത്തെക്കുറിച്ച്

ഞാനെവിടെ നിന്നു വന്നുവെന്ന് ഞാൻ അത്ഭുതപ്പെടാറുണ്ടായിരുന്നു. നടുക്കവും, അത്ഭുതവും,വേദനയുമായി, എന്നെപ്പോലൊരാൾക്ക് നിശ്ശബ്ദനായി നിൽക്കാൻ ഇവിടെ സ്ഥലമില്ല. അധികം സംസാരിക്കാനുള്ള ഒരു മാനസികാവസ്ഥയിലല്ല ഞാൻ. ഇവിടെ കാണുന്ന വലിയ പരീക്ഷണ ശാലകളും വൈദ്യുതി ക്രമീകരണങ്ങളും നിർബന്ധം ചെലുത്തിയുള്ള അദ്ധ്വാനത്തിന്റെ ഫലമാണ്. ടാറ്റായുടെ മുപ്പതുലക്ഷവും അതല്ലെങ്കിൽ മൈസൂരിന്റെ സംഭാവനയും ഒക്കെ പുറത്തു നിന്നും വന്നതല്ല. നിർബന്ധപൂർവ്വം ചെയ്ത കഠിനാദ്ധ്വാനത്തിന്റെ ഫലമാണ്. ഈ പണമൊക്കെ വലിയ കെട്ടിടങ്ങളും ഫാക്ടറികളുമൊക്കെയുണ്ടാക്കാൻ വിനിയോഗിക്കുന്നതിന്റെ ഉദ്ദേശ്യം ഗ്രാമവാസികളോട് പറഞ്ഞാൽ അവർക്ക് മനസ്സിലാവില്ല. ഇതൊന്നും അവരുടെ നൻമയക്ക് വേണ്ടിയുള്ളതല്ല എന്നും പക്ഷേ വരും കാലതലമുറക്കതു പ്രയോജനപ്പെടുമെന്നും പറഞ്ഞാൽ അവർക്ക് മനസ്സിലായെന്നു വരില്ല. പക്ഷേ അവരോട് ആര് ചോദിക്കാൻ. ഒരവകാശം പോലെ നാം ആ പണം വിനിയോഗിക്കുന്നു. 'പ്രാതിനിധ്യമില്ലാതെ നികുതിയുമില്ല'. എന്ന തത്ത്വം അവർക്കു കൂടി ബാധകമാണെന്ന കാര്യം നാം മറക്കുന്നു. ഇതിന്റെ കണക്കുകൾ അവരെക്കൂടി ബോദ്ധ്യപ്പെടുത്തേണ്ടതാണെന്ന സത്യം നാം മനസ്സിലാക്കിയാൽ നിങ്ങളുടെ ഹൃദയത്തിൽ മറ്റൊരാശയം കൂടി ഉദിക്കും. നമ്മുടെ അറിവും പരിചയവും ലക്ഷങ്ങൾക്ക് പ്രയോജനകരമായ വിധത്തിൽ വിനിയോഗിക്കേണ്ടതല്ലേ. അവരുടെ അദ്ധ്വാനത്തിന്റെ ഫലമാണല്ലോ നിങ്ങളുടെ വിദ്യാഭ്യാസം. ഗ്രാമാന്തരീക്ഷങ്ങളിൽ ജീവിക്കുന്ന ദരിദ്ര നാരായണൻമാരെ ഓർക്കുക. നിങ്ങളുടെ പ്രൊഫസർ പറഞ്ഞത് ചില രാസവസ്തുക്കളുടെ ഉപയോഗങ്ങൾ മനസ്സിലാക്കാൻ വർഷങ്ങൾ നീണ്ട പരീക്ഷണങ്ങൾ വേണ്ടിവന്നേക്കുമെന്നാണ്. എന്നാൽ നമ്മുടെ ഗ്രാമങ്ങളിൽ ഉറങ്ങിക്കിടക്കുന്ന വിഭവങ്ങളെ കണ്ടറിയുവാൻ ആരാണ് ശ്രമിക്കുന്നത്? പരീക്ഷണശാലയിൽ ചില പരീക്ഷണങ്ങൾക്കായി നിങ്ങൾ 24 മണിക്കൂറും വിനിയോഗിക്കുന്നു. അതേ രീതിയിൽ ദരിദ്ര ലക്ഷങ്ങളുടെ ക്ഷേമത്തിനു വേണ്ടി നിങ്ങളുടെ ഹൃദയത്തിലെ വലിയൊരു ഭാഗം സദാ പ്രവർത്തന നിരതമാകട്ടെ.

സാധാരണക്കാരിൽ നിന്നും ഉപരിയായി ഞാൻ നിങ്ങളിൽ നിന്നും പലതും പ്രതീക്ഷിക്കുന്നു. ചെറിയ ജോലികൾ ചെയ്ത് സംതൃപ്തിയടയരുത്. ' ഞങ്ങൾക്ക് കഴിയുന്നത് ഞങ്ങൾ ചെയ്തു. ഇനി കുറച്ച് ടെന്നീസും, ബില്ല്യാർഡ്സും കളിക്കട്ടെ' . എന്ന് പറഞ്ഞ് ഒഴിഞ്ഞു മാറരുത്. ടെന്നീസ് കോർട്ടിലും ബില്ല്യാർഡ് റൂമിലും നിൽക്കുമ്പോൾ നിങ്ങൾ വീട്ടാനുള്ള പെരുത്ത കടത്തെക്കുറിച്ച് ഓർക്കുക. ഗ്രാമത്തിലെ ദരിദ്ര വനിത നെയ്ത വസ്ത്രം ധരിക്കാൻ മടിക്കാതിരിക്കുക. പുരുഷൻമാരെപ്പോലെ ലോകത്തിനു മുൻപിൽ ഉറച്ച ആദർശവുമായി നിവർന്നു നിൽക്കുക. നിശബ്ദ ലക്ഷങ്ങളെ സേവിക്കാനുള്ള നിങ്ങളുടെ വ്യഗ്രത പണം സമ്പാദിക്കാനുള്ള വെമ്പലായി മാറാതിരിക്കട്ടെ. നിങ്ങളുടെയും ഗ്രാമങ്ങളിലെ ലക്ഷക്കണക്കിന് ആളുകളുടേയും ഹൃദയങ്ങൾ തമ്മിൽ ആശയവിനിമയം നടത്തുവാനുള്ള ഒരു വയർലസ് ഉപകരണത്തിന് ജൻമം നൽകുക. അതിന് ഒരു പുറം ഗവേഷണത്തിന്റെ ആവശ്യമില്ല. ആന്തരിക ഗവേഷണവുമായി ബന്ധമില്ലാത്ത എല്ലാ ഗവേഷണങ്ങളും ഉപയോഗശൂന്യമാണ്. ഉൾഗവേഷണം നിങ്ങളുടെ മനസ്സിനെ ജനകോടികളുടെ മനസ്സുമായി ബന്ധിപ്പിക്കുന്നു. ജനക്ഷേമത്തിനുപകരിക്കുന്നില്ലെങ്കിൽ നിങ്ങളുടെ പരീക്ഷണശാലകൾ ചെകുത്താന്റെ പണിശാലകളെക്കാൾ ഭേദമല്ല. എന്നു രാജഗോപാലാചാരി പറഞ്ഞ നേരമ്പോക്ക് ഓർമ്മിക്കുക. മതി. ചിന്തിക്കാനാവശ്യമുള്ളതു ഞാൻ നൽകി. പരിചിന്തനത്തിനു തയ്യാറാവൂ. എല്ലാ ഗവേഷണ വിദ്യാർത്ഥികളും അതാണു ചെയ്യേണ്ടത്.

യംഗ് ഇൻഡ്യ 21. 7. 1927, പുറം 235

# കരയുമ്പോൾ.....

യു.എസ്.രവീന്ദ്രൻ (ഫോൺ: 94961 20978)

കണ്ണുനീർതുള്ളിയെ പണ്ടൊരു കവി സ്ത്രീയോട് ഉപമിച്ചിട്ടുണ്ടെന്നു പറയുന്നു. ആ കവിക്ക് അഭിനന്ദനം അർപ്പിച്ചുകൊണ്ട് വേറൊരു കവി കവിതയുമെഴുതിയിട്ടുണ്ട്. ആരും പുരുഷനെ കണ്ണുനീർ തുള്ളിയോട് ഉപമിച്ചിട്ടില്ല. പുരുഷൻമാർ കരയുമ്പോൾ കണ്ണുനീർ അതിന്റെ ഉറവിടത്തിൽ തന്നെ വച്ച്വറ്റിപ്പോകുന്നതു കൊണ്ടാകാം തുള്ളിയായി പുറത്തുവരാത്തത്.ലോകത്തിലുള്ള എല്ലാ ജീവികളും മിക്കവാറും ഒരിയ്ക്കലെങ്കിലും കണ്ണുനീർ പൊഴിച്ചിട്ടുണ്ടാകാം. പല ശാസ്ത്രജ്ഞൻമാർ പോലും യഥാർത്ഥ കണ്ണുനീരിന്റെ രഹസ്യത്തെപ്പറ്റിയോ കാരണത്തെപ്പറ്റിയോ അറിയുന്നില്ല. അല്ലെങ്കിൽ ഇക്കാര്യത്തിൽ ഒരു അഭിപ്രായ ഐക്യമില്ല. വികാരാനന്തരമായിട്ടുണ്ടാകുന്ന കണ്ണുനീർ പൊഴിക്കലിനു പോലും പ്രത്യേക ഉപയോഗമൊന്നുമില്ലെന്നു **ചാൾസ് ഡാർവിൻ** പണ്ട് പറഞ്ഞിട്ടുണ്ടെങ്കിലും കരച്ചിൽ എന്ന പ്രക്രിയ ഇപ്പോഴും ശരീരത്തിന്റെ വിസ്മയിപ്പിക്കുന്ന ഒരു രഹസ്യമായി നിലനിൽക്കുന്നു. മറ്റു ജീവികളിൽ കണ്ണിൽ ചൊറിച്ചിലിന്റേയോ വേദനയുടേയോ അനന്തരഫലമായി കണ്ണുനീർ കാണാറുണ്ടെങ്കിലും മനുഷ്യർക്കു മാത്രം വികാരവിക്ഷോഭമുണ്ടാകുമ്പോൾ കരച്ചിലും കണ്ണുനീരുമൊക്കെ ഉണ്ടാകുന്നു. എന്തു കൊണ്ട്?

'എന്തുകൊണ്ട് മനുഷ്യർ കരയുന്നു'. എന്ന തന്റെ പുസ്തകത്തിൽ നെതർലൻഡിലെ മനശാശ്ത്ര പ്രൊഫസറായ **അഡ്വിംഗർ ഹോവറ്റ്** കരച്ചിലിനെപറ്റിയും അതിന്റെ പിന്നിലുള്ള വൈകാരിക മാനസിക പ്രക്രിയകളെപ്പറ്റിയും വിവരിക്കുന്നുണ്ട്. ദുഃഖ സൂചനയെക്കാൾ വേറെ എന്തൊക്കെയാണ് കരച്ചിൽ ; ഒരു കൂട്ടം മാനസികാവസ്ഥകളുടെ പാരമ്യമാണ് നമ്മളിലുണ്ടാകുന്ന സഹാനുഭൂതി, ദേഷ്യം, സങ്കടം, സ്നേഹം മുതലായ വികാരങ്ങൾ മറ്റുള്ളവർ കാണുന്ന വിധത്തിൽ പുറത്തുവരുന്ന ഒരു സംവിധാനം. കരച്ചിലിന്റെ ശാസ്ത്രീയവശത്തെപറ്റി ഇപ്പോഴും പല ഗവേഷണങ്ങളും നടന്നുകൊണ്ടിരിക്കുന്നു.

കണ്ണുനീർ ഹൃദയത്തിൽ നിന്നും ഉത്ഭവിക്കുന്നതാണെന്നാണ് നൂറ്റാണ്ടുകളോളം വിശ്വസിച്ചിരുന്നത്. 1600ാം മാണ്ടുകളിൽ വിശ്വാസം ഇങ്ങനെയായിരുന്നു വികാരം,സ്നേഹം പോലുള്ള വികാരം പ്രത്യേകിച്ച്, ഉണ്ടാകുമ്പോൾ ഹൃദയം ചൂടാകുന്നു. ഹൃദയം ചൂടാകുമ്പോൾ തണുപ്പിക്കാൻ വേണ്ടി സ്വയം ആവി ഉൽപ്പാദിപ്പിക്കുന്നു. ഈ ആവി ശിരസ്സിലേക്ക് ഉയർന്നു വന്ന് കണ്ണുകളിൽ വച്ച് ദ്രവീകരിച്ച് കണ്ണീരായി പുറത്തു പോകുന്നു.

1662 ൽ ഡാനിഷ് ശാസ്ത്രജ്ഞനായ **നീൽ സ്റ്റെൺ സൺ** ആണ് കണ്ണിനകത്തെ ലാക്രിമൽ ഗ്രന്ഥിയാണ് കണ്ണുനീരിന്റെ ഉറവിടം എന്നു കണ്ടുപിടിച്ചത്. വേറെ ശാസ്ത്രജ്ഞൻമാർ കണ്ണുനീരിനെ പ്പറ്റി ഭാവനാത്മകമായ പല കാരണങ്ങൾ പറയുന്നുണ്ടെങ്കിലും **നീൽസ്റ്റെൺസൺ** പറയുന്നത് കണ്ണുനീർ കണ്ണിനെ ഉണങ്ങാതെ ഈർപ്പമുള്ളതാക്കി സൂക്ഷിക്കാൻ വേണ്ടി മാത്രമുള്ളതാണെന്നാണ്. എന്തുകൊണ്ട് മനുഷ്യർ കരയുന്നു? **വിംഗർ ഹോവറ്റ്** എട്ട് കാരണങ്ങൾ പറയുന്നുണ്ട്. ചില കാരണങ്ങൾ ശുദ്ധ അസംബന്ധമാണെന്ന് തോന്നും. ഉദാഹരണത്തിന് 1660 കളിൽ വിശ്വസിച്ചിരുന്നത് മനുഷ്യൻ പരിണാമ പ്രക്രിയയുടെ ഒരു ഘട്ടത്തിൽ ജലജീവിയായിരുന്നപ്പോൾ കണ്ണിനെ ഉപ്പുവെള്ളത്തിൽ നിന്നും രക്ഷിക്കാൻ വേണ്ടിയാണ് കണ്ണുനീർ വരുന്നത് എന്നാണ്. **വില്യം ഫ്രേ** എന്ന ഒരു ബയോകെമിസ്റ്റ് പറയുന്നത് കരച്ചിൽ മൂലമുണ്ടാകുന്ന കണ്ണുനീർ മാനസിക പിരിമുറുക്കംമൂലമുണ്ടാകുന്ന രക്തത്തിലെ വിഷാംശങ്ങളെ പുറത്തുകൊണ്ടു വന്ന് രക്തം ശുദ്ധീകരിക്കാൻ വേണ്ടിയുള്ളതിനാണെന്നാണ് .

പുതിയ അഭിപ്രായങ്ങൾക്ക് ഉപോൽബലകമായി ചില തെളിവുകളും കൊണ്ടു വന്നിട്ടുണ്ട്. കണ്ണുനീർ സാമൂഹിക ബന്ധങ്ങളെ ഉറപ്പിക്കുന്നു. മാനുഷിക ബന്ധങ്ങൾ ബലപ്പെടുത്തുന്നു. ' കുട്ടിക്കാലം തൊട്ടേ കരച്ചിൽ എന്ന പ്രക്രിയ മറ്റുള്ളവരുമായി ഒന്നിടപഴകാനുള്ള അവസരമുണ്ടാക്കാനുള്ള ഒരു സാധ്യതയായിതീരുന്നു. മനുഷ്യൻ ജനിച്ചു വീഴുന്നത് സ്വന്തമായി ജീവിച്ചു വളരാനുള്ള ഒരു തയ്യാറെടുപ്പോടു കൂടിയല്ല. വലുതാകുന്തോറും കഴിവുകൾ കൂടിവരുമെങ്കിലും ചിലപ്പോൾ അവൻ നിസ്സഹായനും

കൂടിയാണ്. കരച്ചിൽ എന്ന പ്രക്രിയ ചില കാര്യങ്ങളിൽ താല്ക്കാലികമാണെങ്കിൽ കൂടി സ്വന്തം പരിമിതികൾക്കപ്പുറം പരിഹരിക്കേണ്ട ചില പ്രശ്നങ്ങൾ തനിക്കുണ്ടെന്നുള്ളതിന്റെ സൂചനയാണ്". അമേരിക്കയിലെ സൗത്ത് ഫ്ളോറിഡയിലെ മനശാസ്ത്ര പ്രൊഫസറും വൈകാരിക പ്രശ്ന ഗവേഷകനുമായ **ജൊനാതൻ റോട്ടൻബർഗ്ഗിന്റെ** അഭിപ്രായമാണിത്.

പുതിയ ഗവേഷണങ്ങൾ ഇങ്ങനെ പറയുന്നു കണ്ണീർ സ്വന്തം മാനസിക സമ്മർദ്ദങ്ങളെ മറ്റുള്ളവരുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനുള്ള ഒരു സംവിധാനം കൂടിയാണ്. 2016 ൽ നടത്തിയ ഒരു പഠനത്തിൽ കണ്ണുനീർ അനുകമ്പ ഉളവാക്കുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്. കുറെ വ്യക്തികളുടെ കണ്ണുനീരോടു കൂടിയ ഫോട്ടോകളും കണ്ണുനീർ ഡിജിറ്റലായി മാറ്റിയ ഫോട്ടോകളും പരീക്ഷണത്തിനു വേണ്ടി കുറെ വിദ്യാർത്ഥികളെ കാണിച്ചപ്പോൾ കണ്ണീരോടുകൂടിയ ഫോട്ടോവിനോടാണ് പലർക്കും വൈകാരികമായ അടുപ്പം തോന്നിയത്.

ഉള്ളി അരിയുമ്പോൾ ഉണ്ടാകുന്ന കണ്ണുനീരിനും വൈകാരിക സമ്മർദ്ദത്തിനധീതമായി ഉണ്ടാകുന്ന കണ്ണുനീരിനും രാസപരമായ വ്യത്യാസങ്ങളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. രണ്ടാമത്തെ ഇനത്തിൽ എൻസൈമുകൾ, ലിപിഡുകൾ, മെറ്റാബോളൈറ്റുകൾ, ഇലക്ട്രോളൈറ്റുകളെ കൂടാതെ കൂടുതൽ പ്രോട്ടീൻ ഉള്ളതായി കാണപ്പെടുന്നുണ്ട്. പ്രോട്ടീന്റെ അംശം കൂടുതൽ ഉള്ളതുകൊണ്ട് വികാരാധീനരായി ഉണ്ടാകുന്ന കണ്ണുനീരിനു കട്ടികൂടുന്നു. തൊലിയോട് കൂടുതൽ ഒട്ടിച്ചേർന്ന് സാവധാനം ഒഴുകുന്നു. ഇതു മറ്റുള്ളവരുടെ ശ്രദ്ധയിൽ പെടാനുള്ള സാദ്ധ്യത കൂട്ടുന്നു.

മൃദു സ്വഭാവക്കാരാണെന്നു എളുപ്പം വികാരങ്ങൾക്ക് മുറിവേൽക്കുമെന്നുള്ള ഒരു സന്ദേശമാണ് കണ്ണുനീർ മറ്റുള്ളവരിൽ എത്തിക്കുന്നത്. മാനുഷിക ബന്ധങ്ങൾക്ക് മൃദുത്വം അത്യന്താപേക്ഷിതമാണു താനും മറ്റുള്ളവരുടെ കണ്ണുനീർ കാണുമ്പോഴുണ്ടാകുന്ന അതേ വ്യതിയാനങ്ങളാണ് സ്വയം കണ്ണുനീർ വീഴ്ത്തേണ്ട അവസരം വരുമ്പോൾ ഒരു വ്യക്തിയുടെ തലച്ചോറിൽ ഉണ്ടാകുന്നത്. ലണ്ടൻ യൂണിവേഴ്സിറ്റിയിലെ ന്യൂറോളജിസ്റ്റ് **മൈക്കിൾ ട്രിംബലി**ന്റെ അഭിപ്രായമാണിത്. പരിണാമഘട്ടത്തിലെ ഏതെങ്കിലും ഒരു സമയത്തുതൊട്ട് തുടങ്ങിയതാവണം കണ്ണുനീരും, സഹാനുഭൂതിയും, അനുകമ്പയും തമ്മിലുള്ള ബന്ധം.

കരച്ചിലിനു മറ്റുള്ളവരെ കബളിപ്പിക്കുവാനുള്ള കഴിവുമുണ്ട്. കുട്ടികൾ സ്വന്തം ആവശ്യങ്ങൾ നേടി എടുക്കാനുള്ള ഉപാധിയായി ഉപയോഗിക്കുന്നതു പോലെ ചിലപ്പോൾ മുതിർന്നവരും കരച്ചിൽ സ്വന്തം കാര്യം നേടാനുള്ള ഉപാധിയായി സ്വീകിരക്കാറുണ്ട് അവർ അറിഞ്ഞോ അറിയാതെയോ.

കരച്ചിലിന് ദേഷ്യത്തെ നിർവീര്യമാക്കാൻ കഴിവുണ്ട്. **ജൊനാതൻ റോട്ടൻ ബർഗ്ഗിന്റെ** അഭിപ്രായമാണിത്. ചിലപ്പോൾ കമിതാക്കൾ തമ്മിലുള്ള പ്രണയകലഹങ്ങളിൽ കുറ്റബോധമുള്ളയാൾ പ്രണയിതാവിനോടുള്ള മാപ്പപേക്ഷയായി കരച്ചിൽ ഉപയോഗിക്കാറുണ്ട്.

'കണ്ണുനീരിന് അക്രമാസക്തത കുറച്ചേക്കുവാനുള്ള സാധ്യതയുണ്ട്'. ഒരു പഠനത്തിൽ ഇസ്രായേലിലെ വെയ്സ്മാൻ ഇൻസ്റ്റിട്ട്യൂട്ടിലെ ന്യൂറോബയോളജിസ്റ്റ് **പ്രോഫാ. നോം സോബൽ** കണ്ടെത്തിയതാണിത്. ഈ വിഷയത്തിൽ കൂടുതൽ പഠനം നടക്കുന്നുണ്ട്. കണ്ണുനീരിന്റെ 160 മോളിക്യൂളുകളിൽ ഏതിനാണ് മേൽപറഞ്ഞ ഗുണമുള്ളത് എന്ന് പഠിച്ചുകൊണ്ടിരിക്കുന്നു. കണ്ണുനീരും അക്രമാസക്തി കുറക്കുവാനുള്ള കഴിവും തമ്മിലുള്ള ബന്ധത്തെപറ്റി **മൈക്കിൾ ട്രിംബിളും** പഠനം നടത്തിക്കൊണ്ടിരിക്കുന്നു.

**ട്രിംബിൾ** പറയുന്നു 'കരയാത്തവരുടെ സ്വഭാവത്തെപ്പറ്റി നമുക്ക് ഒന്നും പറയുവാൻ സാധ്യമല്ല'. ഒരു ചോദ്യം ഉയർന്നേക്കാം കണ്ണുനീരിന് ഇത്ര പ്രാധാന്യം ഉണ്ടെങ്കിൽ കരയാത്തവർ സാമൂഹിക ബന്ധങ്ങൾ ഇല്ലാത്തവരാണോ? ജർമ്മനിയിലെ കാസ്സൽ യൂണിവേഴ്സിറ്റിയിലെ മനശാസ്ത്രജ്ഞൻ പ്രൊഫസർ കോഡ്ബെനക്കെ ഈ വിഷയത്തിൽ ഗവേഷണം നടത്തി ക്കൊണ്ടിരിക്കുന്നു. വികാരവിക്ഷോഭം ഉണ്ടാകുമ്പോൾ കരയുന്നവരുടെ സ്വഭാവവും കരയാത്തവരുടെ സ്വഭാവവും വ്യത്യസ്തമാണെന്ന് അദ്ദേഹം നടത്തിയ ഒരു പഠനത്തിൽ നിന്നും കണ്ടെത്തി. 'കരയാത്തവർ മിക്കവാറും അന്തർമുഖൻമാരാണെന്നും അവരുടെ സാമൂഹിക ബന്ധങ്ങൾ പൊതുവെ ശക്തി കുറഞ്ഞതാണെന്നും എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. കരയാത്തവർ വിരസത, ഉദ്വേഗം, ദ്വേഷ്യം മുതലായ നിഷേധാത്മകമായ വികാരങ്ങൾക്ക് കരയുന്നവരേക്കാൾ വേഗം അടിമപ്പെടുന്നവരാണ് ' അദ്ദേഹം പറയുന്നു. കരയാത്തവരെപറ്റി കൂടുതൽ പഠനം ആവശ്യമാണ്.


വ്യക്തികൾ തമ്മിലുള്ള ആരോഗ്യപരമായ ബന്ധങ്ങൾക്ക് കരച്ചിലും കണ്ണുനീരും ശക്തികൂട്ടുമെങ്കിലും കരയാതിരുന്നാലും ആരോഗ്യപരമായ ബന്ധങ്ങൾ ഉണ്ടായിക്കൂടെന്നില്ല. കരയുന്നതുകൊണ്ട് ശാരീരികാരോഗ്യത്തിനു പ്രത്യേകിച്ച് ഗുണമുണ്ടെന്നൊന്നും തെളിവില്ലെങ്കിലും ഒരു കരച്ചിലിനു ശേഷം മാനസിക പിരിമുറുക്കത്തിന് ഒരാശ്വാസം

കിട്ടുമെന്ന ഒരു വിശ്വാസമുണ്ടെന്ന് **പ്രൊഫസർ ജൊനാതൻ റോട്ടൻബർഗ്** പറയുന്നു. ഒരു പഠനത്തിനു വേണ്ടി കുറെപ്പേരെ ഹൃദയഭേദകമായ ഒരു ചലച്ചിത്രം കാണിച്ചു; ചലച്ചിത്രം കണ്ടതിനു ശേഷം കരഞ്ഞവരുടെ ഉടനെയുള്ള മാനസികാവസ്ഥ കരയാത്തവരുടെ മാനസികാവസ്ഥയിൽ നിന്നും മോശമായിരുന്നു എന്ന് കണ്ടെത്തി. പഠനത്തിൽ നിന്നും ഒരു നിഗമനത്തിൽ എത്തിച്ചേർന്നു. നല്ല ഒരു കരച്ചിൽ വികാരവിരേചനത്തിൽ കൊണ്ടെത്തിക്കും. ദുഃഖങ്ങൾ അലിഞ്ഞു പോകുവാൻ കൂടുതൽ സമയമെടുക്കും. കരഞ്ഞവരുടെ മാനസികാവസ്ഥ കരയാത്തവരുടെ മാനസികാവസ്ഥയെക്കാൾ മെച്ചപ്പെട്ടതായി 90 മിനിറ്റുകൾക്കുശേഷം കാണപ്പെട്ടതായി **വിംഗർ ഹോവറ്റ്** പറയുന്നു.

കരച്ചിലിനെപ്പറ്റിയുള്ള ഗവേഷണങ്ങൾ ഇപ്പോഴും ശൈശവാവസ്ഥയിലാണ്. കണ്ണുനീരിന്റെ അത്ഭുതപ്രവർത്തനങ്ങൾ ശാസ്ത്രജ്ഞൻമാർ ഇതുവരെ വിശ്വസിച്ചിരുന്നതിനേക്കാൾ വളരെ പ്രധാനപ്പെട്ടതാണ്. കണ്ണുനീര് മാനുഷികാവസ്ഥയുടെ ഒരു തെളിവാണ്. നമുക്ക് മറ്റുള്ളവരെ ആവശ്യമുണ്ട് അതുകൊണ്ടു മാത്രമാണ് നാം കരയുന്നത് എന്നു **ഡാർവിൻ** പറയുന്നത് തെറ്റാണെന്ന് **വിംഗർ ഹോവറ്റ്** പറയുന്നു.

## 10-ാം ചരമവാർഷികം

**04. 04 .2017**



**ശങ്കരൻകുട്ടി മേനോൻ**
**കാർത്തിക**
**കളത്തിപറമ്പ് റോഡ്**
**എറണാകുളം 682016**

## എറണാകുളം കരയോഗം
# എൽഡർ സിറ്റിസൺസ് ഫോറം
## 2017 ഏപ്രിൽ-മെയ് മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 13.4.17 | ശ്രീവല്ലഭൻ നായർ | ഡോ. ജി.മാധവൻ നായർ | ജീവോത്പത്തി | 913 |
| 20.4.17 | ടി.കെ.ശ്രീകുമാരൻ | എം.ആർ. രാജേന്ദ്രൻ നായർ | പങ്കാളിത്ത ജനാധിപത്യം | 914 |
| 27.4.17 | കെ.വിജയൻ | പി.ജയരാമൻ | പുസ്തക പരിചയം | 915 |
| 4.5.17 | പി.ജി. രാമകൃഷ്ണൻ നായർ | ഡോ. പാർവ്വതി | Successful Ageing | 916 |
| 11.5.17 | ലക്ഷ്മിദേവി | ആർ. പി. നായർ | നമുക്കും പ്രായമുള്ളവർക്കും കാണാം സ്വപ്നങ്ങൾ | 917 |

# രാസവ്യവസായ ദുരന്തങ്ങൾ

## സുരക്ഷാ മാർഗ്ഗരേഖ

### (കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി)

രാസ വസ്തുക്കൾ കൈകാര്യം ചെയ്യുകയും സംഭരിക്കുകയും ചെയ്യുന്ന വ്യവസായ ശാലകളിലോ റോഡ്, റെയിൽവേ, ജലം, പൈപ്പ് ലൈൻ തുടങ്ങിയ മാർഗ്ഗങ്ങൾ വഴി അവ വിതരണം ചെയ്യുമ്പോഴോ ഉണ്ടാകുന്ന അപകടങ്ങൾ നിമിത്തമാണ് രാസവ്യവസായ ദുരന്തങ്ങൾ ഉണ്ടാകുന്നത്. ഇവ വൻതോതിലുള്ള തീപിടുത്തത്തിനോ, സ്ഫോടനത്തിനോ, വിഷവാതകങ്ങൾ പ്രസരിക്കുന്നതിനോ കാരണമാകാം.

### പ്രത്യാഘാതങ്ങൾ

ഇത്തരം ദുരന്തങ്ങൾ, രാസവസ്തുവിന്റെ പ്രത്യേകത അനുസരിച്ച് അതികഠിനമായ വേദന, അംഗവൈകല്യം, പരിക്ക്, മരണം, നീണ്ടു നിൽക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ, പരിസ്ഥിതി നാശം, കാറ്റ്, മണ്ണ്, വായു തുടങ്ങിയവയുടെ മലിനീകരണം, വസ്തുവകകളുടെ നാശനഷ്ടം തുടങ്ങിയവയ്ക്ക് വഴിതെളിച്ചേക്കാം. കാറ്റിന്റെ ദിശ, വേഗത, മഴയുടെ അളവ്, രാസവസ്തുവിന്റെ സ്വഭാവം ജനസാന്ദ്രത തുടങ്ങിയ ഘടകങ്ങളാണ് രാസദുരന്തത്തിന്റെ ആഘാതം നിശ്ചയിക്കുന്നത്.

ഇവ എങ്ങനെ കൈകാര്യം ചെയ്യണമെന്നതിനെപ്പറ്റി വേണ്ടത്ര അവബോധം ഇല്ലാത്തതാണ് രാസദുരന്തങ്ങളുടെ തീവ്രത വർദ്ധിക്കുവാനുള്ള കാരണം. ജനസാന്ദ്രത ഏറിയ പ്രദേശങ്ങൾ ഏറ്റവും അപകടസാദ്ധ്യതയുള്ളവയാണ്.

മിക്ക രാസദുരന്തങ്ങളും ഉണ്ടാകുന്നത് മുന്നറിയിപ്പ് സംവിധാനത്തിന്റെ അപര്യാപ്തത, ഉപകരണങ്ങളുടെ കാലപ്പഴക്കം, സുരക്ഷാ മാനദണ്ഡങ്ങളും നിയമങ്ങളും പാലിക്കാതിരിക്കൽ, അവബോധത്തിന്റെ കുറവ്, അശ്രദ്ധ,അജ്ഞത എന്നിവ കൊണ്ടോ ആണ്. ചുഴലിക്കാറ്റ് ,ഇടിമിന്നൽ, വെള്ളപ്പൊക്കം, ഭൂകമ്പം തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ, ഭീകരാക്രമണം എന്നിവ മൂലവും ഇത്തരം അപകടങ്ങൾ ഉണ്ടാകാം.

1984 ഡിസംബർ മാസം നടന്ന ഭോപ്പാൽ ദുരന്തമാണ് ഇന്ത്യയിൽ നടന്ന ഏറ്റവും വലിയ രാസ ദുരന്തം. ഭോപ്പാലിലുള്ള യൂണിയൻ കാർബൈഡ് എന്ന അമേരിക്കൻ കമ്പനിയിൽ നിന്നും പുറത്തുവന്ന മീതൈൽ ഐസോസയനേറ്റ് എന്ന വിഷവാതകം ശ്വസിച്ച് ആയിരക്കണക്കിന് സ്ത്രീകളും കുഞ്ഞുങ്ങളും,വൃദ്ധരും ആണ് മരിച്ച് വീണത്. നിരവധി ആളുകൾ വിഷവാതകം മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾകൊണ്ട് ഇപ്പോഴും വിഷമതകൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

2002-06 കാലഘട്ടത്തിൽ ഇന്ത്യയിൽ 20 ഓളം വൻ രാസദുരന്തങ്ങൾ ഉണ്ടായിട്ടുണ്ട്. കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിനാണ് ഇന്ത്യയിലെ രാസദുരന്തങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഉത്തരവാദിത്വമുള്ളത്.

### നിലവിലുള്ള നിയമങ്ങൾ

884 ലെ എക്സ്പ്ലോസീവ് ആക്ട്, 1934 ലെ പെട്രോളിയം ആക്ട്, 1948 ലെ ഫാക്ടറീസ് ആക്ട്, 1968 ലെ ഇൻസെക്ടിസൈഡ് ആക്ട്, 1986 ലെ പരിസ്ഥിതി (സംരക്ഷണ) ആക്ട് 1988 ലെ, മോട്ടോർ വാഹന നിയമം, 2005 ലെ ഡി.എം ആക്ട് തുടങ്ങിയവയാണ് നിലവിലുള്ള നിയമങ്ങൾ. രാസവസ്തുക്കൾ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് സുരക്ഷിതമായി കൊണ്ടുപോകുന്നതിനും, ഇൻഷുറൻസ്, ധനസഹായം തുടങ്ങിയവ നൽകുന്നതിനും വേണ്ടിയുള്ള നിയമങ്ങൾ വേറെയും നിലവിലുണ്ട്.

സംസ്ഥാനങ്ങളിൽ രാസ വ്യവസായ ദുരന്തങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള നിയമങ്ങൾ ഉണ്ടാക്കുന്നതിനുള്ള ചുമതല ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറേറ്റ്, പരിസ്ഥിതി മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾക്കാണ് പൊതുമരാമത്ത് ഗതാഗതം തുടങ്ങിയ വകുപ്പുകൾക്കാണ് റോഡുകളുടേയും ദേശീയപാതകളുടേയും സംരക്ഷണച്ചുമതല.

***പാചകവാതക ടാങ്കർ ലോറികൾ അപകടത്തിൽപ്പെട്ടാൽ ചെയ്യേണ്ട കാര്യങ്ങൾ***

### ദുരന്തസമയത്ത്

1. അപകടം നടന്ന ഉടനെ അഗ്നിശമനസേന, പോലീസ് തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളെ വിവരം അറിയിക്കുക.
2. അപകടം നടന്ന സ്ഥലത്തുനിന്ന് എത്രയും

പെട്ടെന്ന് കാഴ്ചക്കാരായ ആളുകളെ ഒഴിപ്പിക്കുക

3. ആ പ്രദേശത്തുള്ള ഗതാഗതം നിയന്ത്രിച്ച് വാഹനങ്ങൾ വഴിമാറ്റിവിടുക.

4. ആ പ്രദേശത്തേയ്ക്കുള്ള വൈദ്യുതി വിതരണം വിച്ഛേദിക്കുന്നത് കൂടുതൽ സുരക്ഷിതമാണ്.

5. അപകടം നടന്ന സ്ഥലത്തെ ആളുകളോട് ഇലക്ട്രിക് ഉപകരണങ്ങൾ, അടുപ്പ് മുതലായവ അണയ്ക്കാൻ നിർദ്ദേശം നൽകുക.

6. മൊബൈയിൽ ഫോണുകൾ നിർബന്ധമായും സ്വിച്ച് ഓഫ് ചെയ്യുക. വാതകചോർച്ച ഉണ്ടായ സ്ഥലത്ത് മൊബൈയിൽ ഫോണുകൾ പ്രവർത്തിപ്പിക്കുന്നത് വൻ തീപിടിത്തത്തിന് കാരണമാകും.

7. അപകടം നടന്ന പ്രദേശങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് വരുന്ന വാഹനങ്ങളിൽ നിർബന്ധമായും തീപ്പൊരി നിയന്ത്രിക്കുന്ന സ്പാർക്ക് അറസ്റ്റേഴ്സ് ഘടിപ്പിച്ചിരിക്കണം.

8. വിഷവാതകങ്ങൾ ചോരുമ്പോൾ, ചുരുങ്ങിയ പക്ഷം മൂക്കും വായും, നനഞ്ഞ തൂവാലകൊണ്ട് മൂടിക്കെട്ടി, കാറ്റിന് ലംബമായ ദിശയിലേക്ക് എത്രയും പെട്ടെന്ന് മാറിപ്പോകുന്നത് അപകടം കുറയ്ക്കാൻ സഹായകമാകും.

## ദുരന്തങ്ങൾ തടയാൻ വേണ്ട നടപടികൾ

രാസവസ്തുക്കളും മറ്റും വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിൽ രാസവസ്തു ഏതുവിഭാഗത്തിൽ പെടുന്നു എന്നത് കാണിക്കുന്ന ചിഹ്നം നിർബന്ധമായും വേണം.അപകടത്തിൽ പെടുന്ന ടാങ്കർ ലോറികളിൽ കൊടുത്തിട്ടുള്ള ഇത്തരം ചിഹ്നങ്ങൾ, അവയിൽ എന്തുതരം രാസവസ്തുവാണ് കൊണ്ടു പോകുന്നത് എന്നത് മനസ്സിലാക്കാൻ സഹായിക്കും.

## ഉദാഹരണമായി

ഓറഞ്ചു നിറത്തിലുള്ള ഡയ്മണ്ട് ചിഹ്നത്തിൽ പൊട്ടിത്തെറിക്കുന്ന വസ്തുവിന്റെ ചിത്രമുണ്ടെങ്കിൽ അവയിലുള്ളത് സ്ഫോടനശേഷിയുള്ള വസ്തുക്കളാണ് എന്ന് അർത്ഥം.ഇത്തരം വാഹനങ്ങളിൽ ചോർച്ച ഉണ്ടാകുന്ന പക്ഷം, മൊബയിൽ ഫോൺ, അവയ്ക്ക് അടുത്തുനിന്ന് പ്രവർത്തിപ്പിക്കുകയോ തീപ്പെട്ടി ഉരക്കുകയോ വാഹനങ്ങൾ സ്റ്റാർട്ട് ചെയ്യുകയോ അരുത്.

ചുവന്ന നിറത്തിലുള്ള ഡയമണ്ട് ചിഹ്നത്തിൽ കത്തുന്ന വസ്തുവിന്റെ ചിത്രമാണ് ഉള്ളതെങ്കിൽ കത്തുന്ന വസ്തുക്കളാണ് ടാങ്കറിൽ ഉള്ളത് എന്ന് മനസ്സിലാക്കാം. മുകളിൽ പറഞ്ഞ സുരക്ഷാ നടപടികൾ ഇവിടേയും ബാധകമാണ്.

വെള്ളനിറത്തിൽ തലയോടും രണ്ട് എല്ലുകളും കാണിച്ചിട്ടുള്ള ചിഹ്നം ഉണ്ടെങ്കിൽ വിഷപദാർത്ഥമാണ് അതിനുള്ളിലെന്ന് അർത്ഥമാക്കാം.

പച്ചനിറവും ഒരു സിലിണ്ടറിന്റെ ചിത്രവും ഉണ്ടെങ്കിൽ തീ പിടിക്കാൻ സാധ്യതയില്ലാത്ത കാർബൺഡൈയോക്സയിഡ് പോലുള്ള വാതകമാണ് അതിലെന്ന് മനസ്സിലാക്കാം.

ഇത്തരം വാഹനങ്ങളിൽ അടിയന്തിര വിവരപാനലുകൾ (എമർജൻസി ഇൻഫർ മേഷൻപാനലുകൾ) വാഹനത്തിന്റെ ഇരുഭാഗത്തും, പുറകിലും പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിക്കണം. കൊണ്ടു പോകുന്ന രാസവസ്തുവിന്റെ പേര് അടിയന്തിര ഘട്ടങ്ങളിൽ വിളിക്കേണ്ട നമ്പർ തുടങ്ങിയ വിവരങ്ങളാണ് പാനലുകളിൽ ഉൾപ്പെടുത്തേണ്ടത്.

രാസവസ്തുക്കളും മറ്റും വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിൽ, ഡ്രൈവറുടെ ക്യാബിനിൽ ട്രെം (TREM )കാർഡുകൾ വച്ചിട്ടുണ്ട് എന്ന് നിർബന്ധമായും ഉറപ്പാക്കണം. കൊണ്ടു പോകുന്ന രാസവസ്തുക്കളുടെ സ്വഭാവം, അപകടസാദ്ധ്യതകൾ, അടിയന്തിര ഘട്ടങ്ങളിൽ എടുക്കേണ്ട നടപടികൾ തുടങ്ങിയവ പ്രതിപാദിക്കുന്നതാണ് ട്രെം കാർഡുകൾ.

അപകടസാദ്ധ്യതയുള്ള വസ്തുക്കൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ ഡ്രൈവർമാർക്ക് സുരക്ഷിത ഡ്രൈവിംഗിനും, അടിയന്തിരഘട്ടങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഇടയ്ക്കിടയ്ക്ക് പരിശീലനങ്ങൾ നൽകണം.

- ഫയർ സർവ്വീസ്, പോലീസ് തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥർക്ക്, ഇത്തരം സന്ദർഭങ്ങൾ കൈകാര്യം ചെയ്യാൻ വിദഗ്ദ്ധപരിശീലനം നൽകണം.
- സാദ്ധ്യതയുള്ള എല്ലാത്തരം രാസ വ്യവസായ അപകടങ്ങളും കൈകാര്യം ചെയ്യാൻ ആവശ്യമായ എല്ലാ യന്ത്രസാമഗ്രികളും, മുഖാവരണം, തീ പ്രതിരോധിക്കുന്ന പ്രത്യേക വസ്ത്രങ്ങൾ തുടങ്ങിയവ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾക്ക് ഉണ്ടെന്ന് ഉറപ്പുവരുത്തണം.
- വാതകച്ചോർച്ച കണ്ടുപിടിക്കാൻ സഹായിക്കുന്ന എക്സ്പ്ലോസീവ് മീറ്ററുകൾ, ലീക്കു ചെയ്യുന്ന വാഹനത്തിൽ നിന്ന് മറ്റൊരു വാഹനത്തിലേക്ക് രാസവസ്തുക്കൾ മാറ്റാൻ സഹായിക്കുന്ന ഹൈഡ്രോകാർബൺ റിക്കവറി ടാങ്കറുകൾ എന്നിവ വാങ്ങുന്നത് തയ്യാറെടുപ്പുകൾ പൂർണ്ണമാക്കാൻ സഹായിക്കും.
- അപകട സാദ്ധ്യതയുള്ള വാഹനങ്ങളുടെ ഡ്രൈവർമാർ മൂന്നു ദിവസത്തെ അംഗീകൃത സിലബസ് പ്രകാരമുള്ള പരിശീലനം പൂർത്തിയാക്കിയ

സർട്ടിഫിക്കറ്റ് കൈവശം വയ്ക്കണമെന്ന് നിഷ്കർഷിക്കണം. ഇവർക്ക് ഇംഗ്ലീഷ് എഴുതാനും, വായിക്കാനും അറിയണമെന്നും 1989 ലെ കേന്ദ്ര മോട്ടോർ വെഹിക്കിൾ ആക്ട് അനുശാസിക്കുന്നു.

• ഇത്തരം വാഹനങ്ങൾക്ക് ഫിറ്റ്നസ്, ഇൻഷ്വറൻസ്, രജിസ്ട്രേഷൻ, പെർമിറ്റ്, ഫോറം (47) പ്രകാരമുള്ള അധികാരപത്രം എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം എന്നു മേൽപ്പറഞ്ഞ നിയമം അനുശാസിക്കുന്നു.

• ഒരു വാഹനത്തിന് ചുരുങ്ങിയത് രണ്ടു ഡ്രൈവർമാർ വേണമെന്ന നിയമം കർശനമായി പാലിക്കേണ്ടതാണ്.

• രാസവസ്തുക്കൾ കയറ്റി അയയ്ക്കുന്ന ഏജൻസികൾക്കാണ് അവ സുരക്ഷിതമായി എത്തേണ്ടിടത്ത് എത്തുന്നതുവരെയുള്ള സംരക്ഷണത്തിന്റെ ഉത്തരവാദിത്തം.

രാസദുരന്തങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യാൻ ജില്ലാ അടിസ്ഥാനത്തിൽ ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കുന്നത് ഏറെ പ്രയോജനം ചെയ്യും.

# തൊഴിലധിഷ്ഠിത പരിശീലന പരിപാടി

എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ കരയോഗം സീനിയർ സിറ്റിസൺ ഫോറത്തിന്റെ സഹകരണത്തോടകൂടി ആരംഭിക്കുന്ന തൊഴിലധിഷ്ഠിത പരിശീലന ക്ലാസ്സിലേക്ക് അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.

കോഴ്സിന്റെ ലക്ഷ്യം : ഡിഗ്രി കഴിഞ്ഞ് തൊഴിലന്വേഷിക്കുന്ന യുവതി യുവാക്കൾക്ക് ജോലി സംബന്ധമായതും തൊഴിൽ നേടാൻ ഉതകുന്നതുമായ കഴിവുകളിൽ വേണ്ട പരിശീലനം നൽകി അവരെ ജോലി തേടാൻ പ്രാപ്തരാക്കുക എന്നതാണ് ഈ പരിശീലന കോഴ്സിന്റെ ഉദ്ദേശം

കോഴ്സ് കാലാവധി : 2017 ജൂൺ 17 മുതൽ സെപ്റ്റംബർ 30 വരെ ഉള്ള കാലയളവിലെ എല്ലാ ശനി, ഞായർ ദിവസങ്ങളിലും.

കോഴ്സ് സമയം : രാവിലെ 10 മുതൽ 12 വരെ

കോഴ്സ് ഫീസ് : രൂപ 1000/

പ്രവേശനം പരമാവധി 25 പേർക്കു മാത്രം. മേൽ കാണിച്ച കോഴ്സിലേക്ക് ഡിഗ്രി തലത്തിലുള്ള തൊഴിലന്വേഷകരായ യുവതി യുവാക്കളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഡിഗ്രി ഫൈനൽ ചെയ്യുന്നവർക്കും കോഴ്സിലേക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2017 മെയ് 30 വരെ. ഏപ്രിൽ 30 നു മുമ്പ് അപേക്ഷിക്കുന്ന ആദ്യ പത്തു പേർക്ക് ഫീസ് 750 രൂപ കൊടുത്താൽ മതിയാകും. വിശദ വിവരങ്ങൾക്ക് താഴെ പറയുന്ന നമ്പറിൽ ബന്ധപ്പെടുക.

**എസ്. ശ്രീകുമാർ**

ഫോൺ : 9446517644

# ഗണപതി ക്ഷേത്രത്തിൽ പ്രതിഷ്ഠാദിനം

**എറണാകുളം കരയോഗം ഗണപതിക്ഷേത്രത്തിലെ പ്രതിഷ്ഠാദിനം മെയ് മാസം 3-ാം തീയതി (ബുധനാഴ്ച) നടത്തപ്പെടുന്നു. അന്നേദിവസം അഷ്ടദ്രവ്യ മഹാഗണപതി ഹോമവും എറണാകുളം ശിവക്ഷേത്രത്തിൽ ധാരയും (ആയിരത്തൊന്നുകുടം), കളഭാഭിഷേകവും ഉണ്ടായിരിക്കുന്നതാണ്.**

**ജനറൽ സെക്രട്ടറി**

# സി. വി. രാമൻപിള്ളയുടെ ചരിത്രാഖ്യായികകൾ

**കല്പകം സോമരാജൻ**

സി. വി. രാമൻപിള്ളയുടെ ചരിത്രാഖ്യായികകൾ എന്ന വിഷയത്തെകുറിച്ച് എഴുതുമ്പോൾ ആദ്യമായി ഞാൻ എന്റെ പ്രിയ ഗുരുനാഥൻ ശ്രീ.എസ് ഗുപ്തൻ നായർ സാറിനെ സ്മരിക്കുകയാണ്. അദ്ദേഹമാണ് ഈ പുസ്തകങ്ങൾ വായിക്കുവാനും ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള കഥകളുടെ അന്തർധാരകളെയും ഭാഷാപ്രയോഗവൈചിത്യത്തേയും പറ്റി പഠിക്കുവാനും എനിക്ക് പ്രേരണ നൽകിയത്. ചരിത്രാഖ്യായികകൾ മൂന്നു കൃതികളാണ്. അവയെക്കുറിച്ച് വിശദമായി പറയാതെ ഓരോ പുസ്തകങ്ങളെയും തെല്ലൊന്ന് സ്പർശിച്ച് ചില പ്രധാന കഥാപാത്രങ്ങളെക്കുറിച്ചു മാത്രം പറയുവാനാണ് ഞാൻ ശ്രമിക്കുന്നത്.

പാശ്ചാത്യസാഹിത്യത്തിൽ നിന്ന് ഇൻഡ്യൻ പ്രാദേശികഭാഷാ സാഹിത്യത്തിലേക്ക് സംക്രമിച്ച ഒരു ഉൽകൃഷ്ട സാഹിത്യകലാരൂപമാണ് നോവൽ പ്രസ്ഥാനം. ഇത് മലയാളത്തിലും കടന്നു വന്നു. അപ്പു നെടുങ്ങാടിയുടെ കുന്ദലതയാണ് മലയാളത്തിലെ ആദ്യ നോവൽ. തുടർന്ന് ഒ. ചന്തുമേനോന്റെ ഇന്ദുലേഖയും ശാരദയും പ്രസിദ്ധീകരിക്കപ്പെട്ടു. ചന്ദുമേനോന്റെ കൃതികളിൽ അന്നത്തെ ജന്മിത്ത സമ്പ്രദായത്തിന്റെ അവലോകനങ്ങളെ നർമ്മത്തിൽ പൊതിഞ്ഞ് ആവിഷ്കരിക്കുകയാണ് ചെയ്തിരിക്കുന്നത്. ഏതാണ്ട് ഇതിനടുത്ത കാലങ്ങളിൽ തന്നെയാണ് സി.വി. രാമൻ പിള്ളയുടെ കൃതികളും പ്രസിദ്ധീകരിക്കുന്നത്. 1891 ലാണ് മാർത്താണ്ഡവർമ്മ എന്ന ആദ്യ ആഖ്യായിക പ്രസിദ്ധീകരിക്കുന്നത്. തുടർന്ന് ധർമ്മരാജയും രാമരാജ ബഹദൂറും പ്രസിദ്ധീകരിക്കുന്നു. അങ്ങനെ മലയാളത്തിൽ സാമൂഹ്യാഖ്യായികകളും ചരിത്രാഖ്യായികളും ഏതാണ്ട് ഒരേ സമയത്തു തന്നെ ജന്മമെടുത്തു എന്നു പറയാം.

ചരിത്രാഖ്യായികകൾ എന്ന് തലവാചകം എഴുതിയെങ്കിലും സി.വി. രാമൻപിള്ളയും അദ്ദേഹത്തിന്റെ പിൻതലമുറക്കാരും മലയാളഹാസ്യകഥാപ്രസ്ഥാന രംഗത്ത് നിറഞ്ഞു നില്ക്കുന്നവരാണ്. സി. വി. യുടെ പുത്രീഭർത്താവും ഹാസ്യ സാമ്രാട്ടുമായ ഇ.വി.കൃഷ്ണപിള്ളയെക്കുറിച്ച് അധികം അറിയുകയില്ല എങ്കിലും അദ്ദേഹത്തിന്റെ പുത്രനായ ഭാസ്കര പിള്ളയെ, നമ്മുടെ സ്വന്തം അടൂർഭാസിയെ അറിയാത്തവരായി ഒരു മലയാളിയും ഉണ്ടായിരിക്കുകയില്ല.

സി.വി. രാമൻപിള്ള 1858 ൽ തിരുവനന്തപുരത്ത് ജനിച്ചു. പനവിളാകത്ത് നീലകണ്ഠപിള്ളയും കണ്ണങ്കര പാർവ്വതി പിള്ളയുമാണ് അദ്ദേഹത്തിന്റെ മാതാപിതാക്കൾ. സംസ്കൃതം ആയുർവ്വേദം, കൺകെട്ടു വിദ്യ തുടങ്ങിയ വിഷയങ്ങൾ സ്വപിതാവിൽ നിന്നു തന്നെ അദ്ദേഹം അഭ്യസിച്ചു. അദ്ദേഹത്തിന്റെ പ്രാഥമിക വിദ്യാഭ്യാസം തിരുവനന്തപുരത്തും ഉന്നതവിദ്യാഭ്യാസം തിരുവനന്തപുരത്തും മദിരാശിയിലുമായിട്ടാണ് നിർവ്വഹിച്ചത്. മദ്രാസ് യൂണിവേഴ്സിറ്റിയിൽനിന്ന് ബി.എ ഡിഗ്രി ഏഴാമത്തെ റാങ്കിൽ പാസ്സായി. ജേർണലിസം തൊഴിലായി സ്വീകരിച്ച അദ്ദേഹം കേരളപേട്രിയട്ട്, മലയാളി, മിതഭാഷി, വഞ്ചിരാജ് തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ പത്രാധിപരായി പ്രവർത്തിച്ചു. വ്യാഖ്യാനകോശം എന്ന നിഘണ്ടുവും നാലു വാല്യങ്ങളിലായി അദ്ദേഹം പ്രസിദ്ധീകരിച്ചു. സർക്കാർ പ്രസ്സിൽ സൂപ്രണ്ടായി പ്രവർത്തിച്ച അദ്ദേഹം സർക്കാരിന്റെ ജനവിരുദ്ധ നടപടികളിൽ പ്രതിഷേധിച്ച് തൽസ്ഥാനം രാജി വച്ചു. ഇതിനുശേഷമാണ് സാഹിത്യപ്രവർത്തനത്തിലേക്ക് തിരിയുന്നത്. അദ്ദേഹത്തിന്റെ പ്രധാനകൃതികൾ കുറുപ്പില്ലാക്കളരി, പ്രേമാമൃതം, തെന്തനം കോട്ട് ഹരിശ്ചന്ദ്രൻ, പണ്ടത്തെ പാച്ചൻ, കൈമളാശ്ശാന്റെ കടശ്ശിക്കൈ, ചെറുതേൻ കൊളംബസ് തുടങ്ങിയവയാണ്. ഇവയെല്ലാം തന്നെ ഹാസ്യകൃതികളോ ആക്ഷേപ ഹാസ്യകൃതികളോ ആയിരുന്നു. ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി സി.വി. എന്ന കഥാകാരൻ തിളങ്ങി നില്ക്കുന്നത്. തന്റെ വിഖ്യാതമായ ചരിത്രാഖ്യായികകളിലൂടെയാണ്. ആദ്യകാല ചരിത്രാഖ്യായികക്കാരൻ എന്നല്ല ഏറ്റവും മികച്ച ചരിത്രാഖ്യായികാകാരൻ എന്നാണ് സി.വി.യെ വിശേഷിപ്പിക്കേണ്ടത് .

സി.വി. തന്റെ നാടിന്റെ ഭൂതകാല മഹാത്മ്യത്തിൽ അഭിമാനം കൊള്ളുന്നു. ദേശീയ മഹത്വത്തിന്റെ കാലാത്മകമായ പുനഃസൃഷ്ടിയായിരുന്നിരിക്കാം അദ്ദേഹത്തിന്റെ ലക്ഷ്യം ഭൂതകാല ജീവിതത്തെ, വർത്തമാനകാല ജീവിതത്തെ എന്നപോലെ കണ്ട് ആവേശം കൊണ്ട് ചരിത്രത്തിന്റെ പഴയ ഏടുകളിൽ തിളങ്ങി നിൽക്കുന്നവരുടെ പൗരുഷം, രാജഭക്തി, സ്വഭാവഗാംഭീര്യം, ധീരത തുടങ്ങിയ ഗുണങ്ങളെ പുതിയ

തലമുറയിലേക്ക് ആവാഹിക്കുവാൻ അദ്ദേഹം ഉദ്യമിച്ചു. സ്വാഭാവികമായും സി.വി യുടെ ഇതിവൃത്തങ്ങൾക്ക് സങ്കീർണതയും പാത്രസൃഷ്ടിക്ക് മാനസീകമായ അഗാധതയും ഭാഷയ്ക്ക് ആശയാനുസൃതമായ പ്രൗഢതയും വന്നു ചേർന്നു. പല പോഷകനദികളും ഒന്നു ചേർന്നൊഴുകുന്ന മഹാനദിപോലെയായി അദ്ദേഹത്തിന്റെ കൃതികൾ. മാർത്താണ്ഡ വർമ്മ, ധർമ്മ രാജ, രാമരാജ ബഹദൂർ എന്നീ കൃതികൾ വായിച്ചു കഴിയുമ്പോൾ സി.വിയുടെ കൃതികൾ വളരെ പ്രൗഢവുമാണെന്നു മനസ്സിലാക്കുവാൻ കഴിയും.

കേരള ചരിത്രത്തിൽ തിരുവിതാംകൂറിന് എത്ര പ്രാധാന്യമുണ്ടോ അത്രതന്നെ പ്രാധാന്യമുണ്ട് മലയാള സാഹിത്യ ചരിത്രത്തിൽ സി.വി. യുടെ സാഹിത്യരചനകൾക്ക്. തിരുവിതാംകൂർ രാജവംശത്തിന്റെയും അന്ന് നിലവിലിരുന്ന സാമൂഹ്യരാഷ്ട്രീയ സാംസ്കാരിക സംഭവങ്ങളുടേയും കഥകൾ ചരിത്ര കഥകളായി ആവിഷ്കരിക്കുകയാണ് സി.വി. തന്റെ കൃതികളിൽ ചെയ്തിരിക്കുന്നത്. ചരിത്ര പരമായി രാമവർമ്മ മഹാരാജാവിന്റെ ഭരണകാലം 1724 മുതൽ 1729 വരെയാണ്. തുടർന്ന് 1729 മുതൽ മാർത്താണ്ഡ വർമ്മ മഹാരാജാവിന്റെ ഭരണകാലം 1758 വരെയാണ്. തുടർന്ന് 1758 മുതൽ 1798 വരെയാണ് കാർത്തിക തിരുനാൾ രാമവർമ്മ (ധർമ്മ രാജാവ്) മഹാരാജാവിന്റെ ഭരണകാലം ഈ കാലത്തെ കഥകളെ കാല്പനിക പരിവേഷം നൽകി. സി. വി. തന്റെ പ്രധാന ആഖ്യായികകളിൽ അവതരിപ്പിച്ചിരിക്കുന്നു. 1891 ൽ ആണ് തന്റെ ആദ്യ ആഖ്യായികയായ മാർത്താണ്ഡവർമ്മ പ്രസിദ്ധീകരിക്കുന്നത്. നങ്കകോയിക്കൽ കേശവൻ തമ്പി എന്നൊരു ഗുരുസ്ഥാനീയന്റെ സ്വാധീനവും പ്രചോദനവും ഈ കഥാരചനക്കു പിന്നിൽ ഉണ്ടായിരുന്നു എന്നു പറയപ്പെടുന്നു. ഇദ്ദേഹം രാജാകേശവദാസന്റെ കൊച്ചു മകളുടെ മകൻ ആയിരുന്നു എന്നു ചരിത്ര രേഖകളിൽ കാണുന്നു.

അന്നത്തെ വേണാടിന്റെ ഭരണാവകാശ പിൻതുടർച്ചയെ ചൊല്ലി രാജപുത്രൻമാരും മരുമക്കത്തായക്കാരും തമ്മിലുള്ള അവകാശ തർക്കമാണ് മാർത്താണ്ഡവർമ്മയിലെ ഇതിവൃത്തം. അന്നു പ്രബലമായ രിതിയിൽ നിലനിന്നിരുന്ന മരുമക്കത്തായം വെന്നിക്കൊടി നാട്ടുന്നതാണ് നോവലിൽ കാണുന്നത്. ദേശകാല സാമൂഹ്യ സംഭവങ്ങൾക്ക് തുല്യപ്രാധാന്യം കൊടുക്കുന്ന കൃതികളാണ് സി.വി.യുടേത്. മാർത്താണ്ഡവർമ്മയിലെ സംഭവങ്ങൾ നടക്കുന്നത് രാജകൊട്ടാരങ്ങളിലും പ്രഭുമന്ദിരങ്ങളിലും നാട്ടു വഴികളിലും തെക്കൻ തിരുവിതാംകൂറിലെ കാട്ടുപ്രദേശങ്ങളിലും സാർത്ഥവാഹകസംഘങ്ങൾ പാളയമടിച്ചിരിക്കുന്ന വെളിം പ്രദേശങ്ങളിലുമൊക്കെയായിട്ടാണ്. മാർത്താണ്ഡവർമ്മയുടേയും ശത്രുക്കളുടേയും പലായനങ്ങളും വെല്ലുവിളികളും ആക്രമണ ശൈലികളുമെല്ലാം വളരെ വിദഗ്ദ്ധമായ ദാർശനീക നിപുണതയോടെ ഗ്രന്ഥകാരൻ അനാഛാദനം ചെയ്തിരിക്കുന്നു. വേണാടിലെ പ്രബലനായർ പ്രഭുക്കളായിരുന്ന എട്ടുവീട്ടിൽ പിള്ളമാരുടെ വീരപരാക്രമങ്ങളെ രാജ്യശത്രുക്കളായി തിരിച്ചുകൊണ്ടാണെങ്കിലും അണുവിട പിഴ കൂടാതെ സി.വി. വരച്ചു കാട്ടുന്നു. ഇതിനിടയിൽ മുഖ്യധാരയിൽ കാല്പനിക പരിവേഷം കടന്നു വരുന്നു. സഫലമായ ഒരു പ്രണയ കഥയും ഒരു ദുരന്തനായികാകഥയും ഇഴ ചേർത്തു കൊണ്ടു പോകുന്നത്, മാർത്താണ്ഡവർമ്മയിൽ കാണാം.

'വീണിതല്ലോ കിടക്കുന്നു ധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ ശിവ ! ശിവ
നല്ല മരതക കല്ലിനോടൊത്തൊരു
കല്യാണരൂപൻ കുമാരൻ മനോഹരൻ' എന്നിങ്ങനെ വരാൻ പോകുന്ന കഥയ്ക്ക് സൂചന കൊടുത്തുകൊണ്ടാണ് മാർത്താണ്ഡവർമ്മ തുടങ്ങുന്നത്. കള്ളിയങ്കാട് എന്ന വനപ്രദേശത്താണ് ഈ കഥ നടക്കുന്നത്. പ്രാണഹാനിക്കടുത്തെത്തി കള്ളിമുൾ ച്ചെടികൾ നിറഞ്ഞ ഈ സ്ഥലത്ത് കിടക്കുന്ന യുവാവിനെ വഴിപോക്കരായ വാണിഭസംഘം എടുത്തു കൊണ്ടു പോകുന്നു. പിന്നീട് കഥയുടെ വളർച്ചയുടെ പലേ ഘട്ടങ്ങളിലും പലേ രൂപഭാവങ്ങളിൽ മാറി മറിയുന്ന ഈ കഥാപാത്രം കഥാന്ത്യത്തിൽ സ്വന്തരൂപത്തിൽ സ്വപ്രണയിനിക്കു മുൻപിൽ പ്രത്യക്ഷപ്പെടുന്നു. അനന്തപത്മനാഭൻ എന്ന ഈ കഥാപുരുഷൻ പടനായകസ്ഥാനത്ത് മൂന്നു നോവലുകളിലും കാണുന്നു. അപ്രാപ്യഗോപുരങ്ങൾ മാതിരി ത്രിമാന രൂപങ്ങളിലും താമര നൂലുകൾ പോലെ കോമള തന്തുക്കളിലും പാത്രസൃഷ്ടി നടത്തുന്ന കഥാകൃത്ത് ധൃതഗതിയിൽ സംഭവങ്ങളെ കോർത്തിണക്കി കഥാഗതി നിയന്ത്രിക്കുന്നു. തല വാചകങ്ങളിലും തുടർന്നു വരുന്ന സംഭാഷണ സംഭവബഹുലതയിലും കഥകളി, പുരാണ ഗ്രന്ഥങ്ങൾ തുടങ്ങി നാടിന്റെ ദൃശ്യശ്രാവ്യസാഹിത്യ പാരമ്പര്യങ്ങളെ മിഴിവാർന്ന തലത്തിൽ വിന്യസിക്കുവാൻ കഥാകൃത്ത് മറക്കുന്നില്ല.

പ്രധാന കഥയോട് ഇണക്കി ചേർത്ത് അനേകം ഉപകഥകൾ പറയുന്ന രീതിയാണ് സി.വി. തന്റെ കൃതികളിൽ അവലംബിച്ചിരിക്കുന്നത്. എട്ടുവീടരിൽ പ്രമുഖനായ തിരുമുഖത്തു പിള്ളയുടെ പുത്രനും മാർത്താണ്ഡവർമ്മ യുവരാജാവിന്റെ സഹവർത്തിയും പിതാവിനാൽ രാജസമക്ഷം ഏല്പിക്കപ്പെട്ടവനുമായ അനന്തപത്മനാഭൻ ആണ് മാർത്താണ്ഡവർമ്മയിലെ ഉപകഥാനായകൻ. നായികയാവട്ടെ ഉഗ്രൻ കഴക്കൂട്ടത്തു പിള്ളയുടെ മകളും ചെമ്പകശ്ശേരി മൂത്തപിള്ളയുടെ ഭഗിനേയീപുത്രിയുമായ പാറുക്കുട്ടിയും. ഇവരുടെ പ്രണയകഥ ഒളിഞ്ഞും തെളിഞ്ഞും

നോവലിന്റെ അന്ത്യം വരെയും തുടർന്നു വരുന്ന ധർമ്മരാജയിലും കാണുന്നുണ്ട്. നാടുവാഴുന്ന തമ്പിമാരുടെ ഔന്നത്യവും വിശിഷ്യ തമ്പിമാരിൽ ജ്യേഷ്ഠസഹോദരനായ പത്മനാഭൻ തമ്പിയുടെ കാര്യനിപുണതയും എന്നാൽ സന്ദർഭോചിതമായി വന്നുഭവിക്കുന്ന ഭോഷ്ക്കുകളും വളരെ സരസരൂപത്തിൽ തന്നെ ആവിഷ്കരിച്ചിരിക്കുന്നു. ഉപദേശകനായ സുന്ദരയ്യൻ എന്ന പട്ടരുടെ, പിന്നീടയാൾ ഒരു കോടാങ്കിയാണെന്നു തെളിയുന്നുണ്ട്. തിരിപ്പുകളിൽ പെട്ട് അലോസരപ്പെടുന്ന തമ്പിമാരെ നോവലിൽ ചിത്രീകരിച്ചിരിക്കുന്നു. തിരുവിതാംകൂറിന്റെ ദളവാസ്ഥാനമാണ് സുന്ദരയ്യന്റെയും ലക്ഷ്യം. ധീരനായ പപ്പുതമ്പി മാനസികചാപല്യങ്ങളിൽ പെട്ട് പാറുക്കുട്ടി, സുഭദ്ര എന്നു വേണ്ട ദാസീവർഗ്ഗത്തിന്റെ മുൻപിൽ പോലും വിപ്രലംഭശൃംഗാരം ആടുമ്പോൾ വായനക്കാരൻ അയ്യോ ! എന്ന് അറിയാതെ മൂക്കിൽ വിരൽ ചേർത്തു പോകും. സുഭദ്ര എന്ന ധീര നായികയുടെ ജീവിതവും കരുണാന്ത്യവുമാണ് മാർത്താണ്ഡ വർമ്മയിലെ മറ്റൊരു പ്രധാന ഉപകഥ. കുടമൺപിള്ളയുടെ അനന്തിരവളായ സുഭദ്ര ഏതു യോദ്ധാവിനെക്കാളും ധീരയും സന്ദർഭോചിത ബുദ്ധിപ്രവാഹത്താൽ അനുഗ്രഹീതയുമാണ്. ഈ സ്ത്രീരത്നം, തനിക്കു പ്രിയപ്പെട്ടവരെയെല്ലാം പ്രത്യേകിച്ചു യുവരാജാവിനെ വളരെ സാഹസികമായി ശത്രുഹസ്തങ്ങളിൽ നിന്ന് രക്ഷപ്പെടുത്തുന്നു. ഇവളുടെ കഥയും അന്ത്യവും വളരെ ദാരുണമാണ്. സ്വപിതാവാരാണെന്ന രഹസ്യം ചില കാരണങ്ങളാൽ മരണസമയം വരെ അറിയുവാൻ ഇവൾക്കു കഴിയുന്നില്ല. തമ്പിയുടെ ഭാഗത്തുനിന്നുണ്ടാകുന്ന ചതിയിൽ പെട്ട് ദുർവൃത്തയായി ചിത്രീകരിക്കപ്പെടുന്നു ഈ സ്ത്രീരത്നം, ഭർത്താവിനാൽ പരിത്യക്തയാകുന്നു. എന്നാൽ നോവലിന്റെ അവസാന ഭാഗത്ത് തെറ്റിദ്ധാരണ നീങ്ങി ഓടിയെത്തുന്ന പ്രാണവല്ലഭന്റെ കൈകളിലേക്ക് പതിക്കുന്നത് സ്വന്തം മാതുലന്റെ തന്നെ ഖഡ്ഗപ്രയോഗത്താൽ ജീവൻ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ശരീരമാണ്.

വാത്സല്യവും യജമാനഭക്തിയും മാത്രം കൈമുതലായുള്ള ചെമ്പകശ്ശേരി തറവാട്ടിലെ ശങ്കുആശാൻ എന്ന കഥാപാത്രം സി.വി.യുടെ മറ്റൊരു മഹൽസൃഷ്ടിയാണ്. മേൽ പറഞ്ഞ സുഭദ്ര എന്ന കഥാപാത്രത്തെ ഉദ്ദേശിച്ച് നായികയായ പാറുക്കുട്ടിയോട് കോപത്തോടെ 'തുർപ്പുത്തി.....തുർപ്പുത്തി. കലിയുഗം മുറ്റി അല്ലയോ വരണത്. അവളെ കാണാത്തതോ. അവളെ നായരു തൊലഞ്ഞു. ഇപ്പം ചിറി പപ്പനാവൻ തമ്പി അങ്ങുന്നായി. ആ കാലമാടൻ കോടയിക്കുളിക്കണ രാവണമ്മടത്തിപ്പിള്ളയായി. കണ്ട ആളുകളായി. കൊറച്ചില് കൊറച്ചില്. ആണുങ്ങളെ മെരട്ടാനുള്ള വിത്യ'. എന്നിങ്ങനെ പുലമ്പി വടിയൂന്നി നടന്നുപോകുന്ന ചെമ്പകശ്ശേരിയിലെ ആ വിശ്വസ്ഥ ഭൃത്യനെ ആർക്കും മറക്കുക സാധ്യമല്ല. മാങ്കോയിക്കൽ വലിയകുറുപ്പ് , വേലുക്കുറുപ്പ്, സുന്ദരയ്യൻ തുടങ്ങി ഒട്ടേറെ കഥാപാത്രങ്ങൾ നിരക്കുന്ന കഥയിൽ യുവരാജാവിനെ രക്ഷിക്കുവാൻ അചരജന്മമായ ഒരു പ്ലാവുവരെ പ്രത്യക്ഷപ്പെടുന്നതു കാണാം.

മാർത്താണ്ഡവർമ്മയെപ്പോലെ ധർമ്മരാജയും രാമരാജബഹദൂറും തിരുവിതാംകൂർ രാജ്യകഥകൾ തന്നെയാണ്. മാർത്താണ്ഡവർമ്മയുടെ രചനക്കുശേഷം (1891) 22 കൊല്ലം കഴിഞ്ഞിട്ടാണ് (1913) ധർമ്മരാജ പ്രസിദ്ധീകരിക്കപ്പെടുന്നത്. ഈ കാലവ്യത്യാസത്തിൽ നിന്നു തന്നെ പക്വതരമായ കൃതിയാണ് ധർമ്മരാജ എന്നു മനസ്സിലാക്കാം. ഭാഷാഘടന, ഭാവനാ വിലാസം ജീവിതവീക്ഷണം ചരിത്രവീക്ഷണം എന്നിവയിലെല്ലാം തന്നെ ഈ പക്വബുദ്ധിയുടെ സ്ഫുരണം പ്രസരിക്കുന്നുണ്ട്.

രാജാകേശവദാസന്റെ ചരിത്രത്തെ കേന്ദ്രതന്തുവാക്കി സങ്കല്പിച്ചു കൊണ്ടാണ് ധർമ്മരാജയും രാമരാജബഹദൂറും എഴുതപ്പെട്ടിരിക്കുന്നത്. കേശവദാസ കഥയോടൊപ്പം തന്നെ എട്ടു വീട്ടിൽ പിള്ളമാരുടെ പരമ്പരയിൽ പെട്ട ശാഖാ കുടുംബങ്ങളുടെ കെട്ടടങ്ങാത്ത ശക്തി ആവാഹിച്ച് ചരിത്രത്തിന്റെ ചില അന്തർധാരകളെക്കൂടി സി. വി. കാട്ടിത്തരുന്നുണ്ട്. ''വാടാക്കരൾകൊണ്ട കുലം എന്ന് നീ കേട്ടിട്ടില്ലയോ ആക്കുലംപെറ്റ മങ്കമാരോ തെണ്ടിപ്പരിഷകള്'' എന്ന് ധർമ്മ രാജായിലെ ഒരു പ്രധാന കഥാപാത്രമായി ത്രിപുരസുന്ദരികുഞ്ഞമ്മയെക്കൊണ്ട് പറയിക്കുമ്പോൾ സി.വി. തന്റെ ആഖ്യായികയുടെ പ്രമേയ രഹസ്യത്തെ ഭംഗ്യന്തരേണ പ്രദർശിപ്പിക്കുകയാണ് ചെയ്യുന്നത്.

കേശവദാസ കഥയെ ധർമ്മരാജായിലും രാമരാജ ബഹദൂറിലുമായി സി.വി. വിന്യസിക്കുന്നു.

''ധീരനായുള്ള കുമാരനും മെല്ലവേ
ചാരു സരോജ നേത്രൻ പദാംഭോരുഹം
മാനസതാരിലുറപ്പിച്ചു ഭക്ത നാ
യാനന്ദമോടു നടന്നു തുടങ്ങിനാൻ'' എന്ന ശീർഷകശ്ലോകത്തോടെ ധർമ്മരാജ ആരംഭിക്കുന്നു. ഒഴക്കരിക്ക് വക നേടികൊണ്ടു വരാമെന്നു പറഞ്ഞ് സ്വഗൃഹത്തിൽ നിന്നു പോരുന്ന നിർദ്ധന കുടുംബത്തിലെ സന്തതിയായ കേശവബാലൻ ഒരു പ്രഭുഗൃഹത്തിൽ ആശ്രിതനായി കൂടുന്നു. എന്നാൽ ഒരു ശിവരാത്രി നാളിൽ സംഭവിക്കുന്ന ചില അശുഭ കാര്യങ്ങളാൽ അവിടെനിന്നു നിഷ്കാസിതനാകേണ്ടി വരുന്നു. 'പത്തായപ്പടി ചെലുത്താനക്കൊണ്ട് മാമമ്മാര് ഏലിപ്പടി നേടി വച്ചിരിക്കണമപ്പീ ! അല്ലാണ്ട് പിറുപിറാത്താല് കുമ്പീലെ നോവാറമാട്ടാർ' എന്ന ഗൃഹസ്ഥയായ പ്രഭിയുടെ ജല്പനത്തിന് 'പെണ്ണരശു

നാട്ടിൽ പെൺപട തിന്നു ചത്തു. ആൺപട അലന്നു ചത്തു. പിന്നെങ്ങനെ നോവാറുവാര്' എന്ന ബാലന്റെ മറുപടിക്ക് തലയിൽ കിട്ടുന്ന തവികൊണ്ടുള്ള പ്രഹരമാണ് ഉത്തരമാകുന്നത്. ചെങ്കനൽ പ്രഭ വിതറുന്ന മുഖത്തോടെ നിണം കിനിയുന്ന ശിരസ്സോടെ ഭക്ഷണത്തിനിരുന്നിടത്തു നിന്ന് എഴുന്നേറ്റ ബാലൻ പ്രഭ്വിയോടായി. ശാന്തസ്വരത്തിൽ ആ അടിച്ച കൈ വാഴട്ടെ ! ഇന്ന് നിങ്ങൾ എന്റെ തലയിൽ കുളം തൊണ്ടി. നാളെയൊരു കാലത്ത് ഇവിടം തന്നെ കുളം കോരിപ്പോകും. എല്ലാറ്റിനും ഈശ്വരൻ സാക്ഷി എന്നു പറഞ്ഞ് അവിടുന്നു പോകുന്നു. കഥാന്ത്യത്തിൽ ഈ വീടു കുളം തോണ്ടിപ്പോകുകയും, പ്രഭുവിനേയും, പ്രഭ്വിയേയും കേശവദാസൻ സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്. അവിടെ നിന്നിറങ്ങുന്ന ബാലൻ പലതും ചിന്തിച്ച് ഈ മുറിവു തന്റെ ദുർഗർവിന്റെ ശമനത്തിന് എക്കാലവും ഒരടയാളവേദനയാകട്ടെ എന്നു ചിന്തിച്ച് നട കൊള്ളുന്നു. മാർഗ്ഗമദ്ധ്യേ തന്റെ യജമാനന്റെ തന്നെ പേരിലുള്ള അദ്ദേഹത്തിന്റെ മണ്ഡപത്തിൽ യാഗപൂജാനിരതനായിരിക്കുന്ന ഒരു യോഗീശ്വരന്റെ വിദൂരദർശനവും അവിടുത്തെ ഹോമകുണ്ഡത്തിൽ നിന്നുയരുന്ന പൂജാധൂമത്തിന്റെ ഗന്ധവും ഏല്ക്കുകയാൽ ഏതോ ഒരു ഭ്രമത്തിനടിമയായി അവിടെ തന്നെ ഒട്ടൊരു സമയം ചിലവഴിച്ചു. പിറ്റേന്ന് അരുണപ്രഭ കണ്ടു തുടങ്ങുമ്പോൾ ആദിത്യഹൃദയമന്ത്രം ജപിച്ചു കൊണ്ട് യാത്ര തുടരുന്നു. പ്രധാന പാതയിൽ പ്രവേശിച്ച ബാലൻ സ്ഥാനപതിയായ പ്രഭുവിന്റെ മാർഗ്ഗത്തിൽ ശകുനമായി എത്തിപ്പെടുന്നു. ദുശ്ശകുനശങ്കയ്ക്കടിപ്പെട്ട് പരിവാരങ്ങളെല്ലാം ആശങ്കപ്പെടുമ്പോൾ ആദിത്യഹൃദയ മന്ത്രത്തിൽ ആകൃഷ്ടനായ പ്രഭുവാകട്ടെ 'നീ എങ്ങോട്ടു പോകുന്നു അപ്പൻ' എന്നു ചോദ്യം ചെയ്തു. അവന്റെ മറുപടി നിശങ്കവും അന്വർത്ഥവുമായിരുന്നു. പുള്ള പട്ടാളത്തിൽ ചേരാൻ പോകുന്നു. പൊന്നു തമ്പുരാനെ സേവിച്ചാല് കണ്ടോരുടെ കാലു പിടിക്കേണ്ടല്ലോ. 'തലയിലെ മുറിവ് എങ്ങനെ വന്നു എന്ന് ചോദ്യത്തിന് നാവിന്റെ നെറികേടുകൊണ്ട് കിട്ടി' എന്നായിരുന്നു ഉത്തരം. 'കൊണ്ടതിന് അങ്ങോട്ടു കൊടുക്കാതെ പോന്നോ. നിന്നെ കണ്ടിട്ട് റൊക്ക പുള്ളിയാണെന്നു തോന്നുന്നല്ലോ'. എന്ന പ്രഭുവിന്റെ ചോദ്യത്തിന് 'എന്തു ചെയ്യാം തന്നത് പെറ്റമ്മയെ പോലെ ഒരു പെമ്പ്രന്നോരായിപ്പോയി'. സന്തുഷ്ടനായ പ്രഭുവും സംഘവും ബാലനെ തങ്ങളുടെ കൂടെ കൂട്ടുന്നു. പിന്നീട് കൊട്ടാരം ചേവുകത്തിൽ എത്തിപ്പെടുന്ന ഈ കേശവദാസ് ബാലൻ പടിപടിയായി വളർന്ന് കഥാന്ത്യത്തിൽ ദിവാൻ പദവിയിലേക്കെത്തുന്നു. നങ്കകോയിക്കൽ രാമൻ കേശവനെന്ന തിരുവിതാംകൂറിലെ പ്രഥമ ദിവാനായ ആ രാജഭക്തനെ രാജകേശവദാസൻ എന്ന പദവി നൽകി ബഹുമാനിക്കുന്നത് ബ്രിട്ടീഷ് ഗവൺമെന്റാണെന്ന് ചരിത്രം പറയുന്നു●

(തുടരും)

## എറണാകുളം കരയോഗം
## ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2017 മാർച്ച് മാസത്തിൽ സംഭാവന നൽകിയവർ

| | |
|---|---|
| 1. ശ്രീ. എസ്. നാരായണമേനോൻ, ഫ്ളാറ്റ് നമ്പർ 4 എ, ദി വുഡ്ഫോർഡ് യുവജനസമാജം റോഡ്, കൊച്ചുകടവന്ത്ര, കൊച്ചി 682020 | 15000/- |
| 2. ശ്രീമതി. സുധ. കെ. മേനോൻ, ശ്രീസിദ്ധ് അപ്പാർട്ട്മെന്റ് 2 എ, പി. എഫ് റോഡ് കലൂർ, കൊച്ചി 682017 | 5060/- |
| 3. ശ്രീ. സതീഷ് മേനോൻ, മാധവം, പനോരമ എൻക്ലെവ്, ലൈൻ 3 എസ് സി ബി റോഡ്, വൈറ്റില, കൊച്ചി 682019 | 5001/- |
| 4. ശ്രീ. ആർ. നന്ദഗോപാൽ, മഹാലക്ഷ്മി, ചിറ്റൂർ റോഡ്, വളഞ്ഞമ്പലം കൊച്ചി 682016 (ഭാര്യാമാതാവ് കല്യാണിക്കുട്ടിയമ്മയുടെ ഓർമ്മയ്ക്ക് | 5000/- |
| 5. ശ്രീ. കെ. രാജഗോപാൽ, കാരക്കാട്ട്, ചിറ്റൂർ റോഡ്, കൊച്ചി 16 | 5000/- |
| **ഗുരുവായൂർ ഗസ്റ്റ് ഹൗസ് ഡൊണേഷൻ** | |
| 1. ശ്രീമതി. തങ്കം. ഡി. മേനോൻ, ജി. 50, ഇളമന, പനമ്പിള്ളി നഗർ, കൊച്ചി 682036 | 25000/- |
| **നവരാത്രി എൻഡോവ്മെന്റ്** | |
| 1. ശ്രീമതി. തങ്കം. ഡി. മേനോൻ, ജി. 50, ഇളമന, പനമ്പിള്ളി നഗർ കൊച്ചി 682036 | 20000/- |
| **അന്നദാനം** | |
| 1. ശ്രീമതി. തങ്കം. ഡി. മേനോൻ, ജി. 50, ഇളമന, പനമ്പിള്ളി നഗർ, കൊച്ചി 682036 | 25000/- |

# ശ്വാസകോശ രോഗങ്ങൾ

ഡോ. പാർവ്വതി കെ എസ് (ഫോൺ: 0484 2361160)

ചുമ, കഫം, ശ്വാസംമുട്ടൽ, നെഞ്ചുവേദന, രക്തം തുപ്പുക എന്നിവയാണ് ശ്വാസകോശ രോഗങ്ങളുടെ പ്രധാന ലക്ഷണങ്ങൾ

വൈറസ്, ബാക്ടീരിയ മുതലായവയുടെ രോഗ സംക്രമണം, അന്തരീക്ഷ മലിനീകരണം, പുകവലി മുതലായവയാണ് ഏറ്റവും പ്രധാന ശ്വാസകോശരോഗകാരണങ്ങൾ.

## ചുമ

രോഗലക്ഷണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ചുമയാണ്. ഇത് സ്വയമേയോ പ്രതികരണങ്ങൾ മൂലമോ ഉണ്ടാകുന്നു. കണ്ഠദ്വാരം അടഞ്ഞിരിക്കുമ്പോൾ ശക്തിയായ നിശ്വാസത്തിനുള്ള പ്രേരണയുണ്ടാകുന്നു. അപ്പോൾ ഉള്ളിലുള്ള വായുവിന്റെ മർദ്ദം കൂടുകയും കണ്ഠദ്വാരം പെട്ടെന്ന് തുറക്കുകയും വായു, കഫം, മറ്റു പദാർത്ഥങ്ങൾ എന്നിവ പുറത്തുപോകുകയും ചെയ്യും. ചുമ ഒരു രോഗ ലക്ഷണം മാത്രമല്ല, മറിച്ച് ഒരു രക്ഷാപ്രവർത്തനം കൂടിയാണ്. അറിയാതെ അന്യവസ്തുക്കൾ ശ്വാസനാളങ്ങളിൽ കടന്നുകൂടിയാൽ അവ പുറത്തുകളയാനുള്ള ഒരു നല്ല മാർഗ്ഗം.

ജലദോഷം മുതൽ ക്യാൻസർ വരെയുള്ളവയുടെ സൂചനയാവാം ചുമ. സാധാരണ ചുമ ഒന്നോ,രണ്ടോ ആഴ്ച കൊണ്ടു മാറും. അങ്ങനെ മരുന്നുകൾ കഴിച്ചിട്ട് കുറവൊന്നും കാണാതെ രണ്ടു മൂന്ന് ആഴ്ചകൾക്ക് ശേഷവും തുടർന്നാൽ വിശദമായി പരിശോധിച്ച് രോഗ നിർണ്ണയം ചെയ്യണം.

ചുമയുടെ ഫലമായി പുറത്തുവരുന്ന ദ്രാവകമാണ് കഫം. കഫമില്ലാതെയും ചുമയുണ്ടാകാം. കഫത്തിന്റെ അളവ്, നിറം, കട്ടി,മണം മുതലായവ പരിശോധിക്കേണ്ടതാണ്. ബ്രോങ്കയെക്റ്റേസിസ് ശ്വാസകോശത്തിലെ പഴുപ്പ് മുതലായവയിൽ ദുർഗന്ധം വമിക്കുന്ന മഞ്ഞനിറത്തിലുള്ള കഫം ധാരാളം ഉണ്ടാകാം. കൽക്കരിഖനികളിലും മറ്റും ജോലി ചെയ്യുന്ന ആളുകൾ തുപ്പുന്ന കഫം കൽക്കരിപൊടി മൂലം കറുപ്പ് നിറമായിരിക്കും.

ഹൃദ്രോഗം മൂലം ശ്വാസകോശ വീക്കം ഉണ്ടാകുമ്പോൾ കടും ചുവപ്പ് നിറവും പതയുമുള്ള കഫം ഉണ്ടാകുന്നു. കരളിൽ ഉണ്ടാകുന്ന അമീബാവ്രണം ശ്വാസകോശത്തെ ബാധിക്കുമ്പോൾ കഫത്തിന്റെ നിറം ചേക്ലേറ്റിന്റെ നിറം പോലെയായിരിക്കും.

സാധാരണയായി ശ്വസനപ്രക്രിയ നമ്മൾ അറിയുന്നതേയില്ല. അതു നിൽക്കുമ്പോൾ മരണവും സംഭവിക്കുന്നു. എപ്പോഴാണോ ഈ ശ്വസനപ്രക്രിയ ശ്വസനത്തിന് പോരായെന്ന് തോന്നൽ ഉണ്ടാകുന്നത് അപ്പോഴാണ് ശ്വാസം മുട്ടൽ അനുഭവപ്പെടുന്നത്. നെഞ്ചെല്ല് ഒടിയുക, ശ്വാസകോശം, പ്ലൂറോ, ശ്വാസനാളങ്ങൾ മുതലായവിൽ ഉണ്ടാകുന്ന രോഗങ്ങൾ, ശ്വാസകോശ പേശികളുടെ തളർച്ച, അനീമിയ, ഹൃദ്രോഗങ്ങൾ മുതലായവ മൂലം ശ്വാസം മുട്ടൽ ഉണ്ടാകാം. വായു ഉള്ളിലേക്ക് വലിക്കുമ്പോൾ വിഷമം തോന്നാം. ചില വസ്തുക്കൾ കൊച്ചുകുട്ടികളുടെ ശ്വാസനാളങ്ങളിൽ കടന്നാൽ ഇത്തരത്തിലുള്ള ശ്വാസം മുട്ടൽ കാണാം.

ശ്വാസം പുറത്തു വിടാനുള്ള വിഷമത്തെയാണ് സാധാരണയായി ശ്വാസം മുട്ടൽ എന്നു പറയുന്നത്. ഇതു രണ്ടു തരമുണ്ട്. നടക്കുമ്പോഴും കയറ്റം കയറുമ്പോഴും പുകവലിക്കാർക്കുണ്ടാകുന്ന ശ്വാസം മുട്ടൽ ക്രോണിക് ബ്രോങ്കൈറ്റിസ് മൂലമാണ്. ഇടവിട്ട് വരുന്ന ശ്വാസം മുട്ടലിനെയാണ് സാധാരണയായി ആസ്തമയെന്നു പറയുന്നത്.

രോഗിയേയും ബന്ധുക്കളേയും ഒരു പോലെ ഭീതിപ്പെടുത്തുന്ന ഒരു രോഗ ലക്ഷണമാണ് രക്തം തുപ്പുക. രക്തം ചുമച്ച് തുപ്പിയാൽ ഉടൻ ക്ഷയരോഗമാണെന്ന് തെറ്റിദ്ധരിക്കുന്നവരുണ്ട്. എന്നാൽ മറ്റു കാരണങ്ങൾ കൊണ്ടും രക്തം തുപ്പൽ ഉണ്ടാകാം. ക്ഷയം, ന്യൂമോണിയ, ബ്രോങ്കയെക്റ്റേസിസ്, ബ്രോങ്കൈറ്റിസ്, ഹൃദയ വാൽവ് തകരാറ്, കാൻസർ എന്നിവ അത്തരം രോഗങ്ങളാണ്. രക്തം തുപ്പുന്ന രോഗി ഉടനെ തന്നെ വൈദ്യസഹായം തേടുന്നതാണ് നല്ലത്. നെഞ്ചുവേദനയും ഒരു പ്രധാന രോഗ ലക്ഷണമാണ്. ഹൃദയം, പ്ലൂറ, ശ്വാസകോശം, നെഞ്ചല്ല് എന്നിവയിൽ വരുന്ന രോഗങ്ങൾ അന്നനാളത്തിൽ ഉണ്ടാകുന്ന കാൻസർ, വീക്കം മുതലായവ മൂലവും നെഞ്ചുവേദനയുണ്ടാകാം.

## സൂക്ഷ്മ ജീവികൾ മൂലമുണ്ടാകുന്ന ശ്വാസകോശ രോഗങ്ങൾ

### വൈറസുകൾ (viruses)

ഇൻഫ്ളുവൻസ (Influenza), അഡിനോ വൈറസുകൾ (Adenoviruses), റൈനോവൈറസുകൾ (Rhino Viruses) കൊറോണോ വൈറസുകൾ (Corono Viruses), റിയോവൈറസുകൾ (Rheo viruses), മുതലായവയാണ് ശ്വാസകോശത്തെ ബാധിക്കുന്ന പ്രധാന വൈറസുകൾ.

ഹെർപിസ് വൈറസുകൾ (Herpes viruses) ഹെർപിസ് സിംപ്ലക്സ്, വരിസെല്ലാ വൈറസുകൾ (VaricellaViruses)-, സൈറ്റോമെഗാലോ വൈറസു

കൾ (Cytomegalo viruses)-, എന്റേറോവൈറസുകൾ (Entero Viruses), കോക്സാക്കിവൈറസുകൾ (Coxsackie Viruses) എന്നിവ ശ്വാസകോശത്തേയും ബാധിക്കുന്നു.

## ഇൻഫ്ളുവൻസ (Influenza)

ഈ രോഗം 'ഫ്ളൂ' എന്ന ചുരുക്കപേരിൽ അറിയപ്പെടുന്നു. സാധാരണയായി കണ്ടുവരാറുള്ള ഒരു രോഗമാണിത്. ഇൻഫ്ളുവൻസ എന്ന വൈറസ് മൂലമാണിതുണ്ടാകുന്നത്. ഇത് R.N.A വൈറസുകളാണ് ഇവ A,B,C എന്നിങ്ങനെ മൂന്നു തരമുണ്ട്. വൈറസ് മൂലമുണ്ടാകുന്നതാണ് കൂടുതലും കണ്ടു വരുന്നത്.

വായുവിലൂടെയാണ് ഇൻഫ്ളുവൻസ പകരുന്നത്. രോഗാണു ഉള്ളിൽ പ്രവേശിച്ചാൽ ഒന്നു മുതൽ നാലു ദിവസത്തിനകം രോഗം ആരംഭിക്കുന്നു. പനി, കുളിര്, തലവേദന, പേശികളുടെ വേദന, തളർച്ച, വിശപ്പില്ലായ്മ മുതലായവയാണ് രോഗത്തിന്റെ ആരംഭ ലക്ഷണങ്ങൾ. ഇതിനെ തുടർന്ന് ജലദോഷവും ഉണ്ടാകുന്നു. മൂക്കടപ്പ്, മൂക്കൊലിപ്പ്, തൊണ്ടവേദന,തുമ്മൽ, ചുമ മുതലായവയാണ് മറ്റു രോഗലക്ഷണങ്ങൾ. ക്രമേണ ബ്രോങ്കൈറ്റിസ്, ന്യൂമോണിയ എന്നിവയുമുണ്ടാകാം. വളരെ ചുരുക്കമായി ഈ രോഗം രൂക്ഷമാകാറുണ്ട്. സാധാരണഗതിയിൽ ഒന്നോ,രണ്ടോ ആഴ്ച നീണ്ടു നിൽക്കും.

## അഡിനോ വൈറസ് (Adenoviruses)

ഇത് D.N.A വൈറസുകളാണ്. മുതിർന്ന കുട്ടികളിലും തീരെ പ്രായം കുറഞ്ഞ കുട്ടികളിലുമാണ് ഇത് കൂടുതലായി കാണപ്പെടുന്നത്. വായു മുഖേനയും ജലം മുഖേനയും പകരുന്നു.

## റൈനോ വൈറസുകൾ

ഇത് R.N.A വൈറസുകളാണ്. സാധാരണ ജലദോഷത്തിൽ 25% മുതൽ 50% വരെയുള്ള കാരണം ഈ വൈറസുകളാണ്. വായുവിൽ കൂടിയോ മറ്റു രീതിയിലോ ഇതു പകരാം. ന്യൂമോണിയ, ബ്രോങ്കൈറ്റിസ് മുതലായ ശ്വാസകോശ രോഗങ്ങൾ ഈ വൈറസുകൾ മൂലമാണ് ഉണ്ടാകുന്നത്.

## ജലദോഷം (Common Cold)

ഇത് സർവ്വസാധാരണമായി കണ്ടുവരുന്ന രോഗമാണ്. കുട്ടികളിലും, മുതിർന്നവരിലും ഒരു പോലെ കാണുന്ന രോഗമാണിത്.

ഇത് വൈറസ് ബാധകൊണ്ടോ അലർജി കൊണ്ടോ ഉണ്ടാകാം. ഏകദേശം നൂറിൽപരം വൈറസുകൾ ഈ രോഗം ഉണ്ടാക്കുന്നു. കാലാവസ്ഥയിൽ പെട്ടെന്ന് ഉണ്ടാകുന്ന വ്യതിയാനം, മഞ്ഞുകാലം, മഴക്കാലത്തിന്റെ തുടക്കം എന്നീ സമയങ്ങളിലാണ് ഈ രോഗം കൂടുതലായി കണ്ടു വരുന്നത്.

തുടർച്ചയായ തുമ്മൽ, മൂക്കടപ്പ്, മൂക്കൊലിപ്പ് മുതലായവയാണ് പ്രധാന ലക്ഷണങ്ങൾ. മൂക്കടപ്പും,തുമ്മലും രോഗബാധയുണ്ടായി 48 മണിക്കൂറിനുള്ളിൽ ആരംഭിക്കുന്നു. മിക്കവരിലും തൊണ്ടവേദന ഉണ്ടാകുന്നു. തുടക്കത്തിൽ മൂക്കിൽ നിന്നും വെള്ളം പോലെയാണ് ദ്രാവകം വരുന്നത്. ക്രമേണ ഇത് കട്ടിയുള്ള ദ്രാവകമായി മാറുന്നു. ബാക്ടീരിയകളുടെ സംക്രമണം മൂലം മഞ്ഞ നിറത്തിലുള്ള ദ്രാവകം മൂക്കിൽ നിന്നും വരുന്നു. ഇതോടുകൂടി തലവേദനയും, പനിയും ഉണ്ടാകുന്നു.

രോഗം പകരുന്നത് രോഗിയുടെ തുമ്മലിൽ നിന്നാണ്. ഒരു തുമ്മലിൽ അനേകായിരം വൈറസുകൾ ഉണ്ടാകും. ഈ വൈറസുകളെ ശ്വസിക്കുന്നവർക്ക് രോഗം പിടിപെടുന്നു. ഇത്തരത്തിലുള്ള അസ്വസ്ഥത ഒരാഴ്ച വരെ ഉണ്ടാകാം. മരുന്നിനൊപ്പം വിശ്രമവും രോഗം മാറാൻ അനിവാര്യമാണ്.


# പഠന ശിബിരം 2017 മെയ് 15, 16, 17 തീയതികളിൽ

**8 മുതൽ 12 വയസ്സു വരെയുള്ള കുട്ടികൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന ത്രിദിന ക്യാമ്പ്**

എറണാകുളം കരയോഗം 8 മുതൽ 12 വയസ്സു വരെയുള്ള കുട്ടികൾക്കായി മെയ് 15,16,17 തീയതികളിൽ മൂന്നു ദിവസത്തെ ക്യാമ്പ് ടി.ഡി.എം.ഹാളിൽ നടത്തുന്നു. പ്രഗൽഭരും പരിചയസമ്പന്നരും നയിക്കുന്ന ഈ ക്യാമ്പ് വ്യക്തിത്വവികസനത്തിനും അതോടൊപ്പം വിദ്യാഭ്യാസപരവും സാമൂഹികവും ക്രിയാത്മകവുമായി വളരെയധികം ഉപകരിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിട്ടുള്ളത്. യോഗ, ധ്യാനം, ഭാരതീയസംസ്കാരം, എന്നീ പഠനക്ലാസ്സുകളും, ചിത്രരചന, കളികൾ, വ്യായാമം, ക്യാമ്പ്ഫയർ, ഗ്രൂപ്പ് ആക്ടിവിറ്റീസ്, മലയാളമാസങ്ങൾ, നക്ഷത്രങ്ങൾ, ഗ്രഹങ്ങൾ എന്നിവയെക്കുറിച്ചെല്ലാമുള്ള അറിവ് തുടങ്ങിയവ പഠനശിബിരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 കുട്ടികൾക്കാണ് പ്രവേശനം.
2. രജിസ്ട്രേഷൻ ചാർജ്ജ് 1000 രൂപയായിരിക്കും.
3. ക്യാമ്പിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 8.05.2017 നു മുൻപായി കരയോഗത്തിൽ പേര് രജിസ്റ്റർ ചെയ്യുകയും മെയ് 15 ന് വൈകുന്നേരം 4.30 മണിക്ക് ടി.ഡി.എം.ഹാളിൽ ഹാജരാകേണ്ടതുമാണ്. മെയ് 17 ന് വൈകുന്നേരം 5 മണിക്ക് ക്യാമ്പ് സമാപിക്കും.

ഫോൺ ഃ ഭവാനി.കെ 09895071101, 0484 2361160 Ext. 35/38

ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു


Tel : TDM -2361160,
Mob : 9447696190, 9447354306

മേടം

# മാസഫലം

**2017 ഏപ്രിൽ 14 മുതൽ മെയ്14 വരെ**

**ജ്യോതിഷാചാര്യ വിജയ മേനോൻ**



**മേടക്കൂറ് (അശ്വതി, ഭരണി, കാർത്തിക കാൽ)** തൊഴിൽ രംഗത്ത് അഭിവൃദ്ധിയുണ്ടാകും. ജോലികാത്തിരിക്കുന്നവർക്ക് സ്വദേശത്തോ വിദേശത്തോ ജോലി സാദ്ധ്യതയും അഭിവൃദ്ധിയും കാണുന്നു. നല്ല വീടും ഗൃഹോപകരണങ്ങളും വാങ്ങുവാൻ പറ്റിയ സമയമാണ്. വേർപാടിന്റെ ദുഃഖമനുഭവിച്ചേക്കാം. സംസാരരീതി നിയന്ത്രിക്കേണ്ടി വരും. ഈശ്വരാധീനക്കുറവുള്ളതിനാൽ വിഷ്ണുപ്രീതി വരുത്തുക. വിഷ്ണുസഹസ്രനാമം ജപിക്കുക.



**ഇടവക്കൂറ് (കാർത്തിക മുക്കാൽ, രോഹിണി, മകയിരം പകുതി)** അംഗീകാരം പലപ്പോഴും കിട്ടാത്ത അവസ്ഥ വന്നേക്കാം. അത് മനോദുഃഖത്തിന് കാരണമാകും. തലവേദനപോലുള്ള രോഗങ്ങളും മുറിവുചതവുകളും നേത്രരോഗവും വരാം. തൊഴിൽ അന്വേഷിക്കുന്നവർക്ക് സമയം അനുകൂലമാണ്. വിവാഹലോചനകൾ ലക്ഷ്യത്തിലെത്തും. ധനപരമായി കാലം നല്ലതാണ്. കച്ചവടക്കാർക്ക് അഭിവൃദ്ധിയുണ്ടാകും. ശ്രീലളിതാ സഹസ്രനാമവും ഭാഗ്യസൂക്തവും ജപിക്കുക.



**മിഥുനക്കൂറ് (മകയിരം പകുതി, തിരുവാതിര, പുണർതം മുക്കാൽ)** ജോലിമാറ്റങ്ങളോ നാടുവിട്ടു പോകേണ്ട അവസ്ഥയോ വരാവുന്നതാണ്. സഞ്ചാരക്ലേശം അധികരിക്കും. കണ്ടകശനിക്കാലമാണ്. ദാമ്പത്യ കലഹങ്ങളോ വേർപിരിയലോ വരാം. കാലിൽ മുട്ടിനു താഴെ മുറിവുകളോ ശസ്ത്രക്രിയയോ വേണ്ടി വരും. ഉദ്യോഗാഭിവൃദ്ധി പ്രതീക്ഷിക്കാം. ദേവീക്ഷേത്ര ദർശനം നടത്തുക. ഉമാമഹേശ്വരസ്തോത്രം ജപിക്കുക. ശനിവ്രതമെടുക്കുക.



**കർക്കിടകക്കൂറ് (പുണർതം കാൽ, പൂയം, ആയില്യം)** ധനപരമായി കാലം അനുകൂലമല്ല. വരവിനേക്കാൾ കൂടുതൽ ചിലവാകും. സർക്കാർ ജോലിക്കും പ്രമോഷനും സാദ്ധ്യതയുണ്ട്. വീട് വാഹനം ഇവ വാങ്ങുവാൻ പറ്റിയ സമയമാണ്. പുതിയ പദ്ധതികളും പ്രതീക്ഷകളും കൊണ്ടു നടക്കുന്നവർക്ക് പെട്ടെന്ന് കാര്യസാദ്ധ്യതയുണ്ടാകും. ബന്ധുവിയോഗത്തിന് സാദ്ധ്യത കാണുന്നു. വിഷ്ണു സഹസ്രനാമ ജപം ദോഷകാഠിന്യം കുറയ്ക്കും.



**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം കാൽ)** ഔദ്യോഗിക മേഖലയിൽ കൂടുതൽ അധികാരങ്ങൾ വന്നുചേരും. രോഗദുരിതങ്ങൾ മാറിക്കിട്ടും. പ്രമേഹ രോഗികൾ സൂക്ഷിക്കേണ്ടതാണ്. വിവാഹജീവിതത്തിൽ അലോസരങ്ങൾ ഉണ്ടാകും. ഭക്തി കാര്യങ്ങൾക്കും ക്ഷേത്രാവശ്യങ്ങൾക്കുമായി പണം ചിലവു ചെയ്യും. സന്തോഷകരമായ ഒരു അവസ്ഥ സംജാതമാകുന്ന സമയമാണ്. ശിവപഞ്ചാക്ഷരി ജപിക്കുകയും, ശിവക്ഷേത്രദർശനം നടത്തുകയും വേണം.



**കന്നിക്കൂറ് (ഉത്രം മുക്കാൽ, അത്തം, ചിത്തിര പകുതി)** കണ്ടകശനിയാണ്. കുടുംബത്തിൽ അസ്വാരസങ്ങൾ ഉടലെടുക്കാം. വിദേശയാത്ര തരപ്പെടും. ജോലിമാറ്റമോ സ്ഥലം മാറ്റമോ വന്നുചേരാം. തർക്കങ്ങളും വ്യവഹാരങ്ങളും തീർപ്പാകും. സർക്കാരിൽ നിന്ന് ആനുകൂല്യങ്ങൾ ലഭിക്കും. ത്വക്‌രോഗങ്ങൾ അലട്ടാം. ധർമ്മാനുഷ്ഠാനങ്ങൾക്ക് ഭംഗം വരും. ചിലവുകൾ അധികരിക്കും. ശനിവ്രതം എടുക്കുക. ശനീശ്വരമന്ത്രം ജപിക്കുക.



**തുലാക്കൂറ് (ചിത്തിര പകുതി ചോതി, വിശാഖം മുക്കാൽ)** സഹോദരങ്ങളുമായി കലഹിക്കും. മനസ്വസ്ഥത കുറയും. പ്രമേഹ രോഗം വർദ്ധിക്കും. ദുർമാർഗ പ്രവർത്തനങ്ങളും കൂട്ടുകെട്ടും മദ്യപാനാസക്തിയും വർദ്ധിച്ചേക്കാം. വിവാഹാലോചനകൾ മാറിപ്പോകുന്നതാണ്. സൈന്യത്തിൽ ജോലി ലഭിക്കും. സർക്കാരിൽ നിന്ന് അനുകൂലമായ അറിയിപ്പുകൾ ലഭിക്കും. അപകടങ്ങൾക്ക് സാദ്ധ്യത കാണുന്നു. ഭദ്രകാളിയെ സ്തുതിക്കുന്നതും ലളിതസഹസ്രനാമം ജപിക്കുന്നതും ഗുണകരമാണ്.




**വൃശ്ചികക്കൂറ് (വിശാഖം കാൽ, അനിഴം, തൃക്കേട്ട)** പിതൃതുല്യരായവരുടെ വേർപാട് നിമിത്തം ദുഃഖിക്കേണ്ടി വരും. വ്യവഹാരങ്ങളിലും മറ്റും ഇടപെട്ടു വിഷമിക്കേണ്ടി വരും. അർഹതപ്പെട്ടത് ലഭിക്കാതിരിക്കും. ഉദരവ്യാധികൾക്ക് ശസ്ത്രക്രിയ വേണ്ടി വന്നേക്കാം. ജീവിതപങ്കാളിക്ക് രോഗസാദ്ധ്യത കാണുന്നു. ദാമ്പത്യം സുഖകരമാവില്ല എന്നു മാത്രമല്ല ശത്രുക്കളെപ്പോലെ പെരുമാറുകയും ചെയ്യും. ഏഴരശനിക്കാലമായതിനാൽ ശനിയാഴ്ചവ്രതമെടുക്കുക.



**ധനുക്കൂറ് (മൂലം, പൂരാടം, ഉത്രാടം കാൽ)** സഹോദരങ്ങളും സുഹൃത്തുക്കളുമായി കലഹ സാദ്ധ്യത കാണുന്നു. പുതിയ വീടോ വാഹനമോ വാങ്ങും. സന്താനങ്ങൾക്ക് രോഗങ്ങൾ അലട്ടുന്നതുമൂലം മനോവിഷമത്തിനിടയാക്കും. കള്ളൻമാരിൽ നിന്നും ശത്രുക്കളിൽ നിന്നും ഉപദ്രവങ്ങൾ ഉണ്ടാകും. കർമ്മരംഗത്ത് പലവിധ തടസ്സങ്ങൾ കാണുന്നു. ഉദ്യോഗം കാത്തിരിക്കുന്നവർക്ക് സർക്കാർ ജോലി ലഭിക്കുവാൻ കാലം അനുകൂലമായി കാണുന്നു. ജന്മശനിക്കാലമായതിനാൽ ശനിയാഴ്ച വ്രതവും ശാസ്താ അഷ്ടോത്തര ജപവും ദോഷകാഠിന്യം കുറയ്ക്കും.



**മകരക്കൂറ് (ഉത്രാടം, മുക്കാൽ, തിരുവോണം, അവിട്ടം പകുതി)** കുടുംബസ്വത്തുക്കൾ വില്ക്കേണ്ടി വരും. പിതൃതുല്യരുടെ വേർപാട് മനോവിഷമത്തിനിടയാക്കും. സന്താനങ്ങളുടെ വിദ്യാഭ്യാസങ്ങൾക്കായി പരിശ്രമിച്ച് ധനനഷ്ടത്തിനിട വരും. സഹോദര സഹായം ലഭിക്കും. ഹൃദയസംബന്ധമായ രോഗങ്ങൾ അലട്ടും. യാത്രകൾ കഷ്ടങ്ങൾക്ക് ഇടയാക്കും. ഏഴരശനിക്കാലമായതിനാൽ ശനിയാഴ്ച വ്രത മെടുക്കുകയും ശാസ്താപ്രീതി വരുത്തുകയും ചെയ്യുക.



**കുംഭക്കൂറ് (അവിട്ടം പകുതി, ചതയം, പൂരൂരുട്ടാതി മുക്കാൽ)** ഔദ്യോഗികരംഗത്ത് ഉയർന്ന പദവികൾ ലഭിക്കാവുന്ന കാലമാണ്. ഭൂമി വാങ്ങുവാൻ പറ്റിയ സമയമാണ്. പുതിയ തൊഴിലുകൾ തുടങ്ങുന്നതിനും വിദേശയാത്രകൾമൂലം സാമ്പത്തികനേട്ടങ്ങൾ ഉണ്ടാക്കുന്നതിനും സാധിക്കുന്നതാണ്. സാമ്പത്തിക ബാദ്ധ്യതകൾ ഒരു പരിധി വരെ തീർന്നു കിട്ടും. വിഷ്ണുസഹസ്രനാമം ജപിക്കുക. കൃഷ്ണക്ഷേത്ര ദർശനം നടത്തി പ്രാർത്ഥിക്കുക.



**മീനക്കൂറ് (പൂരൂരുട്ടാതി കാൽ, ഉതൃട്ടാതി, രേവതി)** വിവാഹാലോചനകൾക്കും, നിശ്ചയത്തിനും വിവാഹത്തിനും അനുകൂലമായ സമയമാണ്. ദാമ്പത്യ സുഖവും സന്താനങ്ങൾക്ക് അഭിവൃദ്ധിയും കാണുന്നു. വിദേശയാത്ര ആഗ്രഹിച്ച് അതിനായി പ്രവർത്തിക്കുന്നവർക്ക് കാലം അനുകൂലമാണ്. സഹോദരൻമാരിൽ നിന്ന് മനോവിഷമ മുണ്ടാക്കുന്ന പ്രവൃത്തികൾ ഉണ്ടാകും. ദേവിപ്രീതി വരുത്തുക. ശ്രീലളിതസഹസ്രനാമം ജപിക്കുക. ശിവപഞ്ചാക്ഷരീജപം രോഗമുക്തി തരും.

**ഞായർ, ചൊവ്വ ഒഴികെയുള്ള ദിവസങ്ങളിൽ**
**9 am to 1 pm വരെ ജ്യോതിഷിയുടെ സേവനം ലഭ്യമാണ്**


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl, 26/156, Makayiram, Fair, BCA, MCA, Currently not Working, Pref: PG, Fair, Residing at Ernakulam/ Thrissur Dist Prefered, Age should not be more than 32, Ph: 0484-2519455, Mob: 9495194312, Reg No: 20793


Email:anupama.murali12@gmail.com
Date of Birth:12/09/1990 (2.28 PM)
Sishta Dasa: Kuja : 2.4.3




Contact Address:
MR. MURALEEDHARAN - PILLAI.M.P
VADAKKEKUNNATH
PANJAJANYAM HOUSE
VADAKKUPURAM.P.O
ERNAKULAM-683521

Nair Girl,28/164cm, Anizham, (1 1/2 Papam)Fair, B.Tech Electrical & Electronics works at KSEB on contract ,Pref: Employed boys from well settled nair families,matching stars Aswathi, Vishakham, Punartham, Thiruvathira, Makam, Makayiram, Uthram, Chothi, Atham,Ph:0477-2273538, Mob: 9562020343, Reg.no.20795


Email:aarathynair@gmail.com
Date of Birth:28/02/1989(1.35pm)
Sishta Dasa:Sani:9.2.19




Contact Address:
MR.RADHAKRISHNAN.C
ANACHIKATTU HOUSE
KAROOR .P.O
AMBALAPUZHA
ALAPPUZHA -688561

Nair Girl, 23/162, Uthrattathi, Fair, B.Tech (ECE), Systems Engineer Infosys Ltd, Pref : Bank, IT, Govt. Jobs prefered, Boys preferably from Ernakulam, Kottayam, Thrissur Dist. Ph: 0484-2430499, Mob : 8547330499, Reg No: 20796


Email:mahesan58@gmail.com
Date of Birth:6/8/1993 (5.11 PM)
Sishta Dasa:Sani : 16.11.23




Contact Address:
MR. MAHESH MENON
DEEPANJALI
SOUTH CHITTOOR
ERNAKULAM-682027

Nair Girl, 26/5'3", Anizham, Wheatish, MA, PGDGC, School Counselor , Ph:0265-2323194, Mob:9426536164, Reg.no.20800


Email:prof.r.g.panicker@gmail.com
Date of Birth:1-8-1990(7.36am)
Sishta Dasa: Sani: 6.3.13




Contact Address:
PROF. R. G. PANICKAR
AISHWARYA B/25/122
ASSOCIATED SOCIETY
AKOTA,
BARODA - 390 020

Nair Girl, 30/5'7", Visakham, Fair, B Sc, MBA, Assistant HR Manager, Divorce Pref: Post Graduate, Employed, Pleasing Family Oriented, Ph: 9746143562, 8129437905, Reg No: 20801


Email:indu.kutty86@gmail.com
Date of Birth:19/6/1986 (5.50 PM)
Sishta Dasa:




Contact Address:
MR. P.G.K. PILLAI
SANKARA VILASAM
PADINJAREKARA. P.O
VAIKOM
KOTTAYAM-686146

Nair Girl, 22/163, Makayiram, Fair, MBBS, Student, Pref : Post Graduate Doctors (Allopathy), Govt Doctor, Ph: 0471 2727189, Mob: 9446301189, Reg No: 20802

Email:spprasadam@gmail.com
Date of Birth:31/8/1994 (5.40 AM)
Sishta Dasa:Chowa : 2.1.4




Contact Address:
DR. SUDHA MENON
PRASADAM TC 9/280/3
BHAGAVATHY LANE
PIPPINMOODU
SASTHAMANGALAM
TRIVANDRUM-695010

# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്

Nair Girl, 22/163, Aayilyam, Fair, B.Tech in Electrical & Electronics Engineering, Currently Pursuing Training at KSEB, Pref: Professionally Qualified, Ph: 9446717425, Reg No: 20803

Email:venivnair42@gmail.com
Date of Birth:20/4/1994 (5.41 PM)
Sishta Dasa:Budha : 8.1.8

ഗു ര മാ

| | | | |
|---|---|---|---|
| ബു കു | ര ശു | ശി | മാ |
| മ | ഗ്രഹനില | | ച |
| | & അംശകം | | |
| | സ | ഗു | ല |

ച ബു മ / ശി (left) — സ / ല (right)

ശു കു

Contact Address:
MR. P. VENUGOPALAN NAIR
SREEVILASAM
MALIPURAM ROAD
EDAPPALLY TOLL GATE
EDAPPALLY
ERNAKULAM-682024

Nair Girl, 24/5'3", Pururuttathi, Fair,studing for M.Tech in Amrita Uty-Coimbatore, Pref: MS.Engg/MTech/CivilService (IAS,IFS, IRS,IES),from Encient & Aristocratic Nair Family, Ph:0484-2463915, Mob: 9447163915,Reg No : 20806

Email:vinayakrenu@gmail.com
Date of Birth:22-02-1993(6.02pm)
Sishta Dasa:

ല ച ബു

| | | | |
|---|---|---|---|
| ശു | | ശി | കു മാ |
| ര ച ബു | ഗ്രഹനില | | |
| മ | & അംശകം | | ല |
| | സ | | ഗു |

കു സ / ര ശു (left) — ഗു / ശി / മ (right)

Contact Address:
MR.P.D.PRADEEP BABU
PARACKAL HOUSE
MANJAPRA ROAD
NEAR POLICE STATION
KALADY. P.O
ERNAKULAM- 683 574

Nair Girl, 25/164, Thriketta, Fair, B.Com, CA Final, Pref: PG, Mob: 9048655620, REg NO: 20810

Email:madhuks@msn.com
Date of Birth:26/02/1992 (4.14 AM)
Sishta Dasa:Budha : 13.0.9

കു ബു ശു മ

| | | | |
|---|---|---|---|
| | | | ശി |
| ര ബു | ഗ്രഹനില | | |
| ശുകു മ ല | & അംശകം | | ഗു മാ |
| സ | ച | | |

ര ശി ല (left) — സ / ഗു (right)

ച മാ

Contact Address:
MR. MADHUSUDHANAN
MADHAVAM
THAMARAKULAM ROAD
MANNAM.P.O
PARAVOOR
ERNAKULAM-683520

Nair Girl,23/156cm. Trikketta, Medium .B.Tech,Software Engineer,Pref: Similar job,Mob:9446127985 ,Reg.no.20813

Email:
Date of Birth:04.06.1993(2.59pm)
Sishta Dasa:Budha:15.2.3

ഗു ശു മാ

| | | | |
|---|---|---|---|
| | ശു | ര ശി | ബു മാ |
| മ | ഗ്രഹനില | | കു |
| | & അംശകം | | |
| | ച സ | | ല ഗു |

കു / ബു (left) — ശി / ര / ല (right)

ച സ മ

Contact Address:
MR.VENUGOPAL P.K
PANCHAJANYAM
AMPLE MALIKA
ELOOKKARRA FERRY JN
MUPPATHADOM P.O
ALUVA - 683 110

Nair Girl,22/5'3 1/2" Bharani, Wheatish MBBS, House Surgency, Pref: Doctors, IAS,IPS, Engineer, CA,Ph: 0484-2344422, Mob: 9037044422, Reg.no.. 20815

Email:smithamraj@gmail.com
Date of Birth:17-11-1994(7.28pm)
Sishta Dasa:Rahu: 8.4.29

കു സമാ

| | | | |
|---|---|---|---|
| | ച ശി | ല | |
| മ | ഗ്രഹനില | | കു |
| | & അംശകം | | |
| | ര ഗു | സശു ബു | മാ |

ബു / മ (left) — ര ഗു / ല (right)

ശു ച ശി

Contact Address:
DR.MOHANRAJ NAIR
SUSMITHA , IRA 52
INDIRA ROAD
PALARIVATTOM
KOCHI- 682 025

Nair Girl,24/160cm,Atham, Wheatish, B.Com,MasterDiploma-Interior Designing ,Interior Designer,Mob: 9995811151,9947947503,Reg.no.20816

Email:rajeswarymadhusudhanan48@gmail.com
Date of Birth:14-01-1993(7.28am)
Sishta Dasa:Chandran:5.0.21

ല ശു കു ച

| | | | |
|---|---|---|---|
| മാ | | ശി | കു |
| ശു | ഗ്രഹനില | | |
| ര മ ല | & അംശകം | | |
| ബു | സ | | ച ഗു |

സ / ര (left) — ഗു മാ / മ ശി (right)

ബു

Contact Address:
MR.MADHUSUDHANAN.T.R
THAREPPARAMBIL HOUSE
VENNALA P.O
KOCHI - 682028


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl, 23/165, Thriketta, Fair, B.Tech Administaration - Santamonica Ekm, Pref: Degree, Ph: 9495427953, Reg No: 20819


Email:tpakhil99@gmail.com
Date of Birth:15/11/1993 (9.40 PM)
Sishta Dasa:Budha : 9.10.17.15




Contact Address:
MR. SATHEESAN.R
KOCHERIL HOUSE
VALAYANCHIRANGARA.P.O
PERUMBAVOOR
ERNAKULAM-683556

Nair Girl, 29/167, Thiruvonam, Fair, MBBS, Studying DNB, Pref: MBBS, PG Doctors, Other Professionals Ph: 0484-2603392, Mob : 9447159716, Reg No: 20821


Email:pusha123@gmail.com
Date of Birth: 19/01/1988 (7.24 PM)
Sishta Dasa:Chandra : 9.11.24




Contact Address:
MR. K.PREMACHANDRAN
104, MADHURIMA
G C D A COLONY
THOTTAKKATTUKARA
ALUVA-683108

Nair Girl, 24/5'4", Poorurutathi, White, Graduation in B Pharm , Going Pharm D (PG) , Pref: Graduate, Interested to be Employed Abroad, Ph: 0484-2520268, Mob: 9349250127, (Call prefered after 4.00 PM), Reg No: 20823


Email:advmkjaypalan@gmail.com
Date of Birth:23/02/1993 (9.36 Am)
Sishta Dasa:




Contact Address:
ADV. M.K. JAYAPALAN
LAKSHMI SADHAN
T.C JOHN LANE ROAD
PERUMBAVOOR.P.O
ERNAKULAM-683542

Nair Girl, 25/5'6", Thriketta, Fair, M.Tech in VLSI &Embaded System, , Pref : Post Graduate, Ph: 0484-2465355, Mob: 9847591267, Reg No: 20824


Email:vnair16@gmail.com
Date of Birth:25/03/1992 (7.02 am)
Sishta Dasa: Budha : 0.9.23




Contact Address:
MR. SARATH V NAIR
KRISHNA VILASAM
MANICKAMANGALAM.P.O
KALADY
ERNAKULAM-683574

Nair Girl, 25/168, Aswathi, Wheatish, M Sc ( Heriot Watt, Dubai), Pref: Any Bachelore in Engineering, Ph: 7559890345, 00971506781122, Reg No: 20828


Email:purushu25@hotmail.com
Date of Birth:19/11/1991 (8.10 PM Dubai)
Sishta Dasa: Kethu : 5.5.5




Contact Address:
MR PURUSHOTHAMAN NAIR
UTHRADOM TOWER
KOZHEMCHERRY
PATHANAMTHITTA

Nair Girl, 27/152, Revathi, Fair, M.Com, Doing ICWA (Inter), Pref: Well Educated, Good Family Background, Well Employment, Employed in Ernakulam, Ph: 0484-2707540, Mob: 9495790350, Reg No: 20829

Email:sugu.umi59@rediffmail.com
Date of Birth:28/03/1990 (1.04 AM)
Sishta Dasa: Budha : 5.2.7




Contact Address:
MR. S.B. NAIR
2 C ROYAL RAJEEVAM
PETTA-MARADU ROAD
NEAR NUCLEUS MALL
POONITHURA.P.O
ERNAKULAM-682038


# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair boy/ 5'10" Anizham, Fair, B.Tech Mechanical, Designer Advenser MNC Company CSEZ Kakkanad, Ph: 9446970038, Reg No: 20794

Email:reghunathpalakal@gmail.com
Date of Birth:18/4/1984 (12.32 PM)
Sishta Dasa:





Contact Address:
MR. REGHUNATHAN NAIR
MALINI
NETTAYIKODATH ROAD
PALARIVATTOM
KOCHI-682025

---

Nair boy, 28/6', Uthram, White, B.Com, Accountant UNIpower Transformers Pvt Ltd Perumbavoor, Pref: Teaching Professon or Any, Ph: 9744140666, 9995482043 Reg No: 20797

Email:vineeth.v6@gmail.com
Date of Birth:12/12/1988 (6.05 PM)
Sishta Dasa:





Contact Address:
MR. M.G. VENUGOPAL
MADAPPATTU HOUSE
ANICADU.P.O
PALLIKKATHODU
KOTTAYAM-686503

---

Nair boy, 36/5'4", Karthika, Medium, Diploma in Mechanical Engineering, QC Inspection /Supervisor, Ph: 04862200524, Mob: 9447659934, Reg No: 20798

Email:jyothirajeev.rajeev@gmail.com
Date of Birth:17/04/1980 (9.03 AM)
Sishta Dasa:Aadithya : 3.10.3





Contact Address:
MRS. SUDHA.S. NAIR
THENGOLIL HOUSE
KUMARAMANGALAM,P.O
THODUPUZHA
IDUKKI-685608

---

Nair boy, 28/6', Atham, White, B.Tech (EC), Software Professional, Pref : Employed or Well Educated from Reputed Nair Family, Degree or Post Graduate, Ph: 8943534510, 8129184424, Reg No: 20799

Email:
Date of Birth:27/10/1989 (7.05 AM)
Sishta Dasa:Chandra : 8.6.25





Contact Address:
MR. M.B. PANICKER
PURAVARIKKAL HOUSE
CHOWARA.P.O
ERNAKULAM-683571

---

Nair boy, 36/5'7" Atham, Fair, PDC, ITC, Gulf, Pref: SSLC, Ph: 9846438885, Reg No: 20804

Email:somanmenon82@gmail.com
Date of Birth:13/01/1981 (7.08 AM)
Sishta Dasa: Chandra : 3.4.1





Contact Address:
MR. RADHAKRISHNA MENON
KALLILCHITTEZHATH HOUSE
NEAR SASTHA TEMPLE
W. KADUNGALLOOR
ALUVA-683110

---

Nair boy, 26/173cm, Chithira, Fair,B.Tech(ECE),PG Diploma in Quality Engg & Managment, Overseas (Canada), Pref: B.ScNursing/B.tech, Ph:0484-2543671, Mob: 9746383538, Reg.no.20805

Email:vkpkumar63@gmail.com
Date of Birth:04-02-1991(3.30pm)
Sishta Dasa:




Contact Address:
MR.V.K.PADMAKUMAR
IX/35,PADMASREE
KALAMASSERY
VIDAKUZHA
THAIKATTUKARA P.O
ERNAKULAM 683 106

# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair boy, 29/180cm, Atham, Medium, M.Tech(NIT,Calicut),Staff Engineer at Amrita Institute of NANO Science (Research),Pref: Vegetarian,Principled ,Simple living,Mob: 9846066457/ 8156881971,Reg.no.20807

Email:nmnair51@gmail.com
Date of Birth:15-12-1987(2.20pm)
Sishta Dasa:

ര മ കുല

| | | | |
|---|---|---|---|
| ഗുമാ സ | ല | | |
| | ഗ്രഹനില | | |
| | & അംശകം | | |
| ശു | രമ ബു | കു | ച ശി |

ബു ഗു ശി (left) · ച, സ (right)

ശുമാ

Contact Address:
MR.N.M.NAIR
CRA 27,
EAST KADUNGALLOOR
U.C.COLLEGE P.O
ALWAYE
ERNAKULAM - 683 102

Nair boy, 25/5'5",Bharani, White, BA,LLB,Practicing as Lawyer, HighCourt, Pref: Employed,Ph:0481-2401796, Mob:9447400896, 9496322441, Reg.no.20808

Email:kurupbalki.gcom
Date of Birth:24-07-1992(10.10am)
Sishta Dasa:

സ

| | | | |
|---|---|---|---|
| | ച | കു | ശി |
| | ഗ്രഹനില | | ര ബു ശു |
| മ | & അംശകം | | ഗു മാ |
| | സ | | ല |

ല, കു ബു (left) · മ, മാ, ര (right)

ശു ശി ചഗു

Contact Address:
MR.P.K.BALAKRISHNA KURUP
KRISHNA
PERUNNA P.O
CHANGANACHERRY
KOTTAYAM- 686102

Nair boy, 29/163, Punaratham, Medium, BSc Hotel Management, Now in New Zeland for PG Course in Hospitalaity Management, Part time Employement , Pref : BSc Nurse/IELTS Score/Employed in New Zeland Prefered, Ph: 0478 2813677, Mob: 9447102036, Reg No: 20809

Email:prcprabhath@gmail.com
Date of Birth:03/05/1987 (11.00 PM)
Sishta Dasa:

| | | | |
|---|---|---|---|
| ശു ഗുസ | ര ബു | കു | ച |
| | ഗ്രഹനില | | |
| ല | & അംശകം | | |
| മാ | മ | | ശി |

Contact Address:
MR. P. RAMACHANDRAN NAIR
PRABHATH
VARANADU.P.O
CHERTHALA
ALAPPUZHA-688539

Nair boy, 30/165cm, Makaiyiram MCA(Pursuing),Technical Analyst at CitiGroup,NY,USA,Ph:9895207802/ 1952-607-1272,Reg.no.20811

Email:kvmurukesh@gmail.com
Date of Birth:19-02-1986(3.10am)
Sishta Dasa:

ബു സ

| | | | |
|---|---|---|---|
| | സ | ച | |
| ര ബു ഗുശു | ഗ്രഹനില | | |
| | & അംശകം | | മാ |
| ല | കു മ | ശി | |

ശു, ശി (left) · ല, ച മാ (right)

ര മ ഗുകു

Contact Address:
MR.MURUKESH K.V
KALLIRIKKUNNATHIL
PRANAVAM
VADACODE.P.O
VAYANACODE RD
KANGARAPADY,KOCHI -682 021

Nair boy, 29/165cm, Chithira, Wheatish,M.Tech,Sr,Engineer MNC Bangalore,Pref: Professionally qualified/ Employed,Ph:04829233136, Mob:9447400361,Reg.no.20812

Email:ravi.54@hotmail.com
Date of Birth:01-08-1987(11.05AM)
Sishta Dasa:Kuja:5.6.8

ശി ല ഗുബു

| | | | |
|---|---|---|---|
| സ | ഗു | | ബു |
| | ഗ്രഹനില | | രകു ശുമാ |
| | & അംശകം | | |
| | മ | | ല ച ശി |

കു മ (left) · ച (right)

ര സമാ ശു

Contact Address:
MR.RAVIKUMAR
SREEHARI
NORTH GATE
VAIKOM - 686 141

Nair/kartha/ boy, 28/167cm, Pooram, Fair,B.Tech,MBA,Analyst Project Management,Pref:Preferably from aristrocratic Nair family, Mob: 9567490265, Reg.no.20814

Email:cheru.raju@gmail.com
Date of Birth:17-4-1989(6.25am)
Sishta Dasa:

രഗു ശുല ശി

| | | | |
|---|---|---|---|
| | രബു ലശു | കു ഗു | |
| സ | ഗ്രഹനില | | |
| | & അംശകം | | ച ശി മാ |
| മ | | | |

കു ബു (right)

സ മ ച

Contact Address:
Wg.Cdr.C.RAJAGOPALAN .(RETD)
SUKRITI, 6/915 H1
NEAR THRIKKAKARA TEMPLE
THRIKKAKARA P.O
KOCHI -682021

# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair boy, 29/170cm, Chothi, Wheatish, B.Tech,Electrical Engineer,Pref: Engineer/Teacher/Bank Employee ,Mob: 9895972175 ,Reg.no.20817

Email:
Date of Birth:06-07-1987(1.00pm)
Sishta Dasa:Rahu -8.3.19

| | | | | | |
|---|---|---|---|---|---|
| | ബു | ശി ര ഗു | | | |
| | സ | ഗു | | ര ബു ശു | |
| ച | | ഗ്രഹനില | | കു | |
| മ | | & അംശകം | | | കു മാ |
| | | മ മാ | ച | ല ശി | |
| | ശു | | സ | ല | |

Contact Address:
MR.GOPINATHAN
PEEDIAKKAL APARTMENT
I 2 ELAVUNGAL ROAD
PALARIVATTOM
COCHIN - 682025

Nair boy, 26/180, Rohini, (Sudha Jathakam) Fair, Master of Mechanical Engineering, QA Tester Canada, Pref : Preferably working in Canada, Ph: 9847803792, Reg No: 20818

Email:amarrajmenon@gmail.com
Date of Birth:27/4/1990 (10.26 AM)
Sishta Dasa:Chandra : 8.8.12

| | | | | | |
|---|---|---|---|---|---|
| | | ച | | ശു | |
| | | ര ബു | ച മാ | ശു ല | സ |
| ല | ഗു കു | ഗ്രഹനില | | ശി | ര മാ |
| ഗു കു മ | മ സ | & അംശകം | | | |
| | | | | | |
| | ശി | | ബു | | |

Contact Address:
MR. P.G. RAJASEKHARAN
AMAR CHITRA HOUSE, PRA-145
PONEVAZHI ROAD
EDAPPALLY, AIMS. P.O
KOCHI-682024

Nair boy, 28/172cm, Pooradam, (Sudhajathakam) , Wheatish, B.Tech, MBA,Associated Consultant in MNC,Pref: B.Tech/MBA, preferably employed in Bangalore, Ph:0484-2971001, Mob: 9447375923, Reg.No.: 20820

Email:jaleshkh@gmail.com
Date of Birth:20-09-1988(9.15pm)
Sishta Dasa:venus:4.11.1

| | | | | | |
|---|---|---|---|---|---|
| | സ | ഗു മ | | | |
| | കു മാ | ല | ഗു | | |
| ര | സ | ഗ്രഹനില | | ശു | |
| ശു മാ | | & അംശകം | | ശി | |
| | ച മ | | ബു | ര | |
| | | ചകുലബു | | | ശി |

Contact Address:
MR.K.B.JALESH
F9,GALAXY CLIFFORD
CHILAVANNUR ROAD
KADAVANTHRAP.O
ERNAKULAM- 682020

Nair boy, 33/173, Pooyam (**Sudha Jathakam**) , Fair, Post Graduate, Media Producer, Pref: Graduate, Employed Ernakulam, Ph: 8547453566, 9895840295, Reg No: 20822

Email:sethu1952@gmail.com
Date of Birth:15/02/1984 (6.28 AM)
Sishta Dasa: Sani : 18.4.17

| | | | | | |
|---|---|---|---|---|---|
| | | കു മ | ബു | സ | |
| | | | സ | | |
| | ര | ഗ്രഹനില | | ച | ഗു |
| ശു | ല ബു ശു | & അംശകം | | മാ | ല ച മാ |
| | ഗു | ശി | കു മ | | |
| | ശി | | ര | | |

Contact Address:
MR. P. SETHUMADHAVAN
ANUGRAHAM
NADAKAVU
AKATHETHARA
PALAKKAD-678008

Nair boy, 31/176cm, Avittam, Medium, MBA,Asst.Manager in Godrej,Pref: Employed,Ph:04829-251690, Mob: 9496987635, Reg:No.20825

Email:sujith13200@yahoo.co.in
Date of Birth:08-03-1986(8.45 pm)
Sishta Dasa:

| | | | | | |
|---|---|---|---|---|---|
| | | | ര | സ | |
| | ബു ശു | സ | | | |
| കു | ര ച ഗു | ഗ്രഹനില | | | |
| ല | | & അംശകം | | | ശു |
| ശി | | കു മാ മ | ല ശി | | |
| | | മ മാ | ഗു ച | ബു | |

Contact Address:
MR.SOMASUNDARAN NAIR P.G
KUNNATH HOUSE
VADUKUNNAPUZHA
PERUVA P.O
KOTTAYAM 686610

Nair boy, 30/175cm, Thriketta, Fair, B.Tech,MBA(U.S.A),Senior Technical Analysit U.S.A, Pref: Professionally Qualified, Ph:0484-2317466, Mob:9447576897, Reg.no.20826

Email:asaraladevi123@gmail.com
Date of Birth:2.12.1986 (11.13am)
Sishta Dasa:Budha:7.11.15

| | | | | | |
|---|---|---|---|---|---|
| | | ഗു | ബു | | |
| | സ മാ | | | | |
| ച സ | കു ഗു | ഗ്രഹനില | | | മാ |
| ശു കു | ല | & അംശകം | | | ല ശി |
| | | ര മ ച | ബു ശു | ശി | |
| | മ | ര | | | |

Contact Address:
MR.K.RAMACHANDRAN NAIR
G.430,SREEHARI
PANAMPILLY NAGAR.P.O
ERNAKULAM
COCHIN 682036

# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair boy, 32/164cm, Atham( Sudha Jathakam), Fair, BBA(Hons), Canadian University, Business, Pref: Good looking, Well settled girls of EKM , Trichur, Kozhicode & Palaghat, Ph: 0484-2974612, Mob: 9847887346 / 8606030418 , Reg.no. 20827

Email:gdayo33@gmail.com
Date of Birth:17/12/1984(10.05am)
Sishta Dasa:Chandra:0.10.14

ര ശു മ

| | | | |
|---|---|---|---|
| | മാ | സ | |
| കു | ഗ്രഹനില & അംശകം | | |
| ല ശു | | | |
| ഗു ര | ശി ബു | മ | ച |

ബു / സ (left); ല ച ശി / മാ (right)

ഗു കു

Contact Address:
MR.K.SOMAN
AMBIKA NIVAS
ANSAL'S RIVERDALE
HOUSING COMPOUND
VILLA.51,EROOR
ERNAKULAM - 682 036




**ERNAKULAM KARAYOGAM TDM HALLS**

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)

കവിത

# കാലശേഷം

**പറവൂർ ബാബു**

തെക്കോട്ടെടുത്ത
അച്ഛൻ
ശ്മശാനത്തിൽ
എരിഞ്ഞുതുടങ്ങുന്നതേ
ഉണ്ടായിരുന്നുള്ളൂ
അപ്പോഴേയ്ക്കും
അടഞ്ഞവാതിൽ
തള്ളിതുറന്ന്
മക്കൾസഭ ചേർന്നു
പിതാവിന്റെ മുറിയിൽ
അച്ഛന്റെ
ട്രങ്കുപെട്ടിയുടെ
താക്കോൽ തിരഞ്ഞ്
അരിച്ചു പെറുക്കാൻ തുടങ്ങി
വീടു മുഴുവൻ
കരിപിടിച്ച
അരിക്കിലാമ്പുപോലെ
കോലായിൽ
അമ്മയും വളർത്തുപൂച്ചയും,
അനാഥരെപ്പോലെ.
അവരുടെ നെഞ്ചിലെ
തേങ്ങൽ പോലെ
പെയ്യാൻ തുടങ്ങി
നിനച്ചിരിക്കാതെ
അതുവഴിവന്നമഴ.
മക്കൾ
സഭകൂടുന്നിടത്ത്
അമ്മയ്ക്കും പൂച്ചയ്ക്കും
എന്തുകാര്യം?
പൂച്ചതിരക്കി
അമ്മയോട്.

# എറണാകുളം കരയോഗം കഥകളി ക്ലബ്ബ്

## 59-ാം വാർഷികം, 22-ാമത് പുരസ്ക്കാര സമർപ്പണവും

### 16.04.2017, ഞായറാഴ്ച 6 p.m.ന്

കഥകളിയിൽ മികവു തെളിയിച്ച നാലു കലാകാരൻമാരെയാണ് ഇത്തവണ വിദഗ്ധ സമിതി 22ാമത് കഥകളി അവാർഡിനായി തിരഞ്ഞെടുത്തത്. കളഹംസ പുരസ്ക്കാരം ശ്രീ. ഫാക്ട് പത്മനാഭൻ (വേഷം), തൗര്യത്രിക പുരസ്ക്കാരം ശ്രീ.ഡോ.സദനം ഹരികുമാർ (കഥകളി സംഗീതം) തൗര്യത്രിക പുരസ്ക്കാരം ശ്രീ.കോട്ടക്കൽ പ്രസാദ് കുമാർ (ചെണ്ട), തൗര്യത്രിക പുരസ്ക്കാരം ശ്രീ.കലാമണ്ഡലം അച്യുത വാരിയർ (മദ്ദളം) എന്നിവർക്കാണ് അവാർഡ് കൂടാതെ കഥകളിയ്ക്ക് കേരള സംസ്ഥാന അവാർഡ് ലഭിച്ച ശ്രീ. സദനം കൃഷ്ണൻകുട്ടിയാശാൻ, കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയിൽ നിന്നും ഡോക്ടറേറ്റ് ലഭിച്ച ശ്രീമതി.ഡോ. ഹരിപ്രിയ നമ്പൂതിരി എന്നിവരെ ചടങ്ങിൽ പ്രത്യേകം അനുമോദിക്കുന്നു. സഹൃദയരായ കലാസ്വാദകർക്ക് സ്വാഗതം.



**ശ്രീ. ഫാക്ട് പത്മനാഭൻ**
കളഹംസം (വേഷം)

പ്രമുഖ കഥകളി കലാകാരനായിരുന്ന ശ്രീ. കലാമണ്ഡലം കരുണാകരന്റെ ശിഷ്യരിൽ പ്രഥമഗണനീയനും അഞ്ചു പതിറ്റാണ്ടായി കഥകളിയിലെ എല്ലാ വേഷങ്ങളും തന്റേതായ ശൈലിയിൽ അവതരിപ്പിച്ച് പ്രേക്ഷകരുടെ മുക്തകണ്ഠ പ്രശംസ പിടിച്ചു പറ്റിയ കലാകാരനാണ്. തിരുവല്ല രാമൻ പിള്ള, കലാ. കരുണാകരൻ, കുടമാളൂർ കരുണാകരൻ നായർ എന്നിവരുടെ കീഴിൽ കഥകളി യിൽ പരിശീലനം നേടി. കേരള സംഗീത നാടക അക്കാഡമി അവാർഡ്, നടന പൂർണ്ണത്രയീ അവാർഡ്, മാലി ഫൗണ്ടേഷൻ അവാർഡ്, കലാസാഗർ പുരസ്ക്കാരം, സീനിയർ ഫെല്ലോഷിപ്പ് എന്നീ പുരസ്ക്കാരങ്ങൾ നേടിയിട്ടുണ്ട്.



**ഡോ.സദനം ഹരികുമാർ**
തൗര്യത്രികം (കഥകളി സംഗീതം)

കഥകളി വേഷം, സംഗീതം, ആട്ടക്കഥ, സാഹിത്യം, ആഹാര്യ വേഷവിധാനം എന്നീ മേഖലകളിൽ തന്റേതായ രീതിയിൽനിരവധി സംഭാവനകൾ നൽകിയ സകലകലാവല്ലഭനാണ്.പേരൂർ ഗാന്ധിസേവാസദനം സ്ഥാപകനായ കുമാരൻ നായരുടെ മകനും അനവധി കാലം ടാഗോറിന്റെ ശാന്തി നികേതനത്തിലും അദ്ധ്യാപക നായിരുന്നു. കഥകളി ആചാര്യ, കലാ ജ്യോതി, കലാപ്രതിഭ പുരസ്ക്കാരങ്ങൾ നേടിയിട്ടുണ്ട്.



**ശ്രീ. കോട്ടക്കൽ പ്രസാദ് കുമാർ**
തൗര്യത്രികം (ചെണ്ട)

പ്രശസ്ത കഥകളി ചെണ്ട വിദഗ്ധൻ പല്ലശ്ശന ചന്ദ്ര മന്നാടിയാരുടെ പുത്രനും കോട്ടക്കൽ പി.എസ്.വി. നാട്യ സംഘത്തിലെ ചെണ്ട അദ്ധ്യാപകനുമാണ്.കഥകളിയുടെ കർക്കശമായ ചൊല്ലിയാട്ട ചിട്ടവട്ടങ്ങൾ ഹൃദിസ്ഥമാക്കി ഒട്ടും കോട്ടം കൂടാതെ കഥകൾ രംഗത്ത് അവതരിപ്പിക്കുന്നതിനും അദ്ദേഹത്തിന് പ്രത്യേകമായ വൈദഗ്ധ്യമുണ്ട്.



**ശ്രീ. കലാ.അച്യുതവാരിയർ**
തൗര്യത്രികം(മദ്ദളം)

കഥകളി മദ്ദള വാദനത്തിൽ പ്രായം കൊണ്ട് ചെറുപ്പമാണെങ്കിലും പ്രയോഗത്തിൽ അനവധികാലത്തെ പ്രവർത്തന പാരമ്പര്യ മികവ് പുലർത്തുന്ന കലാകാരനാണ്. ശ്രീവല്ലഭ പുരസ്ക്കാരം, നാട്യഭാരതി അവാർഡ്, ആലപ്പുഴ ജില്ലാ കഥകളി ക്ലബ്ബിന്റെ കളർകോട് നാരായണൻ നായർ പുരസ്ക്കാരം, കോട്ടയം കളിയരങ്ങ് കഥകളി പുരസ്ക്കാരം എന്നിവ നേടിയിട്ടുണ്ട്.



*ഭാസ്കരൻ വെള്ളൂർ (അവാർഡ് ജേതാവ്)*

# എറണാകുളം കരയോഗം
# 10-ാമത് പി.എസ് ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് പ്രഖ്യാപിച്ചു.
## (ഭൗമദിനമായ ഏപ്രിൽ 22 ന്)



*പി. എസ്. ഗോപിനാഥൻ നായർ*

എറണാകുളം കരയോഗം ഏർപ്പെടുത്തിയിട്ടുള്ള പി. എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി പുരസ്കാരത്തിന് കണ്ണൂർ പയ്യന്നൂർ സ്വദേശിയായ ശ്രീ ഭാസ്കരൻ വെള്ളൂർ അർഹനായി. പ്രകൃതി പഠന സംരക്ഷണ പ്രവർത്തനങ്ങൾ നിസ്വാർത്ഥമായും പ്രതിജ്ഞാബദ്ധമായും നടത്തുന്നു എന്നതാണ് അദ്ദേഹത്തിനെ പുരസ്കാരത്തിന് അർഹനാക്കിയത്. കണ്ടൽകാടുകളുടെ സംരക്ഷണം, വനസംരക്ഷണം, പാറമടകൾ രൂപം കൊള്ളുന്നതിനിടയാക്കുന്ന ഘനനപ്രവർത്തനങ്ങൾക്കെതിരെയുള്ള പ്രതിരോധം, വയൽ നികത്തിനെതിരെയുള്ള പ്രതിഷേധങ്ങൾ, രാസ കീട കുമിൽ നാശിനികൾക്കെതിരെയുള്ള പ്രവർത്തനങ്ങൾ ഇവയെല്ലാം ഇദ്ദേഹത്തിന്റെ കർമ്മമണ്ഡലമാണ്. പുതിയ തലമുറയെ പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം ബോധവൽക്കരണത്തിലൂടെ മനസ്സിലാക്കിക്കുക എന്നതാണ് അദ്ദേഹത്തിന്റെ മറ്റൊരു പ്രവർത്തന മേഖല. ഭൗമദിനമായ ഏപ്രിൽ 22 (ശനിയാഴ്ച) വൈകുന്നേരം 5.30 ന് ടി.ഡി.എം. ഹാളിൽ വച്ചു നടത്തുന്ന പൊതുസമ്മേളനത്തിൽ കൊച്ചി മേഖല ഐ.ജി. ശ്രീ. പി . വിജയൻ ഐ.പി.എസ്. അവാർഡ് സമ്മാനിക്കുന്നതാണ്. പ്രകൃതിയും മനുഷ്യനുമായുള്ള സംഘർഷത്തിന്റെ പ്രത്യാഘാതങ്ങൾ എന്ന വിഷയത്തെ അധികരിച്ച് കേരള അഗ്രികൾച്ചറൽ മുൻ രജിസ്ട്രാറും ഡി. ഇ. ഇ. യുമായ ഡോ. പി. ബി. ബാലചന്ദ്രൻ സംസാരിക്കുന്നു.

DATE OF PUBLICATION: 10-04-2017

RNI NO. KERMAL/2008/23515

REGISTERED NEWSPAPER

M6-57945/2007

REGISTERED KL/EKM/514/2015-17
LICENSE NO. KL/CR/EKM/WPP-17/2015-17
LICENSED TO POST WITHOUT PREPAYMENT

Volume No. 10 | April 2017 | Issue No. 4

# എറണാകുളം കരയോഗം കഥകളി ക്ലബ്ബ് ഏപ്രിൽ മാസ കഥകളി



**16.04.2017, ഞായറാഴ്ച**
**വൈകുന്നേരം 6.00 മണിക്ക് : കഥകളി**
**തുടർന്ന് അവാർഡ് ജേതാക്കളെ പരിചയപ്പെടുത്തൽ,**
**അവാർഡ് ദാനം, അനുമോദനം**

പ്രവേശനം സൗജന്യം

| | | |
|---|---|---|
| കഥ | : | **നളചരിതം ഒന്നാം ദിവസം** (ഉണ്ണായി വാരിയർ) |
| നളൻ | : | ശ്രീ.സദനം കൃഷ്ണൻകുട്ടി |
| ദമയന്തി | : | ശ്രീമതി.ഡോ.ഹരിപ്രിയ നമ്പൂതിരി, ചമ്പക്കര വിജയൻ |
| ഹംസം | : | ശ്രീ.ഫാക്ട് പത്മനാഭൻ |
| തോഴിമാർ | : | കുമാരി ആർച്ച, വൈക്കം അനുരാജ് |
| പാട്ട് | : | ഡോ. സദനം ഹരികുമാർ, ശ്രീ. സദനം ജ്യോതിഷ്ബാബു |
| ചെണ്ട | : | ശ്രീ.കോട്ടക്കൽ പ്രസാദ്കുമാർ,ശ്രീ.സദനം രജീഷ് |
| മദ്ദളം | : | ശ്രീ.കലാമണ്ഡലം അച്യുതവാരിയർ |
| ചുട്ടി | : | ശ്രീ.കലാനിലയം സജി |
| അണിയറ | : | ശ്രീ.സുരേന്ദ്രൻ, അരുൺ, രാമചന്ദ്രൻ |

കഥാസാരം : നൈഷധ രാജാവായ നളൻ തന്റെ രാജ്യകാര്യങ്ങളിൽ മുഴുവനായി വ്യാപൃതനായിരുന്ന അവസരത്തിൽ നാരദ മുനിയെ കാണുന്നു. ഭീമരാജാവിന്റെ മകൾ ദമയന്തിയെ പറ്റി മഹാരാജാവിനോട് പറയുന്നു. ദമയന്തിയിൽ അനുരക്തനായ നളൻ അവളെ സ്വന്തമാക്കാനുള്ള വഴി എന്തെന്ന് ആലോചിക്കുന്നു. ഒരു ദിവസം ഉദ്യാനത്തിൽ വച്ച് സ്വർണ്ണവർണ്ണമുള്ള ഒരു അരയന്നത്തെ കാണുന്നു. കൗതുകം പൂണ്ട് അതിനെ കൈക്കലാക്കുന്നു. എന്നാൽ അതിനെ ലാളിച്ച ശേഷം വിമുക്തനാക്കുന്നു. എന്നാൽ ഹംസം വീണ്ടും വരികയും ദമയന്തിയെപ്പറ്റി നളനോട് പറയുകയും എന്തുതന്നെയായാലും ദമയന്തിയെ നളന് വിവാഹം കഴിച്ചു തരാനുള്ള ശ്രമങ്ങൾ നടത്തും എന്നും പറഞ്ഞ് പറന്നകലുന്നു. നളന്റെ വിവരങ്ങൾ ദമയന്തിയുടെ അടുക്കൽ ചെന്ന് അറിയിക്കുന്നു. ദമയന്തിയും നളനിൽ അനുരക്തയാണെന്ന് ഉറപ്പ് വരുത്തുന്നു.

NB : എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ പ്രതിമാസ കഥകളി സ്പോൺസർ ചെയ്യുവാൻ താല്പര്യമുള്ളവർ കരയോഗം ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 0484 2361160

## ബീം മാർച്ച് മാസ പരിപാടി



**ബീം ഏപ്രിൽ മാസ പരിപാടി – പ്രോഗ്രാം 415**

കേരള സംഗീത നാടക അക്കാദമി സംസ്ഥാന
അമച്വർ നാടക മത്സരത്തിൽ മികച്ച നടി,
(**സുരഭി** - ഇക്കഴിഞ്ഞ സംസ്ഥാനചലച്ചിത്ര അവാർഡിൽ ജൂറിയുടെ പ്രത്യേക
പരാമർശത്തിനും രണ്ടാമത്തെ മികച്ച നടിക്കുമുള്ള അവാർഡുകൾ
കരസ്ഥമാക്കിയ ചലച്ചിത്ര നടി)
മികച്ച രണ്ടാമത്തെ നടൻ,
(**ബിനോയ് നമ്പാല**-കിസ്മത്ത്, ഇന്ത്യൻ റുപ്പി ഫെയിം)
മികച്ച രണ്ടാമത്തെ നാടകം, മികച്ച രണ്ടാമത്തെ രചന
എന്നീ നാല് അവാർഡുകൾ നേടിയ നാടകം

# ബോംബെ ടൈലേഴ്സ്

അവതരണം
**ഇടപ്പള്ളി അതീതി സ്കൂൾ ഓഫ് പെർഫോർമൻസ്**

രചന, സംവിധാനം
**വിനോദ്കുമാർ**



**21.04.2017 വെള്ളിയാഴ്ച 6.30 p.m. ടി.ഡി.എം. ഹാൾ (a/c) എറണാകുളം**

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Niseema Printers & Publishers, Saroj, SRM Road, Kochi-682018, Ph: 2400423, 2400230 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.